ഡോ. മൈക്കിൾ കാരിമറ്റം

# ദൈവാലയം



# ദൈവാലയം

## ഡോ. മൈക്കിൾ കാരിമറ്റം



"അടിച്ചുടയ്ക്കൂ താഴികക്കുടം; അടച്ചു പൂട്ടു ദേവാലയം!" ഏതോ നിരീശ്വരവാദികളുടെ ജല്പനങ്ങളോ മതവിരോധികളുടെ ആക്രോശങ്ങളോ അല്ല. ഇത് സാക്ഷാൽ കർത്താവായ ദൈവത്തിന്റെ കല്പന! തികച്ചും അസാധ്യമെന്നേ തോന്നൂ. എന്നാൽ ബൈബിൾ വരച്ചുകാട്ടുന്ന ദേവാലയത്തിന്റെ നാൾവഴികളിൽ കാണുന്ന ദൈവത്തിന്റെ അതിശക്തമായൊരു പ്രതിഷേധസ്വരമാണിത്, സമൂഹത്തിൽ നടമാടുന്ന അക്രമങ്ങൾക്കും അനീതികൾക്കും കുടപിടിക്കുന്ന കപട മതാത്മകതയ്ക്കെതിരേ, ദൈവനാമത്തിൽ നടക്കുന്ന ആരാധനാഭാസങ്ങൾക്കെതിരേയുള്ള ദൈവത്തിന്റെ പ്രതിഷേധം (ആമോ 9:1; മലാ 1:10; മത്താ 24:1-4; ലൂക്കാ 19: 41-44).

മനുഷ്യൻ ദൈവത്തോടൊന്നിച്ചു നടന്ന പറുദീസാ മുതൽ ദൈവം മനുഷ്യനോടൊത്തു കൂടാരമടിക്കുന്ന പുതിയ സൃഷ്ടിവരെയുള്ള ദൈവാലയത്തിന്റെ ചരിത്രവഴികളിലൂടെ ഒരു പ്രയാണമാണ് ഈ ഗ്രന്ഥം. പറുദീസായിൽ ദൈവാലയമുണ്ടായിരുന്നില്ല; പുതിയ ജറുസലെമിലും ദൈവാലയമില്ല. ഇവരണ്ടിനും മധ്യേ കടന്നുവരികയും വിവിധ രൂപഭാവങ്ങൾ പ്രാപിക്കുകയും ചെയ്യുന്ന ദൈവാലയത്തിന്റെ ചിത്രീകരണം. ദൈവത്തെയും മനുഷ്യനെയും ദൈവാലയത്തെയും കുറിച്ച് ബൈബിളിൽ ഇതൾ വിടരുന്ന സ്വപ്നസാക്ഷാൽക്കാരങ്ങൾ. ദൈവാലയം എങ്ങനെ ദേവാലയമായി? ഇനി ദേവാലയം എങ്ങനെ വീണ്ടും ദൈവാലയമാക്കാൻ കഴിയും? ഈ ചോദ്യങ്ങൾക്കുത്തരം തേടുകയാണിവിടെ.

ISBN:978-93-88909-88-4

atma books
Parayanchery, Kozhikode - 673 016
Ph: +0495 4022600
91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

₹ 120

Available at: amazon.in & atmabooks.com

Scripture

# ദൈവാലയം

# ഡോ. മൈക്കിൾ കാരിമറ്റം

പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയിൽ ബൈബിൾ അപ്പോസ്റ്റൊലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനം ചെയ്തുവരുന്നു.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനമായ ആൽഫാ ബൈബിൾ കമന്ററിയുടെ ചീഫ് എഡിറ്റർ കൂടിയാണ് അദ്ദേഹം.

## ഞങ്ങൾ പ്രസാധനം ചെയ്ത ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

1. അങ്ങയുടെ ചിറകിൻ കീഴിൽ
2. വെളിപാടുപുസ്തകം ഒരു വ്യാഖ്യാനം
3. കുരിശിന്റെ സുവിശേഷം
4. ആത്മാക്കളുടെ ലോകം
5. പുതിയനിയമത്തിലെ സ്ത്രീകൾ
6. കഴുതകൾ സംസാരിക്കുമ്പോൾ
7. നസ്രത്തിൽനിന്നൊരു പ്രവാചകൻ
8. കാണാപ്പുറം
9. പരാജിതരുടെ സുവിശേഷം
10. വിശ്വാസത്തിന്റെ വേരുകൾ
11. 101 വാഗ്ദാനങ്ങൾ
12. ഗുരുമൊഴികൾ
13. പാതയിൽ പ്രകാശം
14. പ്രത്യാശയിൽ സന്തോഷം

# ദൈവാലയം

## ഡോ. മൈക്കിൾ കാരിമറ്റം

atma
book with a soul

atmabooks@gmail.com

Malayalam
*Daivalayam*
(Scripture)
Author: Dr. Michael Karimattam
Copyright: Author

Layout: Sheeja M
Cover Design: Sreejith George
Typing: Usha M S

First Published: February 2020

ISBN: 978-93-88909-88-4

Printed, Published & Distributed by

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

# ആമുഖം

*"സിംഹാസനത്തിൽ നിന്ന് വലിയൊരു സ്വരം ഞാൻ കേട്ടു: ഇതാ, ദൈവത്തിന്റെ കൂടാരം മനുഷ്യരോടു കൂടെ. അവിടുന്ന് അവരോടൊത്ത് വസിക്കും" (വെളി 21,3). "നഗരത്തിൽ ഞാൻ ദേവാലയം കണ്ടില്ല. എന്തുകൊണ്ടെന്നാൽ, സർവ്വശക്തനും ദൈവവുമായ കർത്താവും കുഞ്ഞാടുമാണ് അതിലെ ദേവാലയം" (വെളി 21,22).*

ദൈവവിശ്വാസികൾ ദൈവിക സാന്നിധ്യം തേടി ഒരുമിച്ചു കൂടുന്ന ഇടമാണ് ദേവാലയം. ആലയം എന്നാൽ വാസസ്ഥലം എന്നാണല്ലോ പൊതുവെ വിവക്ഷിക്കുന്നത്. അതോടൊപ്പം എന്തെങ്കിലും സൂക്ഷിക്കുന്നതും ആവശ്യക്കാർക്കു ലഭ്യമാക്കുന്നതുമായ "ഇടം" എന്നും ആലയത്തിനർത്ഥമുണ്ട്. വിദ്യാലയം, ആതുരാലയം, കാര്യാലയം മുതലായവ ഉദാഹരണങ്ങൾ. ദൈവിക സാന്നിധ്യം അനുഭവവേദ്യമാവുകയും ദൈവത്തിന്റെ കൃപാകടാക്ഷം അഥവാ അനുഗ്രഹം ലഭ്യമാവുകയും ചെയ്യുന്ന ഇടമായി ദേവാലയം പരിഗണിക്കപ്പെടുന്നു. ഏതെങ്കിലും വിധത്തിലുള്ള ദേവാലയം ഇല്ലാത്ത മതവിശ്വാസികൾ ഉണ്ടാവില്ല. അമ്പലം, ക്ഷേത്രം, പള്ളി, മസ്ജിദ്, മോസ്ക്, ദേവപ്പുര എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുമ്പോഴും, ആത്യന്തികമായി ദൈവ-മനുഷ്യ സമാഗമത്തിന്റെ ഇടമായിട്ടാണ് ഇതു കരുതപ്പെടുക. ദൈവത്തെ സംബന്ധിച്ച വിശ്വാസികളുടെ സങ്കല്പങ്ങൾക്കനുസൃതം ആലയത്തിന്റെ സ്വഭാവത്തിലും ലക്ഷ്യത്തിലും വ്യത്യാസങ്ങളുണ്ടാകാം.

ദേവാലയം എന്ന വാക്കിന്റെ അക്ഷരാർത്ഥം ദേവന്റെ ആലയം എന്നാണല്ലോ. അതേസമയം "ദേവൻ" എന്നും "ദൈവം" എന്നും പറയുന്നത് ഒരേ യാഥാർത്ഥ്യം ആകണമെന്നില്ല. അർത്ഥവ്യത്യാസം കൂടാതെ രണ്ടു പദങ്ങളും ഉപയോഗിക്കാറുണ്ടെങ്കിലും അടുത്തു പരിശോധിച്ചാൽ, പ്രത്യേകിച്ചും ഏക ദൈവവിശ്വാസികളുടെ കാഴ്ചപ്പാടിൽ, രണ്ടും തമ്മിലുള്ള

വ്യത്യാസം നിഷേധിക്കാനാവില്ല. ദേവന്മാർ പലരുണ്ടാകാം; എന്നാൽ ദൈവം ഒരുവൻ മാത്രം. ക്രിസ്തു വിശ്വാസികൾ “വിശുദ്ധർ” എന്നും “മാലാഖമാർ” എന്നും വിളിക്കുന്ന യാഥാർത്ഥ്യങ്ങളാവും മുഖ്യമായും “ദേവന്മാർ”, “ദേവതകൾ” എന്നൊക്കെ ഹിന്ദു മതവിശ്വാസികൾ പറയുന്നത്. അതിനാൽ “യേശുദേവൻ”, “ക്രിസ്തുദേവൻ” എന്നൊക്കെയുള്ള വിശേഷണങ്ങൾ, ശ്രദ്ധിച്ചില്ലെങ്കിൽ, തെറ്റായ ധാരണകൾക്കു വഴിതെളിക്കാം. അനേകം ദേവന്മാരിൽ ഒരുവനല്ല, ക്രിസ്തു വിശ്വാസികൾക്ക് യേശുക്രിസ്തു.

ഈ കാഴ്ചപ്പാടിൽ ദേവാലയം എന്ന പ്രയോഗവും ശ്രദ്ധിക്കണം. അനേകം ദേവന്മാരിൽ ഏതെങ്കിലും ഒരു ദേവന്റെ ആലയമാണ് ഉദ്ദേശിക്കുന്നതെങ്കിൽ തീർച്ചയായും ദേവാലയം എന്ന പദം തന്നെ പ്രയോഗിക്കണം. എന്നാൽ ഏക ദൈവത്തിന്റെ ആലയം എന്നാണ് പറയാൻ ആഗ്രഹിക്കുന്നതെങ്കിൽ “ദൈവാലയം” എന്നു പറയുന്നതല്ലേ കൂടുതൽ അർത്ഥവത്താകുക? തിരുനാളുകൾ പെരുന്നാളുകളായതുപോലെ ദൈവാലയം ദേവാലയമായി പരിണമിക്കുന്നത് പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുന്നു. പ്രത്യേകിച്ചും ഏതെങ്കിലും ഒരു വിശുദ്ധന്റെ പേരിൽ അറിയപ്പെടുമ്പോൾ “ദേവാലയം” എന്ന പേര് കൂടുതൽ അർത്ഥവത്തായി, അറിഞ്ഞുകൊണ്ടല്ലെങ്കിലും, കരുതപ്പെടാൻ വഴി തെളിയുന്നു. “വി. അന്തോണീസിന്റെ ദേവാലയം” എന്നു പറയുമ്പോൾ ആ വിശുദ്ധന്റെ സഹായത്താൽ പ്രത്യേകമായ ഉദ്ദിഷ്ടകാര്യസാധ്യത്തിനു സഹായിക്കുന്ന ഇടം എന്ന ധാരണ വിശ്വാസിയുടെ മനസിൽ കടന്നു കൂടാൻ സാധ്യതയുണ്ട്. അതിനാൽ ദൈവാലയവും ദേവാലയും വേർതിരിച്ചു കാണുന്നതു തന്നെയാവും മെച്ചം. അതോടൊപ്പം ദേവാലയം എന്നു പറയുമ്പോഴും ഏതെങ്കിലും വിശുദ്ധനു വസിക്കാനായി മാറ്റിവച്ച സ്ഥലം എന്നല്ല, ദൈവം വസിക്കുന്ന, ദൈവസാന്നിധ്യം പ്രത്യേകമാം വിധം അനുഭവിക്കാൻ കഴിയുന്ന ഇടമാണ് ഉദ്ദേശിക്കുന്നത് എന്നതു മറക്കരുത്.

ദൈവാലയം ദേവാലയമായി മാറുന്നത് അത്ര അസാധാരണമായൊന്നല്ല. ബൈബിളിൽത്തന്നെ ഈ പ്രവണത രേഖപ്പെടുത്തിയിരിക്കുന്നതു കാണാം. അതിനാൽ ബൈബിളിന്റെ കാഴ്ചപ്പാടിൽ എന്താണ് ദൈവാലയം, എന്താണിതിന്റെ പ്രസക്തി, എങ്ങനെയാണ് ദൈവാലയം ദേവാലയമായി മാറുന്നത് എന്നിങ്ങനെയുള്ള ചോദ്യങ്ങൾ പ്രസക്തമാകുന്നു. ബൈബിളിന്റെ

തുടക്കം പറുദീസായിലാണ്-മനുഷ്യൻ ദൈവത്തോടൊന്നിച്ച് നടന്നിരുന്ന ഏദേൻ തോട്ടത്തിൽ (ഉൽപ 3,8). അവിടെ ദൈവത്തിന് പ്രത്യേകമായൊരു ആലയം ഉള്ളതായി പറയുന്നില്ല. ദൈവം മനുഷ്യരുടെ ഇടയിൽ കൂടാരമടിച്ചു വസിക്കും, പോരാ, ദൈവം തന്നെ മനുഷ്യനു വസിക്കാനുള്ള കൂടാരമായിരിക്കും എന്നു പറഞ്ഞുകൊണ്ടാണ് ബൈബിൾ അവസാനിക്കുന്നത് (വെളി 21,3). അതിനാൽ രക്ഷാചരിത്രത്തിന്റെ അവസാനം, എല്ലാം നവീകരിക്കപ്പെട്ടു കഴിയുമ്പോൾ പിന്നെ ദൈവാലയം ഉണ്ടാവില്ല. ദൈവം തന്നെ ആയിരിക്കും ആലയം (വെളി 21,22).

ഈ ആരംഭത്തിനും അവസാനത്തിനും ഇടയിൽ, ഏദേനും പറുദീസാ(ലൂക്കാ 23,43)യ്ക്കും മധ്യേ, ദൈവാലയത്തെക്കുറിച്ച് പല വീക്ഷണങ്ങൾ അവതരിപ്പിക്കുന്നതു കാണാം. ആദിചരിത്രത്തിലും പൂർവ്വ പിതാക്കന്മാരുടെ ചരിത്രത്തിലും, പുറപ്പാടിലും, പിന്നീട് വാഗ്ദത്ത ഭൂമിയിലെ വാസത്തിലും, രാജഭരണകാലത്തും, പ്രവാസത്തിലും, പ്രവാസാനന്തരകാലത്തും എല്ലാം ദൈവാലയത്തെക്കുറിച്ച് വ്യത്യസ്ത വീക്ഷണങ്ങൾ രൂപപ്പെടുന്നതു കാണാം. ദൈവാലയത്തോടുള്ള യേശുവിന്റെ പ്രതികരണവും ദൈവാലയത്തെക്കുറിച്ച് യേശു നൽകിയ പ്രബോധനവും പുതിയൊരു ദിശയിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. തന്റെ തന്നെ ശരീരത്തെ യഥാർത്ഥ ദൈവാലയമായി ചിത്രീകരിച്ച യേശുവിന്റെ പ്രബോധനം പിൻതുടർന്ന അപ്പസ്തോലന്മാർ ക്രിസ്തുവിന്റെ സഭയെയും, തുടർന്ന് ഓരോ വിശ്വാസിയെയും ദൈവത്തിന്റെ ആലയമായി പരിഗണിക്കാൻ തുടങ്ങി.

സുദീർഘമായ ഈ പരിണാമപ്രക്രിയയിലൂടെ ഒന്നു കടന്നു പോകാനാണ് ഇവിടെ ശ്രമിക്കുന്നത്. ദൈവാലയം-ദേവാലയം എന്നീ വാക്കുകൾ അർത്ഥ വ്യത്യാസമില്ലാതെയാണ് ഇന്നു സാധാരണ ഉപയോഗിക്കുക. തന്നെയുമല്ല "ദേവാലയം" എന്ന വാക്കാണ് പറയാൻ എളുപ്പവും കൂടുതൽ പ്രയോഗത്തിലുള്ളതും; "ദൈവാലയം" എന്ന വാക്കാകട്ടെ അധികമാരും ഉപയോഗിക്കാറുമില്ല. അതിനാൽ ഉപയോഗസാധുതയുള്ള വാക്കായി "ദേവാലയം" തന്നെ ഇവിടെയും തുടർന്നു ഉപയോഗിക്കുന്നതാണ്.

**ഡോ. മൈക്കിൾ കാരിമറ്റം**

# ഉള്ളടക്കം


**1. കൂടെ നടക്കുന്ന ദൈവം** **11**

പറുദീസാ
പറുദീസായ്ക്കു പുറത്ത്
പ്രളയവും നോഹയും
ഇറങ്ങിവരുന്ന ദൈവം
പൂർവ്വപിതാക്കന്മാരുടെ അനുഭവം
അബ്രാഹത്തിന്റെ ദൈവം
ഏൽറോയ്
ബെഥേൽ
പെനുവേൽ

**2. പേടകം - കൂടാരം** **22**

മോശയുടെ ദൈവാനുഭവം
പേടകം
സമാഗമകൂടാരം
വഴികാട്ടുന്ന ദൈവം
അത്ഭുതകരമായ സാന്നിധ്യം
വിശുദ്ധവസ്തു വിഗ്രഹമാക്കിയാൽ
ലക്ഷ്യം മറക്കരുത്

**3. ജറുസലെം ദേവാലയം** **34**

പേടകം ജറുസലെമിലേക്ക്
കൂടാരത്തിൽനിന്ന് ദേവാലയത്തിലേക്ക്
തീർത്ഥാടനങ്ങൾ
ലക്ഷ്യം പിഴയ്ക്കുമ്പോൾ

**4. ദൈവാലയം പ്രവാചക വീക്ഷണത്തിൽ** **48**

ആമോസ്
ഹോസിയാ
മിക്കാ

ഏശയ്യാ
ജറെമിയാ
എസെക്കിയേൽ

**5. പ്രവാസത്തിൽ** 73

**6. പ്രവാസാനന്തരം** 79
ദേവാലയത്തിന്റെ പുനർനിർമ്മാണം
പൂർത്തിയാവാത്ത പ്രതീക്ഷകൾ
മൂന്നാം ഏശയ്യാ: ദേവാലയവും നീതിനിർവ്വഹണവും
അനുഷ്ഠാന പ്രധാനമായ മതനവീകരണം
വിശ്വാസത്തനിമ
അനുഷ്ഠാന പ്രധാനമതാത്മകത
പ്രവാചകന്മാരുടെ അഭാവം
മതപീഡനം - നവീകരണം

**7. യേശുവും ദേവാലയവും** 100
പിതാവിന്റെ ഭവനം - പ്രാർത്ഥനാലയം
ദേവാലയ ശുദ്ധീകരണം
ചന്തയോ കവർച്ചക്കാരുടെ ഗുഹയോ?
അധികാരത്തിനു തെളിവ്
ദേവാലയനാശം - പ്രവചനം
യേശുതന്നെ ദൈവാലയം

**8. ദൈവാലയം ഇന്ന്** 118
ദൈവാലയം പുതിയ കാഴ്ചപ്പാടിൽ
സ്വർഗ്ഗീയ ദൈവാലയം
സ്വർഗ്ഗം എവിടെ? എന്ത്?
സ്വർഗ്ഗാരോഹണം: സാന്നിധ്യം
സഭ യേശുവിന്റെ ശരീരം
സഭ-ഭവനം, ക്രിസ്തു-മൂലക്കല്ല്
ക്രിസ്തുവിശ്വാസികൾ - ദൈവാലയങ്ങൾ
അതു ഞാനായിരുന്നു
ദൈവം തന്നെ ദൈവാലയം

**ഉപസംഹാരം** 139

# 01

## കൂടെ നടക്കുന്ന ദൈവം

*"വെയിലാറിയപ്പോൾ ദൈവമായ കർത്താവ് തോട്ടത്തിൽ ഉലാത്തുന്നതിന്റെ ശബ്ദം അവർ കേട്ടു. പുരുഷനും ഭാര്യയും അവിടുത്തെ മുമ്പിൽ നിന്നുമാറി, തോട്ടത്തിലെ മരങ്ങൾക്കിട യിൽ ഒളിച്ചു" (ഉൽപ 3,8).*

### പറുദീസാ

മനുഷ്യരോടൊന്നിച്ചു നടക്കുന്ന ദൈവത്തിന്റെ ചിത്രമാണ് ബൈബിളിന്റെ തുടക്കത്തിൽ നാം കാണുന്നത്. സ്വന്തം ഛായ യിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യനെ ദൈവം ഭൂമി യിൽ തന്റെ പ്രതിനിധിയായി നിശ്ചയിച്ചു (ഉൽപ 1,26–31). മണ്ണിൽ നിന്നു മെനഞ്ഞെടുത്ത രൂപത്തിലേക്ക് ജീവശ്വാസം നിശ്വസിച്ച് ജീവനുള്ളവനാക്കി മാറ്റിയ മനുഷ്യനെ പ്രത്യേകം ഒരുക്കിയ പറു ദീസായിൽ അധിവസിപ്പിച്ചു. അവനു ചേർന്ന ഇണയും തുണ യുമായി സ്ത്രീയെയും സൃഷ്ടിച്ചു നൽകി. ഇരുവരും വസിക്കുന്ന പറുദീസായിൽ ദൈവം അവരോടുകൂടെ നടന്നു. വൈകുന്നേരം പറുദീസായിൽ ഉലാത്താൻ ഇറങ്ങുന്ന ദൈവം മനുഷ്യരുടെ കൂടെ വസിക്കുന്ന, കൂടെ നടക്കുന്ന, സന്തത സഹചാരിയാണ്. ഇവിടെ ദൈവത്തിനു പ്രത്യേകം ഒരാലയം ഉള്ളതായി പറയുന്നില്ല. ദൈവവും മനുഷ്യനും ഒന്നിച്ചു വസിക്കുന്ന ഇടമാണ് പറുദീസാ. അതിനെ വേണമെങ്കിൽ ആദ്യത്തെ ദൈവാലയം എന്നു വിശേ ഷിപ്പിക്കാം.

അവിടെ മനുഷ്യന് സ്വാതന്ത്ര്യമുണ്ടായിരുന്നു, ഉത്തരവാദി ത്വവും. തോട്ടം സൂക്ഷിക്കുക അവന്റെ ഉത്തരവാദിത്വമാണ്. ദൈവ ത്തിന്റെ തോട്ടത്തിലെ കൃഷിക്കാരനും മേൽനോട്ടക്കാരനും, കുടി

കിടപ്പുകാരനുമാണ് മനുഷ്യൻ. അതേസമയം, സ്വന്തം താൽപ ര്യങ്ങൾ അനുസരിച്ചല്ല, ദൈവത്തിന്റെ നിർദ്ദേശങ്ങൾ അനുസ രിച്ചായിരിക്കണം അവൻ ജീവിക്കേണ്ടത്. വിലക്കപ്പെട്ട കനിയുടെ കഥ അതാണല്ലോ സൂചിപ്പിക്കുന്നത്. ദൈവഹിതം അനുസരിച്ച്, ദൈവത്തോടൊന്നിച്ച്, മനുഷ്യൻ സന്തോഷവാനായി കഴിയുന്ന ആദ്യഘട്ടമാണ് പറുദീസാ.

**പറുദീസായ്ക്കു പുറത്ത്**

പറുദീസാ ഒരു ഓർമ്മയാണ്, അതേസമയം ഒരു സ്വപ്നവും. ദൈവത്തോടൊന്നിച്ച് ആനന്ദ പൂരിതരായി, വേദനയും ദുഃഖവു മില്ലാത്ത, വേർപാടും മരണവുമില്ലാത്ത, കണ്ണീരും നിലവിളിയു മില്ലാത്ത, സന്തോഷപൂർണ്ണമായ, നിത്യം നിലനിൽക്കുന്ന ഒരു ജീവിതം ദൈവം തങ്ങൾക്കു നൽകിയിരുന്നു, അഥവാ ലഭ്യമാ ക്കിയിരുന്നു എന്ന് മനുഷ്യവർഗ്ഗത്തെ ഓർമ്മിപ്പിക്കുന്നതാണ് ബൈബിൾ അവതരിപ്പിക്കുന്ന പറുദീസായുടെ ചിത്രം. ഒപ്പം, നഷ്ടപ്പെട്ടുപോയ ഒരവസരത്തെക്കുറിച്ചുള്ള നിരാശാജനകമായ ഓർമ്മയേക്കാൾ, ഇനിയും ലഭിക്കാനിരിക്കുന്ന, സ്വന്തമാക്കാൻ കഴിയുന്ന ഭാവിയെക്കുറിച്ചുള്ള മനോഹരമായ ഒരു സ്വപ്നവു മാണ് പറുദീസാ.

അതേസമയം, പറുദീസാ നഷ്ടപ്പെട്ടു എന്ന ഭീതിദവും ദുഃഖ പൂർണ്ണവുമായ ഒരു യാഥാർത്ഥ്യവും ഈ പറുദീസായുടെ ചിത്ര ത്തിനു പിന്നിൽ തെളിയുന്നുണ്ട്. ദൈവകല്പന ലംഘിച്ച മനു ഷ്യനെ ദൈവം പറുദീസായിൽ നിന്നു പുറത്താക്കി; അവൻ തിരിച്ചു കയറാതിരിക്കാൻ വാതിലടച്ചു, തീ ചീറ്റുന്ന വാളുമായി, ദൂതനെ വാതില്ക്കൽ കാവൽ നിർത്തി (ഉൽപ 3,24). എന്നാലും ദൈവം അവനെ കൈ വിടുകയില്ല. തിന്മയുടെ സ്വാധീനത്തിൽ നിന്നു വീണ്ടെടുത്ത് സ്വന്തം മക്കളായി, സ്വഭവനത്തിൽ സ്വീക രിക്കും എന്ന വാഗ്ദാനവും (ഉൽപ 3,15) നൽകിയതിനുശേഷ മാണ് ദൈവം മനുഷ്യരെ തന്റെ സന്നിധിയിൽനിന്ന് ഇറക്കിവി ട്ടത്.

പറുദീസായ്ക്കു പുറത്തായെങ്കിലും ദൈവസാന്നിധ്യത്തിൽ നിന്നകലെയല്ല, ദൈവത്തിന്റെ കണ്ണെത്താത്തത്ര ദൂരത്തല്ല മനു ഷ്യൻ എന്ന് അടുത്ത സംഭവ പരമ്പരകൾ സൂചിപ്പിക്കുന്നു. മനു ഷ്യൻ അർപ്പിക്കുന്ന ബലി സ്വീകരിക്കാൻ ദൈവം അവന്റെ സമീ പത്തു തന്നെയുണ്ട്. പീഠത്തിൽ അർപ്പിക്കുന്ന ബലിവസ്തു മാത്ര

മല്ല, അർപ്പകന്റെ ഉള്ളിരുപ്പും ഹൃദയവികാരങ്ങളും കാണാൻ മാത്രം അടുത്താണ് ദൈവം. ആബേലിന്റെ ബലി സ്വീകരിക്കുകയും കായേന്റേതു തിരസ്കരിക്കുകയും ചെയ്യുന്നത് ഇരുവരുടെയും ഹൃദയവികാരങ്ങളെ അറിഞ്ഞുകൊണ്ടാണ് (ഉൽപ 4,7). ദൈവം നൽകിയ താക്കീതു വകവയ്ക്കാതെ സഹോദരനെ വധിച്ച കായേന്റെ മുമ്പിൽ ദൈവം പ്രത്യക്ഷപ്പെട്ടു, നീതി വിധിക്കുന്ന ന്യായാധിപനായി, ഒപ്പം സംരക്ഷണം നൽകുന്ന രക്ഷകനായും. "..... ആരും കായേനെ കൊല്ലാതിരിക്കാൻ ദൈവം അവന്റെ മേൽ ഒരടയാളം പതിച്ചു" (ഉൽപ 4,8-16).

ദൈവത്തിൽനിന്ന് മനഃപൂർവ്വം അകന്നുപോകുന്ന മനുഷ്യന്റെ പ്രതീകമാണ് "ദൈവസന്നിധി വിട്ട്, ഏദെനു കിഴക്ക് നോദുദേശത്ത് വാസമുറപ്പിക്കുന്ന" (ഉൽപ 4,16) കായേൻ. എന്നാലും ദൈവത്തിൽനിന്ന് അകന്നുപോകുന്ന മനുഷ്യനെ ദൈവം ഉപേക്ഷിക്കുന്നില്ല; അവനെ തേടി പിന്നാലെ വരുന്നു എന്ന സത്യമാണ് തുടർന്നുള്ള വിവരണങ്ങളിലൂടെ ബൈബിൾ അവതരിപ്പിക്കുന്നത്.

### പ്രളയവും നോഹയും

"ഭൂമിയിൽ മനുഷ്യന്റെ തിന്മ വർദ്ധിച്ചിരിക്കുന്നെന്നും അവന്റെ ഹൃദയത്തിലെ ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതു മാത്രമാണെന്നും ദൈവം കണ്ടു. ഭൂമുഖത്ത് മനുഷ്യനെ സൃഷ്ടിച്ചതിൽ കർത്താവ് പരിതപിച്ചു" (ഉൽപ 6,5-6). തന്നിൽ നിന്നകന്ന്, തിന്മയിൽ ആണ്ടുപോകുന്ന മനുഷ്യന്റെ അവസ്ഥയെ ദൈവം, വികാരഭരിതനായ ഒരു പിതാവെന്നപോലെ, നിരീക്ഷിക്കുന്ന ചിത്രമാണ് വി. ഗ്രന്ഥകാരൻ ഇവിടെ അവതരിപ്പിക്കുന്നത്. അതിനു തൊട്ടുമുമ്പ് മനുഷ്യന്റെ പാപാവസ്ഥയുടെ വെളിച്ചത്തിൽ മനുഷ്യായുസ് പരിമിതിപ്പെടുത്തുന്നതായി ഒരു ചെറിയ വിവരണമുണ്ട്. "എന്റെ ചൈതന്യം മനുഷ്യനിൽ എന്നേക്കും നിലനിൽക്കുകയില്ല. അവൻ ജഡമാണ്. അവന്റെ ആയുസ് നൂറ്റിയിരുപത് വർഷമായിരിക്കും" (ഉൽപ 6,3). ദൈവത്തിന്റെ ചൈതന്യം എന്നേക്കും നിലനിൽക്കുകയില്ല എന്നു പറയുന്നതിലൂടെ ഒരു കാര്യം വ്യക്തമാകുന്നു. പാപാനന്തരവും ദൈവത്തിന്റെ ചൈതന്യം മനുഷ്യനിൽ വസിക്കുന്നു. ദൈവത്തിന്റെ ചൈതന്യം ദൈവം തന്നെയാണെന്നു കരുതുന്നതിൽ തെറ്റുണ്ടാവില്ല. അപ്പോൾ പറുദീസായ്ക്കു പുറത്തും പാപിയായ മനുഷ്യനിലും,

ദൈവം സന്നിഹിതനാണ് എന്ന ഒരു സൂചന ഇവിടെ ലഭ്യമാകുന്നു.

പ്രളയം അയച്ചു നശിപ്പിക്കുന്നത് പാപത്തിനധീനമായ ലോകത്തെ കഴുകി ശുദ്ധീകരിക്കുന്നതിന്റെ അടയാളമാണ്. അപ്പോഴും ദൈവികസാന്നിധ്യം അവിടെയുണ്ട്. നോഹയെയും കുടുംബത്തെയും ദൈവം അനുസ്മരിക്കുന്നു. പ്രളയം അവസാനിപ്പിക്കുന്നു; നോഹയർപ്പിച്ച ബലിയിൽ സംപ്രീതനാകുന്നു; ലോകത്തെ നശിപ്പിക്കുകയില്ല എന്നു വാഗ്ദാനം ചെയ്യുന്നു. ഇവിടെയൊന്നും ദൈവത്തിന്റെ പ്രത്യേകമായൊരു വാസസ്ഥലത്തെക്കുറിച്ചു പരാമർശിക്കുന്നില്ല. സർവ്വ വ്യാപിയും അന്തര്യാമിയുമായ ദൈവത്തിന്റെ ചിത്രമാണ് ഈ വിവരണങ്ങളിൽ നിന്നു ലഭിക്കുന്നത്.

### ഇറങ്ങിവരുന്ന ദൈവം

ആകാശം മുട്ടുന്ന ഗോപുരം നിർമ്മിച്ച് സ്വന്തം പേരും പ്രശസ്തിയും നിലനിർത്താൻ ശ്രമിക്കുന്ന മനുഷ്യന്റെ പാഴ്വേലയുമായി ബന്ധപ്പെട്ടതാണ് ദൈവത്തിന്റെ വാസസ്ഥലത്തെക്കുറിച്ചുള്ള അടുത്ത പരാമർശം. “മനുഷ്യൻ നിർമ്മിച്ച നഗരവും ഗോപുരവും കാണാൻ ദൈവം ഇറങ്ങി വന്നു” (ഉൽപ 11,5). “ഇറങ്ങി വന്നു” എന്നു പറയുമ്പോൾ ദൈവത്തിന്റെ വാസം മുകളിൽ എവിടെയോ ആണെന്ന സൂചന ലഭിക്കുന്നു. പുരാതന മനുഷ്യന്റെ ഒരു കാഴ്ചപ്പാട് ഇവിടെ ദൃശ്യമാകുന്നു.

പരന്ന പലകപോലുള്ള ഭൂമിക്കു മുകളിൽ കുടപോലെ വിരിച്ചു നിർത്തിയിരിക്കുന്ന കമാനമാണ് ആകാശം. ആകാശത്തിനു മുകളിൽ ജലം, ഭൂമിക്കടിയിലും ജലം. മുകളിൽ ജലമുള്ളതുകൊണ്ടാണല്ലോ മഴ പെയ്യുന്നത്. ദൈവം ആകാശത്തിന്റെ ജാലകങ്ങൾ തുറക്കുമ്പോൾ മഴ പെയ്യുന്നു. ആലങ്കാരികമായി മാത്രമല്ല, നഗ്നനേത്രങ്ങൾ സ്വാഭാവികമായി കാണുന്ന ഒരു യാഥാർത്ഥ്യമായി ഈ കാഴ്ചപ്പാടിനെ മനസിലാക്കാം. ആകാശത്തിനു മുകളിലുള്ള ജലസംഭരണികൾക്കും മുകളിലാണ് ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗം എന്ന ഒരു കാഴ്ചപ്പാട് സാവധാനം രൂപപ്പെട്ടു. അതിന്റെ വ്യക്തമായ ഉദാഹരണമാണ് ഗോപുരം കാണാൻ ദൈവം ഇറങ്ങിവരുന്നത്.

ആകാശത്തിനു മുകളിൽ, സ്വർഗ്ഗത്തിൽ ദൈവം വസിക്കുന്നു എന്ന ധാരണയാണ് ആകാശം മുട്ടുന്ന ഗോപുരം നിർമ്മിക്കാൻ

ശ്രമിക്കുന്ന മനുഷ്യന്റെ ചിന്താഗതി വെളിപ്പെടുത്തുന്നത്. ദൈവ തുല്യനാവുക എന്നതാണ് ലക്ഷ്യം. ദൈവത്തിനൊപ്പം ഇരിക്കുക, ദൈവത്തെപ്പോലെയാകുക, സ്വന്തം ഇഷ്ടം പ്രമാണമായി സ്വീക രിക്കുക. പറുദീസായിൽ ഉണ്ടായ പ്രലോഭനത്തിന്റെ മറ്റൊരു പതി പ്പായി ഈ ഉദ്യമത്തെ കാണാൻ കഴിയും. അതേസമയം സൃഷ്ട വസ്തുക്കളിൽ നിന്നെല്ലാം അനന്തമായ ദൂരത്തിൽ, ഉയരത്തിൽ ദൈവം വസിക്കുന്നു എന്ന വിശ്വാസവും ഈ കഥയുടെ പിന്നി ലുണ്ട്. സർവ്വാതിശായിയായ ദൈവത്തെക്കുറിച്ചുള്ള അവ ബോധം ഈ വിവരണത്തിൽ പ്രതിഫലിക്കുന്നതായി കാണാം.

### പൂർവ്വപിതാക്കന്മാരുടെ അനുഭവം

ദൈവികയാഥാർത്ഥ്യങ്ങളെ കഥാരൂപത്തിൽ (Myths) അവ തരിപ്പിക്കുന്ന ഒരു സാഹിത്യ ശൈലിയാണ് ആദിചരിത്രം എന്ന റിയപ്പെടുന്ന ഉൽപ 1-11 അധ്യായങ്ങളിൽ അവലംബിച്ചിരിക്കു ന്നത്. അതിനാൽത്തന്നെ ഇതുവരെ കണ്ട വിവരണങ്ങൾ മുഖ്യ മായും കഥാരൂപത്തിലും പ്രതീകാത്മകമായും മനസിലാക്കണം. രക്ഷാചരിത്രത്തിന്റെ അടുത്ത ഘട്ടത്തിൽ ഒരു വ്യക്തിയെ പ്രത്യേകം തിരഞ്ഞെടുക്കുകയും അയാളിലൂടെയും അയാളുടെ സന്തതിപരമ്പരയിലൂടെയും സ്വയം വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തെയും അവിടുത്തെ പദ്ധതിയെയുമാണ് നാം കാണുന്നത്. ഇവിടെയും ദൈവം ഏതെങ്കിലും ഒരു പ്രത്യേക "ഇട"ത്തിൽ വസിക്കുന്നതായി സൂചിപ്പിക്കുന്നുപോലുമില്ല. അബ്രാഹം, ഇസഹാക്ക്, യാക്കോബ്, യാക്കോബിന്റെ പന്ത്രണ്ടു മക്കൾ - ഇവരെയാണ് പൊതുവിൽ പൂർവ്വപിതാക്കന്മാർ എന്നു വിശേഷിപ്പിക്കുന്നത്. ഇവർക്കുണ്ടായ ദൈവാനുഭവങ്ങൾ ദൈവാ ലയത്തെക്കുറിച്ച് വിലപ്പെട്ട ചില സൂചനകൾ നൽകും.

### അബ്രാഹത്തിന്റെ ദൈവം

വിളിച്ചു പുറത്തിറക്കി, മുൻപേ നടക്കുന്ന ദൈവമാണ് അബ്രാ ഹത്തിനു സ്വയം വെളിപ്പെടുത്തുന്ന ദൈവം. ഹാരാനിൽ തുട ങ്ങി, കാനാനിലൂടെ കടന്ന്, ഈജിപ്തിലെത്തി, വീണ്ടും കാനാ നിൽ തിരിച്ചുവന്നു വാസമുറപ്പിക്കുന്ന അബ്രാഹത്തിന്റെ ജീവിത വഴികളിൽ ഉടനീളം ദൈവമുണ്ട്, വഴികാട്ടിയായി, സംരക്ഷകനായി.

യാതൊരു മുന്നറിയിപ്പും ഒരുക്കവും കൂടാതെയാണ് അബ്രാ ഹത്തിനു ലഭിക്കുന്ന ദൈവവിളി വി. ഗ്രന്ഥകാരൻ ചിത്രീകരി

ക്കുന്നത്. ഗോപുരനിർമ്മാണത്തിൽ പരാജയപ്പെട്ട്, പരസ്പരം മനസിലാക്കാൻ കഴിയാതെ ചിതറി അകന്നുപോകുന്ന മനുഷ്യന്റെ ചിത്രത്തിനു പിന്നാലെ വരുന്നു അബ്രാഹത്തിന്റെ വിളി, ഒരു പുതിയ തുടക്കംപോലെ. ആദിചരിത്രം അവസാനിപ്പിച്ച്, രക്ഷാ ചരിത്രത്തിന്റെ അടുത്ത ഘട്ടത്തിലേക്കു കടക്കുന്നത് അബ്രാഹ ത്തിന്റെ വിളിയോടെയാണ്. "കർത്താവ് അബ്രാമിനോട് അരുളി ച്ചെയ്തു: നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവന ത്തെയും വിട്ട്, ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോവുക" (ഉൽപ 12,1).

പോകേണ്ട നാട് എവിടെയെന്നോ, അങ്ങോട്ടുള്ള വഴി ഏതെന്നോ പറയുന്നില്ല. അതെല്ലാം സാവകാശം വെളിപ്പെടും. ഇപ്പോൾ ഒന്നുമാത്രം കരണീയം. വിട്ടുപേക്ഷിക്കുക, ഇറങ്ങിത്തി രിക്കുക, വിളിക്കുന്നവന്റെ പിന്നാലെ. മനുഷ്യൻ ദൈവത്തോടൊ ന്നിച്ച് യാത്രചെയ്യാൻ വിളിക്കപ്പെടുന്നു. ദൈവം മുമ്പിലുണ്ടാകും, എപ്പോഴും; അബ്രാഹം അനുഗമിച്ചാൽ മതി. അതിനു വിശ്വാസം ആവശ്യമാണ്. വിശ്വാസം അനുസരണത്തിലൂടെ പ്രകടമാകണം. അതായിരുന്നു, അതു മാത്രമായിരുന്നു അബ്രാഹത്തിന്റെ ജീവിതം.

"കർത്താവ് കല്പിച്ചതനുസരിച്ച് അബ്രാഹം പുറപ്പെട്ടു" (ഉൽപ 12,4). സുദീർഘമായിരുന്നു യാത്ര. വഴികളിൽ അപകടം പതിയിരുന്നു. എന്നാൽ അബ്രാഹം പതറിയില്ല. താൽക്കാലിക വിശ്രമത്തിനായി കൂടാരമടിച്ചിടത്തെല്ലാം അബ്രാഹം ബലിപീഠം പണിതു, ബലിയർപ്പിച്ചു; കർത്താവ് ബലി സ്വീകരിച്ചു. ഷെക്കെം, മോറേ, ഹെബ്രോൺ (ഉൽപ 12,6. 8,18) എന്നിങ്ങനെ അനേകം ഇടങ്ങളിൽ അബ്രാഹം ബലിയർപ്പിച്ചു, കർത്താവിന്റെ സജീവ സാന്നിധ്യം അനുഭവിച്ചറിഞ്ഞു.

ദൈവികസാന്നിധ്യം ഏതെങ്കിലും ഒരു സ്ഥലത്തു മാത്രമായി ഒതുങ്ങി നിൽക്കുന്നതല്ല എന്ന് അബ്രാഹം തിരിച്ചറിഞ്ഞു. തന്റെ യാത്രയിൽ ഉടനീളം ദൈവം കൂടെയുണ്ടെന്ന് അനുഭവിച്ചറിഞ്ഞു. വാഗ്ദാനങ്ങൾ ആവർത്തിച്ചും കല്പനകൾ നൽകിയും സംര ക്ഷണം ഉറപ്പു വരുത്തിയും കൊണ്ട് ദൈവം തന്റെ കൂടെ നടക്കു ന്നതായി അബ്രാഹം കണ്ടു. ഈജിപ്തിലെ ഫറവോയിൽനിന്നും (ഉൽപ 12,17-20) ശത്രു രാജാക്കന്മാരിൽ നിന്നും (ഉൽപ 14,13-16) നിരന്തരം സംരക്ഷിക്കുന്നതായി അബ്രാഹം അനുഭവിച്ചു.

ഉടമ്പടിചെയ്യാനും വാഗ്ദാനങ്ങൾ ആവർത്തിക്കാനും കൂടെ നടക്കുന്ന ദൈവികസാന്നിധ്യം അബ്രാഹത്തിന്റെ നിരന്തരമായ അനുഭവമായിരുന്നു. “മാമ്രേയുടെ ഓക്കുമരത്തിനു സമീപം കർത്താവ് അബ്രാഹത്തിനു പ്രത്യക്ഷനായി” (ഉൽപ 18,1). തുടർന്നുള്ള ജീവിതവഴികളിലെല്ലാം ദൈവം അബ്രാഹത്തിന്റെ കൂടെ ഉണ്ടായിരുന്നു. സ്വന്തം മകനെ ബലിയർപ്പിക്കാൻ ആവശ്യപ്പെടുംവരെ ദൈവം അബ്രാഹത്തിന്റെ വിശ്വാസവും അനുസരണവും പരിശോധനാ വിഷയമാക്കി. അബ്രാഹം ഉറച്ചുനിന്നു, പതറാതെ. അങ്ങനെ സർവ്വ ജനതകൾക്കും രക്ഷയുടെ തുടക്കമായി. “നിന്റെ സന്തതിയിലൂടെ ലോകത്തിലെ എല്ലാ ജനതകളും അനുഗ്രഹിക്കപ്പെടും” (ഉൽപ 22,18). ഇസഹാക്കിനെ ബലിയർപ്പിക്കാൻ കയറിയ മോറിയാ മലയിൽവച്ചാണ് ഈ വാഗ്ദാനം അവസാനമായി അബ്രാഹത്തോട് ആവർത്തിക്കപ്പെട്ടത്. ആ സ്ഥലത്താണ് സോളമൻ പിന്നീട് ദേവാലയം നിർമ്മിച്ചത് എന്നതും ശ്രദ്ധേയം.

**ഏൽറോയി**

അവൾ ഒട്ടും പ്രതീക്ഷിച്ചതല്ല ആ കണ്ടുമുട്ടൽ. തന്നെ പറഞ്ഞു വശീകരിച്ചും, ഒരു പരിധിവരെ നിർബ്ബന്ധിച്ചും യജമാനനായ അബ്രാഹത്തിന്റെ കുഞ്ഞിനെ ഗർഭം ധരിക്കാൻ പ്രേരിപ്പിച്ച യജമാനത്തി സാറായുടെ ക്രൂരത സഹിക്കാനാവാതെ ഒളിച്ചോടിയതാണവൾ, സാറായുടെ ദാസിയായ ഈജിപ്തുകാരി-ഹാഗാർ. ചുട്ടുപൊള്ളുന്ന മണലാരണ്യത്തിൽ, വഴിയറിയാതെ, തണലിനു ഒരു മേഘക്കീറിന്റെ നിഴൽപോലുമില്ലാതെ, മരണത്തെ മാത്രം മുന്നിൽകണ്ട് അലയുന്ന ഗർഭിണി. ദൈവം അവളെ കണ്ടു, തിരിച്ചുപോകാൻ ആവശ്യപ്പെട്ടു! അതേസമയം സംരക്ഷണവും വാഗ്ദാനം ചെയ്തു. തന്നെ കണ്ട ദൈവത്തിന് അവൾ ഒരു പേരു കൊടുത്തു. ഏൽറോയ്-എന്നെ കാണുന്ന ദൈവം (ഉൽപ 16,1-6). സ്ഥലകാലങ്ങൾക്കതീതനായി എല്ലായിടത്തും സന്നിഹിതനായ ദൈവം. അതാണ് ഏൽറോയ്.

ആ ദൈവം അവളെ വീണ്ടും കണ്ടു, ഒരിക്കൽകൂടി മരുഭൂമിയിൽ. ഇപ്പോൾ അവൾ ഒളിച്ചോടിയതല്ല, യജമാനൻതന്നെ ഇറക്കിവിട്ടതാണ്, മകനെയും കൂട്ടി, ഒരു ദിവസത്തേക്കു വേണ്ട അപ്പവും വെള്ളവും മാത്രം കൊടുത്ത്. അവൾ തളർന്നു. വിശന്നും ദാഹിച്ചും നിലവിളിക്കുന്ന മകന്റെ മരണം കാണാതിരിക്കാൻ

കണ്ണും കാതും അടച്ച് അവൾ അകന്നിരുന്നു. ഇപ്പോൾ കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽ നിന്നാണ് അവളെ വിളിക്കുന്നത്. (ഉൽപ 21,17). "ദൂതൻ" എന്നു പറയുന്നത് കർത്താവിനെത്തന്നെ സൂചിപ്പിക്കാനാണ്. മരുഭൂമിയുടെ മുകളിൽ വിരിയുന്ന സ്വർഗ്ഗം നിലവിളി കേൾക്കുന്ന ദൈവത്തിന്റെ സാന്നിധ്യം എല്ലായിടത്തും ഉണ്ടെന്നു ഉറപ്പു നൽകുന്നു. ഇവിടെയും ദൈവത്തിന് പ്രത്യേകമായൊരു വാസസ്ഥലമില്ല. എല്ലായിടത്തും അവിടുത്തെ സാന്നിധ്യം നിറഞ്ഞുനിൽക്കുന്നു. അതാണ് സ്വർഗ്ഗം.

**ബെഥേൽ**

ഭയചകിതനായിരുന്നു അയാൾ. പിതാവിനെയും സഹോദരനെയും വഞ്ചിച്ചതിന്റെ കുറ്റബോധം ഒരുവശത്ത്. തന്നെ വധിക്കാൻ തീരുമാനിച്ചിരിക്കുന്ന ജ്യേഷ്ഠ സഹോദരന്റെ കോപവും പകയും മറുവശത്ത്. എല്ലാറ്റിനും ഉപരി വഞ്ചനയും വക്രതയും വഴി ദൈവകോപവും ദൈവശാപവും വരുത്തിവച്ചു എന്ന പാപബോധം. അവൻ ഓടി, നിർത്താതെ, അങ്ങു ദൂരെയുള്ള ഹാരാനിലേക്ക്. ഓട്ടത്തിനിടയിൽ സൂര്യൻ അസ്തമിച്ചു. ഇരുൾ പരന്നു; തളർന്ന് വഴിവക്കിൽ വീണു. ക്ഷീണം അവനെ കീഴടക്കി. അടുത്തു കണ്ട ഒരു കല്ലിൽ തലവച്ച് അവൻ കിടന്നു. അറിയാതെ കണ്ണുകൾ അടഞ്ഞു. പരാജയത്തിന്റെയും കുറ്റബോധത്തിന്റെയും പ്രതീകം-യാക്കോബ്.

മനുഷ്യൻ കാണുന്നതുപോലെയല്ല ദൈവം കാണുന്നത്. അവന്റെ തലയ്ക്കു മുകളിൽ സ്വർഗ്ഗം തുറന്നു. തുറന്ന സ്വർഗ്ഗവാതിലിൽ എത്തിനിൽക്കുന്ന ഗോവണി; ഇറങ്ങി - കയറുന്ന ദൈവദൂതന്മാർ. തുറന്ന വാതിൽക്കൽ ആശിർവ്വദിക്കാൻ കൈകൾ ഉയർത്തി നിൽക്കുന്ന ദൈവം. കുറ്റപ്പെടുത്തലില്ല, ശകാരമില്ല. ചെയ്ത തെറ്റുകളെക്കുറിച്ച് ഒരു സൂചനപോലുമില്ല. വഴിഞ്ഞൊഴുകുന്ന സ്നേഹം മാത്രം. ശക്തിപ്പെടുത്തുന്ന വാക്കുകൾ, പ്രത്യാശ ഉണർത്തുന്ന വാഗ്ദാനം. "ഇതാ ഞാൻ നിന്നോടുകൂടെയുണ്ട്. നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തു രക്ഷിക്കും" (ഉൽപ 28,15).

ഉറക്കമുണർന്ന യാക്കോബിനു ബോധ്യമായി. "തീർച്ചയായും കർത്താവ് ഇവിടെയുണ്ട്. എന്നാൽ ഞാൻ അതറിഞ്ഞില്ല... ഇതു ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നുമല്ല" (ഉൽപ 28,17). പരാജിതന്റെ തലയ്ക്കു മുകളിൽ തുറക്കുന്ന സ്വർഗ്ഗം; വാതിൽക്കൽ

നിൽക്കുന്ന ദൈവം; കോരിച്ചൊരിയുന്ന അനുഗ്രഹങ്ങൾ. അതാണ് ബെഥേൽ. യാക്കോബ് അവിടെ ഒരു കല്ല് നാട്ടി നിർത്തി, എണ്ണയൊഴിച്ച്, ദൈവത്തെ സ്തുതിച്ചു. അതിന് ദൈവഭവനം എന്നർത്ഥമുള്ള ബെഥേൽ എന്ന പേരും കൊടുത്തു.

എന്നാൽ യാക്കോബിനു ലഭിച്ച ദൈവിക സാന്നിധ്യത്തിന്റെയും സംരക്ഷണത്തിന്റെയും അനുഭവം ബെഥേലിൽ ഒതുങ്ങിനിൽക്കുന്നില്ല. അനേകം അനുഭവങ്ങളിൽ ഒന്നു മാത്രമാണിത്. ഇവിടെ നൽകുന്ന ഒരു വാഗ്ദാനം പ്രത്യേകം ശ്രദ്ധിക്കണം. "ഇതാ ഞാൻ നിന്നോടു കൂടെയുണ്ട്, നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തു രക്ഷിക്കും" (ഉൽപ 28,15). വാഗ്ദത്ത ഭൂമിയിൽ തിരിച്ചെത്തുന്ന യാക്കോബ് ദൈവകല്പന പ്രകാരം ബെഥേലിൽ പോയി അവിടെ ഒരു ബലിപീഠം പണിയുന്നതായി വി. ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിട്ടുണ്ട് (ഉൽപ 35,1 –8). പിന്നീട് ബെഥേൽ ഇസ്രായേലിന്റെ പ്രധാന തീർത്ഥാടന കേന്ദ്രമായി മാറി, പ്രത്യേകിച്ചും രാജഭരണ കാലത്ത്.

**പെനുവേൽ**

"ദൈവത്തെ ഞാൻ മുഖാഭിമുഖം കണ്ടു. എന്നിട്ടും ഞാൻ ജീവിച്ചിരിക്കുന്നല്ലോ എന്നു പറഞ്ഞുകൊണ്ട് യാക്കോബ് ആ സ്ഥലത്തിനു പെനുവേൽ എന്നു പേരിട്ടു" (ഉൽപ 32,30).

ഭീരുവായിരുന്ന യാക്കോബ്. കാലിനു മാത്രമായിരുന്നു ബലം, ഒളിച്ചോടാനും ഓടി രക്ഷപ്പെടാനും. പക്ഷേ ഇത്തവണ അതും സാധ്യമല്ലാതെ വന്നു. ഇതുവരെ കൂടെ നടക്കുകയും സംരക്ഷിക്കുകയും ചെയ്ത ദൈവം ഒരു ശത്രുവിനെപ്പോലെ രാത്രിയിൽ അവനെ കടന്നാക്രമിച്ചു. അവന്റെ ഉള്ളിൽ ഉറങ്ങിക്കിടന്ന ശക്തി മരണഭീതിയാൽ ഉണർന്നു. അതൊരു ജീവന്മരണ പോരാട്ടമായിരുന്നു. അവസാനം അവൻ ജയിച്ചു. അതോടെ അയാൾ ഒരു പുതിയ മനുഷ്യനായി മാറി. ഇപ്രകാരം ഒരു സമൂല പരിവർത്തനം, അഥവാ പുതിയ സൃഷ്ടി, നടന്ന സ്ഥലമാണ് പെനുവേൽ - ദൈവാലയത്തിന്റെ നാൾവഴികളിലെ അടുത്ത താവളം.

ബെഥേലിൽ വച്ചു നൽകിയ വാഗ്ദാനങ്ങൾ ദൈവം പാലിച്ചു. ഹാരാനിൽ യാക്കോബിനു സംരക്ഷണം ലഭിച്ചു. സമൃദ്ധിയുണ്ടായി. അമ്മാവനും പിന്നീട് അമ്മായിയപ്പനുമായ ലാബാൻ പലതവണ വഞ്ചിച്ചെങ്കിലും ദൈവം കൂട്ടിനുണ്ടായിരുന്നതിനാൽ യാക്കോബ് വലിയ ധനികനായി. നാലു ഭാര്യമാരും പന്ത്രണ്ടുമ

ക്കളും ആടുമാടുകളുടെ വലിയ സമ്പത്തും സ്വന്തമാക്കി. എന്നിട്ടും ഭയം അയാളെ വിട്ടുമാറിയില്ല. ദൈവം നൽകിയ നിർദ്ദേശമനുസരിച്ചാണ് അയാൾ വാഗ്ദത്തഭൂമിയിലേക്ക് മടങ്ങിയത്. പക്ഷേ അതും ഒരു ഒളിച്ചോട്ടമായിരുന്നു. പിന്നാലെ വന്ന ലാബാനെ ദൈവം തടഞ്ഞതുകൊണ്ട് അപകടം ഒഴിവായി. ഇരുവരും തമ്മിൽ സന്ധിചെയ്തു. ഉടമ്പടിയുടെ അടയാളമായി കല്ലുകൾ വാരിക്കൂട്ടി. കൽക്കൂനവിട്ട് പടിഞ്ഞാട്ട് ലാബാൻ വരില്ല; കിഴക്കോട്ടു യാക്കോബും (ഉൽപ 31,22-50).

ജ്യേഷ്ഠനെ വഞ്ചിച്ചതിന്റെ കുറ്റബോധം ഇപ്പോഴും ഹൃദയത്തിൽ ഉണങ്ങാത്ത വ്രണം പോലെ നീറ്റൽ ഉളവാക്കുന്നു. സമ്മാനങ്ങൾ നൽകി പ്രീതിപ്പെടുത്താം എന്ന പദ്ധതി വിജയിക്കുമോ എന്നറിയില്ല. അതിനാൽ ഭാര്യമാരും മക്കളും അടക്കം തനിക്കുള്ള സകലതും നദിയുടെ പടിഞ്ഞാറെ കരയിൽ എത്തിച്ചശേഷം യാക്കോബ് ഒറ്റയ്ക്ക് കിഴക്കേ കരയിൽ തങ്ങി, ഏസാവ് വന്ന് എല്ലാം നശിപ്പിച്ചാലും താൻ ഇനിയും ഓടി രക്ഷപ്പെടും എന്ന തീരുമാനത്തോടെ (ഉൽ 32,1-21). ഇവിടെയാണ് ദൈവം ഒരു ശത്രുവിനെപ്പോലെ യാക്കോബിനെ നേരിടുന്നത്.

“നേരം പുലരുന്നതുവരെ ഒരാൾ അവനുമായി മൽപിടുത്തം നടത്തി” (ഉൽപ 32,24). മരണഭീതിയിൽ അവന്റെ ആന്തരിക ശക്തി ഉണർന്നു. കീഴടങ്ങുക എന്നാൽ മരിക്കുക എന്നാണ് ഇവിടെ അർത്ഥം. ജീവിക്കണമെങ്കിൽ പൊരുതിയേ മതിയാകൂ! ഒളിച്ചോടാൻ വഴിയടച്ച്, പിടി മുറുക്കിയിരിക്കുകയാണ് ശത്രു. അയാൾ ആരെന്നറിഞ്ഞല്ല യാക്കോബ് പൊരുതിയത്. എന്നാൽ അവസാനം അവൻ മനസിലാക്കി, അതു ദൈവം തന്നെയാണെന്ന്. ആക്രമിച്ചു ശക്തിപ്പെടുത്തുന്ന ദൈവം! തികച്ചും വ്യത്യസ്തവും നൂതനവുമായ ഒരു ദൈവചിത്രം-അന്നും ഇന്നും. ഇതുവരെ ലഭിച്ച വാഗ്ദാനങ്ങളും സംരക്ഷണവും യാക്കോബിന്റെ സ്വഭാവത്തിൽ കാര്യമായ മാറ്റമൊന്നും വരുത്തിയില്ല. എന്നാൽ ഈ മല്പിടുത്തം അവനെ പുതിയൊരു മനുഷ്യനാക്കി. തന്നിലുള്ള ശക്തി അവൻ തിരിച്ചറിഞ്ഞു. ഇനി ഒളിച്ചോടാൻ ശ്രമിക്കില്ല. ശ്രമിച്ചാലും സാധിക്കുകയുമില്ല. അതിനു വേണ്ടിയാണല്ലോ, തുടയെല്ലിൽ തല്ലി എളിക്ക് ഒരു ഉളുക്ക് കൊടുത്തത്.

ഇതൊരു പ്രത്യേക ദൈവാനുഭവമായിരുന്നു. യാക്കോബ് ആ സ്ഥലത്തിനു കൊടുത്ത പേരാണ് പെനുവേൽ. പാനീം

(=മുഖം) ഏൽ (= ദൈവം) എന്നീ രണ്ടു വാക്കുകൾ ചേർന്ന താണ് പെനുവേൽ. പെനിയേൽ എന്ന ഉച്ചാരണമായിരിക്കും മൂല ത്തോടു കൂടുതൽ വിശ്വസ്തത പുലർത്തുന്നത്. ബെഥേലിൽ നിന്ന് പെനുവേലിലേക്ക് ഏറെ ദൂരമുണ്ട്- ഭീരുവിൽ നിന്ന് ധീര നിലേക്കുള്ള ദൂരം. ദൈവത്തിന്റെ അസാധാരണമായൊരു ഇട പെടലാണ് ആ ദൂരം ഇല്ലാതാക്കിയത്.

ഇനി യാക്കോബിനു ഭയമില്ല. സഹോദരനെ കണ്ടു മുട്ടു മ്പോൾ പ്രതീക്ഷിച്ച ശത്രുതയില്ല. എല്ലാം തന്റെ ഉള്ളിലെ തോന്ന ലുകൾ മാത്രമായിരുന്നു എന്ന് യാക്കോബ് തിരിച്ചറിഞ്ഞു. കുറ്റ ബോധത്തിൽനിന്ന് ജനിക്കുന്ന ഭയം. അതുമായല്ലേ അവൻ നദീ തീരത്ത്, രാത്രിയിൽ, മല്ലടിച്ചത് എന്ന് ആധുനിക മനഃശാസ്ത്ര ജ്ഞർ ചോദിക്കുന്നു. അല്ല എന്നു പറയാനാവില്ല. ജീവിതാനുഭ വങ്ങളിലൂടെയാണല്ലോ ദൈവം മനുഷ്യനുമായി സംവദിക്കുന്നത്. അത് എപ്പോഴും താങ്ങലും തലോടലും ആകണമെന്നില്ല, തല്ലും മുറിപ്പെടുത്തലുമാകാം. ഈ കാഴ്ചപ്പാടിൽ പെനുവേൽ സുപ്ര ധാനമായൊരു വെളിപാട് നൽകുന്നു. ഭീരുവിനെ ധീരനാക്കാൻ, കുറ്റബോധത്തിന്റെ ഭാരം എടുത്തുമാറ്റാൻ, ദൈവം ശക്തമായി ഇടപെടുന്ന ഇടമാണ് പെനുവേൽ. അത് ഒരു സ്ഥലത്തേക്കാൾ ഒരു സംഭവമോ അവസ്ഥയോ ആകാം എന്നും പ്രസക്തമായൊരു ഓർമ്മപ്പെടുത്തൽ.

# 02

## പേടകം - കൂടാരം

*"അടുത്ത് വരരുത്. നിന്റെ ചെരുപ്പ് അഴിച്ചുമാറ്റുക. എന്തു കൊണ്ടെന്നാൽ നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്" (പുറ 3,5).*

ദേവാലയത്തിന്റെ നാൾവഴികൾ തേടിയുള്ള ഈ പ്രയാണ ത്തിന്റെ അടുത്തഘട്ടം സീനായ് മലയിലാണ് തുടങ്ങുക. ദൈവ ത്തിന്റെ സാന്നിധ്യം പ്രത്യേകമാംവിധം അനുഭവവേദ്യമായ സ്ഥല ങ്ങളിൽ ഏറ്റം പ്രധാനപ്പെട്ട ഒന്നാണ് സീനായ് മല. അവിടെ വച്ചാണ് ദൈവം ആദ്യം മോശയ്ക്കും പിന്നീട് ഇസ്രായേൽ ജന ത്തിനും സ്വയം വെളിപ്പെടുത്തിയത്. ദൈവികസാന്നിധ്യം ജനമ ധ്യത്തിൽ നിരന്തരം അനുഭവവേദ്യമാക്കാൻ വേണ്ടി പേടകം, കൂടാരം എന്നീ ഉപകരണങ്ങൾ നിർമ്മിക്കാൻ ദൈവം കല്പി ച്ചതും മോശയുടെ നേതൃത്വത്തിൽ ജനം കല്പനനിറവേറ്റിയതും സീനായ് മലയടിവാരത്തു വച്ചാണ്. ആ പേടകത്തിന്റെയും കൂടാ രത്തിന്റെയും ഗതിവിഗതികളാണ് അടുത്തതായി നാം പഠനവി ഷയമാക്കുന്നത്.

### മോശയുടെ ദൈവാനുഭവം

അസ്വസ്ഥനായിരുന്നു അയാൾ, ഒരുപക്ഷേ നിരാശനും. താൻ വിട്ടു പോന്ന തന്റെ ജനത്തിന്റെ അടിമത്തവും അവർ അനുഭവി ക്കുന്ന കഠിനമായ ക്ലേശങ്ങളും അയാളുടെ മനസിൽ മായാതെ നിന്നു, രക്തമൊലിക്കുന്ന ഒരു മുറിവുപോലെ. അക്രമപ്രവർത്ത നത്തിലൂടെ അക്രമത്തിനും അടിമത്തത്തിനും അറുതി വരുത്താം എന്ന ചിന്തയ്ക്കു പാളം തെറ്റി. മേലാളനായ ഈജിപ്തുകാരനെ കൊന്നത് ജനത്തിനു നീതി നടത്തിക്കൊടുക്കാം എന്ന പ്രതീ

ക്ഷയോടെ ആയിരുന്നു. പക്ഷേ അത് വിപരീത ഫലമാണുളവാക്കിയത് എന്ന് ഉടനെ അറിഞ്ഞു. തന്നെ സ്വന്തം മകനെപ്പോലെ വളർത്തികൊണ്ടുവന്ന രാജാവ്തന്നെ തനിക്കെതിരായി തിരിഞ്ഞിരിക്കുന്നു, തന്നെ വധിക്കാൻ തീരുമാനിച്ചിരിക്കുന്നു എന്ന തിരിച്ചറിവിൽ ഭയചകിതനായി ഒളിച്ചോടി വന്നതാണ് മോശ.

മിദിയാനിലെ പുരോഹിതന്റെ വീട്ടിൽ അഭയം ലഭിച്ചു; ആദ്യപുത്രിയായ സിപ്പോറായെ ഭാര്യയായി ലഭിച്ചു; ആടുമേയ്ക്കൽ തൊഴിലായും. പക്ഷേ അയാളുടെ അന്തരംഗം കലാപകലുഷിതമായിരുന്നു. സ്വന്തം ജനത്തെ മോചിപ്പിക്കാനുള്ള അദമ്യമായ ആഗ്രഹം ഉമിത്തീപോലെ ഉള്ളിൽ നീറിപ്പുകഞ്ഞുകൊണ്ടിരുന്നു. അപ്പോഴാണ് അയാൾ അതു കണ്ടത്. കത്തിജ്വലിച്ചിട്ടും എരിഞ്ഞു ചാമ്പലാകാത്ത മുൾപ്പടർപ്പ് - മുൾപ്പടർപ്പിൽ നിന്നുയരുന്ന തീജ്വാലകൾ (പുറ 3,3). തന്റെ ഉള്ളിൽ എരിയുന്ന അഗ്നിയുടെ ബാഹ്യപ്രകടനമെന്നു തോന്നുമാറ് കത്തി ഉയരുന്ന തീജ്വാലകളുടെ ഉറവിടം കാണാൻ അടുത്തുചെന്ന മോശ ഒരു സ്വരം കേട്ടു: "നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്" (പുറ 3,5). തുടർന്നു വരുന്ന സംഭാഷണങ്ങൾ ആ സ്ഥലത്തിന്റെ പ്രത്യേകതയെക്കാൾ തന്റെ മുമ്പിൽ നിൽക്കുന്ന ദൈവത്തിന്റെ സവിശേഷതകൾ വിശദമാക്കും.

"കർത്താവിന്റെ ദൂതൻ" (പുറ 3,2) എന്നു പറഞ്ഞു തുടങ്ങിയെങ്കിലും കർത്താവു തന്നെയാണതെന്നു താമസിയാതെ വ്യക്തമായി. അബ്രാഹത്തെ വിളിച്ച, യാക്കോബിനെ സംരക്ഷിച്ച ദൈവം ഇപ്പോൾ ഈ മണലാരണ്യത്തിന്റെ നടുവിൽ, ഒരു മലയിലെ മുൾപ്പടർപ്പിൽ സന്നിഹിതനായിരിക്കുന്നു-അതുതന്നെ ദൈവത്തിന്റെ ഒരു സവിശേഷതയാണ്. യാക്കോബിനു സ്വയം വെളിപ്പെടുത്തിയ ദൈവം അയാളോടു കൂടെ ഈജിപ്തിലേക്കും പോകും, നിരന്തരം സംരക്ഷിക്കുമെന്നും വാഗ്ദാനം ചെയ്തിരുന്നു (ഉൽപ 46,3-4).

വലിയ ആദരവോടെ യാക്കോബിനെയും മക്കളെയും സ്വീകരിച്ച ഈജിപ്തുരാജാവും ജനങ്ങളും കാലക്രമത്തിൽ കഠിനഹൃദയരായി, ഇസ്രായേൽ മക്കളെ അടിമകളാക്കി, ക്രൂരമായി പീഡിപ്പിച്ചു. ഇഷ്ടികക്കളങ്ങളിൽ വിയർത്തൊലിച്ച് അധ്വാനിച്ച അവരുടെ മുതുകിൽ മേൽനോട്ടക്കാരുടെ ചാട്ടവാർ വീണു; രക്തവും വിയർപ്പും ഇഷ്ടികയ്ക്കുണ്ടാക്കിയ ചളിയിൽ കലർന്നു. അവിടെ

ദൈവം അവരുടെ നിലവിളി കേട്ടു, ഇറങ്ങിവന്നു, പരിഹാരമുണ്ടാക്കാൻ: "അവരുടെ നിലവിളി ദൈവസന്നിധിലെത്തി; ദൈവം അവരുടെ ദീനരോദനം ശ്രവിച്ചു..... ഉടമ്പടി ഓർമ്മിച്ചു" (പുറ 2,24-25).

ദൈവികസാന്നിധ്യം എല്ലായിടത്തുമുണ്ട്. പ്രത്യേകമാംവിധം ആ സാന്നിധ്യം പ്രകടമാകുന്നത് അനീതിക്കിരയായവരുടെ നിലവിളി ഉയരുന്നിടത്താണ്, ആബേലിന്റെ രക്തത്തിന്റെ നിലവിളി പോലെ. അനീതിക്കറുതി വരുത്തി, പീഡിതർക്കു മോചനം നൽകാൻ ഇറങ്ങി വരുന്നവനാണ് ദൈവം എന്ന് മോശ തിരിച്ചറിഞ്ഞു; അതോടൊപ്പം നീതിക്കുവേണ്ടി, ദൈവത്തോടു കൂടെ നിന്ന് പോരാടാനുള്ള ദൗത്യവും. ഒഴിഞ്ഞുമാറാൻ ശ്രമിച്ചെങ്കിലും ദൈവം തന്റെ മേൽ പിടിമുറുക്കിയിരിക്കുന്നു എന്ന് മനസിലാക്കിയ മോശ, ദൈവം കൊടുത്ത സഹപ്രവർത്തകനും സ്വന്തം ജേഷ്ഠസഹോദരനുമായ അഹറോനുമൊത്ത് ഈജിപ്തിലെത്തി.

വാക്കു പാലിക്കുന്നവനാണ് ദൈവം എന്നു മോശ തിരിച്ചറിഞ്ഞു. ഒന്നിനു പിറകെ ഒന്നായി അരങ്ങേറിയ, കൂടുതൽ കൂടുതൽ രൂക്ഷമായ മഹാമാരികളിലൂടെ ഫറവോയും ജനവും ദൈവത്തിന്റെ സ്വഭാവവും സാന്നിധ്യവും തിരിച്ചറിഞ്ഞു, ജനത്തെ വിട്ടയച്ചു. പക്ഷേ അടിമകൾ സ്വതന്ത്രരായി നാടുവിടുന്നതു കണ്ടപ്പോൾ വീണ്ടുവിചാരമുണ്ടായി. അവരെ പിടിച്ചു തിരിച്ചുകൊണ്ടു വന്ന് അടിമകളാക്കി നിലനിർത്താൻ തീരുമാനമായി. എന്നാൽ ജനത്തെ സമീപിക്കുക അസാധ്യമാകുമാറ് ഈജിപ്തുസൈന്യത്തിന്റെയും ഇസ്രായേൽ ജനത്തിന്റെയും ഇടയിൽ ഒരു മേഘമായി ദൈവം നിലയുറപ്പിച്ചു (പുറ 14,19-20). ഇസ്രായേൽ ജനത്തെ രാത്രി അഗ്നിസ്തംഭമായും പകൽ മേഘത്തൂണായും മരുഭൂമിയിലൂടെ കടൽത്തീരത്തേക്കു വഴി നടത്തിയ ദൈവിക സാന്നിധ്യമാണ് ഇപ്പോൾ ഇരുവർക്കും മധ്യേ നിലയുറപ്പിച്ചത് - ഈജിപ്തുകാർക്ക് അന്ധകാരമായും ഇസ്രായേൽക്കാർക്ക് പ്രകാശമായും.

കടലിനു നടുവിൽ ദൈവം തെളിച്ച വഴിയിലൂടെ രക്ഷപ്പെടുന്ന ഇസ്രായേൽക്കാരെ പിടികൂടാനായി പിൻതുടർന്ന ഫറവോയും സൈന്യവും ദൈവത്തിന്റെ കരുത്തു കണ്ടു, സ്വഭാവം തിരിച്ചറിഞ്ഞു. ജലം അവരെ മൂടി (പുറ 14,19-25). സീനായ് മലയിൽ എത്തുന്നതുവരെ ദൈവം അവരുടെ മുമ്പേ പോയി, വഴി കാട്ടി. വിശന്നപ്പോൾ മന്നാ നൽകി; പാറയിൽ നിന്ന് കുടിനീർ

ഒഴുക്കി; ശത്രുക്കളിൽ നിന്നു സംരക്ഷിച്ചു (പുറ 16–17). അവസാനം ദൈവം ആവശ്യപ്പെട്ടിരുന്നതുപോലെ അവർ സീനായ് മലയുടെ അടിവാരത്തെത്തി. ഭയാനകമായ അസാധാരണപ്രതിഭാസങ്ങൾ ജനത്തിന് ദൈവികസാന്നിധ്യം അനുഭവവേദ്യമാക്കി (പുറ 19).

**പേടകം**

അത്ഭുതകരമായി രക്ഷപ്പെട്ട്, മരുഭൂമിയിലൂടെ വന്നത് ഒരാൾക്കൂട്ടമായിരുന്നു. അവരെ ഒരു ജനം ആക്കിയത് ദൈവം മോശയിലൂടെ നല്കിയ നേതൃത്വവും, അതിലുപരി ദൈവം ചെയ്ത ഉടമ്പടിയുമായിരുന്നു. "നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനങ്ങളിലും വച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും. കാരണം, ഭൂമി മുഴുവൻ എന്റേതാണ്. നിങ്ങൾ എനിക്ക് പുരോഹിതരാജ്യവും വിശുദ്ധജനവുമായിരിക്കും" (പുറ 19,5–6). മോശവഴി ദൈവം തന്റെ ഹിതം ജനത്തെ അറിയിച്ചു. അവർ പൂർണ്ണമനസ്സോടെ സ്വീകരിച്ചു.

ഉടമ്പടിയുടെ നിബന്ധനകൾ പത്തു കല്പനകളായി രണ്ടു കല്പലകകളിൽ ദൈവം തന്നെ എഴുതിക്കൊടുത്തു. ദൈവത്തിന്റെ തിരുഹിതം അറിയിക്കുന്ന പ്രമാണപ്പലകകൾ നിക്ഷേപിക്കാനായി, ദൈവം പറഞ്ഞതനുസരിച്ച് മോശ പേടകമുണ്ടാക്കി; പേടകം സൂക്ഷിക്കാൻ കൂടാരവും. എല്ലാം മലയിൽവച്ച് ദൈവം നിർദ്ദേശിച്ചതനുസരിച്ചാണ് നിർമ്മിച്ചത് എന്നു പ്രത്യേകം എടുത്തുപറയുന്നുണ്ട്. ഓരോന്നിന്റെയും വിശദാംശങ്ങൾ ദൈവം പറഞ്ഞുകൊടുക്കുന്നതിന്റെയും (പുറ 25–27) അതു കണിശമായി അനുസരിച്ച് നിർമ്മിച്ചതിന്റെയും വിവരണങ്ങൾ (പുറ 36–38) വിശദമായി നൽകുന്നതിലൂടെ ഇവയ്ക്കു ബൈബിൾ നൽകുന്ന പ്രാധാന്യം എത്രയെന്നു വ്യക്തമാകുന്നു. ഹെബ്രായ ലേഖനത്തിൽ ഈ പ്രാധാന്യം എടുത്തു പറയുന്നുണ്ട് (ഹെബ്രാ 9,1–10).

പേടകം എന്നാൽ പെട്ടി എന്നാണല്ലോ അർത്ഥം. അതിന്റെ വിശദാംശങ്ങളെല്ലാം പേടകത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതാണ്. പേടകത്തിനു മുകളിൽ കൃപാസനം; പേടകത്തിന്റെ ഇരുവശമായി, കൃപാസനത്തിനുമേൽ ചിറകുവിരിച്ചു നിൽക്കുന്ന കെറൂബുകൾ, ഇവയെല്ലാം ഒരേ ഒരു കേന്ദ്രത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു-ദൈവികസാന്നിധ്യം. പേടകത്തിൽ നിക്ഷേപിച്ചി

രിക്കുന്ന പ്രമാണപ്പലകകളിൽ എഴുതിയിരിക്കുന്നത് ദൈവത്തിന്റെ വചനമാണ്. ആ വചനമാണ് ദൈവജനത്തിനു ജീവിതനിയമം.

വചനത്തിലൂടെ സ്വയം വെളിപ്പെടുത്തുന്ന, തിരുഹിതം അറിയിക്കുന്ന ദൈവത്തിന്റെ സാന്നിധ്യമാണ് പേടകം നൽകുന്ന സൂചന. മുകളിലെ കൃപാസനം ദൈവസിംഹാസനത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു. പേടകത്തിനുള്ളിൽ ഒരു പാത്രം മന്നായും (പുറ 16,35) അതോടൊപ്പം അഹറോന്റെ തളിർത്ത വടിയും സൂക്ഷിച്ചു വച്ചിരുന്നു (സംഖ്യ 17,1-11).

ഈ മൂന്നു കാര്യങ്ങൾ പേടകത്തിന്റെ ലക്ഷ്യം, സ്വഭാവം എന്നിവ വ്യക്തമാക്കുന്നു. പ്രമാണപ്പലകകൾ ഉടമ്പടിയെയും അതിന്റെ നിബന്ധനകളെയും അനുസ്മരിപ്പിക്കുന്നു; എന്തു വിശ്വസിക്കണം, എപ്രകാരം ജീവിക്കണം എന്നും പഠിപ്പിക്കുന്നു. മന്നാ ദൈവിക പരിപാലനയുടെ ഓർമ്മ പുതുക്കാൻ സഹായിക്കും. തളിർത്ത വടിയാകട്ടെ, ജനത്തിലെ അധികാര സംവിധാനം ദൈവനിശ്ചിതമാണെന്നും അത് ആരും സ്വന്തം താൽപര്യമനുസരിച്ച് ഏറ്റെടുക്കുന്നതോ നടപ്പിലാക്കുന്നതോ അല്ല എന്നും പഠിപ്പിക്കുന്നു. ഇതാണ് പേടകത്തിന്റെ പ്രാധാന്യം. ഈ മൂന്നു കാര്യങ്ങളിലൂടെയാണ് ദൈവം ജനമധ്യത്തിൽ സന്നിഹിതനാവുക.

### സമാഗമകൂടാരം

മനുഷ്യൻ ദൈവത്തെ കണ്ടുമുട്ടുന്ന ഇടം എന്ന അർത്ഥത്തിൽ സമാഗമകൂടാരം എന്നും, ദൈവം നൽകിയ ഉടമ്പടിയുടെ സാക്ഷിയായി നിൽക്കുന്ന പേടകം സൂക്ഷിക്കുന്ന സ്ഥലം എന്ന അർത്ഥത്തിൽ സാക്ഷ്യകൂടാരം എന്നും വിശേഷിപ്പിക്കുന്നത് ഒരേ വസ്തുവിനെത്തന്നെയാണ്. ചുമന്നുകൊണ്ടു നടക്കാൻ പറ്റുന്ന ഒരു ചെറിയ ദൈവാലയം (Portable Sanctuary) എന്ന രീതിയിലാണ് കൂടാരം വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. ഇതും ദൈവത്തിന്റെ വ്യക്തമായ നിർദ്ദേശങ്ങൾ അനുസരിച്ച് നിർമ്മിച്ചു എന്ന് എടുത്ത് പറയുന്നുണ്ട്.

കൂടാരം രണ്ടു ഭാഗമായി തിരിച്ചിരിക്കുന്നു. ആദ്യഭാഗം അതിവിശുദ്ധ സ്ഥലം അഥവാ ശ്രീകോവിൽ വിശേഷിപ്പിക്കപ്പെടുന്നു. അവിടെ ഉടമ്പടിയുടെ പേടകം മാത്രം പ്രതിഷ്ഠിച്ചിരിക്കുന്നു. മറ്റൊന്നുമില്ല. ഈ അതിവിശുദ്ധ സ്ഥലത്തെ കൂടാരത്തിന്റെ മറ്റു ഭാഗത്തിൽനിന്ന് കനത്ത വിരിയിട്ട് വേർതിരിച്ചിരിക്കുന്നു. വിശുദ്ധസ്ഥലം എന്നറിയപ്പെടുന്ന രണ്ടാം ഭാഗത്ത് മൂന്നു പ്രധാന

വസ്തുക്കൾ ഉണ്ടായിരുന്നു. തിരുസാന്നിധ്യത്തിന്റെ അപ്പം വയ്ക്കുന്ന മേശ. ഇസ്രായേലിലെ 12 ഗോത്രങ്ങളെയും അനുസ്മരിപ്പിക്കാൻ പന്ത്രണ്ട് അപ്പം ഈ മേശയിൽ വച്ചിരിക്കണം. സാബത്തുതോറും പഴയതു മാറ്റി പുതിയ അപ്പം കാഴ്ച വയ്ക്കണം. ഈ അപ്പം ഭക്ഷിക്കാൻ ദേവാലയ ശുശ്രൂഷകൾക്കു മാത്രമായിരുന്നു അവകാശം (1 സാമു 21,4-6; മത്താ 12,3-4). ഏഴു തിരികൾ ഇട്ടു കത്തിക്കുന്ന, മനോറ എന്നറിയപ്പെടുന്ന ദീപപീഠവും, സുഗന്ധദ്രവ്യം അർപ്പിക്കുന്ന സുഗന്ധബലിപീഠവും ഈ കൂടാരഭാഗത്തു സൂക്ഷിച്ചിരുന്നു. പുരോഹിതർക്കു മാത്രമേ കൂടാരത്തിൽ പ്രവേശനം അനുവദിച്ചിരുന്നുള്ളൂ. ജനം കൂടാരാങ്കണത്തിൽ വരും. തങ്ങളുടെ പ്രാർത്ഥനകളും കാണിക്കകളും സമർപ്പിക്കും. ദൈവം പുരോഹിതനിലൂടെ അവ സ്വീകരിക്കും, അനുഗ്രഹിക്കും. അങ്ങനെ ദൈവവും ജനവും പരസ്പരം കണ്ടുമുട്ടുന്ന വേദിയായി സമാഗമകൂടാരം പരിഗണിക്കപ്പെട്ടു.

ദൈവം കല്പിച്ചതനുസരിച്ച് മോശ പണികൾ എല്ലാം നിർവ്വഹിച്ചു, കൂടാരം പ്രതിഷ്ഠിച്ചു കഴിഞ്ഞപ്പോൾ "ഒരു മേഘം സമാഗമ കൂടാരത്തെ ആവരണം ചെയ്തു. കർത്താവിന്റെ മഹത്വം കൂടാരത്തിൽ നിറഞ്ഞുനിന്നു" (പുറ 40;34). അങ്ങനെ കൂടാരം ജനമധ്യത്തിലുള്ള ദൈവിക സാന്നിധ്യത്തിന്റെ ദൃശ്യമായ അടയാളമായി. ഇസ്രായേലിന്റെ ചരിത്രത്തിലും ദേവാലയത്തിന്റെ നാൾവഴികളിലും നിർണ്ണായക പ്രാധാന്യമുള്ള ഒരു സംഭവമായിരുന്നു ഇത്. ഇതുവരെ അദൃശ്യനായ ദൈവം ജനത്തെ നയിച്ചു. എന്നാൽ ഇപ്പോൾ ജനത്തിനു കാണാൻ പറ്റുന്ന ഒരു അടയാളമുണ്ടായി; പേടകവും കൂടാരവും. അവയിലൂടെ ദൈവം തന്റെ സാന്നിധ്യം ജനത്തിന് അനുഭവവേദ്യമാക്കി. ദൈവം കൂടാരത്തിൽ വസിക്കുന്നു എന്നു പറയുന്നത് ദൈവത്തെ പരിമിതിപ്പെടുത്തുന്നതായി തോന്നാം എന്നതിനാലാവാം ദൈവമഹത്വം എന്നു പറയുന്നത്. "കബോദ്" എന്ന ഹീബ്രു വാക്കാണ് മഹത്വം എന്നു വിവർത്തനം ചെയ്യുന്നത്. ഇതു ദൈവത്തിന്റെ വിശുദ്ധവും ശക്തവുമായ സാന്നിധ്യത്തെ സൂചിപ്പിക്കുന്നു.

### വഴികാട്ടുന്ന ദൈവം

ഇനി അങ്ങോട്ടുള്ള യാത്രകളിൽ ദൈവമാണ് കൃത്യമായി വഴികാട്ടുന്നത്. ഏതു വഴിക്കുപോകണം, എവിടെ വിശ്രമിക്കണം എന്നു ദൈവം കണിശമായി കാണിച്ചു കൊടുക്കും; അതിനായി

പേടകവും കൂടാരവും ജനത്തിനു മുമ്പേ പോകും, മേഘത്തെ അനുഗമിച്ച്. മേഘം നില്ക്കുന്നിടത്ത് അവർ കൂടാരമടിക്കും. ജനം ഇടവേളയ്ക്കായി കൂടാരം അടിക്കുമ്പോൾ ആ കൂടാരങ്ങളുടെ നടുവിലായിരിക്കും ദൈവിക സാന്നിധ്യത്തിന്റെ ദൃശ്യാടയാള മായ സമാഗമ കൂടാരത്തിന്റെ സ്ഥാനം. മരുഭൂമിയിലൂടെയുള്ള യാത്ര വിവരിക്കുന്ന സംഖ്യാപുസ്തകത്തിൽ നിറഞ്ഞുനിൽക്കു ന്നതാണ് വഴി കാട്ടുന്ന ദൈവത്തിന്റെ ചിത്രം.

"സാക്ഷ്യകൂടാരം സ്ഥാപിച്ച ദിവസം മേഘം അതിനെ ആവ രണം ചെയ്തു. അഗ്നിപോലെ പ്രകാശിച്ചുകൊണ്ട് സന്ധ്യമുതൽ പ്രഭാതം വരെ അതു കൂടാരത്തിനു മുകളിൽനിന്നു... പകൽ മേഘവും രാത്രി അഗ്നി രൂപവും കൂടാരത്തെ ആവരണം ചെയ്തി രുന്നു. മേഘം കൂടാരത്തിൽ നിന്നുയരുമ്പോൾ ഇസ്രായേൽ ജനം യാത്രതിരിക്കും. മേഘം നില്ക്കുന്നിടത്ത് അവർ പാളയമടിക്കും" (സംഖ്യ 9,15-18). അങ്ങനെ പേടകവും കൂടാരവും ദൈവത്തിന്റെ സാന്നിധ്യം ഉറപ്പു വരുത്തി, നയിച്ചു; സംരക്ഷിച്ചു.

പേടകവും കൂടാരവുമുള്ളിടത്താണ് ദൈവം എന്ന ധാരണ സാവധാനം ഉടലെടുത്തു. ദൈവികസാന്നിധ്യം അവിടെ മാത്രമാ ണെന്ന ചിന്തയിലേക്ക് ഈ ധാരണ വളർന്നു. സാവകാശം ദൈവിക സാന്നിധ്യം വസ്തുവൽക്കരിക്കപ്പെട്ടു. ഈ വസ്തുക്ക ളിലാണ് ദൈവം. അവിടെ മാത്രമാണ് ദൈവം വസിക്കുന്നത് എന്ന വിശ്വാസം ശക്തിപ്പെട്ടു. അതിനാൽ പേടകമില്ലാത്തിടത്ത് ദൈവ ത്തിന്റെ സാന്നിധ്യവും സംരക്ഷണവും ഇല്ല എന്ന വിശ്വാസവും വളർന്നു. കാദെശ് ബർണെയായിലെ ജനത്തിന്റെ അവിശ്വസ്ത തയുടെ വിവരണത്തിൽ ഈ യാഥാർത്ഥ്യം വ്യക്തമാകുന്നു.

വാഗ്ദത്ത ഭൂമിയെക്കുറിച്ചു ചാരന്മാർ കൊണ്ടുവന്ന വാർത്ത കേട്ടു ഭയന്ന്, യുദ്ധം ചെയ്യാൻ വിസമ്മതിച്ച ജനത്തിന്റെ മേൽ ദൈവകോപമുണ്ടായി. ഇനി അവർ മരുഭൂമിയിൽ 40 വർഷം അല യണം എന്ന വിധി മോശ അറിയിച്ചു (സംഖ്യ 14,34-35). അതു കേട്ടു പശ്ചാത്തപിച്ച ജനം പിറ്റേന്ന് യുദ്ധം ചെയ്യാൻ ഒരുങ്ങി. മോശ വിലക്കിയിട്ടും അവർ പുറപ്പെട്ടു. "കർത്താവിന്റെ വാഗ്ദത്ത പേടകമോ മോശയോ പാളയത്തിൽനിന്ന് ഇറങ്ങി ചെല്ലാതിരു ന്നിട്ടും അവർ ധിക്കാരപൂർവ്വം മലയിലേക്കു കയറി" (സംഖ്യ 14,44). ഫലം ദയനീയ പരാജയമായിരുന്നു. തുടർന്നുള്ള യാത്ര യിൽ ഇത് വലിയൊരു പാഠമായി.

ജനത്തിന്റെ എല്ലാ തീരുമാനങ്ങളും സമാഗമകൂടാരത്തിനു മുമ്പിൽ വച്ചാണ് എടുത്തത്. ദൈവത്തിന് ആരാധനയർപ്പിക്കുന്നത് സമാഗമകൂടാരത്തിൽ. ദൈവം അനുഗ്രഹിക്കുന്നതും ശിക്ഷിക്കുന്നതും ഈ കൂടാരത്തിൽവച്ച്. കലാപകാരികളായ കോറഹും കൂട്ടരും മോശയ്ക്കെതിരേ തിരിഞ്ഞു. അവർ "സമൂഹത്തെ മുഴുവൻ സമാഗമ കൂടാരവാതിൽക്കൽ മോശയ്ക്കും അഹറോനും എതിരേ ഒരുമിച്ചുകൂട്ടി. അപ്പോൾ കർത്താവിന്റെ മഹത്വം സമൂഹത്തിനു മുഴുവൻ കാണപ്പെട്ടു" (സംഖ്യ 16,19). തുടർന്നു സംഭവിച്ചത് കഠിനമായ ശിക്ഷാവിധിയാണ്: "അവർക്കു താഴെ നിലം പിളർന്നു. ഭൂമി വാപിളർന്ന് കോറഹിനെയും അനുചരന്മാരെയും അവരുടെ കുടുംബാംഗങ്ങളോടും വസ്തുവകകളോടും കൂടെ വിഴുങ്ങി" (സംഖ്യം 16,32).

നാല്പതു വർഷത്തെ അലച്ചിലിനുശേഷം ദൈവം ഇസ്രായേൽ ജനത്തെ വാഗ്ദത്ത ഭൂമിയിലേക്കു നയിച്ചു. മോശയുടെ മരണത്തിനു ശേഷം ജോഷ്വായെയാണ് ദൈവം നേതൃത്വം ഏല്പിച്ചത്. അപ്പോൾ നൽകുന്ന ഒരു വാഗ്ദാനം പ്രത്യേക ശ്രദ്ധയർഹിക്കുന്നു, "ഞാൻ മോശയോടു കൂടെ എന്നതുപോലെ നിന്നോടു കൂടെയും ഉണ്ടായിരിക്കും. ഒരിക്കലും നിന്നെ കൈവിടില്ല. ശക്തനും ധീരനുമായിരിക്കുക" (ജോഷ്വാ 1,5-9). കർത്താവായിരിക്കും വഴി നടത്തുക. അവിടുത്തെ സാന്നിധ്യം പേടകത്തിൽ ഉണ്ടായിരിക്കും. അതിനാൽ യാത്രയിൽ എപ്പോഴും പേടകം മുമ്പേ പോകണം; പുരോഹിതന്മാർ വഹിക്കണം.

### അത്ഭുതകരമായ സാന്നിധ്യം

ജോർദ്ദാൻ നദി കര കവിഞ്ഞൊഴുകുമ്പോഴാണ് ഇസ്രായേൽ ജനം നദി കടക്കാൻ വന്നത്. മലയിടുക്കിലൂടെ പാഞ്ഞു വരുന്ന ജലപ്രവാഹം മറികടക്കാനാകാത്ത പ്രതിബന്ധമായിരുന്നു അവർക്കു മുമ്പിൽ. ഇവിടെയാണ് പേടകത്തിന്റെ സാന്നിധ്യത്തിൽ അവർ ആദ്യത്തെ അത്ഭുതം ദർശിച്ചത്. അതിനുമുമ്പേ ജോഷ്വ ജനത്തിനൊരു നിർദ്ദേശം നൽകിയിരുന്നു; "നിങ്ങളെത്തന്നെ വിശുദ്ധീകരിക്കുവിൻ. നാളെ നിങ്ങളുടെ ഇടയിൽ കർത്താവ് അത്ഭുതങ്ങൾ പ്രവർത്തിക്കും" (ജോഷ്വ 3,5). ജനം അനുസരിച്ചു.

പേടകം വഹിച്ച് പുരോഹിതർ മുമ്പേ നടന്നു. ഭയപ്പെടുത്തുന്ന കുത്തൊഴുക്കിലേക്ക് പുരോഹിതർ നിർഭയം നീങ്ങി. പുരോഹിതന്മാർ വെള്ളത്തിലിറങ്ങിയപ്പോൾ ഒഴുക്കു നിലച്ചു. ഒഴുകി വന്ന

ജലം വടക്കുഭാഗത്ത് മതിൽപോലെ ഉയർന്നു; തെക്കുണ്ടായിരുന്നത് ചാവുകടലിലേക്ക് ഒഴുകിപ്പോയി. വരണ്ടഭൂമിയിലൂടെ ജനം നദി കടന്നു. ഭീഷണമായി ഉയരുന്ന ജലമതിലിനു മുന്നിൽ പേടകം വഹിക്കുന്ന പുരോഹതർ നിന്നു. ജനത്തിന് ഒരു സംരക്ഷണ മതിൽ പോലെ. ജനം അത്ഭുതം കണ്ടു, ചെങ്കടൽ കടന്നതിനെ അനുസ്മരിപ്പിക്കുന്ന മറ്റൊരത്ഭുതം.

അതിന്റെ ഓർമ്മയ്ക്കായി അവർ ജോർദ്ദാനിൽനിന്ന് പന്ത്രണ്ടു കല്ലുകൾ ശേഖരിച്ച് പാളയമടിച്ച സ്ഥലത്തു സ്ഥാപിച്ചു, ഓരോ ഗോത്രത്തിന്റെയും ഓർമ്മയ്ക്കായി ഓരോ കല്ല്. ശിലാവൃത്തം എന്ന അർത്ഥമുള്ള "ഗിൽഗാൽ" എന്ന് ആ സ്ഥലത്തിനു പേരും നൽകി. അത് പിന്നീട് ഒരു പ്രധാന തീർത്ഥാടനകേന്ദ്രമായി. കാരണം പേടകത്തിൽ സന്നിഹിതനായ ദൈവം അത്ഭുതകരമായി, ചിറകൂടാതെ, ജോർദ്ദാന്റെ ഒഴുക്കു തടഞ്ഞതിന്റെ ഓർമ്മയായിരുന്നു അത് (ജോഷ്വാ 3-4). വാഗ്ദത്തഭൂമിയിൽ പേടകത്തിന്റെ ആദ്യത്തെ താവളമായിരുന്നു ഗിൽഗാൽ. ഇനി അങ്ങോട്ട് വാഗ്ദത്ത ഭൂമിയിൽ പലേടത്തും പേടകം സ്ഥാപിക്കും. അവയെല്ലാം പ്രധാന തീർത്ഥാടനകേന്ദ്രങ്ങളായി പരിഗണിക്കപ്പെടും.

വാഗ്ദത്തഭൂമിയിലേക്കുള്ള വഴിയടച്ച് ഉയർന്നുനിന്ന അജയ്യമായ പ്രതിബന്ധമായിരുന്നു ജെറീക്കോ കോട്ട. ഇസ്രായേൽ ജനത്തിന് സ്വന്തം ശക്തികൊണ്ട് കീഴടക്കാനോ മറികടക്കാനോ കഴിയാത്ത വലിയൊരു തടസ്സമായി നിന്ന കോട്ടയെ നിലം പരിശാക്കിയത് പേടകത്തിൽ സന്നിഹിതനായ ദൈവമാണെന്ന് അവർ കണ്ടറിഞ്ഞു. കർത്താവിന്റെ കല്പനയനുസരിച്ച് പേടകം വഹിക്കുന്ന പുരോഹിതന്മാരെ പിൻതുടർന്ന് ജനം കോട്ടയ്ക്കു ചുറ്റും നടന്ന്, ഏഴാം ദിവസം കാഹളം മുഴക്കുകയും ആർത്തട്ടഹസിക്കുകയും ചെയ്തപ്പോൾ കോട്ട തകർന്നു വീണു; പ്രതിബന്ധം മാറി. വാഗ്ദത്ത ഭൂമിയിലേക്കു വഴി തുറന്നു (ജോഷ്വ 6). അങ്ങനെ പേടകത്തിലൂടെ വീണ്ടും വലിയൊരത്ഭുതം അവർ ദർശിച്ചു, ദൈവികസാന്നിധ്യം അനുഭവിച്ചറിഞ്ഞു.

ഗിൽഗാലിനുശേഷം പേടകം പല സ്ഥലങ്ങളിൽ സ്ഥാപിക്കപ്പെട്ടു. ദൈവം അവിടെയാണ് വസിക്കുന്നത് എന്ന് ജനം വിശ്വസിച്ചു. സാമുവേലിന്റെ പുസ്തകം ആരംഭിക്കുമ്പോൾ പേടകം ഷീലോയിലാണ് സ്ഥാപിച്ചിരിക്കുന്നത്. ഭക്തരായ ഇസ്രായേൽക്കാർ അങ്ങോട്ട് തീർത്ഥാടനം നടത്തും, ദൈവികസാന്നിധ്യവും

അനുഗ്രഹവും തേടി. ഇപ്രകാരമൊരു തീർത്ഥാടനത്തോടെ തുടങ്ങുന്ന സാമുവേലിന്റെ ഒന്നാം പുസ്തകം പേടകത്തിന്റെ ഗതിവിഗതികൾ വിവരിക്കുന്നുണ്ട്.

വന്ധ്യയായ ഹന്നാ തന്റെ സങ്കടങ്ങൾ ഏറ്റുപറഞ്ഞു കരഞ്ഞതും ഒരു കുഞ്ഞിനുവേണ്ടി പ്രാർത്ഥിച്ചതും കർത്താവിനു നേർച്ച നേർന്നതും ഈ പേടകത്തിന്റെ സാന്നിധ്യത്തിലാണ് (1 സാമു 1,9-18). കൂടാര വാതില്ക്കൽ ഇരുന്ന ഹേലി പുരോഹിതൻ ആദ്യം തെറ്റിധരിച്ചെങ്കിലും കാര്യം അറിഞ്ഞപ്പോൾ അവളെ അനുഗ്രഹിച്ചു. പ്രാർത്ഥനയും അനുഗ്രഹവും ദൈവം പൂർത്തിയാക്കി. തനിക്കു ലഭിച്ച പുത്രനെ ഹന്നാ നേർച്ചയനുസരിച്ച്, കൂടാര വാതിൽക്കൽ സമർപ്പിച്ചു. സാമുവേൽ ദൈവത്തിന്റെ ശുശ്രൂഷകനായി. ഷീലോയിലെ കൂടാരത്തിൽ പേടകത്തിനു സമീപം കിടന്നുറങ്ങുമ്പോഴാണ് സാമുവേൽ ആദ്യമായി ദൈവസ്വരം കേട്ടത്. ഹേലിയുടെ സഹായത്തോടെ അതു ദൈവസ്വരമാണെന്നു തിരിച്ചറിഞ്ഞ സാമുവേൽ ഗുരുവിന്റെ ഉപദേശം അനുസരിച്ച് പറഞ്ഞു: "കർത്താവേ അരുളിച്ചെയ്താലും. അങ്ങയുടെ ദാസൻ ഇതാ ശ്രവിക്കുന്നു" (1 സാമു 3,9). സാമുവേൽ കേട്ടു, അനുസരിച്ചു. അവൻ ദൈവത്തിന്റെ സ്വരമായി മാറി, ജനത്തെ നയിച്ചു, പേടകസാമീപ്യത്തിൽ ദൈവികസാന്നിധ്യം തിരിച്ചറിഞ്ഞു.

### വിശുദ്ധവസ്തു വിഗ്രഹമാക്കിയാൽ

ദൈവത്തിന്റെ സാന്നിധ്യം അനുസ്മരിപ്പിക്കുന്ന ഒരു ഉപകരണമാണ് പേടകവും കൂടാരവും എന്ന സത്യം ജനം മറന്നു കഴിഞ്ഞിരുന്നു. പേടകം തന്നെയാണ് ദൈവത്തിന്റെ സിംഹാസനം. പേടകമുള്ളിടത്ത് ദൈവം ഉണ്ട്; അവിടെ മാത്രം, എന്ന ധാരണ ശക്തിപ്പെട്ടു. ഈ വിശ്വാസമാണ് ഫിലിസ്ത്യരുടെ ആക്രമണത്തിൽ തോറ്റ ജനത്തിന് കർത്താവിന്റെ പേടകം പടക്കളത്തിലേക്ക് കൊണ്ടുവരാൻ പ്രേരകമായത് (1 സാമു 4,1-18). പേടകം കണ്ട ഇസ്രായേൽക്കാർ ധൈര്യമാർജ്ജിച്ചു, ആർത്തുവിളിച്ചു. ഇനി വിജയം ഉറപ്പാണെന്നു കരുതി. പക്ഷേ തുടർന്നു സംഭവിച്ചത് വലിയൊരു ദുരന്തമായിരുന്നു. ഫിലിസ്ത്യർ അതിശക്തമായി യുദ്ധം ചെയ്തു. ഇസ്രായേൽ തോറ്റോടി. പേടകം ഫിലിസ്ത്യർ പിടിച്ചെടുത്തു. തങ്ങളുടെ ദേവന്റെ ആലയത്തിൽ ഒരു വിജയസ്മാരകം പോലെ സ്ഥാപിച്ചു.

പേടകം നഷ്ടപ്പെട്ട വിവരം അറിഞ്ഞ ഹേലി മറിഞ്ഞുവീണു, കഴുത്തൊടിഞ്ഞു മരിച്ചു. ദൈവിക സാന്നിധ്യത്തെ വസ്തുവൽക്കരിക്കുന്നതിന്റെ ദുരന്തഫലം ജനം മുഴുവൻ അറിഞ്ഞു. ദൈവഹിതം അനുസരിച്ചു ജീവിക്കാൻ പ്രേരിപ്പിക്കുന്ന, ഉടമ്പടിയെയും പ്രമാണങ്ങളെയും അനുസ്മരിപ്പിക്കുന്ന ഒരു ഉപകരണം മാത്രമാണ് പേടകവും കൂടാരവും എന്നത് മറന്ന്, ദൈവത്തിന്റെ സംരക്ഷണം നിരുപാധികം ഉറപ്പുവരുത്തുന്ന വിശുദ്ധവസ്തുക്കളായി അവയെ പരിഗണിക്കാൻ തുടങ്ങുമ്പോൾ ഉണ്ടാകുന്ന അപകടത്തിന്റെ ഒരു സൂചനയായിരുന്നു ഈ പരാജയവും പേടകനഷ്ടവും. പക്ഷേ ജനം അതു തിരിച്ചറിഞ്ഞില്ല.

പേടകത്തിന്റെ അത്ഭുത ശക്തിയിൽ വിശ്വസിച്ചും അത് തങ്ങൾക്കനുകൂലമായി പ്രയോജനപ്പെടുത്താം എന്നു വ്യാമോഹിച്ചും, ഇസ്രായേൽക്കാരുടെ മേൽ നേടിയ വിജയത്തിന്റെ സ്മാരകമായും ഫിലിസ്ത്യർ പേടകം അഷ്ദോദിൽ, ദാഗോൻ ദേവന്റെ ആലയത്തിൽ പ്രതിഷ്ഠിച്ചു. പക്ഷേ ഫലം പ്രതീക്ഷിച്ചതിനു വിപരീതമായിരുന്നു. അവരുടെ ദേവവിഗ്രഹം മറിഞ്ഞുവീണു കഴുത്തൊടിഞ്ഞു. ജനത്തിനു സാംക്രമികരോഗം ബാധിച്ചു (1 സാമു 5). ഭയാക്രാന്തരായ ഫിലിസ്ത്യർ പേടകം ഇസ്രായേലിലേക്കു തിരിച്ചയച്ചു.

ബേത്ഷേമെഷിൽ എത്തിയ പേടകം ഗ്രാമവാസികളായ ഇസ്രായേൽക്കാർ സാഘോഷം സ്വീകരിച്ചു. എന്നാൽ തുടർന്നുണ്ടായ ഒരത്യാഹിതം അവരെ ഭയവിഹ്വലരാക്കി. “കർത്താവിന്റെ പേടകത്തിലേക്ക് എത്തിനോക്കിയ എഴുപത് ബേത്ഷേമെഷ്കാരെ അവിടുന്നു വധിച്ചു. കർത്താവ് അവരുടെ ഇടയിൽ കൂട്ടക്കൊല നടത്തിയതുകൊണ്ട് അവർ വിലപിച്ചു... കർത്താവിന്റെ സന്നിധിയിൽ നിൽക്കാൻ ആർക്കു കഴിയും?” (1 സാമു 6,19-20).

പേടകം ഫിലിസ്ത്യരിൽനിന്നു തിരിച്ചെത്തിയ വിവരം ബേത്ഷേമെഷ്കാർ അടുത്ത ഗ്രാമമായ കിര്യാത്ത്യയാറിമിലെ ജനങ്ങളെ ദൂതന്മാർ വഴി അറിയിച്ചു; അത് അവർക്കു നൽകാം എന്നു വാഗ്ദാനം ചെയ്തു. വാർത്തയറിഞ്ഞ ആളുകൾ സന്തോഷത്തോടെ വന്ന് പേടകം ഏറ്റെടുത്ത് കൊണ്ടുപോയി. മലമുകളിൽ വസിച്ചിരുന്ന അബിനാദാബിന്റെ ഭവനത്തിൽ പ്രതിഷ്ഠിച്ചു. അബിനാദാബിന്റെ ഒരു മകനെ പുരോഹിതനായി അഭിഷേകം ചെയ്തു.

ഫിലിസ്ത്യരുമായുണ്ടായ യുദ്ധത്തിൽ ദൈവഹിതം ആരായാൻ വേണ്ടി പേടകം എടുത്തുകൊണ്ടു വരാൻ സാവൂൾ ആവശ്യപ്പെട്ടതായി, 1 സാമു 14,18 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. "അക്കാലത്ത് ഇസ്രായേല്യരോടു കൂടെ ആയിരുന്നു ദൈവത്തിന്റെ പേടകം" (1 സാമു 14,19). ഹീബ്രു ബൈബിളിൽ കാണുന്ന ഈ പരാമർശം എഫോദിനെ പേടകമായി തെറ്റിധരിച്ചതാണെന്നു വ്യാഖ്യാതാക്കൾ കരുതുന്നു. "എഫോദ്" എന്നാണ് സപ്തതി. ദൈവഹിതം ആരായാൻ എഫോദായിരുന്നു ഉപയോഗിച്ചിരുന്നത്. തന്നെയുമല്ല, ഫിലിസ്ത്യരുമായുള്ള യുദ്ധത്തിൽ പേടകത്തിനു സംഭവിച്ചത് അറിയാമായിരുന്നവർ ഇത്തരം ഒരു സാഹസത്തിനു മുതിരുകയില്ല എന്നും വ്യാഖ്യാതാക്കൾ കരുതുന്നു. അതിനാൽ അമിനാദാബിന്റെ ഭവനത്തിൽ പ്രതിഷ്ഠിച്ചതിനുശേഷം പേടകത്തിനും കൂടാരത്തിനും എന്തു സംഭവിച്ചു എന്ന് ബൈബിൾ പറയുന്നില്ല, ദാവീദ് അതന്വേഷിച്ചുവരുന്നത് വരെ.

**ലക്ഷ്യം മറക്കരുത്**

ദൈവികസാന്നിധ്യം ജനത്തെ അനുസ്മരിപ്പിക്കാൻ വേണ്ടിയാണ് പേടകവും കൂടാരവും നിർമ്മിക്കാൻ ദൈവം ആവശ്യപ്പെട്ടത്. പേടകവും കൂടാരവുമല്ല, അവിടെ സന്നിഹിതനാകുന്ന ദൈവമാണ് പ്രധാനം. ദൈവം തന്റെ സാന്നിധ്യം അറിയിക്കുന്നത് പേടകത്തിൽ നിക്ഷേപിച്ചിരുന്ന പലകകളിൽ എഴുതിയ പ്രമാണങ്ങളിലൂടെയാണ്. പ്രമാണങ്ങളെ ദൈവവചനം എന്നാണ് ബൈബിൾ വിശേഷിപ്പിക്കുന്നത്. എഴുതപ്പെട്ട ബൈബിളിന്റെ സ്ഥാനമാണ് ഈ പ്രമാണപ്പലകയ്ക്കുള്ളത്.

ദൈവം ആരെന്നും എന്തു ചെയ്യുന്നു, എന്താവശ്യപ്പെട്ടു എന്നും തങ്ങൾ എപ്രകാരം ജീവിക്കണം എന്നും ജനങ്ങളെ അനുസ്മരിപ്പിക്കുന്ന ദൈവവചനമാണ് പേടകത്തിൽ നിക്ഷേപിച്ചിരുന്ന പലകകളിൽ ആലേഖനം ചെയ്യപ്പെട്ടിരുന്നത്. അതു മറന്ന്, പേടകത്തെ അത്ഭുതസിദ്ധിയുള്ള ഒരു ഉപകരണായി തെറ്റിദ്ധരിച്ച്, ഉപയോഗിക്കാൻ തുടങ്ങുമ്പോൾ ലക്ഷ്യം തെറ്റിയ ശരം പോലെയാകുന്നു. അപ്പോൾ ദൈവം നൽകിയ ഉപകരണം വിഗ്രഹമായിത്തീരുന്നു, ദൈവാരാധന വിഗ്രഹാരാധനയായും. പേടകവും കൂടാരവും എപ്രകാരം ദേവാലയത്തിലേക്കു വളരുന്നു എന്നതാണ് അടുത്തതായി കാണാൻ ശ്രമിക്കുന്നത്.

# 03

## ജറുസലെം ദേവാലയം

"പുരോഹിതന്മാർ വിശുദ്ധസ്ഥലത്തുനിന്നു പുറത്തിറങ്ങിയപ്പോൾ ഒരു മേഘം കർത്താവിന്റെ ആലയത്തിൽ നിറഞ്ഞു. മേഘം കാരണം പുരോഹിതന്മാർക്ക് അവിടെ നിന്ന് ശുശ്രൂഷ ചെയ്യാൻ സാധിച്ചില്ല. കർത്താവിന്റെ തേജസ്സ് ആലയത്തിൽ നിറഞ്ഞുനിന്നു. അപ്പോൾ സോളമൻ പറഞ്ഞു: കർത്താവ് സൂര്യനെ ആകാശത്തു സ്ഥാപിച്ചു. എന്നാൽ നിറഞ്ഞ അന്ധകാരത്തിലാണ് താൻ വസിക്കുക എന്ന് അവിടുന്ന് അരുളിച്ചെയ്തു. അവിടുത്തേക്ക് എന്നേക്കും വസിക്കാൻ മഹനീയമായൊരാലയം ഞാൻ നിർമ്മിച്ചിരിക്കുന്നു" (1 രാജാ 8,10-13).

പ്രമാണങ്ങളിലൂടെ തിരുഹിതം അറിയിക്കുന്ന ദൈവികസാന്നിധ്യത്തിന്റെ അടയാളമായ ഉടമ്പടിയുടെ പേടകം കിര്യാത്ത്‌യയാറിമിലെ മലമുകളിൽ, അമിനാദാബിന്റെ ഭവനത്തിൽ എത്തിച്ചേർന്ന ചരിത്രം കഴിഞ്ഞ അധ്യായത്തിൽ കണ്ടു. പേടകവും അതിനു വാസഗേഹമായ കൂടാരവും ജറുസലെമിലേക്കു കൊണ്ടുവരുകയും തുടർന്ന് കൂടാരത്തിന്റെ സ്ഥാനത്തു ദേവാലയം നിർമ്മിച്ച് പേടകം പ്രതിഷ്ഠിക്കുകയും ചെയ്തതിന്റെ വിവരണമാണ് അടുത്തതായി അപഗ്രഥിക്കാൻ ശ്രമിക്കുന്നത്.

### പേടകം ജറുസലെമിലേക്ക്

സാമുവേൽ നേതാവായിരുന്നിടത്തോളം കാലം പേടകവും കൂടാരവും അമിനാദാബിന്റെ ഭവനത്തിലാണ് സൂക്ഷിച്ചിരുന്നത് (2 സാമു 7,1). എന്നാൽ ഈ കാലഘട്ടത്തിലും തുടർന്നു വന്ന സാവൂൾ രാജാവിന്റെ കാലത്തും പേടകത്തിനു കാര്യമായ പ്രാധാന്യം നൽകിയതായി കാണുന്നില്ല. സാവൂളിനെ ഭയന്ന്

ഒളിച്ചോടുന്ന ദാവീദ് നോബിൽ പുരോഹിതനായ അഹിമെലെക്കിന്റെ അടുക്കൽ ചെന്ന് അപ്പവും ആയുധവും ആവശ്യപ്പെടുമ്പോൾ കർത്തൃസന്നിധിയിൽ കാഴ്ചവച്ചിരുന്ന അപ്പം മാത്രമേ കൈവശമുള്ളൂ എന്ന് പുരോഹിതൻ പറയുന്നു (1 സാമു 21,4). സാബത്തുതോറും മാറ്റിവയ്ക്കുന്ന അപ്പമാണ് ഇവിടെ സൂചിപ്പിക്കുന്നത്. പേടകത്തിനു മുമ്പിലാണ് അപ്പം കാഴ്ചവച്ചിരുന്നത്. അതിനാൽ ഈ അപ്പം വിശുദ്ധമായി കരുതപ്പെട്ടിരുന്നു. എന്നാൽ പേടകം നോബിലേക്കു കൊണ്ടുവന്നതായി വി. ഗ്രന്ഥകാരൻ പറയുന്നില്ല. തന്നെയുമല്ല, ദാവീദ് രാജാവായി, ഭരണം സുസ്ഥിരമായതിനുശേഷം പേടകം എടുക്കാൻ പോകുന്നത് നോബിലേക്കല്ല, അമിനാദാബിന്റെ വീട്ടിലേക്കാണ് (2 സാമു 6,1-3). അതുവരെ പേടകം അവിടെത്തന്നെ സൂക്ഷിച്ചിരുന്നതായി കരുതണം.

ഉടമ്പടിയുടെ പേടകം കർത്താവിന്റെ സാന്നിധ്യത്തിന്റെ അടയാളമായി ദാവീദു കണ്ടു; പേടകത്തിന്റെ സാന്നിധ്യം കർത്തൃസാന്നിധ്യം ഉറപ്പു വരുത്തുന്നതായി കരുതി. അതിനാലാണ് ജറുസലെം കീഴടക്കി ഇസ്രായേൽ രാജ്യത്തിന്റെ തലസ്ഥാനവും ഭരണകേന്ദ്രവുമാക്കി മാറ്റിയപ്പോൾ പേടകം അങ്ങോട്ടു കൊണ്ടുവരാൻ ആഗ്രഹിച്ചതും തീരുമാനിച്ചതും. ഇസ്രായേൽ ജനത്തെ മുഴുവൻ ഒന്നിപ്പിക്കുന്ന ഏറ്റം പ്രധാനപ്പെട്ട പ്രതീകവും ഉപകരണവുമായിരുന്നു ഉടമ്പടിയുടെ പേടകം. അതിന്റെ സാന്നിധ്യം ജനത്തെ ഒറ്റക്കെട്ടാക്കി നിർത്തുമെന്നും തന്റെ ഭരണത്തിനു സംരക്ഷണവും സുരക്ഷിതത്വവും നൽകുമെന്നും ന്യായമായും ദാവീദു കരുതിയിട്ടുണ്ടാവും. അതിനാലാണ് വലിയ ആഘോഷത്തോടെ, "മുപ്പതിനായിരം യോദ്ധാക്കളുടെ"(2 സാമു 6,1)യും മറ്റനേകം ആളുകളുടെയും അകമ്പടിയോടെ പേടകം എടുത്ത് പ്രത്യേകം അലങ്കരിച്ച കാളവണ്ടിയിൽ കയറ്റി ജറുസലെമിലേക്കു കൊണ്ടു പോകാൻ ശ്രമിച്ചത്.

എന്നാൽ അപ്രതീക്ഷിതമായുണ്ടായ ഒരപകടം ദാവീദിനെ ആശയകുഴപ്പത്തിലാക്കി. കാളയുടെ കാലിടറി, വണ്ടി ചരിഞ്ഞു. പേടകം മറിഞ്ഞുവീഴും എന്നു കരുതിയ ഉസാ കൈനീട്ടി പേടകം നേരെ നിർത്താൻ ശ്രമിച്ചു. തൽക്ഷണം ഇടിവെട്ടേറ്റതുപോലെ അയാൾ മരിച്ചുവീണു (2 സാമു 6,6-7; 1 ദിന 13,1-14). ജനം ഭയന്നു വിറച്ചു. ദാവീദ് അസ്വസ്ഥനായി. കർത്താവിനോടു ഭയം തോന്നി. അതിനാൽ പേടകം ഉടനെ ജറുസലെമിലേക്കു കൊണ്ടു പോകേ

ണ്ടതില്ല എന്നു തീരുമാനിച്ചു. പകരം ഹിത്യനായ ഓബെദ് ഏദോമിന്റെ വീട്ടിൽ സൂക്ഷിച്ചു. മൂന്നുമാസം പേടകം അവിടെ ഇരുന്നു (2 സാമു 6,10-11; 1 ദിന 13,13-14).

ഉദ്ദേശ്യ ശുദ്ധിയോടെയാണെങ്കിലും പേടകത്തെ തൊട്ട ഉസ മരിച്ചത് ഇന്നും ഏറെ വിവാദവിഷയമാണ്. ദൈവം അയാളെ കൊന്നുകളഞ്ഞു എന്നാണ് വി. ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു ചരിത്രവസ്തുതയായി ഇതിനെ വിശദീകരിക്കാൻ പല ശ്രമങ്ങളും നടത്താറുണ്ട്. ഹൃദയാഘാതം സംഭവിച്ചതാണെന്നും ദൈവത്തോടുള്ള ഭയമാണ് അതിനു കാരണമെന്നും വാദിക്കുന്നവരുണ്ട്. തൃപ്തികരമായ ഉത്തരം ഈ ദിശയിൽ അന്വേഷിച്ചാൽ കിട്ടുക എളുപ്പമല്ല, എന്തു സംഭവിച്ചു, എങ്ങനെ സംഭവിച്ചു എന്ന ചോദ്യങ്ങളെക്കാൾ എന്തു സന്ദേശമാണ് വി. ഗ്രന്ഥകാരൻ ഈ സംഭവത്തിലൂടെ കൈമാറാൻ ശ്രമിക്കുന്നത്, അഥവാ എന്തു പാഠമാണ് ദൈവം നൽകുന്നത് എന്നന്വേഷിക്കുകയാണ് വേണ്ടത്.

തികച്ചും യുക്തിരഹിതവും ക്രൂരവുമായി തോന്നാവുന്ന ഈ സംഭവം നൽകുന്ന ഏറ്റം ശ്രദ്ധേയമായ പാഠം ദൈവത്തെ ഉപയോഗവസ്തുവായി കാണരുത് എന്നതത്രേ. ഉടമ്പടിയുടെ പേടകം തലസ്ഥാന നഗരിയിൽ ഉണ്ടെങ്കിൽ അത് ദൈവത്തിന്റെ സംരക്ഷണം ഉറപ്പു വരുത്തും എന്ന ചിന്ത സ്വാഭാവികമാണ്. പക്ഷേ അതോടൊപ്പം തികച്ചും അപകടകരമായ മറ്റൊരു മനോഭാവവും ഇതിലൂടെ സംജാതമാവാം. ദൈവത്തെ വസ്തുവൽക്കരിക്കാം. എന്റെ ഇഷ്ടപ്രകാരം ദൈവിക സാന്നിധ്യത്തെയും സഹായത്തെയും ഉപയോഗിക്കാം എന്ന തെറ്റായ ധാരണയ്ക്ക് ഇതു കാരണമാകാം. അപ്പോൾ ദൈവപ്രമാണങ്ങൾ അനുസരിച്ച് ജീവിതം ക്രമീകരിക്കുന്നതിനേക്കാൾ ഒരു വസ്തുവിനെ കേന്ദ്രമാക്കി ഭക്തി വർദ്ധിപ്പിക്കുകയും അതേസമയം ജീവിതം തന്നിഷ്ടംപോലെ മുന്നേറുകയും ചെയ്തെന്നു വരാം. പിൽക്കാലത്തു സംഭവിച്ച വലിയൊരപചയമാണിത്. അതിനെതിരേ പ്രവാചകന്മാരിലൂടെ ദൈവം ശക്തമായ താക്കീതുകൾ നൽകുന്നതു കാണാം.

ദൈവത്തോടുള്ള ആദരവും ഭക്തിയും ബാഹ്യമായ അനുഷ്ഠാനങ്ങളിൽ ഒതുങ്ങി നിന്നാൽ പോരാ എന്നു പറയുന്നതോടൊപ്പം, ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും പാലിക്കേണ്ട

നിഷ്ഠയെക്കുറിച്ചും ഈ സംഭവം ഒരു സൂചന നൽകുന്നതായി കാണാം. അശ്രദ്ധമായി ആരും ദൈവത്തെ സമീപിക്കരുത്. ദൈവിക സാന്നിധ്യത്തിന്റെ അടയാളം മാത്രമാണ് പേടകം. എന്നാൽ ഈ അടയാളം തന്നെ അവിടുത്തെ വിശുദ്ധിയെയും, തിരുസാന്നിധ്യം മനുഷ്യനിൽനിന്ന് ആവശ്യപ്പെടുന്ന വിശുദ്ധ ജീവിതത്തെയും കുറിച്ച് അനുസ്മരിപ്പിക്കണം. ഇഷ്ടംപോലെ കൈകാര്യം ചെയ്യാവുന്ന ഒരുപകരണമായി അതിനെ കണക്കാക്കരുത് എന്ന പാഠം എന്നും പ്രസക്തമാണ്. വിശുദ്ധ വസ്തുക്കൾ വിശുദ്ധിയോടെ കൈകാര്യം ചെയ്യണം എന്നത് ഇന്നു പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

ആകസ്മികമായുണ്ടായ അത്യാഹിതം ഭയവിഹ്വലനാക്കിയെങ്കിലും, പേടകത്തിന്റെ സാന്നിധ്യം ഓബെദ് ഏദോമിന് അനുഗ്രഹപ്രദമായി എന്നു കണ്ടപ്പോൾ ദാവീദിന്റെ ഭയം അകന്നു. കൂടുതൽ ശ്രദ്ധയോടെ, ആഘോഷങ്ങളോടെ പേടകം വീണ്ടും ഘോഷയാത്രയായി ജറുസലെമിലേക്കു കൊണ്ടുവന്നു. ജനത്തിന്റെ ഭയം അകറ്റാനും തന്റെ തന്നെ സന്തോഷവും ഭക്തിയും പ്രകടമാക്കാനും വേണ്ടി ദാവീദ് എല്ലാം മറന്നു നൃത്തം ചെയ്തു. അരക്കച്ചമാത്രം ചുറ്റിയുള്ള ദാവീദിന്റെ നൃത്തം ആദ്യ ഭാര്യയായ മിഖാളിൽ ഉണർത്തിയത് ആദരവും അത്ഭുതവുമല്ല, പുച്ഛമാണ്. മറ്റുള്ളവരെ കാണിക്കാനും അവരുടെ അത്ഭുതാദരവുകൾ പിടിച്ചുപറ്റാനും വേണ്ടി നടത്തിയ വില കുറഞ്ഞതും അപഹാസ്യവുമായ ഒരാഭാസമായിട്ടാണ് മിഖാൾ ദാവീദിന്റെ പ്രവൃത്തിയെ കണ്ടത്. അത് അവൾ പരസ്യമായി പ്രകടിപ്പിക്കുകയും ചെയ്തു. അതു ദാവീദിനെ കുപിതനാക്കി (2 സാമു 6,20-23). മിഖാൾ സന്താനരഹിതയായി കഴിഞ്ഞു എന്നത് ഈ കോപത്തിന്റെ ബാക്കിപത്രം.

ജറുസലെമിൽ മുൻകൂട്ടി നിർമ്മിച്ചിരുന്ന കൂടാരത്തിൽ പേടകം പ്രതിഷ്ഠിച്ചു. ദാവീദ് കർത്താവിന്റെ മുമ്പിൽ ബലികളർപ്പിച്ചു. ജനത്തിനു സമൃദ്ധമായ ഭക്ഷണം നൽകി. എല്ലാവരും സന്തുഷ്ടരായി. ഇതോടെ ജനമധ്യത്തിലുള്ള ദൈവിക സാന്നിധ്യത്തിന്റെ അടുത്ത ഘട്ടത്തിലേക്കു പ്രവേശിക്കുകയായി. ഇതുവരെ ജനത്തിന്റെ കൂടെ സഞ്ചരിച്ച, അവരെ നയിച്ച ദൈവം ഇപ്പോൾ ഇസ്രായേൽ രാഷ്ട്രത്തിന്റെ തലസ്ഥാനമായ ജറുസലെമിൽ വാസമുറപ്പിച്ചു എന്ന ചിന്ത ജനഹൃദയങ്ങളിൽ രൂപപ്പെട്ടു. അതോടെ ജറുസലെം പരമപ്രധാനമായി. ദൈവത്തിന്റെ നഗരമെന്നും വസ

തിയെന്നും അറിയപ്പെടാൻ തുടങ്ങി. സോളമൻ ദൈവാലയം നിർമ്മിച്ചതോടെ ഈ വിശ്വാസം കൂടുതൽ ശക്തിപ്പെട്ടു. ദൈവിക സാന്നിധ്യം രാഷ്ട്രത്തിന് ഐക്യവും ഉറപ്പും രാജഭരണത്തിന് സംരക്ഷണവും നൽകുന്നു എന്ന വിശ്വാസം രൂഢമൂലമായി.

**കൂടാരത്തിൽനിന്ന് ദേവാലയത്തിലേക്ക്**

"രാജാവ് കൊട്ടാരത്തിൽ വസിക്കുകയും ചുറ്റുമുള്ള ശത്രു ക്കളിൽനിന്ന് കർത്താവ് അവന് സ്വസ്ഥത നൽകുകയും ചെയ്തു. അപ്പോൾ അവൻ നാഥാൻ പ്രവാചകനോടു പറഞ്ഞു. നോക്കൂ, ദേവദാരുകൊണ്ടുള്ള കൊട്ടാരത്തിൽ ഞാൻ വസിക്കുന്നു. ദൈവ ത്തിന്റെ പേടകമോ കൂടാരത്തിലിരിക്കുന്നു" (2 സാമു 7,1-2).

രാജ്യം സുരക്ഷിതമായി, ശത്രുക്കൾ ഉന്മൂലനം ചെയ്യപ്പെട്ടു, അയൽരാജ്യങ്ങളുമായി നല്ല ബന്ധങ്ങൾ സ്ഥാപിക്കപ്പെട്ടു. ദാവീ ദിന്റെ രാജഭരണം സുസ്ഥിരമായി; രാജാവിനും പരിവാര ങ്ങൾക്കും സുഖമായി വസിക്കാൻ കൊട്ടാരങ്ങളും പണിതു. ജറു സലെമിലേക്കു കൊണ്ടുവന്ന കൂടാരത്തിൽ ക്രമപ്രകാരമുള്ള ബലി യർപ്പണങ്ങളും മറ്റ് ആചാരാനുഷ്ഠാനങ്ങളും ദാവീദ് ചിട്ടപ്പെടു ത്തി. പുരോഹിതന്മാർക്കും ലേവ്യർക്കും ആവശ്യമായ നിർദ്ദേശ ങ്ങളും നൽകി. അപ്പോഴാണ് താൻ വസിക്കുന്ന രാജകൊട്ടാരവും ദൈവത്തിന്റെ പേടകം പ്രതിഷ്ഠിച്ചിരിക്കുന്ന കൂടാരവും തമ്മി ലുള്ള അന്തരം രാജാവിന്റെ ശ്രദ്ധയിൽപ്പെട്ടത്. അതിനാൽ മനോ ഹരമായൊരാലയം കർത്താവിനുവേണ്ടി പണിയണം എന്ന ആഗ്രഹം ഉള്ളിലുദിച്ചു. ആഗ്രഹം അറിഞ്ഞ പ്രവാചകൻ നാഥാൻ പ്രോത്സാഹിപ്പിച്ചു. പക്ഷേ കർത്താവിന്റെ തീരുമാനം മറ്റൊന്നാ യിരുന്നു.

"ഇസ്രായേൽ ജനത്തെ ഈജിപ്തിൽ നിന്നു കൊണ്ടുവന്നതു മുതൽ ഇന്നുവരെ ഞാൻ ഒരാലയത്തിലും വസിച്ചിട്ടില്ല; കൂടാര ത്തിൽ വസിച്ചുകൊണ്ട് ഞാൻ സഞ്ചരിക്കുകയായിരുന്നു" (2 സാമു 7,6). കൂടെ നടക്കുന്ന ദൈവം. അതാണു മോശയ്ക്കു പേരു വെളിപ്പെടുത്തിയ, അടിമകൾക്കു മോചനം നൽകിയ, ഇസ്രായേ ലിനെ ഉടമ്പടിയിലൂടെ സ്വന്തം ജനമായി തിരഞ്ഞെടുത്തു യർത്തിയ കർത്താവിന്റെ സ്വഭാവം. ദൈവത്തിന്റെ സാന്നിധ്യം ജനത്തിനു മധ്യത്തിലാണ്. വഴി നയിക്കാൻ അവരുടെ മുമ്പിലും, സംരക്ഷിക്കാൻ പിന്നിലും, തണലേകാൻ മുകളിലുമാണ് ദൈവം. ആ ദൈവത്തെ ഏതെങ്കിലും ഒരിടത്തിൽ ഒതുക്കി നിർത്താം,

അഥവാ കുടിയിരുത്താം എന്ന ചിന്ത തന്നെ അസ്വീകാര്യമാണ്. ഈ സത്യം നാഥാൻ ദൈവവചനമായി തുടർന്നറിയിച്ചു. വരാനിരിക്കുന്ന രക്ഷകനെക്കുറിച്ചുള്ള ഏറ്റം പ്രധാനപ്പെട്ട പ്രവചനങ്ങളിൽ ഒന്നാണ് ഈ സാഹചര്യത്തിൽ നൽകപ്പെട്ടത് (2 സാമു 7,5-17).

ആലയം അഥവാ ഭവനം (ബേത്ത് എന്ന് ഹീബ്രു) എന്ന പദം ഈ പ്രവചനത്തിൽ അനേകം തവണ പ്രത്യക്ഷപ്പെടുന്നുണ്ട്. കൊട്ടാരം, വാസസ്ഥലം, ആലയം, ഭവനം എന്നൊക്കെയാണ് ഈ വാക്കിനർത്ഥം. എന്നാൽ അതു മാത്രമല്ല; കുടുംബം, വംശം എന്നും അർത്ഥമുണ്ട്. ഈ ദ്വയാർത്ഥ പ്രയോഗം പ്രത്യേകം ശ്രദ്ധിക്കണം. ദാവീദ് കർത്താവിനുവേണ്ടി ഒരു ഭവനം പണിയാൻ ആഗ്രഹിച്ചു. എന്നാൽ കർത്താവു തന്നെ ദാവീദിനുവേണ്ടി ഒരു ഭവനം പണിയും. രാജവംശം എന്നാണ് ഇവിടെ പ്രവചനം ഉദ്ദേശിക്കുന്നത്. ദൈവാലയം പണിയാൻ ആഗ്രഹിക്കുന്ന ദാവീദിന് ദൈവം ഒരു രാജവംശം തന്നെ പണിതുകൊടുക്കും. അവന്റെ സിംഹാസനം എന്നേക്കും സുസ്ഥിരമായിരിക്കും എന്ന പ്രവചനം വരാൻ പോകുന്ന മിശിഹാ രാജാവിനെക്കുറിച്ചുള്ള ഏറ്റം വ്യക്തമായ പ്രവചനമായി. ഇതു തന്നെയാണ് മിശിഹാ രാജാവിനെ ദാവീദിന്റെ പുത്രൻ എന്നു വിളിക്കുന്നതിന്റെ അടിസ്ഥാനം.

ദൈവാലയ നിർമ്മാണം ദൈവം പൂർണ്ണമായും നിരാകരിക്കുന്നില്ല. ദാവീദിന്റെ മകനായിരിക്കും കർത്താവിനുവേണ്ടി ഒരാലയം പണിയുക എന്ന് പ്രവാചകർ വഴി തുടർന്ന് അറിയിച്ചു. അങ്ങനെ ജറുസലെം ദേവാലയ നിർമ്മാണത്തിന് ദൈവത്തിന്റെ അംഗീകാരമായി. തനിക്കു പണിയാൻ കഴിയാതെ പോകുന്ന ആലയം മകൻ നിർമ്മിക്കും എന്ന സന്ദേശം ദാവീദിന് സന്തോഷവും ആശ്വാസവും പകർന്നു. തുടർന്ന് ദേവാലയനിർമ്മാണത്തിനാവശ്യമായ സജ്ജീകരണങ്ങളിൽ ശ്രദ്ധചെലുത്തി. 1 ദിന 22;28-29 അധ്യായങ്ങളിൽ ഈ സജ്ജീകരണങ്ങൾ വളരെ വിശദമായി വിവരിക്കുന്നുണ്ട്.

വിദഗ്ധ ശില്പികളെ കണ്ടു പിടിച്ചു നിയമിച്ചു. ആവശ്യമായ മരം, കല്ല്, ലോഹങ്ങൾ മുതലായവ ശേഖരിച്ചു. “കർത്താവിന്റെ ആലയത്തിന് ഒരു ലക്ഷം താലന്ത് സ്വർണ്ണവും പത്തു ലക്ഷം താലന്ത് വെള്ളിയും അളവില്ലാത്തവിധം പിച്ചളയും ഇരുമ്പും ആവശ്യത്തിനുവേണ്ട കല്ലും മരവും ഞാൻ ക്ലേശം

സഹിച്ച് ശേഖരിച്ചിട്ടുണ്ട്" (1 ദിന 22,14) എന്ന് ദാവീദ് സോളമ നോടു പറയുമ്പോൾ സജ്ജീകരണങ്ങളെക്കുറിച്ച് ഒരു ഏകദേശ രൂപം ലഭിക്കും. 34.5 കിലോഗ്രാമാണ് ഒരു താലന്ത് എന്നോർ ക്കണം. ഏകദേശം 3,500 ടൺ സ്വർണ്ണവും 35,000 ടൺ വെള്ളിയും എന്ന കണക്കിൽ അതിശയോക്തിയുണ്ടാവാം. എന്നാലും ദേവാ ലയ നിർമ്മാണത്തിന് ദാവീദും തുടർന്ന് സോളമനും നൽകുന്ന പ്രാധാന്യവും ശ്രദ്ധയും എത്രയെന്ന് ഈ കണക്കുകൾ തന്നെ വ്യക്തമാക്കും.

ദേവാലയ നിർമ്മാണത്തിനാവശ്യമായ വസ്തുവകകളും ധനവും സംഭരിച്ച വിധത്തെക്കുറിച്ചും ദിനവൃത്താന്ത ഗ്രന്ഥകാരൻ ചില സൂചനകൾ നൽകിയിട്ടുണ്ട് (1 ദിന 29,1-9). മകൻ സോള മൻ അനുഭവസമ്പത്തില്ലാത്ത യുവാവായതിനാൽ വേണ്ട ഒരു ക്കങ്ങളെല്ലാം പിതാവു തന്നെ നടത്തി. ക്ലേശിച്ച് ശേഖരിച്ചു; സ്വന്തം ഭണ്ഡാരത്തിൽ നിന്ന് വലിയ തുക ആലയത്തിനായി സമർപ്പിച്ചു. അതിനാൽ ജനങ്ങളും കഴിവിനൊത്ത് സംഭാവന ചെയ്യണം എന്ന അഭ്യർത്ഥനയിൽ ജനപങ്കാളിത്തത്തിന്റെ പ്രാധാന്യം എടുത്തുകാട്ടുന്നു. ഒപ്പം എത്ര വലിയൊരു ഭാരമാണ് ജനത്തിന്റെ ചുമലിൽ ഇതിനായി രാജാവ് കെട്ടിവച്ചത് എന്നതിന്റെ സൂചനയും ഈ വിവരണങ്ങളിൽ കാണാം. ദേവാലയ നിർമ്മാണം തന്നെ ജനത്തിനു വലിയൊരു ബാധ്യതയായി. സോളമൻ നിർമ്മാണം പൂർത്തിയാക്കുമ്പോഴേക്കും ഈ ഭാര ത്തിന്റെ കാഠിന്യം വർദ്ധിക്കും. പിന്നീട് അത് വലിയ പ്രതിഷേ ധങ്ങൾക്കു കാരണമാകുമെന്ന് നാം വഴിയേ കാണും.

ദാവീദിന്റെ മരണത്തിനുശേഷം, പിതാവിന്റെ ഹിതവും നിർദ്ദേശവുമനുസരിച്ച് സോളമൻ ദേവാലയം നിർമ്മിച്ചു. 1 രാജാ 5-8; 2 ദിന 2-7 അധ്യായങ്ങളിൽ ദേവാലയ നിർമ്മാണത്തിന്റെ ദീർഘമായ വിവരണം കാണാം. ദൈവകല്പന വിസ്മരിച്ച് ദാവീദ് ജനസംഖ്യാ കണക്കെടുത്തതിന്റെ പേരിൽ ദൈവം അയച്ച സംഹാര ദൂതൻ ശിക്ഷാ നടപടി അവസാനിപ്പിച്ച് വാൾ ഉറയി ലിട്ടത് ജബൂസ്യനായ അരവ്നായുടെ മെതിക്കളത്തിൽ വച്ചായി രുന്നു (2 സാമു 24,16). "ജബൂസ്യനായ ഒർനാൻ" എന്നാണ് 1 ദിന 21,18-ൽ മെതിക്കളത്തിന്റെ ഉടമയെ വിശേഷിപ്പിക്കുന്നത്. രണ്ടും ഒരാൾ തന്നെ, രണ്ടു പേരുകളിൽ അറിയപ്പെടുന്നതേ യുള്ളൂ എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. മെതിക്കളം ദാവീദ്

വിലയ്ക്കുവാങ്ങി. സൗജന്യമായി നൽകാം എന്ന് അരവ്നാ പറഞ്ഞെങ്കിലും ദാവീദു സമ്മതിച്ചില്ല. "എനിക്ക് ഒരു ചെലവുമില്ലാത്ത ദഹനബലി ഞാൻ കർത്താവിനു അർപ്പിക്കുകയില്ല" (2 സാമു 24,24) എന്ന ദാവീദിന്റെ നിർബ്ബന്ധം ശ്രദ്ധേയവും അനുകരണാർഹവുമായ ഒരു മാതൃകയായി നിലകൊള്ളുന്നു. മെതിക്കളത്തിനു നൽകിയ വിലയിൽ രണ്ടു വിവരണങ്ങൾ തമ്മിൽ വലിയ അന്തരമുണ്ട്. 50 ഷെക്കൽ വെള്ളി എന്നു 2 സാമു 24,24-ൽ പറയുമ്പോൾ 600 ഷെക്കൽ സ്വർണ്ണം എന്നാണ് 1 ദിന 21, 25-ൽ.

"ദാവീദു പറഞ്ഞു, ഇതാണ് ദൈവമായ കർത്താവിന്റെ ആലയം; ഇസ്രായേലിന്റെ ദഹനബലിപീഠവും ഇതുതന്നെ" (1 ദിന 22,1). മഹാമാരി നിലച്ചതിന്റെ പേരിൽ ദാവീദ് കൃതജ്ഞതാബലിയർപ്പിച്ച ഈ സ്ഥലത്താണ് സോളമൻ ദേവാലയം നിർമ്മിച്ചത് എന്നു കരുതപ്പെടുന്നു. അതിനുമുമ്പ് ദാവീദ് കൂടാരം പ്രതിഷ്ഠിച്ച സ്ഥലവും അരവ്നായുടെ മെതിക്കളവും എല്ലാം ഉൾക്കൊള്ളുന്ന ബൃഹത്തായ ഒരു കെട്ടിട സമുച്ചയമായിരുന്നു ദേവാലയം എന്നു കരുതാൻ ന്യായമുണ്ട്. "മോറിയാപർവ്വതത്തിൽ, ജബൂസ്യനായ ഒർനാന്റെ മെതിക്കളത്തിൽ, ദാവീദ് കണ്ടുവച്ച സ്ഥാനത്തു തന്നെയാണ് പണിതത്" (2 ദിന 3,1) എന്ന പ്രസ്താവന സംശയത്തിനുള്ള പഴുതടയ്ക്കുന്നു. അബ്രാഹം ഇസഹാക്കിനെ ബലിയർപ്പിക്കാൻ കിടത്തിയ സ്ഥലത്തു തന്നെയാണ് സോളമൻ ദേവാലയം പണികഴിച്ചത്.

പിതാവൊരുക്കിയ പദ്ധതി മകൻ സോളമൻ പൂർത്തിയാക്കി. ഏഴുവർഷം ദീർഘിച്ച ദേവാലയനിർമ്മാണത്തിനുവേണ്ടി പരിധികളില്ലാതെ ആളും അർത്ഥവും ചിലവഴിച്ചു. ആവശ്യമായ വിശിഷ്ടമരങ്ങളും കല്ലുകളും മറ്റു ലോഹങ്ങളും വിദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്തു. ദേവാലയ നിർമ്മാണത്തിനാവശ്യമായ ദേവദാരുവും സരളമരും ടയിറിൽ നിന്നാണ് കൊണ്ടുവന്നത്. അതിനായി "ഇരുപതിനായിരം കോർ ഗോതമ്പും ആട്ടിയെടുത്ത ഇരുപതിനായിരം കോർ എണ്ണയും" (1 രാജാ 5,11) ആണ്ടു തോറും കൊടുക്കണമായിരുന്നു. തടിയും കല്ലും ശേഖരിക്കാൻ വേണ്ടി മാത്രം "സോളമൻ രാജാവ് ഇസ്രായേലിന്റെ എല്ലാ ഭാഗത്തുനിന്നും അടിമവേലയ്ക്ക് ആളെ എടുത്തു. മുപ്പതിനായിരം പേരെയാണ് ഇങ്ങനെ തിരഞ്ഞെടുത്തത്. അതിനുപുറമെ ചുമടെടുക്കാൻ എഴുപതിനായിരവും മലയിൽ കല്ലുവെട്ടാൻ എൺപതിനായിരവും ആളുകൾ ഉണ്ടായിരുന്നു" (1 രാജാ 5,14-16).

അതിമനോഹരമായൊരാലയം സോളമൻ കർത്താവിനു വേണ്ടി നിർമ്മിച്ചു പ്രതിഷ്ഠിച്ചു. അതിവിശിഷ്ടമായ മരംകൊണ്ടു നിർമ്മിച്ച് അകം മുഴുവൻ സ്വർണ്ണം പൊതിഞ്ഞ്, അമൂല്യ രത്നങ്ങൾ പതിച്ച ആ സൗധം ലോകാത്ഭുതങ്ങളിൽ ഒന്നായിരുന്നു. ഇത്ര വിശിഷ്ടമായൊരാലയം, ഇത്ര വിലപിടിച്ച ഒരു മന്ദിരം, മറ്റെങ്ങും ഉണ്ടായിരുന്നില്ലത്രെ! നിർമ്മാണം പൂർത്തിയാക്കി, അതിവിശുദ്ധ സ്ഥലത്ത് ഉടമ്പടിയുടെ പേടകം പ്രതിഷ്ഠിച്ചതോടെ ദൈവിക സാന്നിധ്യത്തിന്റെ അടയാളമായ മേഘം ദേവാലയത്തിൽ നിറഞ്ഞു. രാജാവും ജനവും സംതൃപ്തരായി.

ദേവാലയ പ്രതിഷ്ഠയ്ക്കുശേഷം സോളമൻ നടത്തിയ സുദീർഘമായ പ്രാർത്ഥനയിൽ (1 രാജാ 8,22-61) ദേവാലയത്തിന്റെ അർത്ഥവും ലക്ഷ്യവും, അതിൽ അർപ്പിക്കുന്ന പ്രതീക്ഷകളും വ്യക്തമാക്കുന്നുണ്ട്. ദൈവത്തിന്റെ ആലയമായിട്ടാണ് താൻ ഈ ഭവനം നിർമ്മിച്ചതെങ്കിലും ദൈവം വസിക്കുന്നത് സ്വർഗ്ഗത്തിലാണെന്നു പ്രാർത്ഥനാമധ്യേ അനേകം തവണ ഏറ്റു പറയുന്നുണ്ട് (1 രാജാ 8,32-34, 36-39, 43-49). മനുഷ്യനിർമ്മിതമായ ആലയം എത്ര മനോഹരവും വിലപിടിച്ചതുമാണെങ്കിലും, അത് ദൈവികസാന്നിധ്യത്തിന്റെ ഒരടയാളവും ദൈവ--മനുഷ്യസമാഗമത്തിന് ഒരു വേദിയും മാത്രമാണെന്നും ദൈവത്തിന്റെ സാന്നിധ്യം ഈ ആലയത്തിൽ ഒതുങ്ങിനിൽക്കുന്നില്ല എന്നും അനുസ്മരിപ്പിക്കുന്നതാണ് ഈ പ്രാർത്ഥന. എന്നാൽ കാലക്രമത്തിൽ ഈ യാഥാർത്ഥ്യം ജനം മറന്നു, നേതാക്കളും. തന്നെയുമല്ല, ദൈവികസാന്നിധ്യം തേടി ജനങ്ങൾ ജറുസലെമിലേക്കു വന്നു, തീർത്ഥാടകരായി.

**തീർത്ഥാടനങ്ങൾ**

ജീവിതകാലത്ത് ഒരിക്കലെങ്കിലും ജറുസലെം ദേവാലയം സന്ദർശിക്കാൻ കഴിയുന്നത് ഒരു മഹാഭാഗ്യമായി ജനം കരുതി. ദേവാലയത്തിലെ ആഘോഷപൂർണ്ണമായ തിരുനാളുകളും ബലിയർപ്പണങ്ങളും മറ്റ് ആചാരാനുഷ്ഠാനങ്ങളും സാധാരണ ജനത്തിന് ഒരു സ്വർഗ്ഗീയാനുഭൂതി പ്രദാനം ചെയ്തു. ഈ അനുഭൂതിയും ദേവാലയത്തിന്റെ പ്രാധാന്യവും അനേകം സങ്കീർത്തനങ്ങളിലൂടെ പ്രകടമായി. ആറു സങ്കീർത്തനങ്ങൾ സെഹിയോൻ സങ്കീർത്തനങ്ങൾ എന്ന പേരിലാണ് അറിയപ്പെടുന്നത് (46; 48;76;84;87;122). ഇവയ്ക്കുപുറമേ മറ്റനേകം സങ്കീർത്തനങ്ങളിലും

ദേവാലയത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നുണ്ട്. ആശ്വാസവും സന്തോഷവും പ്രത്യാശയും ജനം ദേവാലയത്തിൽ കണ്ടു. എന്തു ത്യാഗം സഹിച്ചും ദേവാലയത്തിൽ എത്താൻ ആഗ്രഹിച്ചു. ഏതു ക്ലേശത്തിലും പ്രതിസന്ധിയിലും അപകടത്തിലും ദേവാലയം അവർക്ക് ധൈര്യം നൽകി; പ്രത്യാശ പ്രദാനം ചെയ്തു.

"ഭൂമി ഇളകിയാലും പർവ്വതങ്ങൾ അടർന്ന് സമുദ്രമധ്യത്തിൽ പതിച്ചാലും... നാം ഭയപ്പെടുകയില്ല... ആ നഗരത്തിൽ ദൈവം വസിക്കുന്നു... സൈന്യങ്ങളുടെ കർത്താവ് നമ്മോടുകൂടെയുണ്ട്" (സങ്കീ 46,2-7). ബി.സി. 702-ൽ അസീറിയൻ സൈന്യം ജറുസലെമിനെ ആക്രമിച്ചു, ഉപരോധമേർപ്പെടുത്തി. എന്നാൽ ദൈവം അത്ഭുതകരമായി ഇടപെട്ടു. "അന്നുരാത്രി കർത്താവിന്റെ ദൂതൻ അസീറിയാ പാളയത്തിൽ കടന്ന് ഒരു ലക്ഷത്തി എൺപത്തയ്യായിരം പേരെ വധിച്ചു" (2 രാജാ 19,35). അസീറിയാ രാജാവും സൈന്യവും പലായനം ചെയ്തു. ഇത് ദൈവത്തിന്റെ പ്രത്യേക അനുഗ്രഹമായി ജനം കണ്ടു. കർത്താവിന്റെ വാസസ്ഥലമായ ദേവാലയം കർത്താവു സംരക്ഷിക്കും; അതോടൊപ്പം ജനത്തിനും സമ്പൂർണ്ണ സംരക്ഷണം ലഭിക്കും എന്ന വിശ്വാസം ദൃഢപ്പെട്ടു.

ഇപ്രകാരമുള്ള വിശ്വാസവും സങ്കീർത്തനങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. "സീയോന്റെ" കോട്ടകൾക്കുള്ളിൽ ദൈവം സുനിശ്ചിതമായ അഭയകേന്ദ്രമായി വെളിപ്പെട്ടിരിക്കുന്നു. ഇതാ, രാജാക്കന്മാർ സമ്മേളിച്ചു. അവർ ഒത്തൊരുമിച്ചു മുന്നേറി. സീയോനെ കണ്ട് അവർ അമ്പരന്നു. പരിഭ്രാന്തരായ അവർ പലായനം ചെയ്തു (സങ്കീ 48,3-5). 84-ാം സങ്കീർത്തനം മുഴുവൻ ദേവാലയത്തെക്കുറിച്ചുള്ള ഒരു പ്രകീർത്തനമാണ്. ദേവാലയം ദൈവത്തിന്റെ വാസസ്ഥലം. അവിടെ ആയിരിക്കുന്നവർ ദൈവത്തോടൊന്നിച്ചായിരിക്കുന്നു. "സൈന്യങ്ങളുടെ കർത്താവേ, അങ്ങയുടെ വാസസ്ഥലം എത്ര മനോഹരം! എന്റെ ആത്മാവ് കർത്താവിന്റെ അങ്കണത്തിലെത്താൻ വാഞ്ഛിച്ചു തളരുന്നു" (സങ്കീ 84,1-2). തീർത്ഥാടകന്റെ മനോഭാവമാണിത്. ദൈവസന്നിധിയിൽ എത്താനുള്ള ഉൽക്കടമായ ആഗ്രഹം. "അന്യസ്ഥലത്ത് ആയിരം ദിവസത്തേക്കാൾ അങ്ങയുടെ അങ്കണത്തിൽ ഒരു ദിവസം ആയിരിക്കുന്നത് കൂടുതൽ അഭികാമ്യമാണ്" (84,16). ആനന്ദനിർവൃതിയാണ് ദേവാലയത്തിൽ ഭക്തൻ തേടുന്നത്; സ്വപ്നം കാണുന്നത്.

"കർത്താവിന്റെ ആലയത്തിലേക്ക് നമുക്കു പോകാം എന്ന്

അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു" (സങ്കീ 122,1). മനോഹരമായ നഗരം; ശക്തമായ കോട്ട ഗോപുരങ്ങൾ. അതിമനോഹരമായ ദേവാലയം. എല്ലാം ഭക്തന്റെ ഹൃദയത്തിന് ആനന്ദം പകരുന്നു. അതിനാൽ വലിയ ആഗ്രഹത്തോടെ, തീക്ഷ്ണമായ താൽപര്യത്തോടെ അവർ വരുന്നു-തീർത്ഥാടകരായി. എന്നും അവിടെ, കർത്താവിന്റെ മുറ്റത്ത്, ഏതെങ്കിലും ഒരു കോണിൽ വസിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു ഭക്തർ ആഗ്രഹിച്ചു. മറ്റെന്തിനേക്കാളും നിർവൃതിദായകമാണ് ദേവാലയത്തിലായിരിക്കുന്നത് എന്ന് ആയിരം നാവോടെ അവർ പാടി.

**ലക്ഷ്യം പിഴയ്ക്കുമ്പോൾ**

എത്ര മനോഹരവും സുശക്തവും സുരക്ഷിതവും ആണെങ്കിലും സോളമൻ നിർമ്മിച്ച ഭവനം ഒരടയാളം മാത്രമാണെന്ന കാര്യം മറക്കരുത്. ആലയവും അതിന്റെ ഉള്ളറയിലെ പേടകവുമല്ല, അതു സൂചിപ്പിക്കുന്ന ദൈവിക സാന്നിധ്യവും അവിടുത്തെ ഹിതമനുസരിച്ചുള്ള ജീവിതവുമാണ് പ്രധാനം എന്ന് ദൈവം തന്നെ സോളമനെ രണ്ടുതവണ, ദേവാലയ നിർമ്മാണത്തിന്റെ തുടക്കത്തിലും ദേവാലയ പ്രതിഷ്ഠയ്ക്കുശേഷവും, അനുസ്മരിപ്പിച്ചതായി ബൈബിൾ രേഖപ്പെടുത്തിയിട്ടുണ്ട്.

"സോളമനു കർത്താവിന്റെ അരുളപ്പാടുണ്ടായി; നീ എനിക്കു ഭവനം പണിയുകയാണല്ലോ. എന്റെ ചട്ടങ്ങൾ ആചരിച്ചും അനുശാസനങ്ങൾ അനുസരിച്ചും എന്റെ കല്പനകൾ പാലിച്ചും നടന്നാൽ ഞാൻ നിന്റെ പിതാവായ ദാവീദിനോടു ചെയ്ത വാഗ്ദാനം നിന്നിൽ നിറവേറ്റും. ഞാൻ ഇസ്രായേൽ മക്കളുടെ മധ്യേ വസിക്കും. എന്റെ ജനമായ ഇസ്രായേലിനെ ഞാൻ ഉപേക്ഷിക്കുകയില്ല" (1 രാജാ 6,11-13). കർത്താവിന്റെ കല്പനകൾ അനുസരിച്ചുള്ള ജീവിതം-അതിനാണ് പ്രാധാന്യം. അതുണ്ടെങ്കിലേ ദേവാലയത്തിനു തന്നെ അർത്ഥമുണ്ടാവുകയുള്ളൂ.

ദേവാലയ പ്രതിഷ്ഠയ്ക്കുശേഷം ദൈവം ഈ വാഗ്ദാനം ആവർത്തിച്ചു. അതോടൊപ്പം ശക്തമായൊരു താക്കീതും നൽകി. "നീയോ നിന്റെ മക്കളോ എന്നെ ഉപേക്ഷിച്ച് എന്റെ കല്പനകളും നിയമങ്ങളും പാലിക്കാതെ, അന്യദേവന്മാരെ സേവിക്കുകയും ആരാധിക്കുകയും ചെയ്താൽ, ഞാൻ നല്കിയിരിക്കുന്ന ദേശത്തുനിന്ന് ഇസ്രായേലിനെ ഞാൻ വിഛേദിക്കും. എനിക്കുവേണ്ടി ഞാൻ വിശുദ്ധീകരിച്ച ഈ ആലയം എന്റെ മുമ്പിൽനിന്ന്

ഞാൻ നീക്കികളയും... ഈ ആലയം നാശക്കൂമ്പാരമായിത്തീരും" (1 രാജാ 9,6-8). പക്ഷേ താക്കീതുകൾ അവഗണിക്കപ്പെട്ടു. മുന്നറിയിപ്പുകൾ പരിഗണിക്കപ്പെടാതെ പോയി.

ഏഴുവർഷംകൊണ്ട് ദേവാലയവും തുടർന്ന് പതിമൂന്നുവർഷംകൊണ്ട് കൊട്ടാരസമുച്ചയവും സോളമൻ നിർമ്മിച്ചു (1 രാജാ 7,1). ഇവയ്ക്കെല്ലാം വേണ്ടി ജനം കൊടുക്കേണ്ടി വന്നത് വലിയ വില ആയിരുന്നു. കടം വീട്ടാൻ കഴിയാതെ വന്നപ്പോൾ രാജാവ് രാജ്യത്തിന്റെ ഒരു ഭാഗം തന്നെ മുറിച്ചു വിറ്റു. "ടയിറിലെ ഹീരാം രാജാവിന് സോളമൻ ഇരുപത് നഗരങ്ങൾ കൊടുത്തു" (1 രാജാ 9,10-14). ഈ നഗരങ്ങൾ കൊണ്ടുമാത്രം ഹീരാം തൃപ്തനായില്ല എന്നു വി. ഗ്രന്ഥകാരൻ തുടർന്നു പറയുന്നുണ്ട്. മഹാജ്ഞാനി ആയിരുന്നു സോളമൻ. പക്ഷേ ഭരണം ജനത്തിനു താങ്ങാനാവാത്ത ചുമടായി. സോളമന്റെ അവസാന നാളുകളിൽ വലിയൊരു കലാപത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. കനത്ത കരത്താൽ അടിച്ചമർത്തിയാണ് ഭരണം നയിച്ചത്.

സോളമന്റെ മരണത്തോടെ ജനരോഷം ആളിക്കത്തി. അടിച്ചമർത്തി വച്ചിരുന്ന ജനവികാരം അഗ്നിപർവ്വതം പോലെ പൊട്ടിത്തെറിച്ചു. മകൻ റെഹോബോവാമിന്റെ വിവേക രഹിതമായ പെരുമാറ്റം കൂടി ആയപ്പോൾ ചിത്രം പൂർത്തിയായി. ഇസ്രായേൽ ജനം രണ്ടു രാജ്യങ്ങളായി പിളർന്നു (1 രാജാ 12). ബി.സി 931-ലാണ് അതു സംഭവിച്ചത്. വടക്ക് പത്തു ഗോത്രങ്ങൾ ചേർന്ന് ഇസ്രായേൽ എന്ന പേരിൽ ഒരു രാജ്യം. തെക്ക് യൂദായും ബെഞ്ചമിനും ചേർന്ന് യൂദാ എന്ന പേരിൽ വേറൊരു രാജ്യം. ഈ രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു ജറുസലെം. അവിടെ ആയിരുന്നു ജനത്തിന്റെ മതാത്മക കേന്ദ്രമായ ദേവാലയം.

വിപ്ലവത്തിനു നേതൃത്വം നൽകിയ ജെറൊബൊവാം വടക്കൻ രാജ്യമായ ഇസ്രായേലിന്റെ രാജാവായി. കേവലം ഒരടിമത്തലവനായിരുന്ന തന്നെ ഉപേക്ഷിച്ച് ജനം വീണ്ടും ജറുസലെമിനോടു കൂറു പ്രഖ്യാപിച്ചേക്കും എന്നു ഭയന്ന ജറൊബൊവാം "ഒരുപായം കണ്ടുപിടിച്ചു. സ്വർണ്ണംകൊണ്ട് രണ്ടു കാളക്കുട്ടികളെ നിർമ്മിച്ചിട്ട് അവൻ ജനത്തോടു പറഞ്ഞു: നിങ്ങൾ ജറുസലെമിലേക്കു പോകേണ്ടാ. ഇസ്രായേൽ ജനമേ, ഇതാ നിങ്ങളെ ഈജിപ്തിൽനിന്നു മോചിപ്പിച്ച ദേവന്മാർ. അവൻ അവയിൽ ഒന്നിനെ ബെഥേലിലും ഒന്നിനെ ദാനിലും പ്രതിഷ്ഠിച്ചു" (1 രാജാ 12,28 -29).

ദൈവാലയം ദേവാലയമായി അധഃപതിക്കുന്നതിന്റെ വ്യക്ത മായൊരുദാഹരണമാണിത്. ദൈവികസാന്നിധ്യം തേടിയുള്ള തീർത്ഥാടനമോ ദൈവാരാധനയോ ഒന്നുമല്ല ആലയ നിർമ്മാ താവിന്റെ ലക്ഷ്യം. മറിച്ച് രാഷ്ട്രീയ നേട്ടം. ജനം ജറുസലെമി ലേക്കുപോയാൽ സാവകാശം അവർക്കു തന്നോടുള്ള താൽപ ര്യവും വിധേയത്വവും നഷ്ടപ്പെട്ടേക്കും എന്നു ഭയന്നതുകൊ ണ്ടാണ് ജെറോബൊവാം ഇസ്രായേലിന്റെ വടക്കെ അറ്റത്ത് ദാനി ലും, ജറുസലെമിലേക്കുള്ള വഴിയിൽ തെക്കെ അറ്റത്ത് ബെഥേ ലിലും ദേവാലയങ്ങൾ നിർമ്മിച്ച് തീർത്ഥാടനങ്ങൾ സംഘടിപ്പി ച്ചത്. ജറുസലെം ദേവാലയ നിർമ്മാണത്തിന്റെ പിന്നിൽ ഇപ്ര കാരം ഒരു ലക്ഷ്യം ദാവീദിനും സോളമനും ഉണ്ടായിരുന്നതായി വി. ഗ്രന്ഥകാരൻ പറയുന്നില്ല. എങ്കിലും ഫലത്തിൽ അതുതന്നെ സംഭവിച്ചു.

സോളമൻ നിർമ്മിച്ചു പ്രതിഷ്ഠിച്ച ദേവാലയത്തിന്റെ അന്ധ കാരാവൃതമായ ഉള്ളറയിലാണ് ദൈവം വസിക്കുന്നത് എന്ന ഒരു ചിന്ത ജനമനസിൽ ശക്തിപ്പെട്ടു. ദേവാലയത്തിൽ നടന്ന ബലി യർപ്പണങ്ങളും മറ്റ് ആചാരാനുഷ്ഠാനങ്ങളും ഈ ധാരണ ബല പ്പെടുത്തി. ദൈവത്തിന്റെ സന്നിധിയിൽ എത്തണമെങ്കിൽ ദേവാ ലയത്തിൽ വന്നേ മതിയാകൂ. വരുന്നത് വെറുംകൈയോടെ ആയി രിക്കരുത്. നേർച്ച-കാഴ്ചകൾ കൊണ്ടുവരണം. കർത്താവിൽ നിന്നു സ്വീകരിക്കാൻ ആഗ്രഹിക്കുന്ന അനുഗ്രഹങ്ങൾക്കാനുപാ തികമായിരിക്കണം കൊണ്ടുവരുന്ന കാഴ്ചകൾ എന്ന ചിന്തയും പ്രബലപ്പെട്ടു. ലേവ്യരും പുരോഹിതരും ഈ വിശ്വാസത്തിന് ഇന്ധനം പകർന്നു. സാവകാശം രണ്ടു വലിയ തിന്മകൾ സംഭ വിച്ചു.

ദൈവം ദേവാലയത്തിൽ മാത്രമാണ്, തങ്ങളുടെ മധ്യത്തിൽ ഇല്ല എന്ന വിചാരമായിരുന്നു ഒന്ന്. തങ്ങൾ ചെയ്യുന്നതും തങ്ങൾക്കു സംഭവിക്കുന്നതും ഒന്നും ദൈവം കാണുന്നില്ല. ഈ വഴി പിഴച്ച ചിന്ത മതാത്മകതയും ധാർമ്മികതയും തമ്മിൽ വലി യൊരു വിടവു സൃഷ്ടിച്ചു. ഇതാണ് ഒരു തിന്മ. കൊടുക്കുന്ന കാഴ്ചകളുടെ വലുപ്പവും മൂല്യവും അനുസരിച്ചാണ് ദൈവം അനു ഗ്രഹം വർഷിക്കുക എന്നൊരു വിശ്വാസവും ശക്തിപ്പെട്ടു. ഇതാണ് രണ്ടാമത്തെ തിന്മ. അനുഷ്ഠാനങ്ങളുടെ കൃത്യതയും അർപ്പിക്കുന്ന വസ്തുക്കളുടെ ശുദ്ധിയും വിലയും ആയി മതാ

ത്മകതയുടെ ശ്രദ്ധാകേന്ദ്രം. ജീവിത നവീകരണത്തിൽ നിന്നു കർമ്മാനുഷ്ഠാനങ്ങളിലേക്കു ശ്രദ്ധമാറി.

ഈ അപചയത്തിനു തടയിടാനുള്ള ശ്രമമാണ് 15-ാം സങ്കീർത്തനത്തിൽ കാണുന്നത്. ആർക്കാണ് ദേവാലയത്തിലേക്കു വരാൻ അർഹത, ദൈവിക സാന്നിധ്യം അനുഭവിക്കാൻ എന്തു ചെയ്യണം എന്ന് തീർത്ഥാടകരെ ഉദ്ബോധിപ്പിക്കുന്ന ഈ സങ്കീർത്തനം 11 കാര്യങ്ങൾ അക്കമിട്ട് അവതരിപ്പിക്കുന്നുണ്ടിവിടെ. 1. നിഷ്കളങ്കനായി ജീവിക്കുക. 2. നീതിമാത്രം പ്രവർത്തിക്കുക. 3. സത്യം മാത്രം പറയുക. 4. പരദൂഷണം അരുത്. 5. സ്നേഹിതനെ ദ്രോഹിക്കാതിരിക്കുക. 6. അയൽക്കാരനെതിരേ അപവാദം പരത്താതിരിക്കുക. 7. ദുഷ്ടനിൽ നിന്ന് അകന്നു നിൽക്കുക. 8. ദൈവഭക്തരെ ആദരിക്കുക. 9. നഷ്ടം സഹിച്ചും വാക്കു പാലിക്കുക. 10. കടത്തിനു പലിശ ഈടാക്കാതിരിക്കുക. 11. കൈക്കൂലി വാങ്ങാതിരിക്കുക. ഇപ്രകാരം ജീവിക്കുന്നവർ മാത്രമേ ദേവാലയ പരിസരത്തുപോലും വരാവൂ എന്ന പ്രബോധനം ശക്തവും വ്യക്തവുമായിരുന്നു. എന്നാൽ ഇതൊന്നും ലക്ഷ്യം വച്ച ഫലം കണ്ടില്ല. അന്തഃസത്ത അറ്റുപോയ അനുഷ്ഠാനങ്ങൾപോലെ, ഇപ്രകാരമുള്ള കീർത്തനങ്ങളും പാടി ആഘോഷിക്കാനുള്ള ഗീതങ്ങൾ മാത്രമായിത്തീർന്നു. ഈ സാഹചര്യത്തിലാണ് മായം ചേർക്കാത്ത ദൈവവചനവുമായി ശക്തരായ പ്രവാചകന്മാർ രംഗപ്രവേശം ചെയ്തത്.

# 04

## ദൈവാലയം പ്രവാചക വീക്ഷണത്തിൽ

ദേവാലയത്തെക്കുറിച്ച് രണ്ടു വ്യത്യസ്ത വീക്ഷണങ്ങൾ പ്രവാചകന്മാരുടേതായി ബൈബിൾ അവതരിപ്പിക്കുന്നുണ്ട്. രണ്ടും പരസ്പര വിരുദ്ധം എന്നതിനേക്കാൾ പരസ്പരപൂരകങ്ങളായി കരുതണം. ദൈവം ആഗ്രഹിച്ചതും അനുവദിച്ചതും ആശീർവ്വദിച്ചതുമാണ് ജറുസലെം ദേവാലയം എന്നതാണ് ആദ്യത്തെ കാഴ്ചപ്പാട്. നാഥാൻ വഴി ദൈവം അറിയിച്ചു; സോളമന് രണ്ടുതവണ അനുഗ്രഹവും നിർദ്ദേശങ്ങളും താക്കീതുകളും ദൈവം തന്നെ നേരിട്ടു നൽകുകയും ചെയ്തു. ഈ കാഴ്ചപ്പാടനുസരിച്ച് ജറുസലെം ദേവാലയത്തിൽ ദൈവികസാന്നിധ്യം പ്രകടമാകുന്നു. വിശുദ്ധിയുടെ പ്രവാചകനെന്നും പ്രവാചകപ്രമുഖൻ എന്നും അറിയപ്പെടുന്ന ഏശയ്യാ തനിക്കു ലഭിച്ച ദൈവവിളിയെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ ഈ കാഴ്ചപ്പാട് ഏറ്റം വ്യക്തമാകുന്നു.

“ഉസിയാ മരിച്ചവർഷം കർത്താവ് ഉന്നതമായ ഒരു സിംഹാസനത്തിൽ ഉപവിഷ്ഠനായിരിക്കുന്നത് ഞാൻ കണ്ടു. അവിടുത്തെ വസ്ത്രാഞ്ചലം ദേവാലയം മുഴുവൻ നിറഞ്ഞുനിന്നു. അവിടുത്തെ ചുറ്റും സെറാഫുകൾ നിന്നിരുന്നു. അവർ പരസ്പരം ഉദ്ഘോഷിച്ചുകൊണ്ടിരുന്നു. പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ... ദേവാലയം ധൂമപൂരിതമാവുകയും ചെയ്തു” (ഏശ 6,1-4). ജറുസലെം ദേവാലയത്തിൽ വച്ചുണ്ടായ ഒരു ദൈവികാനുഭൂതിയാണ് പ്രവാചൻ പ്രതീകങ്ങളുടെ ഭാഷയിൽ അവതരിപ്പിക്കുന്നത്. സംശയമില്ല, ദൈവികസാന്നിധ്യം ജറുസലെം ദേവാലയത്തിൽ നിറഞ്ഞുനിൽക്കുന്നു. സോളമൻ പ്രതിഷ്ഠിച്ചപ്പോൾ ദേവാലയത്തിൽ നിറഞ്ഞ മേഘം നൽകിയ സന്ദേശവും ഇതുതന്നെ.

എന്നാൽ ഇതിൽനിന്നു തികച്ചും വ്യത്യസ്തമായൊരു കാഴ്ച പ്പാടാണ് മിക്കവാറും എല്ലാ പ്രവാചകന്മാരുടെയും പ്രഘോഷ ണങ്ങളിൽ കാണുന്നത്. ദേവാലയത്തിനും അതിൽ അർപ്പിക്ക പ്പെടുന്ന ബലിയർപ്പണങ്ങൾക്കും അവിടെ ഉയരുന്ന പ്രാർത്ഥന -ഗാനങ്ങൾക്കുമല്ല, ഉടമ്പടിയുടെ നിയമങ്ങൾ അനുസരിച്ചുള്ള ജീവിതത്തിനാണ് പ്രമുഖസ്ഥാനം നൽകേണ്ടത്. നീതിനിഷ്ഠമായ ജീവിതത്തിന്റെ പിൻബലമില്ലെങ്കിൽ ദേവാലയവും അതിലെ അനുഷ്ഠാനങ്ങളും എല്ലാം വ്യർത്ഥമായിത്തീരുന്നു. മാത്രമല്ല, ആ അനുഷ്ഠാനങ്ങൾ തന്നെ ദൈവത്തെ ആരാധിക്കുന്നതിനുപകരം അവഹേളിക്കലായി പരിണമിക്കുന്നു. ഈ ഒരു കാഴ്ചപ്പാടാണ് പൊതുവേ പ്രവാചകഗ്രന്ഥങ്ങളിൽ പ്രതിഫലിക്കുന്നത്.

ആദ്യം സൂചിപ്പിച്ചതുപോലെ ഈ രണ്ടു കാഴ്ചപ്പാടുകൾ പര സ്പര വിരുദ്ധമാണെന്ന് കരുതേണ്ടതില്ല. നീതിപൂർവ്വകവും, പര സ്പരസ്നേഹത്തിലും ദൈവഭക്തിയിലും അടിയുറച്ചതുമായ ഒരു ജീവിതം നയിക്കാൻ സഹായിക്കുകയും, അപ്രകാരം ഒരു ജീവി തത്തിന്റെ ബാഹ്യപ്രകടനമാവുകയും ചെയ്യുന്നിടത്തോളം കാലം ദേവാലയത്തിനു പ്രസക്തിയുണ്ട്. തീർത്ഥാടനത്തിനും ദേവാല യത്തിലെ ഭക്താനുഷ്ഠാനങ്ങൾക്കും പ്രാധാന്യവുമുണ്ട്. എന്നാൽ ജീവിതവും ഭക്തിയും തമ്മിൽ വഴിപിരിയുന്നിടത്ത് ദേവാലയ ത്തിന്റെ പ്രസക്തി നഷ്ടപ്പെടുന്നു. സ്വന്തം പേരിൽ പുസ്തക മുള്ള 16 പ്രവാചകന്മാരിൽ അധികപങ്കും ഈ കാഴ്ചപ്പാടാണ് അവതരിപ്പിക്കുന്നത്. പ്രവാചകഗ്രന്ഥങ്ങളിൽ പ്രകടമാകുന്ന ദേവാ ലയത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് ചുരുക്കമായി അപഗ്രഥിക്കാ നാണ് അടുത്തതായി ശ്രമിക്കുന്നത്.

**ആമോസ്**

ബി.സി. 760-ൽ, വടക്കൻ രാജ്യമായ ഇസ്രായേലിൽ പ്രവാ ചകവൃത്തി അനുഷ്ഠിച്ച, തെക്കോവായിൽ നിന്നുള്ള ഒരു ആട്ടി ടയനായിരുന്നു ആമോസ്. ജെറൊബൊവാം രണ്ടാമന്റെ കാലത്ത്, ഏതാനും ആഴ്ചകൾ മാത്രം ദീർഘിച്ച ആ പ്രവാചകശബ്ദം ദേവാലയത്തെക്കുറിച്ച് സുപ്രധാനമായ ചില ഉൾക്കാഴ്ചകൾ നൽകുന്നുണ്ട്.

ജനം ജറുസലെമിലേക്കു പോകുന്നതു തടയാൻവേണ്ടിയാണ് ജെറൊബൊവാം ഒന്നാമൻ ബെഥേലിലും ദാനിലും രണ്ടു ദേവാ ലയങ്ങൾ നിർമ്മിച്ച്, ബലിയർപ്പണം ആരംഭിച്ചത്. ആ രണ്ടു സ്ഥല

ങ്ങളും തീർത്ഥാടനകേന്ദ്രങ്ങളായി മാറി. അതിനു പുറമേ ഗിൽഗാലിലും ആരാധനകേന്ദ്രമുണ്ടായിരുന്നു. എന്നാൽ ഈ തീർത്ഥാടനങ്ങളും ബലിയർപ്പണങ്ങളും ഉത്സവാഘോഷങ്ങളും ഒന്നും ദൈവപ്രീതി നേടാൻ സഹായകമാവില്ല എന്ന് ആമോസ് ഉച്ചസ്വരത്തിൽ വിളിച്ചു പറഞ്ഞു: "ബെഥേലിൽ ചെന്ന് അകൃത്യം ചെയ്യുവിൻ. ഗിൽഗാലിൽ ചെന്ന് കഴിയുന്നത്ര അകൃത്യങ്ങൾ ചെയ്യുവിൻ... സ്വാഭീഷ്ഠകാഴ്ചകൾ കൊട്ടിഘോഷിക്കുവിൻ. ഇസ്രായേൽ ജനമേ, അതാണ് നിങ്ങൾക്കിഷ്ടം" (ആമോ 4,4).

അതിരുകളെ ലംഘിക്കുക എന്നർത്ഥമുള്ള "പാഷാ" എന്ന ഹീബ്രു വാക്കാണ് "അകൃത്യം ചെയ്യുവിൻ" എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. ഇതു ക്രിയാരൂപമാണ്. ഇതിന്റെ നാമരൂപം "പെഷാ", പാപം എന്നു വിവർത്തനം ചെയ്യുന്നു. പാപത്തിന്റെ ഒരു ഭാവമാണിത്. ദൈവകല്പനകളെ മനഃപൂർവ്വം മറികടക്കുക, അല്ലെങ്കിൽ ലംഘിക്കുക. ദേവാലയത്തിലേക്കു പോകുന്നതും ബലിയർപ്പിക്കുന്നതും അർപ്പണത്തിൽ പങ്കുചേരുന്നതുമെല്ലാം ദൈവകല്പനയുടെ ലംഘനവും അതിനാൽത്തന്നെ കഠിനപാപവുമായി ആമോസ് കാണുന്നു.

ദൈവഹിതം എന്തെന്ന് അന്വേഷിക്കാതെ, കല്പനകളിലൂടെ നൽകപ്പെട്ട ദൈവഹിതം അനുസരിക്കാതെ, അനുഷ്ഠാനങ്ങൾ വഴി ദൈവപ്രീതി നേടാം എന്ന ചിന്ത തികഞ്ഞ ഭോഷത്തമാണെന്ന് ആമോസ് വ്യക്തമായി പഠിപ്പിച്ചു: "നിങ്ങളുടെ ഉത്സവങ്ങളോട് എനിക്കു വെറുപ്പാണ്, അവജ്ഞയാണ്. നിങ്ങളുടെ മഹാസമ്മേളനങ്ങളിൽ എനിക്ക് പ്രസാദമില്ല... നിങ്ങളുടെ ഗാനങ്ങൾ എനിക്കു കേൾക്കേണ്ടാ. നിങ്ങളുടെ വീണാനാദം ഞാൻ ശ്രദ്ധിക്കുകയില്ല" (ആമോ 5,21-23). കഠിനമായ പദങ്ങളാണ് പ്രവാചകൻ ഉപയോഗിക്കുന്നത്. എനിക്കു വെറുപ്പാണ്, അവജ്ഞയാണ്, ഞാൻ ശ്രദ്ധിക്കുകയില്ല, എനിക്കു കേൾക്കേണ്ടാ. തീർത്ഥാടകരെ നിരാശർ മാത്രമല്ല ഭയചകിതരുമാക്കുന്ന വാക്കുകൾ. ദേവാലയത്തിലേക്കു വരുന്നതു തന്നെ പാപമാണെന്നു പറഞ്ഞതിന്റെ പിന്നാലെയാണ് ഈ താക്കീതുകൾ.

ഇതല്ലെങ്കിൽ പിന്നെ എന്താണ് ദൈവം ആഗ്രഹിക്കുന്നത്? വളരെ വ്യക്തമായ ഉത്തരം പ്രവാചകനുണ്ട്: "നീതി ജലം പോലെ ഒഴുകട്ടെ. സത്യം ഒരിക്കലും വറ്റാത്ത നീർച്ചാൽ പോലെയും" (ആമോ 5,24). ഈ വിവർത്തനം മൂലഭാഷയിലെ ശക്തിയും

ഊന്നലും വേണ്ടത്ര വെളിപ്പെടുന്നില്ല. “മിഷ്പാത്ത്” എന്ന ഹീബ്രു വാക്കാണ് നീതി എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. നിഷേധിക്കപ്പെടുന്ന നീതി കോടതിയിലൂടെ നടപ്പിലാക്കുന്നതിനെയാണ് ഇത് സൂചിപ്പിക്കുക. ഇതിനെ “ന്യായവിധി” എന്നു വിശേഷിപ്പിക്കുന്നതാവും അർത്ഥം കൂടുതൽ വ്യക്തമാക്കുക. “സ്ദാഖാ” എന്ന പദമാണ് “സത്യം” എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. എന്നാൽ നിയമാനുസൃതമുള്ള ഒരു ജീവിതത്തിലൂടെ സമൂഹത്തിൽ സംജാതമാകുന്ന നീതിയാണ് ഇവിടെ വിവക്ഷിക്കുന്നത്. “ജലം പോലെ ഒഴുകട്ടെ, വറ്റാത്ത നീർച്ചാൽ പോലെയും” എന്ന വിവർത്തനവും പൂർണ്ണമല്ല. സകല പ്രതിബന്ധങ്ങളെയും തകർത്തു മുന്നേറുന്ന മലവെള്ളപ്പാച്ചിൽ പോലെ, അഥവാ പ്രളയജലം പോലെ ആയിരിക്കണം നീതിനിർവ്വഹണം. ഇത് ഒരിക്കൽ മാത്രം സംഭവിച്ചാൽ പോരാ, നിരന്തരം ഒഴുകുന്ന, ഒരു പ്രതിബന്ധത്തെയും നിലനിർത്താൻ അനുവദിക്കാത്ത, ഒരു നിരന്തര പ്രവാഹമായിരിക്കണം നീതി നിർവ്വഹണം. ഇതില്ലാത്ത ദേവാലയവും ബലിയർപ്പണവും എല്ലാം അർത്ഥശൂന്യമാകുന്നു; പോരാ അപകടകരമായി മാറുന്നു.

ഇപ്രകാരം നീതിരഹിതമായ ജീവിതത്തിന് അംഗീകാരവും പ്രോത്സാഹനവും നൽകുന്ന ദേവാലയം ദൈവം തന്നെ തല്ലിത്തകർക്കും എന്നു പ്രവാചകൻ താക്കീതു നൽകുന്നു. “ബലിപീഠത്തിനരികെ കർത്താവു നിൽക്കുന്നതു ഞാൻ കണ്ടു. അവിടുന്ന് അരുളിച്ചെയ്തു. പൂമുഖം കുലുങ്ങുമാറ് പോതികയെ ഊക്കോടെ അടക്കുക. എല്ലാവരുടെയും തലയിൽ അതു തകർന്നുവീഴട്ടെ. അവശേഷിക്കുന്നവരെ ഞാൻ വാളിന് ഇരയാക്കും. ഒരുവനും ഓടിയൊളിക്കുകയില്ല...” (ആമോ 9,1-3). നീതിനിഷ്ഠമായ ജീവിതം നയിക്കാതെ, ദേവാലയത്തിലെ ആചാരാനുഷ്ഠാനങ്ങളിൽ പങ്കെടുത്തു രക്ഷ നേടാം എന്ന ചിന്തതന്നെ ആപൽക്കരമാണ്.

അനുഗ്രഹം തേടിവരുന്നവരുടെ മേൽ ദൈവം തന്നെ ദേവാലയം തല്ലിത്തകർത്ത് വധിക്കും. താഴികക്കുടം അടിച്ചുടയ്ക്കുമ്പോൾ ദേവാലയം സമൂലം നിലം പതിക്കും; ഉള്ളിലുള്ളവർ ചതഞ്ഞരയും. ഇനി പുറത്തിറങ്ങി ഓടി രക്ഷപ്പെടാം എന്നു കരുതിയാലും ദൈവം സമ്മതിക്കുകയില്ല. ഇത്ര വലിയൊരു പാപമാണോ ദേവാലയത്തിൽ പോകുന്നത് എന്ന് ആരും ചോദിച്ചു

പോകും. എന്നാൽ പ്രവാചകവീക്ഷണത്തിൽ സംശയമില്ല. പ്രമാണങ്ങൾ അനുസരിക്കാതെ ഭക്തിമാർഗ്ഗം തേടിപ്പോകുന്നത് രക്ഷണീയമാവില്ല; മറിച്ച് കഠിനമായ ശിക്ഷയാകും വിളിച്ചു വരുത്തുന്നത്. എക്കാലത്തും പ്രസക്തവും അതീവ ശ്രദ്ധയർഹിക്കുന്നതുമാണ് ആമോസിലൂടെ നൽകുന്ന താക്കീത്.

**ഹോസിയാ**

ആമോസിന്റെ പ്രവർത്തനങ്ങൾ അധികനാൾ ദീർഘിച്ചില്ല. ബെഥേലിലെ പ്രവചനങ്ങൾ ശക്തമായ എതിർപ്പിനു കാരണമായി (ആമോ 7,10-13). പുരോഹിത പ്രമുഖന്റെ വിലക്ക് രാജാവ് നടപ്പിലാക്കി. ആമോസിനെ ബെഥേലിൽ പ്രസംഗിക്കുന്നതിൽ നിന്നു മുടക്കുക മാത്രമല്ല, കൊന്നു കളഞ്ഞു എന്നു ഒരു യഹൂദ പാരമ്പര്യമുണ്ട്. നീതിക്കുവേണ്ടിയുള്ള സിംഹഗർജ്ജനം പക്ഷേ നിലച്ചില്ല. പിന്നാലെവന്ന ഹോസിയാ അതേറ്റുവാങ്ങി.

ആമോസിനുപിന്നാലെ, ഏകദേശം പത്തുവർഷങ്ങൾക്കു ശേഷമാണ് ഹോസിയാ പ്രവാചകൻ രംഗപ്രവേശം ചെയ്തത് (ബി.സി. 750-720). അതും വടക്കൻ രാജ്യമായ ഇസ്രായേലിൽ ത്തന്നെ. ദൈവസ്നേഹത്തിന്റെ പ്രവാചകൻ എന്നറിയപ്പെടുന്ന ഹോസിയാ ഒരു പുരോഹിതനായിരുന്നു എന്നാണ് ബൈബിൾ വ്യാഖ്യാതാക്കളുടെ പൊതു അഭിപ്രായം. എന്നാൽ പുരോഹിതന്മാർക്കും അവരുടെ അനുഷ്ഠാനങ്ങൾക്കും എതിരേ ഇത്ര ശക്തമായി പ്രതികരിച്ച പ്രവാചകന്മാർ മറ്റധികമില്ല.

ദേവാലയവും ആരാധനാനുഷ്ഠാനങ്ങളും എല്ലാം ജനത്തെ ദൈവസ്നേഹത്തിലേക്കും പരസ്പരസ്നേഹത്തിലേക്കും, അതിനടിസ്ഥാനമായ പ്രമാണങ്ങൾ അനുസരിച്ചുള്ള നീതിനിഷ്ഠമായ ജീവിതത്തിലേക്കും നയിക്കണം. ദേവാലയത്തിൽ ശുശ്രൂഷകൾ നടത്തുന്ന പുരോഹിതന്മാരുടെ മുഖ്യ ദൗത്യം ഇതായിരുന്നു. ജനത്തെ ദൈവത്തിനു സ്വീകാര്യമായൊരു കാഴ്ചയായി സമർപ്പിക്കുക, അതിനായി ഒരുക്കുക. ജനം പ്രമാണങ്ങൾ അറിയണം, അനുസരിക്കണം. അതിനു പുരോഹിതൻ ജനത്തെ സഹായിക്കണം. എന്നാൽ ഇതല്ല സംഭവിച്ചത് എന്നു ഹോസിയായിലൂടെ ദൈവം വിളിച്ചു പറയുന്നു.

"ഇസ്രായേൽ ജനമേ, കർത്താവിന്റെ വാക്കു കേൾക്കുക. ദേശവാസികൾക്കെതിരേ അവിടുത്തേക്ക് ഒരാരോപണമുണ്ട്. ഇവിടെ വിശ്വസ്തതയോ സ്നേഹമോ ഇല്ല. ദൈവവിചാരം ദേശത്ത് അറ്റു

പോയിരിക്കുന്നു... ഒന്നിനു പിറകേ ഒന്നായി കൊലപാതകം നടക്കുന്നു. അതിനാൽ ദേശം വിലപിക്കുന്നു..." (ഹോസി 4,1-3). ദേവാലയങ്ങളുടെ അഭാവമോ, മോടിയില്ലായ്മയോ, അനുഷ്ഠാനങ്ങളുടെ കുറവോ ഒന്നുമല്ല ഇവിടെ വിമർശനവിഷയം. മറിച്ച് ദൈവകല്പനകൾ ഒന്നൊഴിയാതെ എല്ലാം ലംഘിക്കപ്പെടുന്നു. അതിനാൽ ദേശം വിലപിക്കുന്നു. പ്രകൃതിപോലും വരൾച്ചയും പ്രളയവും ഭൂമികുലുക്കവും പോലുള്ള പ്രതിഭാസങ്ങളിലൂടെ പ്രതിഷേധം അറിയിക്കുന്നു.

ആരാണിതിനെല്ലാം ഉത്തരവാദി? സമൂഹത്തിൽ അനീതിയും അക്രമവും അരങ്ങേറുന്നതിനു മുഖ്യ കാരണമായി എടുത്തു കാട്ടുന്നത് ദേശത്ത് ദൈവവിചാരം അറ്റുപോയതാണ്. ആർഭാടപൂർണ്ണമായ തീർത്ഥാടനങ്ങളും ഉത്സവാഘോഷങ്ങളും ബലിയർപ്പണങ്ങളും അരങ്ങേറുമ്പോഴും ദൈവവിചാരമില്ല എന്ന പ്രവാചക വീക്ഷണം അതീവഗുരുതരമാണ്. എന്താണ് ദൈവവിചാരം? ഈ ചോദ്യത്തിനുത്തരം കിട്ടണമെങ്കിൽ ആരാണ് ദൈവം എന്ന ചോദ്യത്തിന് മറുപടി നൽകണം. ബൈബിളിന്റെ കാഴ്ചപ്പാടിൽ സംശയമില്ല. "ദാസ്യഭവനമായ ഈജിപ്തിൽ നിന്നു നിന്നെ പുറത്തു കൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്" (പുറ 20,1). രക്തത്തിന്റെ നിലവിളി കേൾക്കുന്നവൻ, അടിമകളുടെ രോദനത്തിനു കാതോർക്കുന്നവൻ, വിമോചകൻ. കരുത്തുറ്റ കരം നീട്ടി തന്റെ ശക്തി പ്രകടമാക്കി, അടിമകളെ വിമോചിപ്പിച്ച്, അവർക്കു സ്വന്തമായി, സ്വതന്ത്രരായി, സന്തുഷ്ടരായി, പാർക്കാൻ ഇടം ഒരുക്കുന്നവൻ. അതാണ് ഇസ്രായേൽ ജനം അടുത്തറിഞ്ഞ ദൈവം. ആ ദൈവത്തെ അറിയണമെങ്കിൽ അവിടുത്തെ ഹിതം അറിയണം, പ്രമാണങ്ങളിലൂടെ വെളിപ്പെടുത്തപ്പെട്ട തിരുഹിതം അനുസരിച്ചു ജീവിക്കണം. അതിനു സഹായിക്കുന്നതാവണം ദേവാലയവും പുരോഹിതരും മതാനുഷ്ഠാനങ്ങളും. എന്നാൽ അതുണ്ടായില്ല. ആരാണ് കുറ്റക്കാർ?

"ആരും തർക്കിക്കേണ്ടാ, കുറ്റപ്പെടുത്തുകയും വേണ്ടാ, പുരോഹിതാ നിനക്കെതിരേയാണ് എന്റെ ആരോപണം... അജ്ഞത നിമിത്തം എന്റെ ജനം നശിക്കുന്നു. നീ വിജ്ഞാനം തിരസ്കരിച്ചതുകൊണ്ട് എന്റെ പുരോഹിതനായിരിക്കുന്നതിൽനിന്ന് നിന്നെ ഞാൻ തിരസ്കരിക്കുന്നു" (ഹോസി 4,4-6). ദൈവത്തെ അറിയുന്നതാണ് യഥാർത്ഥജ്ഞാനം. അത് ജനത്തിന് നൽകുക എന്നതാണ് പുരോഹിതന്റെ മുഖ്യ ദൗത്യം. എന്നാൽ ഭൗതികതയിൽ

വേരൂന്നി, സ്വാർത്ഥലാഭത്തേയും സുഖഭോഗാദികളെയും ഉന്നം വച്ച പുരോഹിതർ അക്രമരാഷ്ട്രീയത്തിന് ചൂട്ടുപിടിച്ചു. നാട്ടിൽ അനീതിയും അക്രമവും സകല അതിരുകളും ലംഘിച്ച് താണ്ഡവമാടിയപ്പോൾ ദൈവവും അവിടുത്തെ പ്രമാണങ്ങളും വിസ്മരിക്കപ്പെട്ടു. അപ്പോഴും തീർത്ഥാടനങ്ങൾക്കും ഉത്സവാഘോഷങ്ങൾക്കും ഒരു കുറവും വന്നില്ല; വർദ്ധിച്ചതേയുള്ളൂ. ആ ആചാരങ്ങളും ചടങ്ങുകളുംതന്നെ ജനത്തെ ചൂഷണം ചെയ്യാനുള്ള ഉപാധിയായി മാറി.

"പുരോഹിതന്മാരേ, കേൾക്കുക. ഇസ്രായേൽ ഭവനമേ ശ്രദ്ധിക്കുക. രാജകുടുംബമേ ശ്രവിക്കുക. നിങ്ങളുടെ മേൽ വിധി പ്രസ്താവിച്ചു കഴിഞ്ഞിരിക്കുന്നു" (ഹോസി 5,1). സമൂഹത്തിൽ നടമാടുന്ന സകല തിന്മകൾക്കും മുഖ്യ കാരണമായി ഹോസിയാ എടുത്തു കാട്ടുന്നത് ദൈവത്തെ മറന്ന ഭൗതികതയാണ്. "ദുഷ്ടകർമ്മികളുടെ നഗരമാണ് ഗിലയാദ്. അവിടെ രക്തം ഒഴുകിയ ചാലുകൾ കാണാം. പതിയിരിക്കുന്ന കവർച്ചക്കാരെപ്പോലെ പുരോഹിതർ സംഘം ചേർന്നിരിക്കുന്നു. ഷെക്കെമിലേക്കുള്ള വഴിയിൽ അവർ കൊല നടത്തുന്നു" (ഹോസി 6,8-9). അക്ഷരാർത്ഥത്തിൽ പുരോഹിതർ സംഘം ചേർന്ന് ആളുകളെ വധിച്ചു എന്ന് ഇതർത്ഥമാകണമെന്നില്ല. കഠിനമായ ചൂഷണം, വഴിതെറ്റിയ മതാത്മകതയുടെ പ്രചരണം, അതുവഴി ജനത്തിനുണ്ടാകുന്ന നഷ്ടം, ഇതിന്റെ പ്രചാരകർക്കു ലഭിക്കുന്ന നേട്ടം-ഇതൊക്കെയാവാം പ്രവാചകൻ എടുത്തു കാട്ടാൻ ശ്രമിക്കുന്നത്.

താൽക്കാലികമായ മാനസാന്തരവും ആഴമില്ലാത്ത ജീവിത നവീകരണവും പോരാ. പ്രഭാതത്തിൽ മാഞ്ഞുപോകുന്ന മഞ്ഞുതുള്ളിപോലെയാണ് ഈ മാനസാന്തരം. അതല്ല ആവശ്യം. "ബലിയല്ല, സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്. ദഹനബലികളല്ല, ദൈവജ്ഞാനമാണ് എനിക്കിഷ്ടം" (ഹോസി 6,6) എന്ന പ്രഖ്യാപനം ദേവാലയം-ബലിയർപ്പണം-ജനജീവിതം എന്നിവയെ സംബന്ധിച്ച അടിസ്ഥാനപരമായ ബോധ്യം നൽകുന്നതാണ്. "ഹെസെദ്" എന്ന ഹീബ്രു വാക്കാണ് സ്നേഹം എന്നു വിവർത്തനം ചെയ്യുന്നത്. ഇതിനെ സ്ഥിരസ്നേഹം, അചഞ്ചല സ്നേഹം, അറുതിയില്ലാത്ത, ഒരിക്കലും കുറവു വരാത്ത, സ്വാർത്ഥത അല്പംപോലും ഇല്ലാത്ത, ദൈവം സ്നേഹിക്കുന്നതുപോലുള്ള സ്നേഹമാണ് ഈ വാക്ക് അർത്ഥമാക്കുന്നത്.

ദൈവത്തെ അറിയുന്നതാണ് ദഹനബലികളെക്കാൾ പ്രധാനം എന്നു പറയുമ്പോൾ ദൈവപ്രമാണം അനുസരിച്ചുള്ള ജീവിതത്തിന് ഊന്നൽ നൽകുന്നു. കേട്ടറിവോ, ഭൗതികതലത്തിൽ ഒതുങ്ങിനിൽക്കുന്ന അറിവോ അല്ല, അനുസരണത്തിലൂടെ യുണ്ടാകുന്ന അനുഭവജ്ഞാനമാണ് ദൈവം ആഗ്രഹിക്കുന്നത്. പ്രവൃത്തികൂടാതെ, ദൈവം ആവശ്യപ്പെടുന്നത് ചെയ്യാതെ, അവി ടുന്നു കാട്ടിത്തരുന്ന വഴിയിലൂടെ നടക്കാതെ, ദൈവത്തെ അറി യാനാവില്ല. എല്ലാ ഭക്താനുഷ്ഠാനങ്ങളും ഇതിനു സഹായകമാ കണം. പക്ഷേ അതുണ്ടായില്ല. അതിനാൽ ദൈവം പ്രവാചകനി ലൂടെ വിളംബരം ചെയ്യുന്നത് സർവ്വനാശമാണ്.

"കാഹളം അധരങ്ങളോടടുപ്പിക്കുവിൻ. കർത്താവിന്റെ ആല യത്തിനു മുകളിൽ കഴുകൻ പ്രത്യക്ഷപ്പെട്ടിരിക്കുന്നു" (ഹോസി 8,1). ശവം ഉള്ളിടത്താണ് കഴുകൻ വരുക. അതിനാൽ ദേവാ ലയം തകരും, ഉള്ളിൽ ഉള്ളവരെല്ലാം ജീവൻ വെടിയും, കഴു കനു തിന്നാൻ ശവമായിത്തീരും എന്ന വചനം ഭയാനകമാണ്. ഒഴിവാക്കാമായിരുന്ന ഒരു ദുരന്തം. പക്ഷേ ജനമനസ്സിൽ യഥാർത്ഥ മാറ്റമുണ്ടായില്ല. പുരോഹിതർ അതിനു സഹായിച്ചില്ല. "എഫ്രേം പാപത്തിനായി ബലിപീഠങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചു. അത് അവനു പാപം ചെയ്യാനുള്ള പീഠങ്ങളായി" (ഹോസി 2,11).

അവസാനം അതു സംഭവിച്ചു. ബി.സി. 724-ൽ അസീറിയൻ സൈന്യം കടന്നാക്രമിച്ചു. ഈജിപ്ത് സഹായത്തിനെത്തിയില്ല. ഒന്നരവർഷത്തെ ഉപരോധത്തിനുശേഷം തലസ്ഥാനനഗരമായ സമറിയാ വീണു. ജനം തടവുകാരായി; അടിമകളായി. ഇസ്രാ യേലിലെ പത്തു ഗോത്രങ്ങൾ എന്നേക്കുമായി അപ്രത്യക്ഷമായി. പ്രവാചകരിലൂടെ ദൈവം നൽകിയ താക്കീതുകൾക്കു കാതോർ ക്കാതെ, ബാഹ്യമായ ആഘോഷങ്ങളിൽ മാത്രം ശ്രദ്ധ ചെലു ത്തിയവർക്ക്, പ്രവാചകന്മാർ മുൻകൂട്ടി അറിയിച്ച ദുരന്തങ്ങൾ നൂറിരട്ടി ഭീകരതയോടെ അനുഭവിക്കേണ്ടിവന്നു.

ഇത് ബി.സി. എട്ടാം നൂറ്റാണ്ടിലെ ഇസ്രായേലിനു സംഭവിച്ച ഒരു ദുരന്തം മാത്രമല്ല. ഏ.ഡി. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമുക്കും സംഭവിക്കാവുന്ന നാശമാണെന്ന കാര്യം മറക്കാതിരിക്കാം. ആമോസും ഹോസിയായും കണ്ടതിനേക്കാൾ പതിന്മടങ്ങ് രൂക്ഷമായ അടയാളങ്ങൾ കൺമുന്നിലുണ്ട്. നീതി മാർഗ്ഗവും ഭക്തിമാർഗ്ഗവും തമ്മിൽ വിടവു വർദ്ധിക്കുന്നു; ദേവാ

ലയങ്ങൾക്കു മോടിയും ഗോപുരങ്ങൾക്ക് ഉയരവും ഉത്സവാഘോഷങ്ങൾക്ക് ആർഭാടവും വർദ്ധിപ്പിക്കുന്നതിൽ നേതൃത്വം ശ്രദ്ധ വയ്ക്കുമ്പോൾ അനീതിയും അക്രമവും അരങ്ങേറുന്നത് കാണാതെ പോകുന്നു.

**മിക്കാ**

ആമോസും ഹോസിയായും വടക്കൻ രാജ്യമായ ഇസ്രായേലിലാണ് പ്രവർത്തിച്ചത്. അവരുടെ പ്രസംഗങ്ങൾ അധികപങ്കും ആ രാജ്യത്തു നിലനിന്ന സാഹചര്യത്തെയാണ് അഭിസംബോധന ചെയ്യുന്നത്. ജെറൊബൊവാം പണിതു പ്രതിഷ്ഠിച്ച ദേവാലയങ്ങൾക്കും അവിടെ നടമാടിയ വിഗ്രഹാരാധനയ്ക്കും എതിരേയാണ് അവർ പ്രസംഗിച്ചത് എന്നു പറയാനാവും; അതിനാൽ ദൈവം അംഗീകരിച്ച ജറുസലെം ദേവാലയത്തെയും അവിടുത്തെ അനുഷ്ഠാനങ്ങളെയും സംബന്ധിച്ച് ഇതു ബാധകമല്ല എന്നും വാദിക്കാം. എന്നാൽ യൂദായെ അഭിസംബോധന ചെയ്ത, യൂദായിൽനിന്നു തന്നെയുള്ള പ്രവാചകന്മാരുടെയും സന്ദേശം ഒട്ടും വിഭിന്നമല്ല. അതിലേക്കാണ് നാം അടുത്തതായി ശ്രദ്ധ തിരിക്കുന്നത്.

ഹോസിയായുടെ സമകാലികനായിരുന്നു യൂദായിൽ പ്രസംഗിച്ച മിക്കാ. ജറുസലെമിന് തെക്കു പടിഞ്ഞാറ്, മൊറേഷെത്തിൽ നിന്നു വന്ന ഒരു ഗ്രാമീണ കർഷകനായിരുന്നു മിക്കാ എന്ന് അദ്ദേഹത്തിന്റെ പ്രസംഗശൈലിയും പ്രമേയങ്ങളും ആഴത്തിൽ അപഗ്രഥിച്ച വ്യാഖ്യാതാക്കൾ കരുതുന്നു. സാധാരണ ജനം, പ്രത്യേകിച്ചും കർഷകർ, നേരിട്ട വലിയ ദാരിദ്ര്യവും അതിനു മുഖ്യ കാരണമായ ചൂഷണവും അനുഭവിച്ചറിഞ്ഞ ഒരു വ്യക്തിയാണ് മിക്കാ എന്ന് അദ്ദേഹത്തിന്റെ വാക്കുകളിൽനിന്ന് അനുമാനിക്കാൻ കഴിയും. രാഷ്ട്രീയാധികാരികളോടു കൂട്ടുചേർന്ന സമ്പന്ന വിഭാഗം സാധാരണ ജനത്തിനെതിരേ നടത്തിയ ചൂഷണവും അക്രമവും ഒട്ടും മയപ്പെടുത്താതെ, കർഷകന്റേതായ പരുക്കൻ ഭാഷയിൽ അവതരിപ്പിക്കുന്നു.

"കിടക്കയിൽവച്ചു തിന്മ നിരൂപിക്കുകയും ദുരുപായങ്ങൾ ആലോചിക്കുകയും ചെയ്യുന്നവർക്കു ദുരിതം! കയ്യൂക്കുള്ളതിനാൽ, പുലരുമ്പോൾ അവർ അതു ചെയ്യുന്നു. അവർ വയലുകൾ മോഹിക്കുന്നു, അവ പിടിച്ചടക്കുന്നു. വീടുകൾ മോഹിക്കുന്നു; അവ സ്വന്തമാക്കുന്നു. വീട്ടുടമസ്ഥനെയും അവന്റെ കുടുംബത്തെയും,

മനുഷ്യനെയും അവന്റെ അവകാശത്തെയും അവർ പീഡിപ്പിക്കുന്നു" (മിക്കാ 2,1-2). ഈ അതിക്രമങ്ങൾ തന്നെ "ഈ ഭവനത്തിനെതിരേ" ദൈവശിക്ഷ വിളിച്ചു വരുത്തും എന്ന് പ്രവാചകൻ തുടർന്നു താക്കീതു നൽകുന്നു. "ഭവനം" എന്നത് യൂദാ ഗോത്രമാകാം; അതോടൊപ്പം തന്റെ വാസസ്ഥലമായി ദൈവം സ്വീകരിച്ച ജറുസലെം ദേവാലയവുമാകാം. ദേവാലയത്തിന്റെ നാശത്തെക്കുറിച്ച് പ്രവാചകൻ തന്നെ വ്യക്തമായ താക്കീതുകൾ നൽകുന്നുണ്ട്.

"നന്മയെ ദ്വേഷിക്കുകയും തിന്മയെ സ്നേഹിക്കുകയും ചെയ്യുന്ന നിങ്ങൾ എന്റെ ജനത്തിന്റെ തൊലി ഉരിഞ്ഞെടുക്കുന്നു; അവരുടെ അസ്ഥികളിൽനിന്നു മാംസവും. നിങ്ങൾ എന്റെ ജനത്തിന്റെ മാംസം ഭക്ഷിക്കുന്നു... അവരുടെ അസ്ഥികൾ തകർക്കുന്നു. ചട്ടിയിലെ ഇറച്ചിയും കുട്ടകത്തിലെ മാംസവും പോലെ അവരെ നുറുക്കുകയും ചെയ്യുന്നു" (മിക്കാ 3,2). ജനനേതാക്കൾക്കെതിരേയാണ് അതിഭീകരമായ ആരോപണങ്ങൾ പ്രവാചകൻ നിരത്തുന്നത്. വാക്കുകൾക്കു മൂർച്ചയുണ്ട്; കർഷകന്റെ തിക്താനുഭവങ്ങളുടെ ചൂടുണ്ട്; കണ്ണീരിന്റെ നനവുണ്ട്. ചിന്തപ്പെടുന്ന ചോരയുടെ ഗന്ധവും അവർ ഒഴുക്കുന്ന വിയർപ്പിന്റെ ഈർപ്പവുമുണ്ട്. സ്വന്തം അനുഭവങ്ങളാണ് പ്രവാചകൻ ഇവിടെ നിരത്തിവയ്ക്കുന്നത്; അതോടൊപ്പം താൻ പങ്കാളിയാകുന്ന, പാവപ്പെട്ട മനുഷ്യരുടെയും. ഇത് യൂദാ ജനത്തിനിടയിൽ നിലനിന്ന അനീതിയുടെയും അക്രമങ്ങളുടെയും ഒരു നേർക്കാഴ്ച.

നേതാക്കൾക്കെതിരേ പ്രവാചകൻ കൂടുതൽ ശക്തമായി തുടരുന്നു. "നിങ്ങൾ നീതിയെ വെറുക്കുകയും ഋജുവായതെല്ലാം വളച്ചൊടിക്കുകയും ചെയ്യുന്നു. രക്തത്താൽ നിങ്ങൾ സീയോൻ പണിയുന്നു; അധർമ്മത്താൽ ജറുസലെമും" നേതൃനിരയിലുള്ള ആരും ആരോപണങ്ങളിൽ നിന്ന് ഒഴിവാക്കപ്പെടുന്നില്ല. "അതിന്റെ ന്യായാധിപന്മാർ കോഴ വാങ്ങി വിധിക്കുന്നു. പുരോഹിതന്മാർ കൂലിവാങ്ങി പഠിപ്പിക്കുന്നു. പ്രവാചകന്മാർ പണത്തിനുവേണ്ടി ഭാവി പറയുന്നു" (മിക്കാ 3, 9-11). ഇതെല്ലാം ആണെങ്കിലും ദൈവം തങ്ങളുടെ മധ്യത്തിലുണ്ട്. അതിനാൽ ഒരനർത്ഥവും സംഭവിക്കുകയില്ല എന്നു ഉറച്ചു വിശ്വസിക്കുന്നു; ഉറക്കെ വിളംബരം ചെയ്യുന്നു. മതസംവിധാനങ്ങൾ അനീതിക്കും ചൂഷണത്തിനും ഉപകരണമായി ഉപയോഗിക്കപ്പെടുന്നു. ജറുസലെം ദേവാ

ലയം നിലനിൽക്കുന്നിടത്തോളം കാലം ഈ ചൂഷണം തുടരും; അതോടൊപ്പം ജനത്തിന് വ്യർത്ഥമായ സുരക്ഷിതത്വബോധം നൽകുകയും ചെയ്യും. അതിനാൽ വ്യർത്ഥമായ ഈ വിശ്വാസത്തിന്റെ തായ്‌വേരിനാണ് പ്രവാചകൻ കോടാലി വയ്ക്കുന്നത്.

"നിങ്ങൾ നിമിത്തം സീയോൻ വയൽപോലെ ഉഴുതു മറിക്കപ്പെടും. ജറുസലെം നാശകൂമ്പാരമാകും. ദേവാലയഗിരി വനമായിത്തീരും" (മിക്കാ 3,12). ജനഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞതാണ് ശിക്ഷാവിധിയുടെ ഈ വിളംബരം. ഏതാണ്ട് ഒന്നര നൂറ്റാണ്ടുകൾക്കുശേഷം ജറെമിയാ ഇതേ വാക്കുകൾ ആവർത്തിക്കുകയും അതിന്റെ പേരിൽ ജറെമിയായെ വധിക്കാൻ നേതാക്കൾ ശ്രമിക്കുകയും ചെയ്തപ്പോൾ ഈ ഉദാഹരണം എടുത്തുകാട്ടി നേതാക്കന്മാരിൽ ചിലർ ജറെമിയായ്ക്കുവേണ്ടി വാദിക്കുന്നതു കാണാം (ജറെ 26,18). ദൈവപ്രമാണങ്ങളെ അനുസ്മരിക്കാനും ദൈവഹിതം അനുസരിച്ച് നീതിനിഷ്ഠമായ ജീവിതം നയിക്കാനും പ്രേരകമാകേണ്ട ദേവാലയം തന്നെ അക്രമികളുടെ അധിവാസ കേന്ദ്രമാകുമ്പോൾ പിന്നെ ആ ആലയത്തിന് നിലനിൽപ്പില്ല. ദൈവം തന്നെ അതു തല്ലിത്തകർക്കും. ബെഥേലിൽ വച്ച് ആമോസ് പറഞ്ഞത് ജറുസലെമിൽ മിക്കാ ആവർത്തിച്ചു.

എന്താണ് ഇനിയൊരു രക്ഷാമാർഗ്ഗം? എങ്ങനെയാണ് ജനത്തിനു ദൈവപ്രീതി നേടാൻ കഴിയുക? എന്തു തരത്തിലുള്ള ബലികളും കാഴ്ചകളുമാണ് അർപ്പിക്കേണ്ടത്? ഭക്തന്റെ ചോദ്യങ്ങളും അതിനു ദൈവം നൽകുന്ന സംശയത്തിനിട നൽകാത്ത ഉത്തരവും മിക്കാ തന്നെ അവതരിപ്പിക്കുന്നു. "കർത്താവിന്റെ മുമ്പിൽ എന്തു കാഴ്ചയാണ് ഞാൻ കൊണ്ടുവരേണ്ടത്?... എന്റെ ആദ്യജാതനെ ഞാൻ നൽകണമോ? ആത്മാവിന്റെ പാപത്തിനു പകരം ശരീരത്തിന്റെ ഫലം കാഴ്ചവയ്ക്കണമോ? മനുഷ്യാ നല്ലതെന്തെന്ന് അവിടുന്ന് നിനക്കു കാണിച്ചുതന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക; കരുണ കാണിക്കുക; നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് ദൈവം ആഗ്രഹിക്കുന്നത്?" (മിക്കാ 6,6-8).

നീതി, കാരുണ്യം, വിനയം-ഇതാണ് മനുഷ്യൻ ദൈവത്തിനു സമർപ്പിക്കേണ്ട കാഴ്ചകൾ. അല്ലാതെ എന്തെങ്കിലും വസ്തുക്കളല്ല. ദൈവം ആഗ്രഹിക്കുന്ന എന്തും കൊടുക്കാൻ സന്നദ്ധനാണ് ഭക്തൻ. ധാന്യം-പാനീയം-മൃഗബലികൾ മാത്രമല്ല, സ്വന്തം പുത്ര

നെത്തന്നെ ബലിയർപ്പിക്കാൻ അയാൾ തയ്യാറാണ്. ഇസ്രായേലിൽ പലപ്പോഴും നരബലിയും നടത്തിയിരുന്നതായി ബൈബിളിൽത്തന്നെ സൂചനയുണ്ട് (ഉദാ. 2 രാജാ, 21,5-6). എന്നാൽ ഇതൊന്നുമല്ല ദൈവം ആവശ്യപ്പെടുന്നത്. മറിച്ച് ജീവിത നവീകരണം. അതിന്റെ കാതലാണ് നീതി, കാരുണ്യം, വിശ്വസ്തത.

ദേവാലയത്തിന്റെ നാശം മുൻകൂട്ടി അറിയിച്ചെങ്കിലും അത് ചരിത്രത്തിന്റെ അവസാനമല്ല എന്നു പ്രവാചകന് അവബോധമുണ്ട്. ദൈവം തന്നെ ചരിത്രത്തിൽ ഇടപെട്ട്, അനീതിക്ക് അറുതി വരുത്തും. നീതിനിഷ്ഠനായ ഒരു രാജാവ് വരും. അവൻ ബെത്ലെഹെമിൽ ജനിക്കും. ജനത്തിന് നീതിയും സമാധാനവും പ്രദാനം ചെയ്യും (മിക്കാ 5,1-4). അന്ന് ജറുസലെം ലോകത്തിന്റെ തന്നെ കേന്ദ്രമാകും. ദേവാലയത്തിലേക്ക് ലോകജനതകൾ തീർത്ഥാടകരായി വരും. അവർ തേടുന്നത് ദൈവിക സാന്നിധ്യമാണ്; ദൈവഹിതമാണ്. “അവിടുന്ന് തന്റെ മാർഗ്ഗങ്ങൾ നമ്മെ പഠിപ്പിക്കും... സീയോനിൽനിന്ന് നിയമവും ജറുസലെമിൽനിന്ന് കർത്താവിന്റെ വചനവും പുറപ്പെടും” (മിക്കാ 4,1-5).

ശാശ്വതമായ ശാന്തിയും സമാധാനവും നിലനിൽക്കും. ജനതകൾ തമ്മിൽ യുദ്ധമുണ്ടാകില്ല. യുദ്ധോപകരണങ്ങൾ കാർഷികോപകരണങ്ങളാക്കി മാറ്റും. അതു ദൈവ പ്രമാണമനുസരിച്ചുള്ള ജീവിതത്തിന്റെ ഫലമാകും. എന്നാൽ ഇത് ഉടനെ ഉളവാകുന്ന ഒരവസ്ഥയല്ല. “അന്തിമനാളുകളിൽ” ഇങ്ങനെ സംഭവിക്കും എന്നു തുടക്കത്തിലേ പറഞ്ഞുവയ്ക്കുന്നു. ഇതൊരു യുഗാന്ത വീക്ഷണമാണ്. ആനുകാലിക യാഥാർത്ഥ്യം ഭീകരമായ പീഡനത്തിന്റെയും നിർദ്ദയമായ ചൂഷണത്തിന്റേതുമാണ്. അതിനു മാറ്റം ഉണ്ടായില്ല. അതിനാൽ മിക്കാ മുൻകൂട്ടി അറിയിച്ചു ദുരന്തം, ജറുസലെം ദേവാലയത്തിന്റെ നാശം, സംഭവിച്ചു, ബി.സി. 587-ൽ. അതിനുമുമ്പേ അനേകം പ്രവാചകന്മാർ വീണ്ടും വന്നു, സമാന സന്ദേശങ്ങളുമായി.

### ഏശയ്യാ

മിക്കായുടെ സമകാലികനാണ് ഏശയ്യാ. അദ്ദേഹത്തിന്റെ പേരിലാണ് ഏറ്റം ദീർഘമായ പ്രവാചകഗ്രന്ഥം (66 അധ്യായങ്ങൾ) ഉള്ളത്. മൂന്നു കാലഘട്ടത്തിൽ പ്രസംഗിച്ച മൂന്നുപേരുടെ പ്രവചനങ്ങളാണ് ഒറ്റ പുസ്തകമായി അവതരിപ്പിച്ചിരിക്കുന്നത് എന്ന് ബൈബിൾ പഠിതാക്കൾ കരുതുന്നു. 1-39, 40-55; 56-66

എന്നീ അധ്യായങ്ങൾ യഥാക്രമം I, II, III - ഏശയ്യാ എന്ന പേരിൽ അറിയപ്പെടുന്നു. ബി.സി. 750-700, 550-540; 520-500 എന്നീ കാല ഘട്ടങ്ങളിലാണത്രെ ഈ മൂന്നു ഭാഗങ്ങൾ രൂപം കൊണ്ടത്. ഇതിൽ ആദ്യഭാഗമാണ് ഇവിടെ ചർച്ചാവിഷയം.

ജറുസലെം ദേവാലയത്തിൽ വച്ചുണ്ടായ അഭൗമികമായൊരു ദൈവാനുഭവത്തോടെയാണ് ഏശയ്യായുടെ പ്രവാചകത്വത്തിന്റെ തുടക്കം (ഏശ 6). ദൈവിക സാന്നിധ്യത്തിൽ തന്റെ തന്നെ പാപാവസ്ഥയെക്കുറിച്ചു ബോധവാനായി ഭയന്ന ഏശയ്യായെ ദൈവം തന്നെ വിശുദ്ധീകരിച്ച്, സാന്ത്വനപ്പെടുത്തി, തന്റെ പ്രവാചകനായി അയയ്ക്കുന്നു. പ്രവാചകരിൽ പ്രമുഖൻ (Prince of Prophets) എന്നറിയപ്പെടുന്ന ഏശയ്യാ ദൈവത്തിന്റെ വിശുദ്ധിയുടെ പ്രവാചകനായി പരിഗണിക്കപ്പെടുന്നു.

വിശുദ്ധനായ ദൈവത്തിന്റെ ജനം വിശുദ്ധമായിരിക്കണം. അതിനുള്ള മാർഗ്ഗങ്ങളാണ് പ്രവാചകൻ ജനത്തെ പഠിപ്പിക്കുന്നത്. ഇവിടെ ആചാരാനുഷ്ഠാനങ്ങളുടെ അപര്യാപ്തത മാത്രമല്ല, അവ വിശുദ്ധ ജീവിതത്തിനുപകരം നിൽക്കുക എന്ന വിപത്തും പ്രവാചകൻ എടുത്തു കാട്ടുന്നു. ദേവാലയത്തിൽ വച്ചു വിളി ലഭിച്ചവൻ, ആദ്യമേ സ്വരമുയർത്തുന്നത് ദേവാലയത്തിൽ നടമാടുന്ന അനാചാരങ്ങൾക്കും അവ ജനമനസുകളിൽ കുത്തിവയ്ക്കുന്ന മിഥ്യാധാരണകൾക്കും എതിരേയാണ്.

സർവ്വതും ദർശിക്കുന്ന ആകാശത്തെയും ഭൂമിയെയും സാക്ഷിനിർത്തിക്കൊണ്ടാണ് പ്രവാചകൻ ജനത്തിനെതിരേ തന്റെ ആരോപണങ്ങൾ നിരത്തുന്നത്. വളർത്തുമൃഗങ്ങളായ കാളയ്ക്കും കഴുതയ്ക്കും ഉള്ളിടത്തോളംപോലും അറിവും വിശ്വസ്തതയും ദൈവജനം എന്നവകാശപ്പെടുന്ന ഇസ്രായേലിനില്ല. അവർ ദൈവത്തെ മറന്നു, ഉപേക്ഷിച്ചു, അല്ല, നിന്ദിച്ചു. ഇതാണ് ആരോപണത്തിന്റെ തുടക്കം (ഏശ 1,2-4). ദൈവത്തിൽനിന്നു തീർത്തും അകന്നുപോയി എന്നു പ്രവാചകൻ വിലപിക്കുമ്പോഴും ആ ജനത്തിന്റെ ഭക്തകൃത്യങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും ഒരു കുറവുമില്ല. ആന്തരികത നഷ്ടപ്പെട്ട, ജീവിതത്തിന്റെ പിൻബലമില്ലാത്ത, ആചാരാനുഷ്ഠാനങ്ങൾ ദൈവത്തെ ആരാധിക്കുകയല്ല, അവഹേളിക്കുകയാണ് ചെയ്യുന്നതെന്ന് പ്രവാചകൻ തറപ്പിച്ചു പറഞ്ഞു.

അക്രമവും അനീതിയും മൂലം അഗ്നിയിൽ ദഹിപ്പിക്കപ്പെട്ട സോദോമിനോടും ഗൊമോറായോടുമാണ് പ്രവാചകൻ ജനത്തെ

തുലനം ചെയ്യുന്നത്. അവരുടെ തീർത്ഥാടനവും ആരാധനയും ആഘോഷവും ഒന്നും ദൈവത്തിനു സ്വീകാര്യമല്ല. "സോദോമിന്റെ അധിപതികളേ, കർത്താവിന്റെ വചനം ശ്രവിക്കുവിൻ. ഗൊമോറാ ജനമേ ദൈവത്തിന്റെ പ്രബോധനങ്ങൾ ശ്രദ്ധിക്കുവിൻ... നിങ്ങളുടെ നിരവധിയായ ബലികൾ എനിക്കെന്തിന്?... നിങ്ങളുടെ അനീതി നിറഞ്ഞ ഉത്സവങ്ങൾ എനിക്കു സഹിക്കാനാവില്ല. നിങ്ങളുടെ അമാവാസികളും ഉത്സവങ്ങളും ഞാൻ വെറുക്കുന്നു. അവ എനിക്കു ഭാരമായിരിക്കുന്നു. അവ എനിക്കു ദുഃസഹമായിത്തീർന്നിരിക്കുന്നു... നിങ്ങൾ കരങ്ങൾ ഉയർത്തുമ്പോൾ ഞാൻ മുഖം മറയ്ക്കും... നിങ്ങളുടെ കരങ്ങൾ രക്തപങ്കിലമാണ്" (ഏശ 1,10-15).

ബലിയർപ്പിക്കുന്ന മൃഗങ്ങളുടെ രക്തമല്ല, മറിച്ച് നിരപരാധികളും നിസ്സഹായരുമായ പാവപ്പെട്ട മനുഷ്യരുടെ രക്തമാണ് അവരുടെ കൈകളെ മലിനമാക്കുന്നത്, കായേന്റെ കൈകൾ പോലെ. കഴുകി ശുദ്ധമാക്കാതെ അവരുടെ കാഴ്ചകൾ ദൈവത്തിനു സ്വീകാര്യമാവില്ല. എന്താണ് ചെയ്യേണ്ടതെന്ന് അക്കമിട്ട് ഏഴുകാര്യങ്ങൾ പ്രവാചകൻ എണ്ണിപ്പറയുന്നു. 1. നിങ്ങളെത്തന്നെ കഴുകി വൃത്തിയാക്കുവിൻ. 2. അകൃത്യങ്ങൾ അവസാനിപ്പിക്കുവിൻ. 3. നന്മ പ്രവർത്തിക്കാൻ ശീലിക്കുവിൻ. 4. നീതി അന്വേഷിക്കുവിൻ. 5. മർദ്ദനം അവസാനിപ്പിക്കുവിൻ. 6. അനാഥരോടു നീതി ചെയ്യുവിൻ. 7. വിധവകൾക്കുവേണ്ടി വാദിക്കുവിൻ. ഇതാണ്, ഇതു മാത്രമാണ് ദൈവ തിരുമുമ്പിൽ സ്വീകാര്യരാകാൻ ആവശ്യം (ഏശ 1,16-17). ചെയ്യാൻ നിർദ്ദേശിക്കുന്നതെല്ലാം ഒറ്റവാക്കിൽ സംഗ്രഹിക്കാം-നീതി. അതു സമൂഹത്തിലെ ഏറ്റം താഴെക്കിടയിലുള്ളവർക്കു ലഭിക്കണം. അവരുടെ പ്രതീകങ്ങളാണ് അനാഥരും-വിധവകളും. ഇപ്രകാരം ഒരു ജീവിത പരിവർത്തനത്തിനു തയ്യാറാണെങ്കിൽ അവർ ദൈവത്തിനു സ്വീകാര്യരാകും.

"വരുവിൻ, നമുക്കു രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടുംചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെണ്മയുള്ളതായിത്തീരും. അവ രക്തവർണ്ണമെങ്കിലും കമ്പിളിപോലെ വെളുക്കും" (ഏശ 1,18). ഇതാണ് പ്രവാചകൻ നൽകുന്ന നിർദ്ദേശം; ഈ സമഗ്ര പരിവർത്തനത്തിനു തയ്യാറാകുന്നില്ലെങ്കിൽ വരാനിരിക്കുന്നത് സമൂല നാശമായിരിക്കും എന്ന് തുടർന്ന് അനുസ്മരിപ്പിക്കുന്നു. പാവപ്പെട്ടവരെ ചൂഷണം ചെയ്യുകയും പീഡിപ്പിക്കുകയും ചെയ്യുന്ന നേതാക്കന്മാർക്കെതിരേ ശക്തമായ താക്കീതുകൾ

നൽകിയ ശേഷം നീതിനിഷ്ഠമായ ഒരു ഭാവിയെ പ്രവാചകൻ സ്വപ്നം കാണുന്നു: "സീയോൻ നീതികൊണ്ട് വീണ്ടെടുക്കപ്പെടും; അവിടെ അനുതപിക്കുന്ന എല്ലാവരും ധർമ്മനിഷ്ഠ കൊണ്ടും" (ഏശ 1,27).

ഹോസിയായും മിക്കായും കണ്ടതുപോലെ ഭാസുരമായ ഒരു ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകളും ദർശനങ്ങളും ഏശയ്യായും കാത്തുസൂക്ഷിക്കുന്നുണ്ട്. "അവസാന നാളുകളിൽ കർത്താവിന്റെ ആലയം സ്ഥിതിചെയ്യുന്ന പർവ്വതം എല്ലാ പർവ്വതങ്ങൾക്കും മുകളിൽ ഉയർന്നു നിൽക്കും. എല്ലാ ജനതകളും അതിലേക്ക് ഒഴുകും..." (ഏശ 2,1-5). ഇത് ഒരു യുഗാന്ത വീക്ഷണമാണ്, ആസന്ന ഭാവിയിൽ സംഭവിക്കാൻ പോകുന്നതല്ല. തൊട്ടുമുന്നിൽ പ്രവാചകൻ കാണുന്നത് തികഞ്ഞ അന്ധകാരമാണ്, കർത്താവ് കൈവിട്ട അവസ്ഥ; മാനസാന്തരത്തിനു തയ്യാറാകാത്ത ജനം കഠിനമായ ശിക്ഷ ഏറ്റുവാങ്ങേണ്ടിവരും.

ജറുസലെമിന്റെ നാശവും ബാബിലോൺ പ്രവാസവും എല്ലാം ഈ ശിക്ഷയുടെ ഭാഗമായി. എന്നാൽ അതിനപ്പുറത്ത് ദൈവം വീണ്ടും പ്രവർത്തിക്കും. രക്ഷകനെ അയച്ച് ജനത്തെ വീണ്ടെടുക്കും എന്ന പ്രതീക്ഷ ആവർത്തിച്ചു നൽകുന്നുണ്ട് (ഏശ 7,14; 9,1-7;11,1-9). എന്നാലും ആസന്നമായിരിക്കുന്ന ശിക്ഷയാണ് പ്രവാചക സന്ദേശത്തിൽ മുഴങ്ങി കേൾക്കുന്നത് (3,5; 10;22). "പുരോഹിതന്മാരും പ്രവാചകന്മാരും പോലും വീഞ്ഞു കുടിച്ചു മദിക്കുന്നു! ലഹരി പിടിച്ച് ആടി ഉലയുന്നു. വീഞ്ഞ് അവരെ വഴി തെറ്റിക്കുന്നു. അവർക്കു ദർശനങ്ങളിൽ തെറ്റു പറ്റുന്നു. ന്യായവിധിയിൽ കാലിടുന്നു..." (ഏശ 28,7). ദേവാലയം തന്നെ അധർമ്മത്തിന്റെ കേന്ദ്രവും വിളനിലവും ആകുമ്പോൾ അതിന് നിലനിൽപ്പില്ല. അർത്ഥം ചോർന്നുപോയ സ്ഥാപന സംവിധാനങ്ങളും ആചാരാനുഷ്ഠാനങ്ങളും ദൈവം തന്നെ തുടച്ചുനീക്കും എന്ന പ്രവാചക സന്ദേശം വലിയൊരു താക്കീതും, എന്നും പ്രസക്തവുമായ ഓർമ്മപ്പെടുത്തലുമാണ്.

**ജറെമിയാ**

ഏശയ്യായുടെയും മിക്കായുടെയും പ്രവാചക സന്ദേശങ്ങൾ സമൂഹത്തിൽ കാര്യമായ വ്യതിയാനം വരുത്തിയില്ല. വടക്കൻ രാജ്യമായ ഇസ്രായേലിന്റെ പതനത്തിനുശേഷം യൂദാ ഒന്നര നൂറ്റാണ്ടോളം പിടിച്ചുനിന്നു, നാമമാത്രമായ സ്വാതന്ത്ര്യം കാത്തു

സൂക്ഷിച്ചുകൊണ്ട്. അവസാനം ബി.സി. 598-ൽ ബാബിലോൺ സൈന്യം ജറുസലെം നഗരം കീഴടക്കി. ദേവാലയവും നഗരവും കൊള്ളയടിച്ചു. അനേകായിരങ്ങളെ തടവുകാരാക്കി ബാബിലോണിലേക്കു നാടുകടത്തി. കനത്ത കപ്പവും ഈടാക്കി. എന്നാൽ നാലുവർഷം കഴിഞ്ഞപ്പോൾ യൂദാ കപ്പം കൊടുക്കൽ നിർത്തി. ആഭ്യന്തര കലാപത്തിൽ മുഴുകിയ ബാബിലോൺ തിരിച്ചുവരില്ല എന്നു കരുതി. ഇനി വന്നാൽത്തന്നെ ഈജിപ്തിന്റെ സഹായത്തോടെ ചെറുത്തുനിൽക്കാമെന്നു പ്രതീക്ഷിച്ചു. പക്ഷേ പ്രതീക്ഷയ്ക്കു വിരുദ്ധമായി ബാബിലോൺ സൈന്യം തിരിച്ചുവന്നു; തോൽപിക്കാനല്ല, നശിപ്പിക്കാൻ.

588-ൽ ജറുസലെമിന് ഉപരോധം ഏർപ്പെടുത്തി. അവസാനം സെദെക്കിയാ രാജാവും ഏതാനും അംഗരക്ഷകരും കൂടി ജറുസലെമിൽനിന്നു പലായനം ചെയ്തു. പിൻതുടർന്ന ബാബിലോൺ സൈന്യം അവരെ പിടികൂടി. നബുക്കദ്നേസർ വിധി പ്രസ്താവിച്ചു. രാജാവിന്റെ പുത്രന്മാരെ അവന്റെ കൺമുന്നിൽ വച്ചു വധിച്ചു. സെദെക്കിയാ രാജാവിന്റെ രണ്ടു കണ്ണും ചൂഴ്ന്നെടുത്ത്, കഴുത്തിൽ ചങ്ങലയിട്ട്, വിദൂരസ്ഥലമായ ബാബിലോണിലേക്കു കൊണ്ടുപോയി. പിന്നാലെ നിരയായി നടന്ന അനേകായിരം യഹൂദരുടെ മുമ്പേ.

ബാബിലോൺ സൈന്യം ജറുസലെമിന്റെ മതിലുകൾ തകർത്തു. കൊട്ടാരങ്ങൾ അഗ്നിക്കിരയാക്കി. ദേവാലയത്തിനു തീവച്ചു, ചാരക്കൂനയാക്കി (2 രാജാ 25, 1-7). അങ്ങനെ മിക്കാ പ്രവാചകനിലൂടെ നൽകിയ മുന്നറിയിപ്പ് യാഥാർത്ഥ്യമായി. ബാബിലോൺ പ്രവാസം ആരംഭിച്ചു. ഈ ദുരന്തങ്ങൾക്കു മുഴുവൻ ദൃക്സാക്ഷിയായ പ്രവാചകനാണ് ബഞ്ചമിൻ ദേശത്ത്, അനാത്തോത്തിലെ പുരോഹിതന്മാരിൽ ഒരാളുടെ പുത്രനായ ജറെമിയാ (ജറെ 1,1). ഏകദേശം നാല്പതു വർഷം ദീർഘിച്ച പ്രവാചകജീവിതം തികച്ചും സംഘർഷഭരിതമായിരുന്നു.

ബി.സി. 640-609-ൽ ജറുസലെമിൽ ഭരിച്ച ജോസിയാ രാജാവിന്റെ കാലത്താണ് ജെറെമിയായുടെ പ്രവാചകദൗത്യം ആരംഭിക്കുന്നത്, 626-ൽ എന്നു കരുതപ്പെടുന്നു. ഇരുപതു വയസ്സിൽ താഴെ മാത്രം പ്രായമുള്ള ഒരു യുവാവായിരുന്നു ജറെമിയാ. പ്രവാചകത്വത്തിലേക്കുള്ള വിളിതന്നെ വലിയൊരു സംഘർഷം ഉളവാക്കുന്നതായിരുന്നു; ഏൽപിക്കപ്പെടുന്ന ദൗത്യം ഏറ്റം ദുഷ്ക

രവും. താൻ അനുഭവജ്ഞാനമില്ലാത്ത ബാലനാണെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറാൻ ശ്രമിച്ചെങ്കിലും ദൈവം തന്റെ മേൽ പിടിമുറുക്കിയിരിക്കുന്നതായി ജറെമിയായ്ക്ക് അനുഭവപ്പെട്ടു.

"വെറും ബാലനാണെന്നു നീ പറയരുത്. ഞാൻ അയയ്ക്കുന്നിടത്തേക്കു നീ പോകണം. ഞാൻ കല്പിക്കുന്നതെന്തും സംസാരിക്കണം. നീ അവരെ ഭയപ്പെടേണ്ടാ. നിന്റെ രക്ഷയ്ക്ക് നിന്നോടു കൂടെ ഞാനുണ്ട്... ഇതാ എന്റെ വചനം നിന്റെ നാവിൽ ഞാൻ നിക്ഷേപിച്ചിരിക്കുന്നു. പിഴുതെറിയാനും ഇടിച്ചു തകർക്കാനും, നശിപ്പിക്കാനും തകിടം മറിക്കാനും, പണിതുയർത്താനും നട്ടു വളർത്താനും വേണ്ടി ഇന്നിതാ, ജനതകളുടെയും രാജ്യങ്ങളുടെയും മേൽ നിന്നെ ഞാൻ അവരോധിച്ചിരിക്കുന്നു" (ജറെ 1,4 -10). അധരത്തിൽ ദൈവം നിക്ഷേപിച്ച വചനം തീ പോലെ പൊള്ളിക്കുന്നതായിരുന്നു.

ആരംഭകാലത്ത് ജറെമിയായ്ക്കു ജനമധ്യത്തിൽ വലിയ സ്വീകരണം ലഭിച്ചു. ബി.സി. 609-ൽ ജോസിയാ യുദ്ധത്തിൽ മരിക്കുന്നതുവരെ പ്രായേണ സന്തോഷപ്രദമായിരുന്നു പ്രവാചകനു ജീവിതം. വലിയൊരു മതനവീകരണത്തിന്റെ കാലഘട്ടമായിരുന്നു അത്. ജറുസലെമിലും യൂദയാ മുഴുവനിലും വിഗ്രഹാരാധന നിർത്തലാക്കി; ജനം മുഴുവൻ ജറുസലെം ദേവാലയത്തിലേക്ക് തീർത്ഥാടകരായി വരണം; അവിടെ മാത്രമായിരിക്കും ബലിയർപ്പണവും തിരുനാളാഘോഷങ്ങളും എന്ന രാജകൽപനയുണ്ടായി. കർത്താവിന്റെ പ്രമാണങ്ങൾ അനുസരിച്ച് ജനജീവിതം കരുപ്പിടിപ്പിക്കാൻ രാജാവു ശ്രമിച്ചു. ജറെമിയാ സന്തോഷത്തോടെ സഹകരിച്ചു. ഈ ആദ്യാനുഭവത്തെക്കുറിച്ച് പ്രവാചകൻ പറയുന്നു: "അങ്ങയുടെ വചനങ്ങൾ കണ്ടെത്തിയപ്പോൾ ഞാനവ ഭക്ഷിച്ചു. അവ എനിക്ക് ആനന്ദാമൃതമായി. എന്റെ ഹൃദയത്തിനു സന്തോഷവും" (ജറെ 15,16).

എന്നാൽ ഈ ആനന്ദാനുഭൂതി അധികനാൾ ദീർഘിച്ചില്ല. ജോസിയാ രാജാവിന്റെ മരണത്തോടെ മതനവീകരണശ്രമങ്ങൾ അവസാനിച്ചു. പുതിയ രാജാവും പുരോഹിതന്മാരും പ്രവാചകന്മാരും എല്ലാം പഴയ ശൈലിയിലേക്കു തിരിഞ്ഞു. ജറെമിയാ ഒറ്റയ്ക്കായി. ജനത്തിനെതിരേ ഒരു ഒറ്റയാൾ പട്ടാളം. വിളിയുടെ സമയത്തു തന്നെ കർത്താവ് ഇത് സൂചിപ്പിച്ചിരുന്നു. "ദേശത്തിനു മുഴുവനും, യൂദായിലെ രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും പുരോ

ഹിതന്മാർക്കും ദേശവാസികൾക്കും എതിരേ, അപ്രതിരോധ്യ മായ നഗരവും ഇരുമ്പുതൂണും പിച്ചള മതിലുമായി ഇന്നു നിന്നെ ഞാൻ ഉറപ്പിക്കും. അവർ നിന്നോടു യുദ്ധം ചെയ്യും. എന്നാൽ വിജയിക്കുകയില്ല; നിന്റെ രക്ഷയ്ക്കു ഞാനുണ്ട് കൂടെ" (ജറെ 1,18-19).

കർത്താവു വാക്കു പാലിച്ചു. സംഘർഷങ്ങൾ ഏറെ ഉണ്ടായി. നേതാക്കന്മാർ ജറെമിയായ്ക്കെതിരേ തിരിഞ്ഞു. മുക്കാലിയിൽ കെട്ടി അടിച്ചു. തടവറയിലടച്ചു. കിണറ്റിൽ എറിഞ്ഞു. പക്ഷേ ജീവൻ നഷ്ടപ്പെടാൻ ദൈവം അനുവദിച്ചില്ല. കർത്താവിന്റെ കരം അവന്റെ രക്ഷയ്ക്ക് എപ്പോഴും കൂടെ ഉണ്ടായിരുന്നു. പക്ഷേ അതി കഠിനമായ പീഡനങ്ങളും ഒറ്റപ്പെടുത്തലുകളും ഒറ്റിക്കൊടുക്കലും എല്ലാം അയാൾ അനുഭവിക്കേണ്ടിവന്നു. ജറെമിയായുടെ വിലാ പങ്ങൾ എന്നറിയപ്പെടുന്ന അനേകം വചനങ്ങൾ ഈ പീഡന ങ്ങളും പ്രവാചകന്റെ ആന്തരിക സംഘർഷങ്ങളും വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്.

"വേദന, അസഹ്യമായ വേദന! ഞാൻ വേദനയാൽ പുള യുന്നു. എന്റെ ഹൃദയഭിത്തികൾ തകരുന്നു. നെഞ്ചിടിക്കുന്നു. എനിക്കു നിശ്ശബ്ദനായിരിക്കാൻ വയ്യാ" (ജറെ 4,10). ഇതു വിലാ പങ്ങളുടെ തുടക്കമാണ്. ജറെ 4,23-28; 8,18-22; 11,18-21; 15,10-21; 16,1-9; 20,7-18 ഉദാഹരണങ്ങൾ. എന്താണീ വിലാപങ്ങൾക്കു കാരണം? എന്തേ നേതാക്കന്മാർ ഒന്നടങ്കം ജറെമിയായ്ക്കെതിരേ തിരിഞ്ഞു?

പ്രവാചകന്റെ നാവിൽ ദൈവം വച്ചുകൊടുത്ത വാക്കുകൾ തന്നെയാണ് കാരണം. ആ വചനങ്ങളാകട്ടെ ജനത്തിന്റെ തെറ്റു കൾ, കുറ്റങ്ങൾ, തെറ്റായ മനോഭാവങ്ങൾ തുറന്നു കാട്ടുന്നവയാ യിരുന്നു. അവയിൽ ഏറ്റം പ്രധാനവും നിർണ്ണായകവുമായത് ജറുസലെം ദേവാലയത്തെക്കുറിച്ച് നടത്തിയ പ്രവചനങ്ങളായി രുന്നു. ദേവാലയത്തിലേക്കു തീർത്ഥാടകരായി വരുന്ന ജനങ്ങ ളോട്, ദേവാലയ വാതിൽക്കൽ നിന്നു പ്രസംഗിക്കാൻ ദൈവം ആവശ്യപ്പെട്ടു: "കർത്താവിന്റെ ആലയം, കർത്താവിന്റെ ആലയം, കർത്താവിന്റെ ആലയം എന്ന പൊള്ള വാക്കുകളിൽ ആശ്രയി ക്കരുത്... നിങ്ങൾ മോഷ്ടിക്കുകയും കൊല്ലുകയും വ്യഭിചാരം ചെയ്യുകയും കള്ളസാക്ഷി പറയുകയും നിങ്ങൾ അറിഞ്ഞിട്ടി ല്ലാത്ത ദേവന്മാരെ പിഞ്ചെല്ലുകയും ചെയ്യുന്നു. എന്നിട്ട് എന്റെ

നാമത്തിലുള്ള ഈ ആലയത്തിൽ, എന്റെ സന്നിധിയിൽ വന്നു നിന്ന് ഞങ്ങൾ സുരക്ഷിതരാണെന്നു പറയുന്നുവോ?... എന്റെ നാമം വഹിക്കുന്ന ഈ ആലയം നിങ്ങൾക്കു മോഷ്ടാക്കളുടെ ഗുഹയോ?..... ഷീലോയോടു ചെയ്തതുതന്നെ എന്റെ നാമത്തി ലുള്ള നിങ്ങൾ ആശ്രയിക്കുന്ന ഈ ആലയത്തോടും... ഞാൻ പ്രവർത്തിക്കും" (ജറെ 7,1-15).

ആസന്നമായിരിക്കുന്ന നാശത്തെക്കുറിച്ചുള്ള പ്രവചനവും, മാനസാന്തരത്തിനും ജീവിത നവീകരണത്തിനുള്ള ആഹ്വാനവും നേതാക്കന്മാർക്കു സ്വീകാര്യമായില്ല. ദേവാലയത്തെ മോഷ്ടാ ക്കളുടെ ഗുഹയാക്കി എന്ന ആരോപണം തങ്ങൾക്കെതിരേയാ ണെന്നു മനസിലാക്കിയ അവർ ജറെമിയായെ ശത്രുവായി കണ്ടു. ഷീലോയുടെ ഉദാഹരണം ദേവാലയത്തിന്റെ നാശത്തെയാണു സൂചിപ്പിക്കുന്നത് എന്നു വ്യക്തം. നേതാക്കന്മാർ ഉടനെ പ്രതിക രിച്ചതായി കാണുന്നില്ല. എന്നാൽ ഈ ആരോപണങ്ങളും താക്കീ തുകളും വീണ്ടും ആവർത്തിക്കപ്പെട്ടു.

വീണ്ടും കർത്താവിന്റെ കല്പനയനുസരിച്ച് ജെറെമിയാ ദേവാലയ വാതിൽക്കൽ നിലയുറപ്പിച്ച്, ദേവാലയത്തിന്റെ ആസ ന്നമായിരിക്കുന്ന നാശത്തെക്കുറിച്ച് വിളിച്ചു പറഞ്ഞു: "ഈ ഭവ നത്തെ ഞാൻ ഷീലോ പോലെയാക്കും. ഈ നഗരത്തെ ഭൂമുഖ ത്തുള്ള സകല ജനതകൾക്കും ശപിക്കാനുള്ള മാതൃകയാക്കും" (ജെറെ 26,1-6). ഈ പ്രസംഗം കേട്ട പുരോഹിതന്മാരും പ്രവാച കന്മാരും ജനം മുഴുവനും ചേർന്ന് അവനെ പിടികൂടി. അവർ പറഞ്ഞു; നീ മരിച്ചേ മതിയാകൂ! ഈ ആലയം ഷീലോ പോലെ യാകും, ഈ നഗരം വിജനമാകും എന്നു നീ കർത്താവിന്റെ നാമ ത്തിൽ പ്രവചിച്ചതെന്തിന്?" (ജറെ 26,8-9). മരിക്കേണ്ടിവന്നാലും ദൈവവചനത്തിൽ മായം ചേർക്കാൻ ജെറെമിയാ തയ്യാറല്ല. ജീവിതം നവീകരിക്കണം. തിന്മയുടെ വഴികൾ ഉപേക്ഷിക്കണം. കർത്താവിന്റെ പ്രമാണങ്ങൾ അനുസരിച്ചു ജീവിക്കണം. എന്നാൽ ഈ ശിക്ഷ ജനത്തിനുമേൽ പതിക്കില്ല. പക്ഷേ, ജീവിതത്തിൽ മാറ്റം വരുത്തുന്നില്ലെങ്കിൽ താൻ പറഞ്ഞതെല്ലാം അതേപടി സംഭ വിക്കും എന്നു ജെറെമിയാ ആവർത്തിച്ചുറപ്പിച്ചു.

"ഞാനിതാ നിങ്ങളുടെ കൈകളിലാണ്. നീതിയും യുക്തവും എന്നു നിങ്ങൾക്കു തോന്നുന്നതു ചെയ്തുകൊള്ളുക. എന്നാൽ ഇതറിഞ്ഞു കൊള്ളുവിൻ. നിങ്ങൾ എന്നെ കൊന്നാൽ നിങ്ങളു

ടെയും ഈ നഗരത്തിന്റെയും നഗരവാസികളുടെയും മേൽ നിഷ്ക ളങ്കരക്തമായിരിക്കും പതിക്കുക. എന്തെന്നാൽ ഈ വാക്കുകൾ നിങ്ങളോടു പറയാൻ സത്യമായും കർത്താവാണ് എന്നെ അയ ച്ചിരിക്കുന്നത്" (ജറെ 26,14-15). ഇതു കേട്ടപ്പോൾ ജനം മനസ്സു മാറ്റി. പുരോഹിതന്മാരും പ്രവാചകന്മാരുമായിരുന്നു ജറെമിയായെ കൊല്ലാൻ ഉദ്യമിച്ചത്. ജനം ജറെമിയായുടെ വാക്കുകൾ ദൈവവ ചനമായി സ്വീകരിച്ചു; ജറെമിയായ്ക്കു സംരക്ഷണം നൽകി. അങ്ങനെ വധശിക്ഷ ഒഴിവായി. എന്നാലും ബാബിലോൺ സൈന്യം നഗരം കീഴടക്കുന്നതുവരെ ജറെമിയാ തടവിൽ കഴി യേണ്ടിവന്നു (ജറെ 36-39).

ജറെമിയാ മുൻകൂട്ടി അറിയിച്ചതെല്ലാം അതേപടി, അതിഭീ കരമാംവിധം നിറവേറി. അതിനു ജനവും ജറെമിയായും ദൃക്സാ ക്ഷികളായി. നഗരം നശിപ്പിക്കുകയും ദേവാലയം ചുട്ടെരിക്കു കയും ചെയ്ത ബാബിലോൺ സൈന്യം ജറെമിയായെ സ്വത ന്ത്രനാക്കി. എന്നാൽ ജറുസലെം പൂർണ്ണമായി നശിപ്പിക്കപ്പെടു ന്നതിനുമുമ്പുതന്നെ ജറെമിയാ വിദൂരഭാവിയിൽ സംഭവിക്കാനി രിക്കുന്ന രക്ഷാകരമായ ദൈവിക ഇടപെടൽ പ്രവാചകദൃഷ്ടി യിലൂടെ കണ്ടു. പാപം മൂലം ദുർബ്ബലമായ മനുഷ്യപ്രകൃതിയെ ദൈവം തന്നെ നവീകരിക്കും. ദൈവം ജനവുമായി ഒരു പുതിയ ഉടമ്പടി ചെയ്യും. അതിന്റെ കല്പനകൾ കല്പലകകളിലല്ല, മനു ഷ്യഹൃദയങ്ങളിൽ എഴുതും.

"ഇസ്രായേൽ ഗോത്രത്തോടും യൂദാഗോത്രത്തോടും ഞാൻ ഒരു പുതിയ ഉടമ്പടി ചെയ്യുന്ന ദിവസം ഇതാ വരുന്നു... ഞാൻ ഇസ്രായേലുമായി ചെയ്യുന്ന ഉടമ്പടി ഇതായിരിക്കും. ഞാൻ എന്റെ നിയമം അവരുടെ ഉള്ളിൽ നിക്ഷേപിക്കും; അവരുടെ ഹൃദയത്തിൽ എഴുതും. ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനവുമായിരിക്കും..." (ജറെ 31,31-37). ആറു നൂറ്റാണ്ടുകൾ കാത്തി രിക്കേണ്ടി വന്നു ആ പുതിയ ഉടമ്പടിയുടെ സാക്ഷാൽക്കാരം ദർശിക്കാൻ-യേശുക്രിസ്തുവിൽ. ജറെമിയായുടെ ശ്രോതാക്ക ളുടെ മുമ്പിൽനിൽക്കുന്നത് നാശവും നാടുകടത്തലും അടിമത്ത വുമാണ്. അതിനു കാരണമാകട്ടെ, ദൈവകല്പനകൾ അവഗ ണിച്ച് ഭൗതികസ്ഥാപനങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും മാത്രം ആശ്രയമർപ്പിച്ചതും. എന്നും പ്രസക്തമായൊരു താക്കീത്!

**എസെക്കിയേൽ**

ദേവാലയത്തെക്കുറിച്ച് ഏറ്റം അധികം പ്രസംഗിച്ച പ്രവാചകനാണ് ജറുസലെമിലെ ഒരു പുരോഹിതനായിരുന്ന എസെക്കിയേൽ. നബുക്കദ്നേസറിന്റെ സൈന്യം ബി.സി 597-ൽ ജറുസലെം കീഴടക്കി ബാബിലോണിലേക്ക് തടവുകാരായി കൊണ്ടുപോയ ആദ്യഗ്രൂപ്പിൽ എസെക്കിയേലും ഉണ്ടായിരുന്നു. പത്തു വർഷങ്ങൾക്കുശേഷം ബാബിലോൺ സൈന്യം തിരിച്ചെത്തി ജറുസലെം നശിപ്പിച്ചു. വീണ്ടും അനേകരെ തടവുകാരായി പിടിച്ചു കൊണ്ടുപോയി. ഈ രണ്ട് ആക്രമണങ്ങൾക്കിടയിലാണ് എസെക്കിയേലിന്റെ പ്രവചനങ്ങളുടെ ആദ്യഭാഗം (1-33) അവതരിപ്പിക്കപ്പെട്ടത്. അത് മുഖ്യമായും കുറ്റാരോപണങ്ങളും ശിക്ഷയുടെ മുന്നറിയിപ്പുകളും മാനസാന്തരത്തിനുള്ള ആഹ്വാനങ്ങളുമായിരുന്നു. ജറുസലെമിന്റെ നാശത്തിനുശേഷം അവതരിപ്പിക്കപ്പെടുന്ന രണ്ടാം ഭാഗം (34-48) അധികപങ്കും ആശ്വാസവും പ്രത്യാശയും നൽകുന്ന വാഗ്ദാനങ്ങളാണ്. ഈ രണ്ടു ഭാഗങ്ങളിലും ദേവാലയത്തെക്കുറിച്ചുള്ള ദീർഘമായ പ്രതിപാദനങ്ങൾ കാണാം.

ബാബിലോണിൽ, “കേബാർ നദിയുടെ തീരത്ത് പ്രവാസികളോടൊത്തു കഴിയുമ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. എനിക്കു ദൈവത്തിന്റെ ദർശനങ്ങൾ ഉണ്ടായി” (എസെ 1,1) എന്ന പ്രസ്താവനയോടെ പ്രവാചകൻ തന്റെ ദൗത്യം ആരംഭിക്കുന്നു. ദർശനങ്ങളുടെയും ശ്രവണങ്ങളുടെയും ഭാഷയാണ് എസെക്കിയേൽ മുഖ്യമായും ഉപയോഗിക്കുന്നത്. അതോടൊപ്പം അർത്ഥം ഗ്രഹിക്കാൻ സഹായിക്കുന്ന പ്രതീകാത്മകപ്രവൃത്തികൾക്കും വലിയ പ്രാധാന്യം നൽകുന്നു.

കൊടുങ്കാറ്റ്, കനത്തമേഘം, അഗ്നിപോലെ മിന്നിത്തിളങ്ങുന്ന, ചുഴലിക്കാറ്റിനും അഗ്നിക്കും സമാനമായ കെരൂബുകൾ വഹിക്കുന്ന, രഥം; രഥത്തിനുള്ളിൽ അതിമനോഹരമായ സിംഹാസനം, അതിൽ ഉപവിഷ്ടനായിരിക്കുന്ന, അഗ്നിപോലെ ജ്വലിക്കുന്ന, മനുഷ്യനോടു സാമ്യമുള്ള ഒരാൾ. ദൈവത്തെക്കുറിച്ചുള്ള ഈ ചിത്രീകരണം (എസെ 1,4-28) വിദേശത്തു വച്ചുണ്ടായ ഒരു ദർശനമായി അവതരിപ്പിക്കുന്നു എന്നതു തന്നെ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ദൈവികസാന്നിധ്യം ജറുസലെമിൽ ഒതുങ്ങി നിൽക്കുന്നില്ല. എല്ലായിടത്തും തിരുസാന്നിധ്യമുണ്ട്. കൊടുങ്കാറ്റ്, രഥം, ചക്രങ്ങൾ മുതലായ പ്രതീകങ്ങൾ വേഗതയെ സൂചിപ്പിക്കുന്നു.

ഏതു സ്ഥലത്തും എപ്പോഴും സന്നിഹിതനാണ് ദൈവം എന്ന യാഥാർത്ഥ്യം ആരംഭത്തിൽത്തന്നെ ഊന്നിപ്പറയുന്നു. സ്ഥലകാലങ്ങൾക്ക് അതീതനാണ് ദൈവം.

ജറുസലെം ദേവാലയത്തെക്കുറിച്ചുള്ള വിവരണങ്ങൾക്കായി മൂന്നധ്യായങ്ങൾ മാറ്റിവച്ചിരിക്കുന്നു (എസെ 8-10) ദർശനങ്ങളുടെ ഭാഷയാണ് ഇവിടെയും ഉപയോഗിക്കുന്നത്. വിഗ്രഹാരാധനയിലൂടെ ദേവാലയം മലിനമായിത്തീർന്നിരിക്കുന്നു. പുരോഹിതന്മാർ തന്നെയാണ് ഇതിനു മുഖ്യ ഉത്തരവാദികൾ. ദേവാലയത്തിൽ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച് ബലിയർപ്പിക്കുന്നു; വിജാതീയാചാരങ്ങൾ അനുഷ്ഠിക്കുന്നു (എസെ 8). ഈ അനാചാരങ്ങളും വിഗ്രഹാരാധനയും സത്യദൈവമായ കർത്താവിനെ തിരസ്കരിച്ചതിന്റെ അടയാളങ്ങളാണ്, പോരാ അവിടുത്തെ അവഹേളിക്കലാണ്, പ്രകോപിപ്പിക്കലാണ്. അതിനാൽ ശിക്ഷ ആസന്നമായിരിക്കുന്നു.

"നഗരത്തിൽ നടമാടുന്ന മ്ലേച്ഛതയോർത്ത് കരയുകയും നെടുവീർപ്പിടുകയും ചെയ്യുന്നവരുടെ നെറ്റിയിൽ അടയാളമിടുക" (എസെ 9,4) എന്ന കർത്താവിന്റെ കൽപന പിന്നാലെ വരുന്ന ശിക്ഷാവിധിക്കുള്ള ഒരുക്കമാണ്. മാരകായുധങ്ങളേന്തിയ ആറുപേർ ശിക്ഷാവിധി നടപ്പിലാക്കുന്നു. കരുണയില്ലാതെ, സകലരെയും വധിക്കുക; നെറ്റിയിൽ അടയാളമുള്ളവരെ മാത്രം തൊടരുത്. "എന്റെ വിശുദ്ധ മന്ദിരത്തിൽത്തന്നെ ആരംഭിക്കുവിൻ! അവർ ആലയത്തിനു മുമ്പിലുണ്ടായിരുന്ന ശ്രേഷ്ഠന്മാരിൽ ആരംഭിച്ചു. അവിടുന്ന് അവരോടു കൽപിച്ചു. ഈ ആലയത്തെ അശുദ്ധമാക്കുക. അങ്കണങ്ങളെ മൃതശരീരംകൊണ്ടു നിറയ്ക്കുക" (എസെ 9,5-6).

വരാൻ പോകുന്ന ഭീകരനാശത്തിന്റെ പ്രവചനാത്മകമായൊരു ചിത്രീകരണമാണിത്. നാട്ടിൽ നടമാടുന്ന അക്രമവും അനീതിയും വിഗ്രഹാരാധനയുമാണ് ഈ ശിക്ഷാവിധിക്കു കാരണമെന്ന് പ്രവാചകൻ അനേകം തവണ ആവർത്തിച്ച് പറയുന്നുണ്ട്. ആയുധമേന്തിയ ആറു ദൂതന്മാർ ശിക്ഷാവിധി നടപ്പിലാക്കിക്കഴിഞ്ഞപ്പോൾ കൂടുതൽ ഭയാനകമായൊന്നു സംഭവിക്കുന്നു-ദൈവം ദേവാലയത്തിൽനിന്ന് ഇറങ്ങിപ്പോകുന്നു.

പത്താം അധ്യായം വളരെ വ്യക്തമായി വിവരിക്കുന്നതാണ് ഈ ദർശനം. ദൈവസിംഹാസനം വഹിക്കുന്ന കെരൂബുകൾ

അതിവിശുദ്ധ സ്ഥലത്തു നിന്നിറങ്ങി, ദേവാലയത്തിന്റെ പടിവാതിൽക്കൽ നിന്നു (എസെ 10,4-19). പിന്നീട് നഗരമധ്യത്തിലേക്കു നീങ്ങി. "കർത്താവിന്റെ മഹത്വം നഗരമധ്യത്തിൽ നിന്നുയർന്നു, നഗരത്തിനു കിഴക്കുള്ള മലമുകളിൽ ചെന്നു നിന്നു" (എസെ 11,22-24). മടിച്ചുമടിച്ചാണ് ദൈവം തന്റെ വാസസ്ഥലമായി തിരഞ്ഞെടുത്ത ഭവനവും നഗരവും ഉപേക്ഷിക്കുന്നത് എന്ന ധാരണ ജനിപ്പിക്കുന്നതാണ് ഈ വിവരണം. വിഗ്രഹാരാധനയും അനീതിയും ദൈവത്തെ അകറ്റുന്നു; തുടർന്ന് വരുന്നത് സർവ്വനാശമായിരിക്കും എന്ന സന്ദേശമാണ് ഈ ദർശനങ്ങളിലൂടെ പ്രവാചകൻ അവതരിപ്പിക്കുന്നത്.

ജനമധ്യത്തിൽനിന്നും ദൈവത്തിന്റെ രക്ഷാകരസാന്നിധ്യം അകറ്റുന്നത് എന്താണെന്നു പ്രവാചകൻ വളരെ വിശദമായി വിവരിക്കുന്നുണ്ട്. 22-ാം അധ്യായം ഒരുദാഹരണമാണ്. "രക്തച്ചൊരിച്ചിൽ നടത്തി തന്റെ വിധിദിനം ആസന്നമാക്കുകയും വിഗ്രഹങ്ങൾ നിർമ്മിച്ച് തന്നെത്താൻ അശുദ്ധയാക്കുകയും ചെയ്യുന്ന നഗരമേ...." (എസെ 22,3) എന്ന അഭിസംബോധനയോടെ ആരംഭിക്കുന്ന പ്രവചനം ജറുസലെമിന്റെ അകൃത്യങ്ങൾ അക്കമിട്ടു നിരത്തുന്നു.

"ഇസ്രായേൽ രാജാക്കന്മാർ തങ്ങളുടെ ശക്തിക്കൊത്ത് നിന്നിൽ രക്തച്ചൊരിച്ചിൽ നടത്തി. നിന്നിൽ മാതാപിതാക്കൾ നിന്ദിക്കപ്പെട്ടു. പരദേശികൾ കൊള്ളയടിക്കപ്പെട്ടു. അനാഥരും വിധവകളും ദ്രോഹിക്കപ്പെട്ടു... നിന്നിൽ രക്തം ചിന്തുന്നതിനായി കോഴ വാങ്ങുന്നവരുണ്ട്. നീ പലിശ വാങ്ങുകയും ലാഭമുണ്ടാക്കുകയും അയൽക്കാരനെ ഞെരുക്കി സമ്പത്തുണ്ടാക്കുകയും ചെയ്യുന്നു... അവളുടെ മധ്യേ പ്രഭുക്കന്മാർ ഇരയെ ചീന്തിക്കീറി അലറുന്ന സിംഹത്തെപ്പോലെയാണ്. അവർ മനുഷ്യരെ വിഴുങ്ങുന്നു. പുരോഹിതന്മാർ എന്റെ നിയമം ലംഘിക്കുന്നു... പ്രവാചകന്മാർ... കള്ള പ്രവചനങ്ങൾ നടത്തി അവരുടെ തെറ്റുകൾ മൂടി വയ്ക്കുന്നു" (എസെ 22,1-29).

ആരോപണങ്ങൾ സുവ്യക്തം! ഒഴിഞ്ഞു മാറാനാവാത്ത വിധം കുറ്റം തെളിയിക്കപ്പെട്ടു കഴിഞ്ഞു. ഇതാണ് ജറുസലെമിനു മേൽ പതിച്ച ശിക്ഷാവിധിയുടെ കാരണം. ഈ ആരോപണങ്ങളുടെ അവസാനം ഒരു വിലാപം പോലെ അവതരിപ്പിക്കുന്ന ഒരു വാക്യം സവിശേഷ ശ്രദ്ധയർഹിക്കുന്നു. "ഞാൻ ആ ദേശത്തെ

നശിപ്പിക്കാതിരിക്കേണ്ടതിന് കോട്ട പണിയാനോ കോട്ടയുടെ വിള്ളലിൽ നിലയുറപ്പിക്കാനോ തയ്യാറുള്ള ഒരുവനെ അവരുടെ ഇടയിൽ ഞാൻ അന്വേഷിച്ചു- എന്നാൽ ആരെയും കണ്ടില്ല" (എസെ 22,30). പത്തു നീതിമാന്മാരെങ്കിലും അവിടെയുണ്ടെങ്കിൽ സോദോം നശിപ്പിക്കുകയില്ല എന്ന് ദൈവം അബ്രാഹത്തിനു വാക്കു കൊടുത്തു (ഉൽപ 18-32). "നീതി പ്രവർത്തിക്കുകയും സത്യം അന്വേഷിക്കുകയും ചെയ്യുന്ന ഒരുവനെയെങ്കിലും കണ്ടു മുട്ടിയാൽ ഞാൻ അവനോടു ക്ഷമിക്കാം" (ജറെ 5,1) എന്നു ജറു സലെമിനെക്കുറിച്ചു ജറെമിയായോടു പറഞ്ഞു. അതു തന്നെയാ ണപ്പോൾ എസെക്കിയേലും പറയുന്നത്. ഒരാളെപ്പോലും നീതി മാനായി കാണാത്ത സാഹചര്യം ഭയാനകം. നാശമേ അവശേ ഷിച്ചിട്ടുള്ളൂ. ഇതാണ് പ്രവചനങ്ങളുടെ ആദ്യഭാഗം വരച്ചുകാ ട്ടുന്ന ചിത്രം.

മുൻകൂട്ടി അറിയിച്ച ശിക്ഷകളെയെല്ലാം സർവ്വ ഭീകരത യോടും കൂടെ നടപ്പിലാക്കപ്പെട്ടു. എല്ലാം നഷ്ടപ്പെട്ട്, ഹൃദയം തകർന്ന് പ്രവാസത്തിൽ വിലപിക്കുന്ന ജനത്തിനു പ്രത്യാശ നൽകുന്നതാണ് പ്രവചനങ്ങളുടെ രണ്ടാംഭാഗം. ജനത്തിനുമേൽ സർവ്വനാശം വരുത്തിവച്ച അവിശ്വസ്തരും അക്രമികളുമായ നേതാക്കൾക്കുപകരം ദൈവം തന്നെ, നല്ല ഇടയനെപ്പോലെ തന്റെ ജനത്തെ നയിക്കും. ഇതാണ് പ്രത്യാശയുടെ തുടക്കം. "..... ഞാൻ തന്നെ എന്റെ ആടുകളെ മേയ്ക്കും. ഞാൻ അവർക്കു വിശ്രമസ്ഥലം നൽകും. നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും. മുറിവേറ്റതിനെ ഞാൻ വച്ചുകെട്ടും. ബലഹീനമായതിനെ ശക്തി പ്പെടുത്തും. കൊഴുത്തതിനെയും ശക്തിയുള്ളതിനെയും ഞാൻ സംരക്ഷിക്കും. നീതിപൂർവ്വം ഞാൻ അവയെ പോറ്റും" (എസെ 34,11-16). ദൈവത്തിന്റെ ഹിതം അനുസരിച്ച് ജനത്തെ മേയ്ക്കുന്ന ഒരു നല്ല ഇടയനെ നൽകും എന്ന വാഗ്ദാനത്തിൽ (എസെ 34,23) വരാനിരിക്കുന്ന മിശിഹായെക്കുറിച്ചുള്ള ഒരു പ്രവചനം കാണാം.

ഭാവിയെ സംബന്ധിക്കുന്നതാണ് വാഗ്ദാനങ്ങളെല്ലാം; ദൈവം അയയ്ക്കുന്ന രക്ഷകനിലൂടെ പൂർത്തിയാകുന്ന വാഗ്ദാ നങ്ങൾ. അവയിൽ ഏറ്റം പ്രധാനവും ദീർഘവുമാണ് ഭാവി ദേവാ ലയത്തെക്കുറിച്ചുള്ള പ്രവചനം. 40-47 അധ്യായങ്ങളിൽ നിറഞ്ഞു നിൽക്കുന്നത് ഈ ഭാവി ദേവാലയത്തിന്റെ വിവരണമാണ്. ഇതൊരു യുഗാന്ത ദർശനമായി അവതരിപ്പിച്ചിരിക്കുന്നു. പുതു തായി നിർമ്മിക്കപ്പെടുന്ന ദേവാലയത്തിലേക്ക് ദൈവമഹത്വം

മടങ്ങിവരും. "ദൈവത്തിന്റെ മഹത്വം അതാ കിഴക്കുനിന്നു വരുന്നു. അവിടുത്തെ ആഗമനത്തിന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരമ്പൽപോലെ ആയിരുന്നു. ഭൂമി അവിടുത്തെ തേജസുകൊണ്ട് പ്രകാശിച്ചു... മനുഷ്യപുത്രാ, ഇതാ എന്റെ സിംഹാസനവും പാദപീഠവും. ഇസ്രായേൽ മക്കളുടെ ഇടയിൽ ഞാൻ നിത്യമായി വസിക്കുന്ന ഇടവും ഇതാണ്" (എസെ 43,1-7).

ഈ ദേവാലയം ജീവന്റെ ഉറവിടമായിരിക്കും. അവിടെ നിന്നു പ്രവഹിക്കുന്ന നീർച്ചാൽ സകല ജീവജാലങ്ങൾക്കും പുതുജീവൻ പ്രദാനം ചെയ്യും (എസെ 47,1-12). അതു ചെന്നെത്തുന്നിടത്തെല്ലാം ജീവൻ തളിർക്കും. മരണത്തിന്റെ പ്രതീകമായ ചാവുകടലിൽ ചെന്നു ചേരുമ്പോൾ അവിടെ ജീവൻ സമൃദ്ധമായുണ്ടാകും. നദി ഒഴുകുന്നിടത്തെല്ലാം ജീവൻ നിറഞ്ഞുനിൽക്കും. ജീവൻ നൽകുന്ന ദൈവാത്മാവിന്റെ പ്രതീകമാണ് ഈ നദി എന്നു പുതിയ നിയമത്തിൽ വ്യാഖ്യാനിക്കപ്പെടും (യോഹ 4,14;7,37-39; വെളി 22,1-3).

ഇപ്രകാരം ഒരു സമൂല നവീകരണം സംഭവിക്കുന്നത് ഒരു പുതിയ സൃഷ്ടിപോലെ ആയിരിക്കും. ദൈവം തന്നെ "ഒരു പുതിയ ഹൃദയം നൽകും. ഒരു പുതു ചൈതന്യം നിങ്ങളിൽ നിക്ഷേപിക്കും. നിങ്ങളുടെ ശരീരത്തിൽനിന്നു ശിലാഹൃദയം എടുത്തു മാറ്റി മാംസളഹൃദയം നൽകും. എന്റെ ആത്മാവിനെ നിങ്ങളിൽ ഞാൻ നിവേശിപ്പിക്കും. നിങ്ങളെ എന്റെ കല്പനകൾ കാക്കുന്നവരും നിയമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധയുള്ളവരുമാക്കും" (എസെ 36,25-28). അങ്ങനെ അവർ ദൈവത്തിന്റെ ജനമായിരിക്കും. ഇതൊരു പുനരുത്ഥാനത്തിനു സമാനമാണ് എന്ന് അസ്ഥികളുടെ താഴ്‌വരയെക്കുറിച്ചുള്ള ദർശനത്തിലൂടെ വീണ്ടും പറയുന്നു (എസെ 37). വരണ്ടുണങ്ങിയ അസ്ഥികൾ പോലെ പ്രതീക്ഷയറ്റവരാണ് പ്രവാസത്തിൽ കഴിയുന്ന ജനം. എന്നാൽ ദൈവാത്മാവ് അവരെ വീണ്ടും ഒരുമിച്ചു കൂട്ടും, വാഗ്ദത്തഭൂമിയിലേക്ക് നയിക്കും. അതൊരു പുതിയ പുറപ്പാടായിരിക്കും. ഈ പ്രതീക്ഷയോടെയാണ് എസെക്കിയേൽ തന്റെ സന്ദേശങ്ങൾ സമാപിക്കുന്നത്. ആനുകാലിക യാഥാർത്ഥ്യങ്ങൾക്കപ്പുറം, ദൈവം വിരിയിക്കുന്ന പുതിയ ലോകത്തിലേക്ക് ഒരു ഉൾക്കാഴ്ച നൽകുന്ന പ്രവാചക സന്ദേശം എന്നത്തേക്കാളേറെ ഇന്നു പ്രസക്തമായിരിക്കുന്നു. പ്രത്യാശയിലാണ് രക്ഷ!

05

# പ്രവാസത്തിൽ

"ദൈവമേ, ഞങ്ങളെ എന്നേക്കുമായി തള്ളിക്കളഞ്ഞതെന്തു കൊണ്ട്?... അവിടുന്നു വസിച്ചിരുന്ന സീയോൻ മലയെ അനുസ്മരിക്കണമേ... ദേവാലയത്തിലുള്ളതെല്ലാം ശത്രു നശിപ്പിച്ചിരിക്കുന്നു. അങ്ങയുടെ വൈരികൾ അങ്ങയുടെ വിശുദ്ധ സ്ഥലത്തിന്റെ നടുവിൽ അലറി... മരംവെട്ടുകാർ മരം മുറിക്കുന്നതു പോലെ അവർ ദേവാലയത്തിന്റെ കവാടത്തിലെ അഴികൾ മഴു കൊണ്ടും കോടാലികൊണ്ടും തകർത്തു. അങ്ങയുടെ ആലയത്തിന് അവർ തീ വച്ചു. അങ്ങയുടെ നാമം വസിക്കുന്ന ശ്രീകോവിൽ അവർ ഇടിച്ചു നിരത്തി അശുദ്ധമാക്കി" (സങ്കീ 74,1-7).

ജനത്തിനു താങ്ങാനാവാത്തതായിരുന്നു പ്രവാസം ഏൽപ്പിച്ച ആഘാതം. ബി.സി. 587-ൽ നബുക്കദ്നേസറിന്റെ സൈന്യം ജറുസലെം നശിപ്പിച്ചു. ദേവാലയം അഗ്നിക്കിരയാക്കി. അനേകായിരങ്ങൾ അടിമകളെപ്പോലെ ബാബിലോണിലേക്കു നാടു കടത്തപ്പെട്ടു. ചരിത്രം ഒരു വൃത്തം പൂർത്തിയാക്കി. ഈജിപ്തിൽ നിന്നു മോചിപ്പിച്ച്, സീനായ് ഉടമ്പടിയിലൂടെ സ്വന്തം ജനമായി സ്വീകരിച്ച്, വാഗ്ദത്ത ഭൂമി സ്വന്തമായി നൽകി കുടിയിരുത്തിയ ദൈവം തന്നെ തങ്ങളെ ഇപ്പോൾ ബാബിലോണിൽ അടിമകളാക്കിയിരിക്കുന്നു എന്ന അവബോധം, അനുഭവം, തികച്ചും ഭയാനകമായിരുന്നു. പ്രവാചകന്മാർ വഴി അനേകം തവണ താക്കീതു നൽകിയെങ്കിലും യഥാർത്ഥ മാനസാന്തരത്തിന്റെ ഫലം പുറപ്പെടുവിക്കാത്തതാണ് ഈ ദുരന്തത്തിനു കാരണം എന്ന് എല്ലാവർക്കും ബോധ്യമായി. ഇനി എന്ത്?

ദേവാലയത്തിന്റെ നാശം ജനമനസിൽ ഏൽപിച്ച ആഘാതത്തിന്റെ ആഴം വെളിപ്പെടുത്തുന്നതാണ് ആരംഭത്തിൽ ഉദ്ധരിച്ച 74-ാം സങ്കീർത്തനം. ജറുസലെമിന്റെയും ദൈവഭവനമായ ദേവാ

ലയത്തിന്റെയും മഹത്വം വർണ്ണിക്കുന്ന സീയോൻ കീർത്തനങ്ങൾക്കു പകരം ഇവിടെ ദേവാലയത്തിന്റെ നാശം വിവരിക്കുന്ന വിലാപകീർത്തനമായി. ദൈവം തങ്ങളെ കൈവെടിഞ്ഞു, ശത്രുക്കൾക്കു വിട്ടു കൊടുത്തു എന്ന ഭീതിദമായൊരവബോധമാണ് ഈ സങ്കീർത്തനത്തിൽ ഉടനീളം പ്രതിധ്വനിക്കുന്നത്. അതിൽ നിന്നു മോചനം നൽകണമേ എന്ന ദീനരോദനത്തിന് എന്നു മറുപടി കിട്ടും എന്ന് സങ്കീർത്തകനറിയില്ല. "മർദ്ദിതർ ലജ്ജിതരാകാൻ സമ്മതിക്കരുതേ; ദരിദ്രരും അഗതികളും അങ്ങയുടെ നാമം പ്രകീർത്തിക്കട്ടെ" (സങ്കീ 74,21) എന്ന പ്രാർത്ഥന മാത്രം!

79-ാം സങ്കീർത്തനം ദേവാലയത്തിന്റെ നാശം കൂടുതൽ ഹൃദയഭേദകമാംവിധം അവതരിപ്പിക്കുന്നു. "ദൈവമേ, വിജാതീയർ അങ്ങേ അവകാശത്തിൽ കടന്നിരിക്കുന്നു. അവർ അങ്ങയുടെ വിശുദ്ധ മന്ദിരത്തെ അശുദ്ധമാക്കുകയും ജറുസലെമിനെ നാശകൂമ്പാരമാക്കുകയും ചെയ്തു. അവർ അങ്ങയുടെ ദാസരുടെ ശരീരം ആകാശപ്പറവകൾക്കും അങ്ങയുടെ വിശുദ്ധരുടെ മാംസം വന്യമൃഗങ്ങൾക്കും ഇരയായി കൊടുത്തു. അവരുടെ രക്തം ജലം പോലെ ഒഴുകി" (സങ്കീ 79,1-3). എല്ലാം തകർന്നു, അവസാനിച്ചു. ഇനി എന്നെങ്കിലും ഈ അവസ്ഥയ്ക്കു മാറ്റമുണ്ടാകുമോ എന്നറിയാത്തത് ദുഃഖത്തിൽ നിന്നു നിരാശയിലേക്കു വഴുതിവീഴാൻ കാരണമാകുന്നു. "കർത്താവേ, ഇത് എത്ര കാലത്തേക്ക്?" (സങ്കീ 79,4).

ഉടമ്പടി ലംഘിച്ചവരെ, ഉടമ്പടിയുടെ നിയമം അനുസരിച്ച് ദൈവം ശിക്ഷിച്ചു; ഉപേക്ഷിച്ചിരിക്കുന്നു എന്ന് ഒരു വിഭാഗം ജനങ്ങൾ കരുതി. "കാളയെ വെട്ടിപ്പിളർന്ന്, ആ പിളർപ്പിനിടയിലൂടെ കടന്ന് എന്നോട് ചെയ്ത ഉടമ്പടി ലംഘിച്ചവരെ, ഉടമ്പടിയുടെ നിബന്ധനകൾ പാലിക്കാത്തവരെ, ഞാൻ ആ കാളക്കുട്ടിയെപ്പോലെയാക്കും'' (ജറെ 34,18) എന്ന ഭീഷണി ഇപ്പോൾ യാഥാർത്ഥ്യമായിരിക്കുന്നു എന്ന് അവർ കരുതി. സ്വന്തം തെറ്റുകളും കുറ്റങ്ങളുമാണ് ഈ ദുരന്തം വരുത്തിവച്ചത് എന്ന കയ്പേറിയ ഓർമ്മ വിലാപഗാനങ്ങളായി പ്രവഹിച്ചു. വിലാപങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന പുസ്തകം മുഴുവൻ ഈ നാശത്തെക്കുറിച്ച് എണ്ണിപ്പാടി കരയുന്നു.

"ഒരിക്കൽ ജനനിബിഡമായിരുന്ന നഗരം ഇന്ന് എത്ര ഏകാന്തമായിരിക്കുന്നു" (വിലാ 1,1) എന്ന നിരീക്ഷണത്തിൽ തുടങ്ങുന്നു ഏറ്റു പറച്ചിലുകളും വിലാപങ്ങളും. ഇതിനെല്ലാം കാരണമായത് തങ്ങളുടെ തന്നെ പാപമാണെന്ന് അംഗീകരിക്കുന്നു. എന്നാൽ

ഇപ്രകാരം ഒരു ദുരന്തം ഉണ്ടാകാൻ മുഖ്യ ഉത്തരവാദികൾ ജനത്തെ നയിക്കാൻ നിയുക്തരായിരുന്ന പുരോഹിതന്മാരും പ്രവാചകന്മാരും ആയിരുന്നു എന്ന് ആവർത്തിച്ച് എടുത്തു പറയുന്നുണ്ട്. "നിന്റെ പ്രവാചകന്മാർ നിനക്കുവേണ്ടി കണ്ടത് വഞ്ചനാത്മകമായ വ്യാജ ദർശനങ്ങളാണ്. നിന്റെ ഐശ്വര്യം പുനഃസ്ഥാപിക്കാൻ വേണ്ടി നിന്റെ അകൃത്യങ്ങൾ അവർ മറനീക്കിക്കാണിച്ചില്ല" (വിലാ 2,14). "അവരുടെ മധ്യേ നീതിമാന്മാരുടെ രക്തം ചൊരിഞ്ഞ അവരുടെ പ്രവാചകന്മാരുടെ പാപങ്ങളും പുരോഹിതന്മാരുടെ തിന്മകളും നിമിത്തമാണ് ഇതു സംഭവിച്ചത്" (വിലാ 4,19).

നേതാക്കന്മാർ വഴിതെറ്റിച്ച് കുഴിയിൽ വീഴിച്ച ജനം. എല്ലാം നഷ്ടപ്പെട്ടു എന്നു നിരാശപ്പെടുമ്പോഴും ഏതോ ഒരജ്ഞാത കോണിൽ നിന്ന് പ്രത്യാശയുടെ ചെറിയൊരു പ്രകാശകിരണം പുറപ്പെടുന്നതായി ഗ്രന്ഥകാരൻ കാണുന്നു. "എന്റെ കഷ്ടതയുടെയും അലച്ചിലിന്റെയും ഓർമ്മ കയ്പേറിയ വിഷമാണ്. അതിനെപ്പറ്റി നിരന്തരം ചിന്തിച്ച് എന്റെ മനം തകരുന്നു. എന്നാൽ ഒരു കാര്യം ഞാൻ ഓർക്കുന്നു. അത് എനിക്കു പ്രത്യാശ തരുന്നു. കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അതു പുതിയതാണ്. അവിടുത്തെ വിശ്വസ്തത ഉന്നതമാണ്" (വിലാ 3,19-23). പ്രത്യാശയ്ക്ക് വകയില്ല എന്നു തോന്നുമ്പോഴും ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹത്തിലും അചഞ്ചലമായ വിശ്വസ്തതയിലും ശരണപ്പെടാൻ ജനത്തെ പ്രേരിപ്പിക്കുന്നതാണ് ഈ ചിന്ത. കഠിനദുഃഖത്തിന്റെ നടുവിലും നിരാശയിൽ മുങ്ങിപ്പോകാതിരിക്കാൻ ദൈവം തന്നെ അയച്ച ചില പ്രവാചകന്മാരാണ് പ്രവാസകാലത്ത് ജനത്തിനു പ്രകാശമായത്.

കർത്താവു നൽകാൻ പോകുന്ന പുതിയ ഉടമ്പടിയെക്കുറിച്ചു പ്രവചിച്ച ജറെമിയായും പുതിയ ദേവാലയം സ്വപ്നം കണ്ട എസെക്കിയേലും കഠിനദുഃഖത്തിനു മധ്യത്തിലും ദൈവത്തിന്റെ കാരുണ്യത്തിൽ പ്രത്യാശ വയ്ക്കാൻ പ്രേരിപ്പിച്ച വിലാപത്തിന്റെ ഗ്രന്ഥകാരനായ പ്രവാചകനും എല്ലാം ഈ കൂട്ടത്തിൽപെടും. എന്നാൽ അവരേക്കാൾ എല്ലാം ഉപരിയായി പ്രവാസികൾക്കു പ്രത്യാശ നൽകി ശക്തി പകർന്നത് ആശ്വാസത്തിന്റെ പുസ്തകം (Book of Consolation) എന്നു വിശേഷിപ്പിക്കുന്ന ഏശ 40-55 അധ്യായങ്ങളുടെ കർത്താവായ, രണ്ടാം ഏശയ്യാ എന്നറിയപ്പെടുന്ന പ്രവാചകനാണ്.

"നിങ്ങളുടെ ദൈവം അരുളിച്ചെയ്യുന്നു. ആശ്വസിപ്പിക്കുവിൻ, എന്റെ ജനത്തെ സമാശ്വസിപ്പിക്കുവിൻ. ജറുസലെമിനോടു സൗമ്യ

മായി സംസാരിക്കുവിൻ. അവളുടെ അടിമത്തം അവസാനിച്ചു. തിന്മകൾ ക്ഷമിച്ചിരിക്കുന്നു. പാപങ്ങൾക്ക് കർത്താവിൽനിന്ന് ഇരട്ടി ശിക്ഷയും ലഭിച്ചിരിക്കുന്നു" (ഏശ 40,1–2). അതാണ് പ്രവാചകൻ നൽകുന്ന വിശദീകരണം. ജറുസലെമിന്റെ നാശവും പ്രവാസവും ദൈവം ജനത്തെ കൈവെടിഞ്ഞതിന്റെ അടയാളമല്ല. അവർ ചെയ്ത പാപത്തിനു നൽകിയ ശിക്ഷയാണ്; നശിപ്പിക്കാനല്ല, വിശുദ്ധീകരിക്കാൻ.

വാഗ്ദത്ത ഭൂമിയിലെ വാസകാലത്ത്, പ്രത്യേകിച്ചും രാജവാഴ്ചയുടെ കാലത്ത്, ഇസ്രായേൽ ജനം തങ്ങളുടെ ദൗത്യം മറന്നു. അബ്രാഹത്തെ വിളിച്ചപ്പോൾ മുതൽ അനേകം തവണ ആവർത്തിച്ചതാണ് ആ ദൗത്യം. "നിന്നിലൂടെ ഭൂമുഖത്തെ ജനതകളെല്ലാം അനുഗൃഹീതമാകും" (ഉൽപ 12,3). ലോകജനതകൾക്കു മുഴുവൻ അനുഗ്രഹത്തിന്റെ നീർച്ചാലാകുക; രക്ഷയുടെ പ്രകാശമാകുക. അതായിരുന്നു ഇസ്രായേലിനെ ഒരു പ്രത്യേക ജനതയായി, "പുരോഹിതരാജ്യവും വിശുദ്ധ ജനവുമായി" (പുറ 19,6) തിരഞ്ഞെടുത്തതിന്റെ ലക്ഷ്യം. ആ ലക്ഷ്യം പ്രാപിക്കണമെങ്കിൽ ജനം ദൈവത്തിന്റെ ഹിതമനുസരിച്ച്, ഉടമ്പടിയുടെ നിബന്ധനകൾക്കനുസൃതമായ ജീവിതം നയിക്കണമായിരുന്നു. എന്നാൽ അതല്ല സംഭവിച്ചത്. ദേവാലയത്തിലും ആചാരാനുഷ്ഠാനങ്ങളിലും മാത്രം ശ്രദ്ധ പതിച്ചപ്പോൾ പ്രമാണങ്ങളെല്ലാം ലംഘിക്കപ്പെട്ടു. പ്രകാശമാകേണ്ടവർ അന്ധകാരത്തിൽ തപ്പിത്തടഞ്ഞു. ആ അലച്ചിലിനാണിപ്പോൾ പ്രവാസം അറുതി വരുത്തിയിരിക്കുന്നത്.

ദൈവം ഇസ്രായേലിനെ മറന്നിട്ടില്ല, ഉപേക്ഷിച്ചിട്ടുമില്ല. ദേവാലയം അഗ്നിക്കിരയാക്കിയതുകൊണ്ട് ജനമധ്യത്തിൽ നിന്ന് ദൈവികസാന്നിധ്യം അകന്നുപോയിട്ടില്ല. മറിച്ച്, സ്ഥലകാലങ്ങൾക്കതീതനായ ദൈവം പ്രവാസ ഭൂമിയിൽ അവരോടൊത്തുണ്ട്. "ഭയപ്പെടേണ്ട, ഞാൻ നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്. സമുദ്രത്തിലൂടെ കടന്നു പോകുമ്പോൾ ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും. നദി കടക്കുമ്പോൾ അതു നിന്നെ മുക്കിക്കളയുകയില്ല. അഗ്നിയിലൂടെ നടന്നാലും നിനക്കു പൊള്ളലേൽക്കുകയില്ല. ജ്വാല നിന്നെ ദഹിപ്പിക്കുകയുമില്ല" (ഏശ 43,1–2). കൂടെ നടക്കുന്ന ദൈവം, കൈ പിടിച്ചു നടത്തുന്ന ദൈവം, പൊതിഞ്ഞു സംരക്ഷിക്കുന്ന ദൈവം. അതാണ് പ്രവാസികൾക്കു സ്വയം വെളിപ്പെടുത്തുന്ന ദൈവം. ആ ദൈവത്തിന് ആലയം വേണ്ടാ, ബലികളും കാഴ്ചകളും വേണ്ടാ. ഒന്നുമാത്രം. ജനത്തിന്റെ ആത്മാർത്ഥമായ സ്നേഹം, അനുസരണത്തിലൂടെ പ്രകടമാകുന്ന വിശ്വാസം.

ക്ലേശങ്ങളുടെ ചൂളയിൽ ശുദ്ധീകരിക്കപ്പെട്ട ജനം ജനതകൾക്കു പ്രകാശമാകണം. ദാസന്റെ പ്രതീകത്തിലൂടെ ജനത്തിനു ദൈവം നൽകുന്ന പ്രത്യേക ദൗത്യം പ്രവാചകൻ വിവരിക്കുന്നു: "ഞാൻ നിന്നെ നീതി സ്ഥാപിക്കാൻ വിളിച്ചു... അന്ധർക്കു കാഴ്ച നൽകുന്നതിനും തടവുകാരെ കാരാഗൃഹത്തിൽ നിന്നും മോചിപ്പിക്കുന്നതിനും വേണ്ടി ഞാൻ നിന്നെ ജനത്തിന് ഉടമ്പടിയും ജനതകൾക്കു പ്രകാശവുമായി നൽകിയിരിക്കുന്നു" (ഏശ 42,7). ഈ ദൗത്യം പൂർണ്ണമായും നിർവ്വഹിക്കപ്പെടുന്നത് ദൈവം അയയ്ക്കുന്ന രക്ഷകനിലൂടെ ആയിരിക്കും എന്നു വിശദീകരിക്കുമ്പോഴും ജനത്തിനു നൽകപ്പെടുന്ന, ലോകത്തിനു പ്രകാശമായിരിക്കുക എന്ന ദൗത്യം വിസ്മരിക്കാനാവില്ല.

വലിയൊരു ശുദ്ധീകരണത്തിന്റെയും പുതിയ വെളിപാടുകളുടെയും അവസരമായിരുന്നു ബാബിലോൺ പ്രവാസം. സഹനത്തിന്റെ മൂശയിൽ ഉരുക്കി; തെറ്റായ ബോധ്യങ്ങളും തങ്ങൾ മാത്രം വിശുദ്ധ ജനം എന്ന അതിരുവിട്ട അഹങ്കാരവും ഉരുക്കി മാറ്റി. അതോടൊപ്പം ദൈവത്തെയും ലോകജനതകൾക്കു മധ്യേ തങ്ങൾക്കുള്ള സ്ഥാനത്തെയും ദൗത്യത്തെയും കുറിച്ച് പുതിയ ഉൾക്കാഴ്ചകൾ അവർക്കു ലഭിച്ചു. കർത്താവായ ദൈവം മറ്റെല്ലാ ദൈവങ്ങളെക്കാളും ശക്തൻ എന്ന കാഴ്ചപ്പാടു തിരുത്തി. കർത്താവു മാത്രമാണ് ദൈവം. മറ്റു ജനതകൾ ആരാധിക്കുന്നതൊന്നും ദൈവമല്ല. ഒരേ ഒരു ദൈവം; വിമോചകനായ ദൈവം. "യാഹ്വേ" എന്ന പേരിൽ സ്വയം വെളിപ്പെടുത്തിയ ദൈവം ഇസ്രായേലിന്റെ മാത്രമല്ല, എല്ലാ ജനതകളുടെയും ദൈവമാണ്.

കർത്താവായ ദൈവത്തിനു ലോക ജനതകൾക്കു മധ്യേ സാക്ഷികളാവുക, അതാണ് ദൈവം തങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം എന്ന് പ്രവാസകാലത്ത് അവർ തിരിച്ചറിഞ്ഞു. ദൈവത്തെ അറിയുക, അറിയിക്കുക. അതിന് ദേവാലയവും ബലിയർപ്പണങ്ങളും മറ്റ് ആചാരാനുഷ്ഠാനങ്ങളുമല്ല, ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിച്ചുള്ള ജീവിതമാണ് ആവശ്യം. രാജാവും പുരോഹിതനും, സ്വന്തമായി രാജ്യവും ദേവാലയവും ഇല്ലാതായപ്പോഴും ഇസ്രായേൽ ദൈവജനമായി തുടർന്നു. അല്ല, അപ്പോഴാണ് അവർ തങ്ങളുടെ യഥാർത്ഥസ്വഭാവവും ദൗത്യവും ഗ്രഹിച്ചത്. തങ്ങളുടെ കൂടെ എല്ലായിടത്തും സന്നിഹിതനായിരിക്കുന്ന ദൈവത്തിന്റെ സാന്നിധ്യം അവർക്കു പ്രകാശവും പ്രത്യാശയും നൽകി. ഭൂമി മുഴുവന്റെയും സ്രഷ്ടാവും നിയന്താവും ആയ ദൈവം സകലർക്കും ശക്തി പകരുന്നു; പ്രത്യാശ നൽകുന്നു (ഏശ 40,28-31).

പുതിയ അവബോധം, ലോകത്തിന്റെ പ്രകാശമാകുക എന്ന പുതിയ ദൗത്യം - അതാണ് പ്രവാസകാലത്ത് ലഭിച്ച ഏറ്റം വലിയ കൃപ. വിജാതീയരിൽനിന്ന് അകന്നുനിൽക്കുകയല്ല, അവരുടെ മധ്യത്തിൽ കർത്താവിനു സാക്ഷികളാവുക, അന്ധകാരത്തിൽ പ്രകാശംപോലെ വർത്തിക്കുകയാണ് വേണ്ടത്. വിജാതീയരുടെ അന്ധവിശ്വാസങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും ആകൃഷ്ട രായി വഴിതെറ്റിപ്പോയവർ ഇപ്പോൾ തങ്ങളുടെ തെറ്റുകൾ തിരി ച്ചറിഞ്ഞ്, ശിക്ഷയിലൂടെ ശുദ്ധീകരിക്കപ്പെട്ട്, പുതിയ ദൗത്യം വിശ്വ സ്തതയോടെ നിറവേറ്റണം. അതിനു സഹായിക്കാൻ കർത്താവ് എപ്പോഴും കൂടെയുണ്ടാകും.

ദൈവം തങ്ങളെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. മനുഷ്യ നിർമ്മിതമായ സ്ഥാപനങ്ങളിലും അനുഷ്ഠാനങ്ങളിലും ആശ്ര യിച്ചതാണ് തങ്ങൾക്ക് പറ്റിയ തെറ്റ് എന്നവർ തിരിച്ചറിഞ്ഞു. “ക്ഷണനേരത്തേക്കു ഞാൻ നിന്നെ ഉപേക്ഷിച്ചു. മഹാകരുണ യോടെ നിന്നെ ഞാൻ തിരിച്ചുവിളിക്കും. കോപാധികൃത്താൽ ക്ഷണനേരത്തേക്ക് ഞാൻ എന്റെ മുഖം നിന്നിൽനിന്നു മറച്ചു വച്ചു; എന്നാൽ അനന്തമായ സ്നേഹത്തോടെ നിന്നോടു ഞാൻ കരുണ കാണിക്കും എന്ന് നിന്റെ വിമോചകനായ കർത്താവ് അരുളിച്ചെയ്യുന്നു” (ഏശ 54,7-8). “നിന്നോടു കരുണയുള്ള കർത്താവ് അരുളിച്ചെയ്യുന്നു; കുന്നുകൾ അകന്നു പോയേക്കാം. മലകൾ മാറ്റപ്പെട്ടേക്കാം. എന്നാൽ എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല; എന്റെ സമാധാന ഉടമ്പടിക്കു മാറ്റം വരു കയുമില്ല” (ഏശ 54,10).

ഇപ്രകാരമുള്ള വാഗ്ദാനങ്ങളും സാന്ത്വനങ്ങളും, ഉപദേശ ങ്ങളും നിർദ്ദേശങ്ങളും പ്രവാസികൾക്കു ശക്തി പകർന്നു; പുതി യൊരു ഉന്മേഷം, പുതിയൊരു ദൗത്യം, പ്രത്യാശ നൽകി. തങ്ങ ളോടുകൂടെ നടക്കുന്ന ദൈവത്തിന്റെ സാന്നിധ്യം അവർക്കു ധൈര്യമായി, പ്രചോദനമായി. ഇനി അവർക്കു വാഗ്ദത്തഭൂമി യിലേക്കു മടങ്ങാം, ഒരു പുതിയ പുറപ്പാടുപോലെ, ഒരു പുതിയ ജനമായി. മടങ്ങിയെത്തിയ ജനത്തിന് എന്തു സംഭവിച്ചു? ദേവാ ലയത്തെക്കുറിച്ച് പ്രവാസത്തിൽ വച്ചു ലഭിച്ച പുതിയ ഉൾക്കാ ഴ്ചകൾ എപ്രകാരമാണ് പ്രവാസാനന്തരകാല ജീവിതത്തെ സ്വാധീനിച്ചത്? അതാണ് നാം അടുത്തതായി കാണാൻ ശ്രമി ക്കുന്നത്.

# 06

## പ്രവാസാനന്തരം

“പേർഷ്യാ രാജാവായ സൈറസ് ആജ്ഞാപിക്കുന്നു. ആകാശത്തിന്റെ ദൈവമായ കർത്താവ് ഭൂമിയിലെ എല്ലാ രാജ്യങ്ങളെയും എനിക്ക് കീഴ്പ്പെടുത്തിയിരിക്കുന്നു. യൂദായിലെ ജറുസലെമിൽ അവിടുത്തേക്ക് ഒരു ആലയം പണിയാൻ എന്നോടു കല്പിച്ചിരിക്കുന്നു. അവിടുത്തെ ജനത്തിൽപ്പെട്ട ആരെങ്കിലും നിങ്ങളുടെ ഇടയിൽ ഉണ്ടെങ്കിൽ അവൻ പുറപ്പെടട്ടെ. അവന്റെ ദൈവമായ കർത്താവ് അവനോട് കൂടെ ഉണ്ടായിരിക്കട്ടെ” (2 ദിന 36,23).

വാഗ്ദാനങ്ങൾ ഒരു പരിധിവരെ പൂർത്തിയായി. ബി.സി. 538-ൽ ബാബിലോണിനെ കീഴടക്കി, മധ്യപൗരസ്ത്യ ദേശം മുഴുവൻ കൈപ്പിടിയിലൊതുക്കിയ പേർഷ്യൻ രാജാവ് സൈറസ് പ്രവാസികൾക്കു സ്വാതന്ത്ര്യം നൽകി; ബാബിലോൺ രാജാവ് തടവുകാരും അടിമകളുമാക്കിയിരുന്ന ജനതകൾക്കെല്ലാം താന്താങ്ങളുടെ സ്വന്തം നാടുകളിലേക്കു മടങ്ങിപ്പോയി. അവരവരുടെ വിശ്വാസങ്ങളും ആചാരങ്ങളും അനുസരിച്ച് ജീവിക്കാൻ അനുവാദവും നൽകി. സ്വതന്ത്രരും സന്തുഷ്ടരുമായ സാമന്തരാണ് അസംതൃപ്തരും അക്രമാസക്തരുമായ അടിമകളെക്കാൾ മെച്ചം എന്ന രാഷ്ട്രീയ ദീർഘവീക്ഷണത്തിന്റെ ഭാഗമായിരുന്നു ഈ വിദേശനയം. അതിന്റെ ഭാഗമായിരുന്നു പ്രവാസികളായി കഴിഞ്ഞ ഇസ്രായേൽക്കാർക്കു മടങ്ങിപ്പോകാൻ ലഭിച്ച അനുവാദം. അനുവാദം മാത്രമല്ല, തിരിച്ചുചെന്ന് തങ്ങളുടെ ദേവാലയം പുനർനിർമ്മിക്കാനുള്ള നിർദ്ദേശവും അതിനാവശ്യമായ സാമ്പത്തിക സഹായവും നൽകിയാണ് സൈറസ് അവരെ തിരിച്ചയച്ചത് (എസ്രാ 1-2).

### ദേവാലയത്തിന്റെ പുനർനിർമ്മാണം

ഇസ്രായേൽ ചരിത്രത്തിൽ ഒരു പുതിയ ഘട്ടം ആരംഭിക്കുകയായി. ബി.സി 537-ൽ മടങ്ങിവന്ന പ്രവാസികൾ തകർന്നു കിടന്ന ദേവാലയം പുതുക്കിപ്പണിയാൻ തുടങ്ങിയതു മുതൽ എ.ഡി. 70-ൽ റോമൻ സൈന്യം ജറുസലെം ദേവാലയം അഗ്നിക്കിരയാക്കുന്നതുവരെയുള്ള സുദീർഘമായ ആറു നൂറ്റാണ്ടു കാലത്തെ ചരിത്രമാണ് പ്രവാസാനന്തര കാലം എന്ന ശീർഷകത്തിൽ ഇവിടെ ചുരുക്കമായി അപഗ്രഥിക്കാൻ ശ്രമിക്കുന്നത്.

സൈറസിന്റെ വിളംബരം ഇസ്രായേൽ ചരിത്രത്തിലും അതോടൊപ്പം ദേവാലയത്തിന്റെ ഗതിവിഗതികളിലും നിർണ്ണായകമായ സ്വാധീനം ചെലുത്തി. അതിന്റെ തെളിവാണ് പ്രവാസം വരെയുള്ള ഇസ്രായേൽ ചരിത്രം അവതരിപ്പിക്കുന്ന ദിനവൃത്താന്തഗ്രന്ഥങ്ങളുടെ സമാപനത്തിലും (2 ദിന 36,22-23) പ്രവാസാനന്തരചരിത്രം കുറിക്കുന്ന എസ്രായുടെ പുസ്തകത്തിന്റെ ആരംഭത്തിലും (എസ്രാ 1,14) ഈ ഒരേ കാര്യം, ഒരേ വാക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പത്തധ്യായങ്ങൾ ഉള്ള എസ്രായുടെ പുസ്തകത്തിന്റെ ആദ്യത്തെ ആറധ്യായങ്ങളും ദേവാലയപുനർനിർമ്മാണത്തിന്റെ വിവരണമാണ് എന്നു കാണുമ്പോൾ ദേവാലയത്തിനു നൽകുന്ന പ്രാധാന്യം എത്രയെന്ന് ഊഹിക്കാനാവും.

പ്രവാസകാലത്ത് പ്രവാചകന്മാർ, പ്രത്യേകിച്ചും രണ്ടാം ഏശയ്യാ വഴി നൽകപ്പെട്ട സന്ദേശം അധികപങ്കും പ്രവാസാന്തരം വിസ്മരിക്കപ്പെട്ടു. നേതാക്കന്മാരുടെയും ജനത്തിന്റെയും ശ്രദ്ധ കേന്ദ്രീകരിച്ചത് ദേവാലയനിർമ്മിതിയിലായിരുന്നു. കർത്താവിനു ബലികൾ അർപ്പിക്കണം, വാസസ്ഥലം ഒരുക്കണം ഇതായിരുന്നു മടങ്ങി വന്നവർ മുഖ്യ കർത്തവ്യമായി കണ്ടത്. നബുക്കദ്നേസർ എടുത്തുകൊണ്ടുപോയ ദേവാലയോപകരണങ്ങളെല്ലാം- "ആകെ 5469 പാത്രങ്ങൾ" പ്രവാസികൾ തിരിച്ചുപോകുമ്പോൾ അവർക്കു കൂടെ കൊണ്ടുപോകാനായി പേർഷ്യൻ രാജാവ് നൽകിയിരുന്നു (എസ്രാ 1,11). പുരോഹിത പ്രമുഖനായ യഷുവായുടെയും ജനനേതാവായ സെറുബാബേലിന്റെയും നേതൃത്വത്തിൽ ആദ്യമേ ഒരു ബലിപീഠം നിർമ്മിച്ചു. "ഏഴാം മാസം ഒന്നാം ദിവസം മുതൽ അവർ കർത്താവിനു ബലിയർപ്പിക്കാൻ തുടങ്ങി" (എസ്രാ 3,6). അതിനുശേഷം ദേവാലയ നിർമ്മാണം ആരംഭിച്ചു.

"അവർ ജറുസലെമിൽ ദേവാലയത്തിലേക്കു വന്നതിന്റെ രണ്ടാം വർഷം രണ്ടാം മാസം ഷെയാൽത്തിയേലിന്റെ മകൻ

സെറുബാബേലും യോസദാക്കിന്റെ മകൻ യഷുവായും... പണി യാരംഭിച്ചു" (എസ്രാ 3,6). പഴയ ദേവാലയം കണ്ടിട്ടുള്ള വൃദ്ധർ പുതിയ ദേവാലയത്തിന്റെ അടിത്തറ കണ്ടു നിരാശരായി വില പിച്ചു. കാരണം പഴയതിനേക്കാൾ വളരെ ചെറുതായിരുന്നു പണി യാൻ പോകുന്ന പുതിയ ആലയം. എന്നാലും ജനം പൊതുവേ സന്തോഷിച്ചു. എല്ലാവരും കഴിവിനൊത്തു സഹകരിച്ചു. പക്ഷേ പണി അധികം മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല. കാരണം ചുറ്റുമുള്ള ജനതകളുടെ പ്രതിഷേധമുണ്ടായി.

അസീറിയാക്കാർ നശിപ്പിച്ച വടക്കൻ രാജ്യമായ ഇസ്രായേ ലിൽ ഇസ്രായേൽക്കാരും വിജാതീയരും അടങ്ങുന്ന ഒരു സങ്കര വർഗ്ഗമാണ് ജീവിച്ചിരുന്നത്. അവർ "സമറിയാക്കാർ" എന്നറിയ പ്പെട്ടിരുന്നു. ജറുസലെം ദേവാലയം തങ്ങൾക്കും അർഹതപ്പെട്ട താണെന്നും അതിനാൽ അതിന്റെ നിർമ്മാണത്തിൽ പങ്കുചേ രാൻ അനുവദിക്കണമെന്നും അവർ ദേവാലയ നിർമ്മാണത്തിന്റെ നേതാക്കളോടഭ്യർത്ഥിച്ചു. എന്നാൽ ഈ അപേക്ഷ നേതാ ക്കൾക്കു സ്വീകാര്യമായില്ല. ഞങ്ങളുടെ ദേവാലയം ഞങ്ങൾ തന്നെ പണിയും, അതിൽ നിങ്ങൾക്കു പങ്കില്ല എന്ന ജറുസലെം നിവാസികളുടെ നിലപാടിനെ സമറിയാക്കാർ എതിർത്തു. പേർഷ്യൻ ചക്രവർത്തിക്ക് നുണകൾ നിറച്ച നിവേദനം സമർ പ്പിച്ചു. വിശ്വസിച്ച ചക്രവർത്തി ദേവാലയ നിർമ്മാണം നിരോ ധിച്ചു. "അധികാരവും ബലവും പ്രയോഗിച്ച് പണി നിർത്തി വയ്പിച്ചു" (എസ്രാ 4,1-24).

ബി.സി. 536-ൽ നിർത്തിവച്ച പണി പിന്നീട് 522-ലാണ് പുന രാരംഭിച്ചത്, രാജാവിന്റെ അനുവാദത്തോടെ. പക്ഷേ അപ്പോ ഴേക്കും ദേവാലയ നിർമ്മാണത്തിലുള്ള ജനത്തിന്റെ താൽപര്യം കുറഞ്ഞു. തന്നെയുമല്ല, പ്രവാസത്തിൽ നിന്നു മടങ്ങി വരുമ്പോൾ സ്വപ്നം കണ്ട സന്തോഷവും സമൃദ്ധിയും ഒന്നും അവർക്കു ലഭി ച്ചില്ല. പ്രവാസത്തിലേക്കു പോയവരുടെ വസ്തുവകകൾ സ്വദേ ശത്തു തങ്ങിയവർ കരസ്ഥമാക്കിയിരുന്നു; മടങ്ങി വന്നവർക്കു തിരിയെ കൊടുക്കാൻ വിസമ്മതിച്ചു. തുടർച്ചയായുണ്ടായ വരൾച്ച കൃഷിനാശത്തിനും വലിയ ക്ഷാമത്തിനും കാരണമായി. കഴി ക്കാൻ ആഹാരമില്ല; കയറിക്കിടക്കാൻ ഇടമില്ല. ഈ സാഹചര്യ ത്തിൽ ദേവാലയ നിർമ്മാണത്തിൽ താൽപര്യം കുറയുക തികച്ചും സ്വാഭാവികം.

ഈ ഒരു പ്രതിസന്ധിയിലാണ് ദേവാലയ നിർമ്മാണത്തിനു

പ്രോത്സാഹനവുമായി ഹഗ്ഗായി പ്രവാചകൻ രംഗപ്രവേശം ചെയ്തത്. രണ്ടു ചെറിയ അധ്യായങ്ങൾ, മൊത്തം 38 വാക്യങ്ങൾ മാത്രമുള്ള ഈ പ്രവാചകഗ്രന്ഥം ഒരേ ഒരാശയത്തിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കഴിയുന്നത്ര വേഗം ദേവാലയ നിർമ്മാണം പൂർത്തിയാക്കണം. ഇപ്പോൾ ജനം അനുഭവിക്കുന്ന ദാരിദ്ര്യത്തിന്റെയും ദുരിതങ്ങളുടെയും എല്ലാം കാരണം ദേവാലയ നിർമ്മാണം പൂർത്തിയാകാത്തതാണെന്ന് പ്രവാചകൻ ആവർത്തിച്ച് ഉദ്ബോധിപ്പിച്ചു. "ഈ ആലയം തകർന്നു കിടക്കുന്ന ഈ സമയം നിങ്ങൾക്ക് മച്ചിട്ട ഭവനങ്ങളിൽ വസിക്കാനുള്ളതാണോ?" (ഹഗ്ഗാ 1,4). ഈ ചോദ്യത്തോടെ പ്രസംഗം ആരംഭിക്കുന്ന പ്രവാചകൻ ജനം നേരിടുന്ന സകല ക്ലേശങ്ങളുടെയും കാരണം ദേവാലയം നിർമ്മിക്കാത്തതാണെന്ന്, ദൈവനാമത്തിൽ വിളിച്ചു പറഞ്ഞു.

"നിങ്ങളുടെ സ്ഥിതിയെപ്പറ്റി ചിന്തിക്കുവിൻ. നിങ്ങൾ ഏറെ വിതച്ചു. കുറച്ചുമാത്രം കൊയ്തു. നിങ്ങൾ ഭക്ഷിക്കുന്നു. എങ്കിലും തൃപ്തി വരുന്നില്ല... കൂലി ലഭിക്കുന്നവന് അതു ലഭിക്കുന്നത് ഓട്ടസഞ്ചിയിൽ ഇടാൻ മാത്രം" (ഹഗ്ഗാ 1,6). എന്താണു പ്രതിവിധി? പ്രവാചകൻ തന്നെ വ്യക്തമായി നിർദ്ദേശിക്കുന്നു: "നിങ്ങൾ മലയിൽ ചെന്ന് തടികൊണ്ടുവന്ന് ആലയം പണിയുവിൻ. ഞാൻ അതിൽ സംപ്രീതനാകും. മഹത്വത്തോടെ ഞാൻ അതിൽ പ്രത്യക്ഷനാകും. കർത്താവ് അരുളിച്ചെയ്യുന്നു" (ഹഗ്ഗാ 1,8). പ്രവാചകൻ ജനത്തെ നിരന്തരം പ്രോത്സാഹിപ്പിച്ചു. കർത്താവ് കൂടെയുണ്ട് എന്ന ഉറപ്പു നൽകി. സോളമൻ നിർമ്മിച്ച ദേവാലയത്തിന്റെ പ്രൗഢിയും ഗാംഭീര്യവും ഇല്ലെങ്കിലും "ഈ ആലയത്തിന്റെ പൂർവ്വമഹത്വത്തേക്കാൾ ഉന്നതമായിരിക്കും വരാൻ പോകുന്ന മഹത്വം" (ഹഗ്ഗാ 2,8) എന്നും സാന്ത്വനപ്പെടുത്തി.

അവസാനം ബി.സി. 515-ൽ ദേവാലയ നിർമ്മാണം പൂർത്തിയായി. "ദാരിയൂസ് രാജാവിന്റെ ആറാം ഭരണവർഷം ആദാർ മാസം മൂന്നാം ദിവസം ആലയം പൂർത്തിയായി. പുരോഹിതന്മാരും ലേവായരും മടങ്ങിയെത്തിയ മറ്റു പ്രവാസികളും ഉൾപ്പെട്ട ഇസ്രായേൽ ജനം അത്യാഹ്ലാദപൂർവ്വം ദേവാലയത്തിന്റെ പ്രതിഷ്ഠാകർമ്മം ആഘോഷിച്ചു" (എസ്രാ 6,10). അങ്ങനെ ഒരു സ്വപ്നം യാഥാർത്ഥ്യമായി. ദേവാലയപ്രതിഷ്ഠയ്ക്കുശേഷം ബലിയർപ്പണങ്ങളും തിരുനാളാഘോഷങ്ങളും മുറപോലെ നടന്നു. പുരോഹിതരും ലേവായരും തങ്ങളുടെ കടമകൾ

വിശ്വസ്തതയോടെ നിർവ്വഹിച്ചു. പ്രവാസത്തിൽനിന്ന് ബി.സി. 458-ൽ മടങ്ങിവന്ന രണ്ടാം സംഘത്തെ നയിച്ച എസ്രായുടെ നേതൃത്വത്തിൽ ആരാധനാനുഷ്ഠാനങ്ങൾ എല്ലാം കൂടുതൽ നിഷ്ഠയോടെ ചിട്ടപ്പെടുത്തി. ഇന്ന് ലേവ്യരുടെ പുസ്തകത്തിന്റെ ആദ്യത്തെ 10 അധ്യായങ്ങളിൽ കാണുന്ന നിയമനിർദ്ദേശങ്ങൾക്ക് അന്തിമരൂപം നൽകിയത് എസ്രായുടെ നേതൃത്വത്തിലാണെന്നു ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു.

### പൂർത്തിയാവാത്ത പ്രതീക്ഷകൾ

ദേവാലയ നിർമ്മാണം പൂർത്തിയാക്കുകയും ജനം കഴിവിനൊത്ത് തിരുനാളാഘോഷങ്ങളും ബലിയർപ്പണങ്ങളും നടത്തുകയും ചെയ്തെങ്കിലും ഹഗ്ഗായി വാഗ്ദാനം ചെയ്ത സമൃദ്ധി ഉണ്ടായില്ല. നേരെ മറിച്ചാണ് സംഭവിച്ചത് എന്ന് ഭരണാധികാരിയായ നെഹെമിയായുടെ മുമ്പിൽ ജനം നിരത്തുന്ന പരാതികൾ വ്യക്തമാക്കുന്നു. ബി.സി. 445-ലാണ് പേർഷ്യൻ ചക്രവർത്തി അർത്താക്സെർക്സെസിന്റെ പാനപാത്രവാഹകനായ നെഹെമിയാ ജറുസലെമിലെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകാനായി രാജാവിനാൽ അയയ്ക്കപ്പെട്ടത്.

"ജനത്തിൽ പലരും സ്ത്രീപുരുഷഭേദമെന്നിയേ യഹൂദ സഹോദരന്മാർക്കെതിരേ ആവലാതി പറഞ്ഞു... ജീവൻ നിലനിർത്താൻ ഞങ്ങൾക്കു ധാന്യം നൽകുക. മറ്റു ചിലർ പറഞ്ഞു. ക്ഷാമം നിമിത്തം വയലുകളും മുന്തിരിത്തോപ്പുകളും വീടുകളും ഞങ്ങൾ ധാന്യത്തിനുവേണ്ടി പണയപ്പെടുത്തി... രാജകീയ നികുതി അടയ്ക്കാൻ ഞങ്ങൾ കടംവാങ്ങിയിരുന്നു... ഞങ്ങളുടെ പുത്രീപുത്രന്മാരെ അടിമത്തത്തിലേക്കു തള്ളിവിടുന്നു. ഞങ്ങളുടെ പുത്രിമാരിൽ ചിലർ അടിമകളായിക്കഴിഞ്ഞു. ഞങ്ങൾ നിസ്സഹായരാണ്. ഞങ്ങളുടെ വയലുകളും മുന്തിരിത്തോപ്പുകളും അന്യാധിനമാണ്" (നെഹെ 5,1-5). എന്തേ ഇങ്ങനെ സംഭവിക്കാൻ? ദേവാലയനിർമ്മാണത്തിനു പ്രോത്സാഹിപ്പിച്ചവർ നൽകിയ വാഗ്ദാനങ്ങൾക്ക് എന്തു സംഭവിച്ചു? അതാണ് മൂന്നാം ഏശയ്യാ എന്ന പേരിൽ അറിയപ്പെടുന്ന (ഏശ 56-66) പ്രവാകൻ വഴി കർത്താവ് പഠിപ്പിക്കുന്നത്.

### മൂന്നാം ഏശയ്യാ-ദേവാലയവും നീതിനിർവ്വഹണവും

നൽകിയ വാഗ്ദാനങ്ങൾ ദൈവം തിരിച്ചെടുത്തിട്ടില്ല; ദൈവത്തിന്റെ വിശ്വസ്തതയിൽ കുറവു സംഭവിച്ചിട്ടുമില്ല. പ്രവാചക

ന്മാർ, പ്രത്യേകിച്ചും ഹഗ്ഗായി വഴി നൽകപ്പെട്ട ഭൗതികസമൃദ്ധി യെയും സുരക്ഷിതത്വത്തെയും സംബന്ധിച്ച വാഗ്ദാനങ്ങൾ നിറ വേറാതിരിക്കുന്നതിനു കാരണം ജനത്തിന്റെ അവിശ്വസ്തതയാ ണെന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ട്, വീണ്ടും ആഴമേറിയ ഒരു മാനസാന്തരത്തിനും ജീവിതനവീകരണത്തിനും ക്ഷണിക്കുന്ന പ്രവാചകനാണ് മൂന്നാം ഏശയ്യാ. ഹഗ്ഗായിയ്ക്കുശേഷം, എസ്രാ യുടെ മതനവീകരണത്തിനുമുമ്പ്, ആറാം നൂറ്റാണ്ടിന്റെ അവസാ നത്തിലോ അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ആയിരുന്നു ഈ പ്രവാചകന്റെ പ്രവർത്തനങ്ങൾ എന്ന് വ്യാഖ്യാതാക്കൾ കരു തുന്നു. മാനസാന്തരത്തിനുള്ള ആഹ്വാനവും പ്രത്യാശ നൽകുന്ന വാഗ്ദാനങ്ങളും ഇടകലർത്തി അവതരിപ്പിക്കുന്ന ഒരു ശൈലി യാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്.

"കർത്താവ് അരുളിച്ചെയ്യുന്നു. ന്യായം പാലിക്കുക, നീതി പ്രവർത്തിക്കുക, ഞാൻ രക്ഷ നൽകാൻ പോകുന്നു. എന്റെ നീതി വെളിപ്പെടും" (ഏശ 56,1) എന്ന മുഖവുരയോടെ ആരംഭിക്കുന്ന പ്രവചനങ്ങൾ ദേവാലയത്തിനു വലിയ പ്രാധാന്യം നൽകുന്ന തായി കാണാം. കർത്താവിന്റെ നിയമം അനുസരിച്ച്, ഉടമ്പടി യോട് വിശ്വസ്തത പുലർത്തുന്നവർ ആരായാലും അവർക്ക് ദൈവത്തിന്റെ അനുഗ്രഹം ലഭിക്കും. അവർക്ക് "ഞാൻ എന്റെ ആലയത്തിൽ, മതിലുകൾക്കുള്ളിൽ, പുത്രീപുത്രന്മാരെക്കാൾ ശ്രേഷ്ഠമായ ഒരു സ്മാരകവും നാമവും നൽകും" (ഏശ 56,5). ശാരീരികമായി അബ്രാഹത്തിന്റെ സന്തതികളായവർക്കു മാത്ര മല്ല, "..... എന്റെ ഉടമ്പടിയോടു വിശ്വസ്തത പുലർത്തുകയും ചെയ്യുന്ന പരദേശികളെയും ഞാൻ വിശുദ്ധ ഗിരിയിലേക്കു കൊണ്ടുപോകും. എന്റെ പ്രാർത്ഥനാലയത്തിൽ അവർക്കു സന്തോഷം നൽകും... എന്റെ ആലയം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയമെന്ന് അറിയപ്പെടും" (ഏശ 56,7).

ഇതാണ് ആവർത്തിച്ചു നൽകുന്ന വാഗ്ദാനം. എന്നാൽ ജന ജീവിതം പ്രതീക്ഷയ്ക്കൊത്ത് മെച്ചപ്പെടുന്നില്ല. പ്രവാസത്തിനു മുമ്പു സംഭവിച്ച അതേ ധാർമ്മികാപചയം വീണ്ടും രൂക്ഷമായി. നേതാക്കന്മാരാണിതിനു മുഖ്യ കാരണക്കാർ. "എന്റെ ജനത്തിന്റെ കാവൽക്കാർ അന്ധരാണ്. അവർ ഒന്നും അറിയില്ല. അവർ മൂക രായ നായ്ക്കളാണ്. അവർക്കു കുരയ്ക്കാനാവില്ല. അവർ കിടന്നു സ്വപ്നം കാണുന്നു... ആർത്തി പിടിച്ച നായ്ക്കളാണവർ... ഇടയ ന്മാരും ഒന്നും അറിയുന്നില്ല. സ്വാർത്ഥലാഭത്തിനുവേണ്ടി അവർ സ്വന്തം വഴി നോക്കുന്നു" (ഏശ 56,9-10).

ജറുസലെം ദേവാലയം, ദൈവത്തിന്റെ ആലയം, എല്ലാ ജനതകൾക്കും ദൈവിക സാന്നിധ്യം അനുഭവവേദ്യമാക്കുന്ന ഇടം- അതായിരുന്നു ദൈവികപദ്ധതി; മൂന്നാം ഏശയ്യായുടെ വീക്ഷണത്തിൽ ഇനിയും പൂർത്തിയാകാത്ത, പൂർത്തിയാകേണ്ട ദൈവിക പദ്ധതിയും പ്രവാചകന്റെ പ്രതീക്ഷയും. ദേവാലയശുദ്ധീകരണാവസരത്തിൽ യേശു ഈ പ്രവചനം ഉദ്ധരിച്ചു എന്നത് പ്രത്യേക ശ്രദ്ധയർഹിക്കുന്നു (മർക്കോ 11,7). എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയം പക്ഷേ തീർത്ഥാടനം, ബലിയർപ്പണം മുതലായ ആചാരാനുഷ്ഠാനങ്ങളുടെ മാത്രം കേന്ദ്രമായി മാറി. ദൈവിക നിയമങ്ങൾ അനുസ്മരിപ്പിക്കാൻ പുരോഹിതരോ, അനുസരിക്കാൻ ജനമോ വേണ്ടത്ര ശ്രദ്ധിച്ചില്ല. തന്നിമിത്തം മതാത്മകതയും അനുദിനജീവിതവും വീണ്ടും വഴിപിരിഞ്ഞു, രണ്ടു വഴിക്കു മുന്നേറി. ആചാരാനുഷ്ഠാനങ്ങൾകൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കാം എന്ന ധാരണയിൽ അനുഷ്ഠാനബന്ധിയായ നിയമങ്ങൾക്ക് ഊന്നൽ നൽകി. അതേസമയം സമൂഹത്തിൽ അനീതിയും അക്രമവും പെരുകി. ജനം നിസ്സഹായരായി വിലപിച്ചു. ദൈവം തങ്ങളുടെ മതാചാരങ്ങളും അനുഷ്ഠാനങ്ങളും ശ്രദ്ധിക്കുന്നില്ല, അവ സ്വീകരിച്ച് അനുഗ്രഹങ്ങൾ വർഷിക്കുന്നില്ല എന്നു വിലപിച്ചു. അതിനാൽ ഈ അനുഷ്ഠാനങ്ങൾ തന്നെ അർത്ഥശൂന്യമോ എന്നു സംശയിച്ചു. അപ്പോഴാണ് പ്രവാചകനിലൂടെ ദൈവം ഇടപെടുന്നത്.

“ആവുന്നത്ര ഉച്ചത്തിൽ വിളിച്ചു പറയുക. കാഹളംപോലെ സ്വരം ഉയർത്തുക. എന്റെ ജനത്തോട് അവരുടെ അതിക്രമങ്ങൾ, യാക്കോബിന്റെ ഭവനത്തോട് അവരുടെ പാപങ്ങൾ വിളിച്ചുപറയുക'' (ഏശ 58,1). തങ്ങൾ അനുഷ്ഠിക്കുന്ന ഉപവാസം, പ്രാർത്ഥന, ബലിയർപ്പണം തുടങ്ങിയ ആചാരങ്ങളൊന്നും ദൈവം ശ്രദ്ധിക്കുന്നില്ല എന്നു വിലപിക്കുന്ന ജനത്തോട് പ്രവാചകൻ വഴി ദൈവം ചോദിക്കുന്നു; “നിങ്ങൾ ഉപവസിക്കുമ്പോൾ നിങ്ങൾ സ്വന്തം സുഖമാണു തേടുന്നത്. നിങ്ങളുടെ വേലക്കാരെ നിങ്ങൾ പീഡിപ്പിക്കുന്നു. കലഹിക്കുന്നതിനും ശണ്ഠകൂടുന്നതിനും ക്രൂരമായ മുഷ്ടികൊണ്ട് ഇടിക്കുന്നതിനും മാത്രമാണ് നിങ്ങൾ ഉപവസിക്കുന്നത്... ഇത്തരം ഒരു ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്? ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം? ഞാങ്ങണ പോലെ തലകുനിക്കുന്നതും ചാക്കുവിരിച്ച് ചാരവും വിതറി കിടക്കുന്നതും ആണോ അത്?

ഇതിനെയാണോ നിങ്ങൾ ഉപവാസമെന്നും കർത്താവിനു സ്വീകാര്യമായ ദിവസം എന്നും വിളിക്കുക?" (ഏശ 58,3-5).

ജീവിത നവീകരണത്തിനു വഴിയൊരുക്കാത്ത, ജീവിത സാക്ഷ്യത്തിന്റെ പിൻബലമില്ലാത്ത, വ്യർത്ഥവും നിരർത്ഥകവുമായ മതാനുഷ്ഠാനങ്ങളുടെ ഒരു നേർക്കാഴ്ചയാണ് പ്രവാചകൻ അവതരിപ്പിക്കുന്നത്. പ്രവാസത്തിൽ വച്ചു പഠിച്ച പാഠങ്ങളെല്ലാം മറന്ന്, ആചാരങ്ങളുടെ അടിമത്തത്തിലേക്കു വീണ്ടും നീങ്ങിയ ജനം, അവരെ നയിക്കുന്ന ലക്ഷ്യം തെറ്റിയ നേതാക്കന്മാർ. അവരുടെ മുമ്പിൽ എന്താണ് ദൈവം ആവശ്യപ്പെടുന്നത് എന്ന് വ്യക്തവും ശക്തവുമായ ഭാഷയിൽ പ്രവാചകൻ തുടർന്നു പഠിപ്പിക്കുന്നു.

"ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുക, നുകത്തിന്റെ കയറുകൾ അഴിക്കുക, മർദ്ദിതരെ സ്വതന്ത്രരാക്കുക, എല്ലാ നുകങ്ങളും ഒടിക്കുക-ഇതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞു മാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്?" (ഏശ 58,6-7).

നീതി പുനഃസ്ഥാപിക്കുക, എല്ലാവർക്കും സ്വാതന്ത്ര്യം നൽകുക. പങ്കുവയ്ക്കുന്നതിലൂടെ എല്ലാവർക്കും അടിസ്ഥാനാവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ ഒരുക്കുക. ഇതാണ് ദൈവം ജനത്തിൽനിന്ന് ആഗ്രഹിക്കുന്നത്. അതിനു പകരം അന്യനു കൂടി അർഹമായതു സ്വന്തമാക്കി സ്വരുക്കൂട്ടിയതിനുശേഷം ദൈവം നീതി നടത്തുന്നില്ല എന്നു വിലപിച്ചിട്ടു കാര്യമില്ല. ദൈവാരാധന തന്നെ നീതി നിർവ്വഹണത്തിനു വഴിയൊരുക്കണം. ഒരു പടികൂടി കടന്ന്, നീതി നിർവ്വഹണം തന്നെയാണ് യഥാർത്ഥ ദൈവാരാധന എന്നു പ്രവാചകൻ സൂചിപ്പിക്കുന്നു. അന്തിമവിധിയുടെ മാനദണ്ഡങ്ങളായി യേശു എടുത്തുകാട്ടിയതിന്റെ (മത്താ 25,31-46) ഒരു മുൻസൂചന ഇവിടെ കാണാം.

ദേവാലയവും ബലിയർപ്പണവും മറ്റ് മതാനുഷ്ഠാനങ്ങളും നീതിനിഷ്ഠമായ സമൂഹനിർമ്മിതിക്കു സഹായകം ആകുന്നിടത്തോളം കാലം മാത്രമേ അവ ദൈവത്തിനു പ്രീതികരമാവൂ; ദൈവം തങ്ങളുടെ കാര്യം ശ്രദ്ധിക്കുന്നില്ല എന്നു വിലപിക്കുന്ന ജനത്തിനു ദൈവം നൽകുന്ന മറുപടി വീണ്ടും ഈ ദിശയിലേക്കു തന്നെ ശ്രദ്ധ ക്ഷണിക്കുന്നു. "രക്ഷിക്കാൻ കഴിയാത്തവിധം

കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല. കേൾക്കാനാകാത്തവിധം അവിടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല. നിന്റെ അകൃത്യങ്ങൾ നിന്നെയും ദൈവത്തെയും തമ്മിൽ അകറ്റിയിരിക്കുന്നു; നിന്റെ പാപങ്ങൾ അവിടുത്തെ മുഖം നിന്നിൽനിന്നു മറച്ചിരിക്കുന്നു. അതിനാൽ അവിടുന്ന് നിന്റെ പ്രാർത്ഥന കേൾക്കുന്നില്ല" (ഏശ 59,1-2).

നീ, നിന്റെ എന്ന ഏകവചന പ്രയോഗം ജനത്തെ ഒന്നടങ്കമാണ് ലക്ഷ്യംവയ്ക്കുന്നത്. നേതാക്കന്മാരും അണികളും, ഭരണകർത്താക്കളും ഭരണീയരും എല്ലാം ഉൾപ്പെടുന്ന ഒറ്റ വ്യക്തിയായി ജനത്തെ കാണുന്നു. സംഘാതവ്യക്തിത്വം (Corporate Personality) എന്നു വിളിക്കുന്ന ഒരു കാഴ്ചപ്പാടാണ് ഇവിടെ നിലനിൽക്കുന്നത്. സമൂഹത്തിലെ ഓരോ വ്യക്തിയുടെയും പ്രവൃത്തി, അത് നന്മയോ തിന്മയോ ആകട്ടെ എല്ലാവരെയും ബാധിക്കുന്നു. ഈ കാഴ്ചപ്പാടിൽ ജനം അനുഭവിക്കുന്ന ദുരിതങ്ങളുടെ ഉത്തരവാദിത്വം എല്ലാവരുടെയും മേൽ പതിക്കുന്നു; ദേവാലയവും ആരാധനാനുഷ്ഠാനങ്ങളും സ്വീകാര്യമാകണമെങ്കിൽ സമൂഹജീവിതത്തിന്റെ എല്ലാ തലങ്ങളിലും നീതി നിലനിൽക്കണം. പക്ഷേ അതുമാത്രം സംഭവിക്കുന്നില്ല എന്നു പ്രവാചകൻ തുടർന്ന് അനേകം ഉദാഹരണങ്ങൾ എടുത്തുകാട്ടി വിലപിക്കുന്നു.

"നിന്റെ കരങ്ങൾ രക്തപങ്കിലങ്ങളാണ്... അധരം വ്യാജം പറയുന്നു. നാവ് ദുഷ്ടത പിറുപിറുക്കുന്നു. ആരും നീതിയോടെ വ്യവഹാരം നടത്തുന്നില്ല... അവരുടെ വഴികളിൽ നീതി അവശേഷിക്കുന്നില്ല. അതിൽ ചരിക്കുന്നവർക്ക് നീതി ലഭിക്കുന്നില്ല" (ഏശ 59,3-8). "ഞങ്ങൾ തിന്മ പ്രവർത്തിക്കുന്നു. കർത്താവിനെ നിഷേധിക്കുന്നു. ദൈവത്തിൽ നിന്നു പിന്തിരിയുന്നു..." (ഏശ 59,13-14) എന്ന് ജനം വിലാപത്തിൽ പങ്കുചേരുന്നു. ഈ നിസ്സഹായാവസ്ഥയിൽ ദൈവം ശക്തമായി വീണ്ടും ഇടപെടും, ജനത്തിന് യഥാർത്ഥ്യസ്വാതന്ത്ര്യം നൽകും. എല്ലാ ബന്ധനവും അഴിക്കും. അടിമത്തം അവസാനിപ്പിക്കും, നീതി പുനഃസ്ഥാപിക്കും. അതിനായി ദൈവം ഒരു പ്രവാചകനെ അയയ്ക്കും, കർത്താവിന്റെ ആത്മാവിനാൽ അഭിഷിക്തനായ, നീതി പുനഃസ്ഥാപിക്കുന്ന, സകലർക്കും വിമോചനവും സ്വാതന്ത്ര്യവും പ്രഖ്യാപിക്കുന്ന യുഗാന്ത പ്രവാചകൻ (ഏശ 61,1-2). ഈ പ്രവചനമാണ് തന്റെ കർമ്മ പദ്ധതിയായി യേശു നസ്രത്തിലെ നയപ്രഖ്യാപനവേളയിൽ അവതരിപ്പിച്ചത് (ലൂക്കാ 4,18-21).

ജനത്തിന്റെയും ജനനേതാക്കന്മാരുടെയും തിന്മകളും അതിക്രമങ്ങളും അനേകം തവണ എണ്ണിപ്പറഞ്ഞു കലഹിച്ചതിനുശേഷം ഭാസുരമായ, സമാധാനപൂർണ്ണവും സന്തോഷപ്രദവുമായ ഒരു ഭാവിയെ പ്രവാചകൻ വഴി ദൈവം മുൻകൂട്ടി അറിയിക്കുന്നു. അത് ഒരു പുതിയ ആകാശവും പുതിയ ഭൂമിയും പോലെ ആയിരിക്കും (ഏശ 65,17–25). അവിടെ അക്രമവും അനീതിയും ഉണ്ടാവില്ല. എല്ലാ സൃഷ്ടികളിലും സമാധാനം കളിയാടും. അപ്പോൾ ദൈവത്തിന് പ്രത്യേകമായൊരാലയം ഭൂമിയിൽ ആവശ്യമായിരിക്കുകയില്ല. സർവ്വ വ്യാപിയായ ദൈവം ആലയങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ഉപരി എല്ലാവർക്കും സംപ്രാപ്യനാകും, എല്ലായിടത്തും സന്നിഹിതനാകും.

“കർത്താവരുളിച്ചെയ്യുന്നു. ആകാശം എന്റെ സിംഹാസനം. ഭൂമി എന്റെ പാദപീഠം. എന്തു ഭവനമാണ് നിങ്ങൾ എനിക്കു നിർമ്മിക്കുക? ഏതാണ് എന്റെ വിശ്രമസ്ഥലം?” (ഏശ 66,1). ആലയവും ബലിയർപ്പണവും ഒന്നുമല്ല ആവശ്യം. മറിച്ച് ദൈവഭയം, വിശ്വാസം, അനുസരണം, നീതിനിഷ്ഠമായ ജീവിതം. “ആത്മാവിൽ എളിമയും അനുതാപവും ഉണ്ടായിരിക്കുകയും എന്റെ വചനം ശ്രവിക്കുമ്പോൾ വിറയ്ക്കുകയും ചെയ്യുന്നവനെയാണ് ഞാൻ കടാക്ഷിക്കുക. കാളയെ കൊല്ലുന്നവൻ മനുഷ്യനെ കൊല്ലുന്നവനെപ്പോലെയും ആടിനെ ബലിയർപ്പിക്കുന്നവൻ പട്ടിയുടെ കഴുത്തൊടിക്കുന്നവനെപ്പോലെയും... ആണ്” (ഏശ 66,2–3).

ഇതൊരാഹ്വാനമാണ്. ശക്തമായൊരു വെല്ലുവിളി. സകലർക്കും നീതി ലഭ്യമാക്കിക്കൊണ്ട് ദൈവത്തെ ആരാധിക്കാൻ; ദൈവത്തെക്കുറിച്ചും ആരാധനയുടെ നിർവ്വചനത്തിലും ഒരു പുതിയ കാഴ്ചപ്പാട്, അല്ല പുറപ്പാടു സംഭവത്തിൽ വെളിപ്പെടുത്തിയ ആധികാരികമായ കാഴ്ചപ്പാട് സ്വീകരിക്കാനുള്ള കല്പന. മനുഷ്യനു സ്വന്തം ശക്തിയാൽ നിറവേറ്റാൻ കഴിയില്ല എന്ന് അനേകം തവണ ആവർത്തിച്ചു വ്യക്തമായതാണ് ഈ കല്പനയും നിർദ്ദേശവും. അതിനാൽ ദൈവം തന്നെ വീണ്ടും ചരിത്രത്തിൽ ഇടപെടും. ജറെമിയായും എസെക്കിയേലും സ്വപ്നം കണ്ട പുതിയ ഉടമ്പടി ദൈവം തന്നെ നടപ്പിലാക്കും. അപ്പോൾ ജറുസലെം ദൈവികസാന്നിധ്യം അനുഭവപ്പെടുന്ന കേന്ദ്രമാകും. ദൈവം തന്നെ ജനത്തെ നവീകരിക്കും, ശക്തിപ്പെടുത്തും (ഏശ 66,7–24).

“അമ്മയെപ്പോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കും. ജറുസലെമിൽ വച്ചു നീ സാന്ത്വനം അനുഭവിക്കും. അതു കണ്ടു നിങ്ങ

ളുടെ ഹൃദയം സന്തോഷിക്കും" (ഏശ 66,13). ഇതൊരു പുതിയ സൃഷ്ടിയായിരിക്കും, യുഗാന്തത്തിൽ സംഭവിക്കാൻ പോകുന്ന സമൂല നവീകരണം. "ഞാൻ സൃഷ്ടിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും എന്റെ മുമ്പിൽ നിലനിൽക്കുന്നതുപോലെ നിങ്ങളുടെ സന്തതികളും നാമവും നിലനിൽക്കും" (ഏശ 66,22). ഈ ഒരു സ്വപ്നത്തോടെയാണ് മൂന്നാം ഏശയ്യാ തന്റെ സന്ദേശങ്ങൾ അവസാനിപ്പിക്കുന്നത്. യുഗാന്തത്തിൽ ഇടപെടുന്ന ദൈവത്തിന്റെ ചിത്രം അതിമനോഹരം. എന്നാൽ ജനം അനുഭവിക്കുന്ന പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളും നേതാക്കൾ വച്ചുപുലർത്തിയതും നടപ്പിലാക്കിയതുമായ മതാത്മക വീക്ഷണവും തികച്ചും വ്യത്യസ്തമായിരുന്നു.

### അനുഷ്ഠാന പ്രധാനമായ മതനവീകരണം

നീതിയിലധിഷ്ഠിതമായ ഒരു മതാത്മകതയ്ക്ക് ആഹ്വാനം ചെയ്ത മൂന്നാം ഏശയ്യായുടെ ശബ്ദം ഒറ്റപ്പെട്ട ഒരു വനരോദനമായി പരിണമിച്ചു. പ്രവാസത്തിൽ നിന്നു മടങ്ങി വന്ന ജനത്തെ മതാത്മകമേഖലയിൽ നയിച്ച എസ്രായും സഹപ്രവർത്തകരും തങ്ങളുടെ വിശ്വാസത്തനിമ കാത്തു സൂക്ഷിക്കുന്നതിലാണ് ശ്രദ്ധ മുഴുവൻ കേന്ദ്രീകരിച്ചത്. ഈ തനിമ കാത്തുസൂക്ഷിക്കുന്നതിൽ രണ്ടു കാര്യങ്ങൾക്ക് ഊന്നൽ നൽകപ്പെട്ടു. 1. വിജാതീയ സംസർഗ്ഗം ഒഴിവാക്കുക. 2. ദേവാലയ കേന്ദ്രീകൃത ഭക്താനുഷ്ഠാനങ്ങൾ സജീവമാക്കുക.

### വിശ്വാസത്തനിമ

ദൈവം പ്രത്യേകമായി തിരഞ്ഞെടുത്ത്, അടിമത്തത്തിൽ നിന്നു മോചിപ്പിച്ച്, ഉടമ്പടിയിലൂടെ സ്വന്തം ജനവും പുരോഹിത രാജ്യവുമായി തിരഞ്ഞെടുത്തവരാണ് തങ്ങൾ എന്ന ഇസ്രായേൽ ജനത്തിന്റെ സ്വത്വബോധമാണ് ഇവിടെ വ്യക്തമാക്കുന്നത്. തങ്ങൾക്കു സംഭവിച്ച സകല നാശങ്ങളുടെയും, പ്രത്യേകിച്ച് പ്രവാസത്തിന്റെയും കാരണം കർത്താവിനെ പരിത്യജിച്ചു വിഗ്രഹാരാധനയിൽ മുഴുകിയതാണ്. ഇതിനു വഴിയൊരുക്കിയത് ഇതര ജനതകളുമായുണ്ടായ സമ്പർക്കമായിരുന്നു. അതു സംഭവിക്കാതിരിക്കാൻ വേണ്ടിയായിരുന്നു തങ്ങൾ വന്നു പാർക്കുന്ന വാഗ്ദത്തഭൂമിയിലുള്ള സകല വിജാതീയരെയും ഉന്മൂലനം ചെയ്യണമെന്ന് ദൈവം കല്പിച്ചിരുന്നത്. എന്നാൽ അതു ചെയ്തില്ല എന്നു മാത്രമല്ല, കാനാൻ ദേശത്തെ ഇതര ജനതകളെ അനുക

രിച്ച് ഇസ്രായേൽക്കാരും വിഗ്രഹാരാധനയിലും അതുമായി ബന്ധപ്പെട്ട മറ്റ് നിഷിദ്ധ പ്രവർത്തനങ്ങളിലും മുഴുകി.

ഇനി അതു സംഭവിക്കരുത്. അതിനായി ആദ്യമേ ചെയ്യേണ്ടത് വിജാതീയരുമായുള്ള സകല ബന്ധവും വിച്ഛേദിക്കുകയാണ്. അതിന്റെ ഭാഗമായി, പ്രവാസകാലത്ത് വിജാതീയരുമായി ഇസ്രായേൽക്കാർ നടത്തിയ സകല വിവാഹങ്ങളും അസാധുവാക്കി. വിജാതീയ ഭാര്യമാരെയും അവരിൽനിന്നു ജനിച്ച മക്കളെയും സമൂഹത്തിൽനിന്നു പുറന്തള്ളാൻ നിർബ്ബന്ധിച്ചു (എസ്രാ 9-10). കണിശമായ നിഷ്ഠയോടെ നടപ്പിലാക്കിയ ഈ മതനവീകരണം തങ്ങളുടെ വിശ്വാസത്തനിമ കാത്തുസൂക്ഷിക്കാൻ സഹായിക്കും എന്ന് എസ്രായും കൂട്ടരും കരുതി.

എന്നാൽ "നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക, കർത്താവിന്റെ മുമ്പിൽ വിനീതരായി ചരിക്കുക" എന്നതാണ് ഇസ്രായേലിന് യാഹ്‌വേ എന്ന പേരിൽ സ്വയം വെളിപ്പെടുത്തിയ ദൈവം ആഗ്രഹിക്കുന്നത് എന്ന പ്രവാചകപ്രബോധനം വിസ്മരിക്കപ്പെട്ടു. അതിനാൽ ഭ്രഷ്ടരാക്കപ്പെട്ട ഭാര്യമാർക്കും മക്കൾക്കും എന്തു സംഭവിക്കും എന്ന് ഭ്രഷ്ടു കല്പിച്ച നേതാക്കൾ ചിന്തിച്ചില്ല. തന്നെയുമല്ല, തങ്ങൾമാത്രം വിശുദ്ധർ, മറ്റു ജനതകളെല്ലാം അശുദ്ധർ എന്ന ഒരു സങ്കുചിത മനോഭാവം (ghetto mentality) രൂപം കൊണ്ടു. ജനതകൾക്കു പ്രകാശമാകാൻ വിളിക്കപ്പെട്ടവരാണ് തങ്ങൾ എന്ന ദൗത്യം മറന്ന്, സ്വന്തം മതിൽക്കെട്ടിന്റെ സുരക്ഷിതത്വത്തിൽ വിശ്വാസം കാത്തുസൂക്ഷിക്കാൻ ശ്രമിച്ചു. പ്രകാശമാകേണ്ടവർ സ്വയംകൃതാന്ധകാരത്തിൽ അമർന്നു.

### അനുഷ്ഠാന പ്രധാനമതാത്മകത

ദേവാലയത്തിൽ ദൈവം വസിക്കുന്നു. ദൈവത്തിന് നിയമാനുസൃതം ബലികൾ അർപ്പിക്കണം; നേർച്ച കാഴ്ചകൾ സമർപ്പിക്കണം. ജനം തീർത്ഥാടകരായി ജറുസലെമിലേക്കു വരണം. ഇതിനെല്ലാം പ്രത്യേകം ക്രമങ്ങളും ആചാരങ്ങളും നിയമങ്ങളുമുണ്ടായി. പുരോഹിതന്മാരും ലേവായരും ഇവിടെ മുൻനിരയിലേക്കു വന്നു, നേതൃത്വം നൽകി. സാബത്താചരണം, ബലിയർപ്പണം, ശുദ്ധാശുദ്ധ വിവേചനം തുടങ്ങി മതാത്മകതയുടെ സകല മേഖലകളിലും കണിശമായ നിയമങ്ങളും നിയന്ത്രണങ്ങളും നടപ്പിലാക്കി. നിയമത്തിന്റെ കാതൽ സ്നേഹമാണെന്നും, ബലിയല്ല കരുണയാണ് കർത്താവ് ആഗ്രഹിക്കുന്നതെന്നും (ഹോസി

6,6) പ്രവാചകന്മാർ വഴി ദൈവം ആവർത്തിച്ചു പഠിപ്പിച്ച പാഠങ്ങൾ അവർ ഓർത്തില്ല.

മതനിയമങ്ങൾ ക്രോഡീകരിക്കുന്നതിലും നടപ്പിലാക്കുന്നതിലും വലിയ ശ്രദ്ധ പതിച്ചു. നിയമജ്ഞനായ എസ്രായുടെ ശിഷ്യന്മാരും പിൻഗാമികളുമായി "നിയമജ്ഞർ" (Scribes) എന്ന ഒരു പുതിയ വിഭാഗം തന്നെ ഉടലെടുത്തു. എസ്രായുടെ കാലത്തോടെ ദൈവിക വെളിപ്പെടുത്തലുകൾ അവസാനിച്ചു. ഇനി ഒരു പുതിയ പ്രവാചകനെ പ്രതീക്ഷിക്കേണ്ടതില്ല. അതിനാൽ പിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും ഇതുവരെ ദൈവം വെളിപ്പെടുത്തിയ കാര്യങ്ങൾ ശേഖരിച്ച് എഴുതി സൂക്ഷിക്കുക; ശ്രദ്ധാപൂർവ്വം നടപ്പിലാക്കുക-ഇതാണ് തങ്ങളുടെ ദൗത്യം എന്നു നേതാക്കന്മാർ വിശ്വസിച്ചു. സംഭവിക്കാവുന്ന ഓരോ സാഹചര്യങ്ങളും മുന്നിൽകണ്ട് അവയ്ക്ക് ആവശ്യമായ നിയമവ്യാഖ്യാനം നൽകുക എന്നതായി നിയമജ്ഞരുടെ മുഖ്യദൗത്യം.

ദാവീദിന്റെയും പിന്നീട് സോളമന്റെയും കാലത്ത് പ്രധാന പുരോഹിതനായിരുന്ന സാദോക്കിന്റെ വംശജരായിരുന്ന പുരോഹിതന്മാർക്കായിരുന്നു ഈ കാലഘട്ടത്തിൽ നേതൃത്വം. സദ്ദുക്കായർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന അവർ ദേവാലയ സംരക്ഷണത്തിലും ബലിയർപ്പണങ്ങൾ, ഗാനാലാപങ്ങൾ മുതലായ ആചാരാനുഷ്ഠാനങ്ങളിലും ശ്രദ്ധ പതിപ്പിച്ചു, നേതൃത്വം നൽകി. അങ്ങനെ തികച്ചും ദേവാലയ കേന്ദ്രീകൃതമായൊരു മതാത്മകത ശക്തിപ്പെട്ടു.

ഒരു ജനം, ഒരേ ഒരു ദേവാലയം; ബലിയർപ്പണം ആ ദേവാലയത്തിൽ മാത്രം. പ്രവാസകാലത്തും അതിനുശേഷവും അനേകം പ്രാർത്ഥനാലയങ്ങൾ രൂപം കൊണ്ടു. "ഒരുമിച്ചു വരുന്ന ഇടം" എന്നർത്ഥമുള്ള സിനഗോഗ് എന്ന പേരിൽ അവ അറിയപ്പെട്ടു. പ്രാർത്ഥനാലയങ്ങൾ ധാരാളമുണ്ടായി. സാബത്തുദിവസം അവിടെ ദൈവവചന പാരായണവും പ്രാർത്ഥനാ ശുശ്രൂഷകളും നടന്നു. എന്നാൽ ബലിയർപ്പണവും മുഖ്യ തിരുനാളാഘോഷങ്ങളും ജറുസലെമിൽ മാത്രമായി കേന്ദ്രീകരിച്ചു. തീർത്ഥാടനങ്ങൾക്കു പ്രാധാന്യം വർദ്ധിച്ചു. ജറുസലെമിന്റെ മഹത്വം വർണ്ണിക്കുന്ന പുതിയ സങ്കീർത്തനങ്ങൾ രൂപം കൊണ്ടു.

### പ്രവാചകന്മാരുടെ അഭാവം

ബി.സി. 587-ൽ സെദെക്കിയാ രാജാവു നാടു കടത്തപ്പെട്ടതിനുശേഷം ഇസ്രായേലിനു രാജാവുണ്ടായില്ല. രാഷ്ട്രീയസ്വാ

തന്ത്ര്യം ഇല്ലായിരുന്നു. 538-332 പേർഷ്യൻ ആധിപത്യം, 332-63 ഗ്രീക്ക് ആധിപത്യം, ബി.സി. 63-എ.ഡി. 70 റോമൻ ആധിപത്യം. രാഷ്ട്രീയമായ സ്വാതന്ത്ര്യം എന്നേക്കുമായി നഷ്ടപ്പെട്ടു. രാജാവിന്റെ സ്ഥാനത്ത് വിദേശമേൽക്കോയ്മയായിരുന്നു. മക്കബായ വിപ്ലവം മുതൽ കുറെയൊക്കെ മാറ്റം വന്നെങ്കിലും രാജഭരണം ഇസ്രായേലിനു തിരിച്ചുകിട്ടിയില്ല.

പ്രവാചകന്മാരുടെ അഭാവമാണ് ഈ കാലഘട്ടത്തിന്റെ ശ്രദ്ധേയവും സുപ്രധാനവുമായ മറ്റൊരു സവിശേഷത. ചരിത്രപരമായി നോക്കുമ്പോൾ മലാക്കിയാണ് ഇസ്രായേലിലെ അവസാനത്തെ പ്രവാചകൻ. രണ്ടാം ദേവാലയത്തിന്റെ പൂർത്തീകരണത്തിനു ശേഷം (515) നെഹെമിയാ ഭരണാധിപനായി വരുന്നതിനുമുമ്പ് (444) ഉള്ള കാലഘട്ടത്തിലാണ് മലാക്കിയുടെ പ്രവർത്തനം. അധികപങ്കും ദേവാലയ സംരക്ഷണത്തിനും വിശുദ്ധമായ, നിയമാനുസൃതമായ ബലിയർപ്പണങ്ങൾക്കുമാണ് മലാക്കി പ്രാധാന്യം കൊടുക്കുന്നത്. നിയമാനുസൃതമുള്ള ശുദ്ധാശുദ്ധ വിവേചനം കൂടാതെ ബലിയർപ്പിക്കുന്ന പുരോഹിതന്മാർക്കെതിരേ ശക്തമായ ചില താക്കീതുകൾ മലാക്കി നൽകുന്നുണ്ട്: “നിങ്ങളുടെ ബലിമൃഗങ്ങളുടെ ചാണകം നിങ്ങളുടെ മുഖത്ത് ഞാൻ തേയ്ക്കും. എന്റെ സന്നിധിയിൽ നിന്നു നിങ്ങളെ ഞാൻ നിഷ്കാസനം ചെയ്യും” (മലാ 2,3).

പുരോഹിതരുടെ അശ്രദ്ധയും അവിശുദ്ധവുമായ ബലിയർപ്പണവും ജനത്തെ വഴിതെറ്റിക്കുന്നു. അതിനാൽ “നിങ്ങൾ എന്റെ ബലിപീഠത്തിൽ വ്യർത്ഥമായി തീ കത്തിക്കാതിരിക്കാൻ നിങ്ങളിൽ ആരെങ്കിലും, വാതിൽ അടച്ചിരുന്നെങ്കിൽ!” (മലാ 1,10) ‘തല്ലിത്തകർക്കൂ ദേവാലയം’ എന്ന് ആമോസിലൂടെ (ആമോ 9,1) ഗർജ്ജിച്ച ദൈവത്തിന്റെ സ്വരം ‘അടച്ചു പൂട്ടു ദേവാലയം’ എന്ന ഈ കല്പനയിൽ പ്രതിധ്വനിക്കുന്നതു കേൾക്കാം. ദേവാലയം വേണ്ടെന്നോ, ബലിയർപ്പണം അർത്ഥശൂന്യമാണെന്നോ അല്ല, പുരോഹിതന്മാരുടെയും ജനത്തിന്റെ അവിശ്വസ്തതമൂലം രണ്ടിന്റെയും പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു എന്നാണ് മലാക്കിയിലൂടെ ദൈവം പറയുന്നത്.

പകരം പുതിയതും അർത്ഥപൂർണ്ണവും സാർവ്വത്രികവുമായ കാഴ്ചകൾ അർപ്പിക്കപ്പെടും. അവിടെ ദേവാലയം തന്നെ വിസ്മൃതമാകും. “സൂര്യോദയം മുതൽ അസ്തമയം വരെ എന്റെ നാമം ജനതകളുടെ ഇടയിൽ മഹത്വപൂർണ്ണമാണ്. എല്ലായിടത്തും എന്റെ

നാമത്തിന് ധൂപവും വിശുദ്ധവുമായ കാഴ്ചയും അർപ്പിക്കപ്പെടും" (മലാ 1,11). ദൈവപുത്രൻ മനുഷ്യനായി അവതരിച്ച് കുരിശിൽ സ്വയം ബലിയർപ്പിക്കേണ്ടി വന്നു ഈ പ്രവചനം പൂർത്തിയാകാൻ.

ബലിയർപ്പണം മാത്രമല്ല, ദൈവത്തിന്റെ നിയമങ്ങൾ പഠിപ്പിച്ച്, ജനത്തെ നീതിയുടെ പാതയിൽ നയിക്കുന്നതും പുരോഹിതന്റെ മുഖ്യദൗത്യമാണെന്ന് മലാക്കി അനുസ്മരിപ്പിച്ചു. "പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം. ജനം പ്രബോധനം തേടി അവരെ സമീപിക്കണം" (മലാ 2,7). എന്നാൽ അതിനു വിപരീതമായി പുരോഹിതന്മാർ തന്നെ നിയമം ലംഘിക്കുന്നു, വിസ്മരിക്കുന്നു, ജനത്തെ വഴിതെറ്റിക്കുന്നു എന്ന വിമർശനങ്ങൾ (മലാ 2,8-16) അധികപങ്കും ആചാരാനുഷ്ഠാനങ്ങളിൽ വന്ന വീഴ്ചകളിലേക്കാണ് വിരൽ ചൂണ്ടുന്നത്.

സമൂഹത്തിൽ നിലനിൽക്കുന്ന അനീതിക്ക് അറുതി വരുത്താനുള്ള ആഹ്വാനവും ചുരുക്കമായി കാണാം. അക്രമത്തിൽ തുടർന്നാൽ കർത്താവു തന്നെ ശിക്ഷിക്കും എന്ന താക്കീതുകളും ദൃശ്യമാണ് (മലാ 3,2-5). അന്തിമമായ ശിക്ഷാവിധി ഉണ്ടാകുന്നതിനുമുമ്പേ ജനത്തെ ഒരുക്കാനായി ഏലിയാ പ്രവാചകനെ അയയ്ക്കും, അവൻ വന്ന് ജനത്തെ ദൈവത്തോടും പരസ്പരവും രമ്യതപ്പെടുത്തും (മലാ 3,1;4,1-6). വളരെ ക്രിയാത്മകവും അവശ്യം ആവശ്യവുമായ മലാക്കിയുടെ ഒരു നിർദ്ദേശം പ്രത്യേക ശ്രദ്ധയർഹിക്കുന്നു; കർത്താവിനു നൽകേണ്ട കാഴ്ചകളിൽ കുറവു വരുത്തുന്നതിനെതിരേ ജനത്തിനു താക്കീതും കർത്താവിനു സമർപ്പിക്കുന്ന കാഴ്ചകളുടെ ലക്ഷ്യവും മലാക്കി വിശദീകരിക്കുന്നു. "മനുഷ്യൻ ദൈവത്തെ കൊള്ളയടിക്കുമോ?... ദശാംശം മുഴുവൻ കലവറയിലേക്കു കൊണ്ടുവരുവിൻ. എന്റെ ആലയത്തിൽ ഭക്ഷണം ഉണ്ടാക്കട്ടെ" (മലാ 3,8-110). ഇതര പ്രവാചകന്മാരുടെ സന്ദേശവുമായി താരതമ്യം ചെയ്താൽ തികച്ചും ദുർബ്ബലമാണ് ഈ താക്കീതും ആഹ്വാനവും. എന്നാൽ മലാക്കിക്കുശേഷം അതുപോലും ഇല്ലാതായി.

മതാത്മകതയുടെ മാത്രമല്ല, ജനജീവിതത്തിന്റെ സകല മേഖലകളും പുരോഹിതരുടെ അധികാരത്തിൻ കീഴിൽ ആയപ്പോൾ പ്രവാചകർക്കു സ്ഥാനമില്ലാതായി. ഇസ്രായേലിന്റെമേൽ ആധിപത്യം സ്ഥാപിച്ചിരുന്ന വിദേശമേൽക്കോയ്മകൾ ജനത്തിന്റെ അനുദിന ജീവിതത്തിൽ ഇടപെട്ടില്ല. അവർക്ക് ആവശ്യം നികുതി ആയിരുന്നു. അതോടൊപ്പം നാട്ടിൽ ക്രമസമാധാനം നിൽനിൽ

ക്കണം, തങ്ങൾക്കെതിരേ ആരും കലാപത്തിനു മുതിരരുത്. ബാക്കി കാര്യങ്ങളെല്ലാം പുരോഹിതനേതൃത്വത്തിന്റെ അധീനതയിലായിരുന്നു. ഈ പശ്ചാത്തലത്തിൽ പ്രവാചകരായി രംഗപ്രവേശം ചെയ്യാൻ ആരെയും അനുവദിച്ചില്ല.

"ഇനി ആരെങ്കിലും പ്രവാചകനായി പ്രത്യക്ഷപ്പെട്ടാൽ അവനു ജന്മം നൽകിയ മാതാപിതാക്കൾ അവനോട് കർത്താവിന്റെ നാമത്തിൽ വ്യാജം സംസാരിക്കുന്നതിനാൽ നീ ജീവിച്ചിരുന്നുകൂടാ, എന്ന് പറഞ്ഞ് അവൻ പ്രവചിച്ചു കൊണ്ടിരിക്കുമ്പോൾത്തന്നെ അവനെ കുത്തിപ്പിളർക്കും" (സഖ 13,3). വ്യാജപ്രവാചകന്മാരോടാണ് ഇപ്രകാരം പ്രവർത്തിക്കേണ്ടത് എന്നു പറയുന്നെങ്കിലും ഒരാൾ വ്യാജനാണോ അതോ കർത്താവിന്റെ നാമത്തിൽ വന്ന യഥാർത്ഥ പ്രവാചകനാണോ എന്നു വ്യവച്ഛേദിക്കുന്നില്ല. എല്ലാവരെയും ഒറ്റയടിക്കു വ്യാജപ്രവാചകന്മാരായി മുദ്രകുത്തുന്നു. മലാക്കി പ്രവാചകനുശേഷം ആരും തന്നെ സ്വന്തം പേരിൽ പ്രവാചകരായി അംഗീകരിക്കപ്പെട്ടില്ല.

എസ്രായുടെ കാലം മുതൽ ശക്തിപ്രാപിച്ച സങ്കുചിത മനോഭാവത്തിനെതിരേ പ്രതികരിക്കുന്ന "യോനാ" ഒരു തൂലികാനാമമാണ്. പണ്ട് അസീറിയായുടെ തലസ്ഥാനമായ നിനെവെയിൽ പ്രസംഗിച്ച പ്രവാചകൻ എന്ന പേരിൽ അവതരിപ്പിക്കുന്ന സന്ദേശം ഇസ്രായേലിന്റെ വഴിതെറ്റിയ മതാത്മകതക്കെതിരേയുള്ള ശക്തമായൊരു പ്രതികരണമാണ്. ഇസ്രായേലിലെ ഏറ്റം വിശുദ്ധനായി കരുതപ്പെടുന്ന പ്രവാചകൻ ദൈവകല്പനയ്ക്കു വിരുദ്ധമായി ഒളിച്ചോടുന്നു. അതേസമയം പ്രവാചകന്റെ നാലു വാക്കു കേട്ട വിജാതിയർ അനുതപിച്ച്, ചാക്കുടുത്ത്, ചാരം പൂശി തപസനുഷ്ഠിക്കുന്നു. ഈ വിവരണത്തിലെ ഹാസ്യവും പ്രവാചകപ്രതിഷേധവും കാണാതെ പോകരുത്. ദാനിയേലിന്റെ പേരിൽ അറിയപ്പെടുന്ന പുസ്തകം അന്തിയോക്കസിന്റെ മതപീഡനകാലത്ത് ജനത്തെ വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നതിനു പ്രേരിപ്പിക്കുന്ന പുസ്തകമാണ്. ദാനിയേൽ എന്ന പേര് വ്യാജനാമമാണ്. തന്നെയുമല്ല, ദാനിയേലിന്റെ പുസ്തകം അധികപങ്കും വെളിപാട് (apocalyptic) സാഹിത്യരൂപത്തിലാണ് എഴുതപ്പെട്ടിരിക്കുന്നത്.

### മതപീഡനം-നവീകരണം

പേർഷ്യൻ ആധിപത്യത്തിന്റെ കാലത്ത് ഇസ്രായേൽ ജനത്തിനു മതസ്വാതന്ത്ര്യമുണ്ടായിരുന്നു. തങ്ങളുടെ വിശ്വാസം അനു

സരിച്ച് ജീവിക്കുന്നതിന് രാഷ്ട്രീയാധികാരികൾ തടസം സൃഷ്ടിച്ചില്ല. ബി.സി. 332-ൽ അലക്സാണ്ടർ പലസ്തീനാ കീഴടക്കിയതോടെ ഇസ്രായേൽ ജനം ഗ്രീക്കു ഭരണത്തിൻ കീഴിലായി. 322-ൽ അലക്സാണ്ടർ മരിച്ചപ്പോൾ അതിവിശാലമായ സാമ്രാജ്യം നാലു സേനാധിപന്മാർ വീതിച്ചെടുത്തു. ടോളമിയുടെ ആധിപത്യത്തിലായ ഈജിപ്തിന്റെ ഭാഗമായിത്തീർന്നു ഇസ്രായേൽ. ആ ഭരണകാലത്ത് ഇസ്രായേൽക്കാർക്കു മതസ്വാതന്ത്ര്യമുണ്ടായിരുന്നു. ഇസ്രായേൽക്കാരിൽ അനേകർ ഗ്രീക്കു സംസ്കാരത്തിൽ ആകൃഷ്ടരായി. അവരുടെ പല ആചാരങ്ങളും സ്വീകരിച്ചു. എന്നാൽ അതു നിർബ്ബന്ധത്തിന്റെ പേരിൽ ആയിരുന്നില്ല.

ബി.സി. 200-ൽ ഇസ്രായേൽ സെലുക്കസ് രാജവംശത്തിന്റെ ഭാഗമായ സിറിയായുടെ കീഴിലായി. ആദ്യമാദ്യം അവർ ഇസ്രായേലിന്റെ മതകാര്യങ്ങളിൽ ഇടപെട്ടില്ല. എന്നാൽ ബി.സി. 175-ൽ ഭരണം ഏറ്റെടുത്ത അന്തിയോക്കസ് നാലാമൻ നിർബ്ബന്ധിത യവനവൽക്കരണം രാജ്യത്തിന്റെ നയമായി സ്വീകരിച്ചു, നടപ്പിലാക്കാൻ ശ്രമിച്ചു. അതിന്റെ ഭാഗമായി ജറുസലെം ദേവാലയത്തിൽ സീയൂസ് ദേവന്റെ പ്രതിമ പ്രതിഷ്ഠിച്ചു, പന്നിമാംസം ബലിയർപ്പിച്ചു. ഇസ്രായേൽക്കാരുടെ ആരാധനാനുഷ്ഠാനങ്ങൾ വിലക്കി. കുഞ്ഞുങ്ങൾക്കു ഛേദനാചാരം നൽകുന്നതും സാബത്താചരിക്കുന്നതും കുറ്റമായി പ്രഖ്യാപിച്ചു. എതിർത്തവർ കഠിനമായി പീഡിപ്പിക്കപ്പെട്ടു. 167-ലാണ് പീഡനം ആരംഭിച്ചത്.

ഇസ്രായേൽ ജനം കടുത്ത പ്രതിസന്ധിയിലായി. ആദ്യമായാണ് തങ്ങളുടെ വിശ്വാസത്തിന്റെ പേരിൽ അവർ പീഡനത്തിനിരയാകുന്നത്. യവസംസ്കാരത്തോട് ആഭിമുഖ്യം പുലർത്തിയവർ രാജകല്പന അനുസരിച്ചു. അവർക്ക് രാജാവിന്റെ അംഗീകാരവും ആനുകൂല്യങ്ങളും ലഭിച്ചു. എന്തു ത്യാഗം സഹിച്ചും, മരണം തന്നെ വരിക്കേണ്ടിവന്നാലും കർത്താവിന്റെ നിയമം അനുസരിക്കും എന്ന് ഒരു കൂട്ടർ ദൃഢപ്രതിജ്ഞ ചെയ്തു. തങ്ങളെത്തന്നെ ദൈവത്തിനു പൂർണ്ണമായി സമർപ്പിച്ചതിനാൽ വിശുദ്ധർ എന്നർത്ഥമുള്ള ഹസിദിം (chazidim) എന്ന് അവർ തങ്ങളെത്തന്നെ വിശേഷിപ്പിച്ചു. വേഷവും ജീവിതശൈലിയും വഴി മറ്റുള്ളവരിൽ നിന്നു വ്യത്യസ്തരായതിനാൽ ജനം ഇവരെ "പെറുഷിം" എന്നു വിളിച്ചു. വേർതിരിക്കപ്പെട്ടവർ എന്നാണ് പേരിനർത്ഥം. ഇതിൽനിന്നാണ് ഫരിസേയർ എന്ന പേരിന്റെ ഉത്ഭവം.

ഈ രണ്ടു ഗണത്തിൽ നിന്നും വ്യത്യസ്തമായൊരു നില

പാടാണ് പുരോഹിതനായ മത്താത്തിയാസ് സ്വീകരിച്ചത്. പന്നി മാംസം ബലിയർപ്പിക്കാൻ മുന്നോട്ടു വന്ന യഹൂദനെയും പ്രേരിപ്പിച്ച രാജസേവകനെയും മത്താത്തിയാസ് വധിച്ചു. അതോടെ മക്കബായ വിപ്ലവത്തിനു തുടക്കമായി. മത്താത്തിയാസും മക്കളും വനത്തിലേക്കു പിൻവാങ്ങി, ഒളിപ്പോരാളികളെ ഒരുക്കി. പിതാവു മരിച്ചപ്പോൾ മകൻ യൂദാസ് നേതൃത്വം ഏറ്റെടുത്തു. "ചുറ്റിക" എന്നർത്ഥമുള്ള "മക്കബീ" എന്ന് ജനം അയാളെ വിളിച്ചു. സിറിയൻ ഭരണാധികാരിയുടെ തലയിൽ പതിക്കുന്ന ചുറ്റികയായി യൂദാസിനെയും സഹോദരങ്ങളെയും ജനം കണ്ടു. മൂന്നര വർഷത്തെ പോരാട്ടങ്ങൾക്കുശേഷം മക്കബായ സഹോദരർ സിറിയൻ സൈന്യത്തെ പരാജയപ്പെടുത്തി. ഈ ചരിത്രം മക്കബായരുടെ രണ്ടു പുസ്തകങ്ങളിൽ വിശദമായി വിവരിക്കുന്നുണ്ട്.

"യൂദാസും സഹോദരന്മാരും പറഞ്ഞു. ഇതാ നമ്മുടെ ശത്രുക്കൾ തേൽപ്പിക്കപ്പെട്ടിരിക്കുന്നു. നമുക്കു പോയി വിശുദ്ധ സ്ഥലം വിശുദ്ധീകരിച്ച് പ്രതിഷ്ഠിക്കാം. സൈന്യത്തെ മുഴുവൻ വിളിച്ചുകൂട്ടി അവർ സീയോൻ മലയിൽ കയറിവന്നു" (1 മക്ക 4,26-27). ദേവാലയം വിശുദ്ധീകരിച്ചു പ്രതിഷ്ഠിച്ചതിന്റെ ഓർമ്മ എല്ലാ വർഷവും ആചരിക്കാനായി ആ ദിവസം ഒരു തിരുനാളായി പ്രഖ്യാപിച്ചു. "ആണ്ടുതോറും കിസ്ലേവ് (നവംബർ മധ്യം മുതൽ ഡിസംബർ മധ്യംവരെ) ഇരുപത്തഞ്ചാം ദിവസം മുതൽ എട്ടു ദിവസത്തേക്ക് ആനന്ദത്തോടും ആഹ്ലാദത്തോടും കൂടെ ബലിപീഠപ്രതിഷ്ഠയുടെ ഓർമ്മ ആചരിക്കണമെന്ന് യൂദാസും സഹോദരന്മാരും ഇസ്രായേൽ സമൂഹവും കൂടി തീരുമാനിച്ചു" (1 മക്ക 4,59). അതോടെ ഇസ്രായേലിൽ സുപ്രധാനമായ മറ്റൊരു തിരുനാൾ കൂടി രൂപം പ്രാപിച്ചു. ദേവാലയത്തിന്റെയും ബലിപീഠത്തിന്റെയും പ്രാധാന്യവും വർദ്ധിച്ചു. പ്രതിഷ്ഠാതിരുനാളിന്റെ സാഹചര്യത്തിൽ യേശു ദേവാലയത്തിൽ വച്ചു സ്വയം വെളിപ്പെടുത്തുന്നതായി യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട് (യോഹ 10,22-30).

തുടർന്നുള്ള ദേവാലയത്തിന്റെ ചരിത്രവഴികളിൽ സുപ്രധാനമായ സംഭവം ബി.സി. 19-ൽ ഹേറോദേസ് മഹാരാജാവ് ആരംഭിച്ച പുനർ നിർമ്മാണവും വിപുലീകരണവുമാണ്. യേശുവിന്റെ കാലത്തും ആ നിർമ്മാണ പ്രക്രിയകൾ പൂർത്തിയായിരുന്നില്ല. മക്കബായ വിപ്ലവം ഇസ്രായേൽക്കാർക്ക് ഭാഗികമായ സ്വാതന്ത്ര്യം നേടിക്കൊടുത്തു. ആദ്യം യൂദാസും തുടർന്നു ജോനാഥനും

നേതൃത്വം വഹിച്ചു. അവരുടെ മരണത്തിനുശേഷം ഏറ്റം മൂത്ത സഹോദരനായ ശിമയോൻ നേതൃത്വം ഏറ്റെടുത്തു. ആദ്യം പ്രധാനപുരോഹിതനും പിന്നീട് ഇസ്രായേലിന്റെ രാജാവുമായി ജനം ശിമയോനെ വാഴിച്ചു.

"വിശ്വസനീയനായ ഒരു പ്രവാചകന്റെ ആവിർഭാവം വരെ ശിമയോൻ നേതാവും പ്രധാന പുരോഹിതനും ആയിരിക്കട്ടെയെന്ന് യഹൂദരും പുരോഹിതരും തീരുമാനിച്ചു... അവൻ രാജകീയ വസ്ത്രം ധരിക്കുകയും സ്വർണ്ണാഭരണം അണിയുകയും വേണം" (1 മക്ക 14,41-43). പൗരോഹിത്യവും രാജത്വവും ഒരാളിൽ കേന്ദ്രീകരിച്ചു. പ്രവാചകർ ആരും രംഗത്തില്ല. ഇതാണ് മക്കബായ വിപ്ലവത്തിനുശേഷം ഉണ്ടായ അവസ്ഥ. ശിമയോൻ തുടങ്ങിയ രാജഭരണം മകൻ യോഹന്നാൻ (ജോൺ ഹിർക്കാനൂസ്) തുടർന്നു. അങ്ങനെ ദാവീദിന്റേതിൽ നിന്നു വ്യത്യസ്തമായൊരു രാജവംശം നിലവിൽവന്നു. ഈ രാജവംശം മത്താത്തിയാസിന്റെ പിതാവായ ഹസ്മൊണേയൂസിന്റെ പേരിൽ ഹസ്മൊണേയ രാജവംശം എന്നറിയപ്പെടുന്നു.

യുദ്ധത്തിൽ രക്തംചിന്തിയ പടയാളി പുരോഹിതനായി ബലിയർപ്പിക്കുകയും പുരോഹിതൻ തന്നെ രാജാവാകുകയും ചെയ്തതിൽ പ്രതിഷേധിച്ച ഒരു വിഭാഗം മതതീവ്രവാദികൾ "നീതിയുടെ ഗുരു" (Teacher of Righteousness) എന്നറിയപ്പെടുന്ന ഒരു പുരോഹിതന്റെ നേതൃത്വത്തിൽ മരുഭൂമിയിലേക്ക് പിന്മാറി, ചാവുകടലിന്റെ വടക്കു പടിഞ്ഞാറേ തീരത്ത് ഖുമ്റാൻ എന്നറിയപ്പെടുന്ന സ്ഥലത്ത് ഒരു സന്യാസ സമൂഹത്തിനു തുടക്കം കുറിച്ചു. കർത്താവിന്റെ നിസ്വർ (Anawim Yahweh), വിശ്വസ്തരായ ചെറിയഗണം, എസ്സേൻ സന്യാസികൾ എന്നൊക്കെ ഇവർ അറിയപ്പെടുന്നു. മക്കബായ-ഹസ്മൊണേയ നേതാക്കന്മാർ അശുദ്ധമാക്കിയ മതസംവിധാനങ്ങൾക്കുപകരം രക്ഷകനായ മിശിഹാ വന്ന് പുതിയൊരു മതാത്മക സംവിധാനം ഒരുക്കും എന്നവർ വിശ്വസിച്ചു. ആ മിശിഹായ്ക്ക് വഴിയൊരുക്കുകയാണ് തങ്ങളുടെ കർത്തവ്യം എന്ന ബോധ്യത്തോടെ വചനപഠനത്തിലും മതനിയമങ്ങളുടെ തീക്ഷ്ണമായ അനുസരണത്തിലും തീവ്രമായ പ്രാർത്ഥന-പ്രായശ്ചിത്തപ്രവൃത്തികളിലും ഏർപ്പെട്ടു. യേശുവിനു വഴിയൊരുക്കിയ സ്നാപക യോഹന്നാൻ ഇവരുടെ കൂടെയാണ് തന്റെ ബാല്യവും യൗവ്വനവും ചിലവഴിച്ചത് എന്ന് കരുതപ്പെടുന്നു. "ഇസ്രായേലിനു വെളിപ്പെടുത്തുന്നതുവരെ അവൻ മരു

ഭൂമിയിലായിരുന്നു" (ലൂക്കാ 1,80) എന്ന സുവിശേഷസാക്ഷ്യം ഇതിന് തെളിവായി എടുത്തുകാട്ടാറുണ്ട്.

ബി.സി. 63-ൽ റോമൻ സൈന്യാധിപനായ പോംപേ പാലസ്തീനാ കീഴടക്കി, റോമൻ പ്രവിശ്യയായ സിറിയായുടെ ഭാഗമാക്കി. അതോടെ ഹസ്മൊണേയ രാജവംശത്തിന്റെ ഭരണം അവസാനിച്ചു. രാജത്വവും പൗരോഹിത്യവും വീണ്ടും രണ്ടു കൈകളിലായി. ഹസ്മൊണേയ വംശജനായ ഹിർക്കാനുസ് രണ്ടാമനെ പ്രധന പുരോഹിതനായി തുടരാൻ റോമാക്കാർ അനുവദിച്ചു. പാലസ്തീനായുടെ രാഷ്ട്രീയ ഭരണം ഇദുമേയനായ അന്തിപ്പാത്തറിനെ ഏൽപ്പിച്ചു. ബി.സി. 47-ൽ, അന്തിപ്പാത്തറിന്റെ മൂത്ത മകൻ ഫസായേൽ ജറുസലെമിന്റെയും ഇളയമകൻ ഹേറോദേസ് ഗലീലിയുടെയും ഗവർണർമാരായി നിയുക്തരായി. തുടർന്ന് ഏതാനും വർഷത്തേക്കു സമാധാനമുണ്ടായി.

എന്നാൽ ബി.സി. 44-ൽ ജൂലിയസ് സീസർ സെനറ്റർമാരാൽ കൊല്ലപ്പെട്ടതോടെ റോമാ ആഭ്യന്തര കലാപത്തിൽ മുഴുകി. രാജ്യരക്ഷയിലും രാജ്യഭരണത്തിലും ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ നിന്നു മുതലെടുത്ത് കിഴക്കുനിന്ന് പാർത്തിയാക്കാർ സിറിയായിലേക്ക് ആക്രമിച്ചു കയറി. ചെറുത്തുനിൽക്കാൻ റോമാക്കാർക്കു കഴിഞ്ഞില്ല. അധികാരം പിടിച്ചടക്കിയ സിറിയാക്കാർ ബി.സി. 40-ൽ ഹിർക്കാനൂസ് രണ്ടാമന്റെ സഹോദരപുത്രനായ ആന്റിഗൊണസിനെ ജറുസലെമിൽ പ്രധാന പുരോഹിതനും രാജാവുമായി വാഴിച്ചു.

അധികാരം കിട്ടിയ ഉടനെ ആന്റിഗൊണസ് ആന്തിപ്പാത്തറിന്റെ മകനും ജറുസലെം ഗവർണറുമായ ഫസായേലിനെ വധിച്ചു. മൂന്നുവർഷം മുമ്പേ ആന്തിപ്പാത്തർ ചതിയിൽ കൊല്ലപ്പെട്ടിരുന്നു. ഹിർക്കാനൂസ് രണ്ടാമന്റെ രണ്ടു ചെവിയും ഛേദിച്ച് പൗരോഹിത്യത്തിന് അയോഗ്യനാക്കിയശേഷം ബാബിലോണിലേക്കു നാടുകടത്തി. അപകടം മണത്തറിഞ്ഞ ഹേറോദേസ് റോമിലേക്ക് ഒളിച്ചോടി. റോമൻ സെനറ്റ് അയാളെ പാലസ്തീനായുടെ രാജാവായി പ്രഖ്യാപിച്ചു. രാജ്യമില്ലാത്ത രാജാവ്! ഗലീലിയിൽ തിരിച്ചെത്തിയ ഹേറോദേസ് റോമൻ സൈന്യത്തിന്റെ സഹായത്തോടെ പാലസ്തീനാ കീഴടക്കി. ബി.സി. 37-ൽ ജറുസലെമിൽ തന്റെ 33 വർഷം ദീർഘിച്ച രാജഭരണം ആരംഭിച്ചു.

നിർമ്മാണ പ്രവർത്തനങ്ങളിൽ ഹേറോദേസ് വലിയ ശ്രദ്ധ പതിപ്പിച്ചു. മാതാവ് യഹൂദസ്ത്രീയും പിതാവ് ഇദുമേയനുമായ

തിൽ ഹേറോദേസ് അർദ്ധ യഹൂദനും അതിനാൽത്തന്നെ വിജാതിയനും അശുദ്ധനുമായി ശുദ്ധരായ യഹൂദർ കരുതിയിരുന്നു. എല്ലാവരെയും പ്രീതിപ്പെടുത്താൻ ഒരു മാർഗ്ഗം എന്ന നിലയിൽ കൂടിയാണ് ജറുസലെം ദേവാലയത്തിന്റെ പുനർനിർമ്മാണവും വിപുലീകരണവും ആരംഭിച്ചത്. നിലവിലിരുന്ന ദേവാലയം പൊളിച്ചുമാറ്റാതെയും ഒരു ദിവസം പോലും ബലിയർപ്പണം മുടങ്ങാതെയുമാണ് നിർമ്മാണ പ്രക്രിയകൾ നടത്തിയത്.

സീയോൺ കുന്നിന്റെ മുകൾപ്പരപ്പ് ഇടിച്ചുനിരത്തി 42 ഏക്കർ വിസ്തൃതിയുള്ള വിശാലമായൊരു പ്രതലം ഒരുക്കി. അനേകം തട്ടുകളും നിലകളുമായി തിരിച്ച്, കവചിതമായ സ്തൂപനിരകളും ഇടനാഴികളും, കമാനങ്ങളും കല്പടവുകളും വഴി അലങ്കരിച്ചും പരസ്പരം ബന്ധിച്ചും, അതിമനോഹരമായ ദേവാലയം പണിതു. ബി.സി. 19ൽ ആരംഭിച്ച ഈ നിർമ്മാണ പ്രവർത്തനങ്ങൾ ഏ.ഡി. 64-ലാണ് പൂർത്തിയായത്. 6 വർഷം കഴിഞ്ഞപ്പോൾ ഏ.ഡി. 70-ൽ ടൈറ്റസിന്റെ നേതൃത്വത്തിൽ പൊരുതിയ റോമൻ സൈന്യം ആ ദേവാലയം അഗ്നിക്കിരയാക്കി. അതോടെ ജറുസലെം ദേവാലയത്തിന്റെ അവസാനമായി.

ഏ.ഡി. 135-ൽ ബർകോക്ബാ എന്ന നേതാവിന്റെ കീഴിൽ സംഘടിച്ച ഒരു പറ്റം യഹൂദർ വീണ്ടും ഒരു കലാപത്തിനു ശ്രമിച്ചു. പക്ഷേ റോം ഉടനെ പ്രതികരിച്ചു. കലാപകാരികളെ അടിച്ചമർത്തി; അടിമകളാക്കി നാടുകടത്തി. ദേവാലയമിരുന്ന സ്ഥലം ഉഴുതുമറിച്ചു; ജൂപിറ്റർ ദേവന്റെ ബഹുമാനാർത്ഥം ഒരു ക്ഷേത്രം അവിടെ നിർമ്മിച്ചു. യഹൂദർ ജറുസലെമിൽ പ്രവേശിച്ചുകൂടാ എന്ന വിലക്കും കൽപിച്ചു. ഇതോടെ ദാവീദിന്റെ കാലത്താരംഭിച്ച ദേവാലയത്തിന്റെ നാൾവഴികൾ അവസാനിക്കുകയായി. എന്നാൽ അതിനുമുമ്പേ ദേവാലയത്തിന്റെ തന്നെ അർത്ഥവും പ്രസക്തിയും മാറ്റിമറിച്ച ഒരു സംഭവം നടന്നു. ലോകചരിത്രത്തെത്തന്നെ ഏ.ഡി. ബി.സി. എന്ന് രണ്ടായി പിളർന്ന ക്രിസ്തുസംഭവം. ആ മഹാസംഭവവുമായി ബന്ധപ്പെടുത്തിയാണ് ദേവാലയത്തെക്കുറിച്ചുള്ള അന്വേഷണം തുടരുന്നത്.

07

# യേശുവും ദേവാലയവും

*"എന്റെ പിതാവിന്റെ ഭവനം നിങ്ങൾ ചന്തയാക്കരുത്" (യോഹ 2,16).*

ദൈവാലയത്തിന്റെ അർത്ഥവും പ്രസക്തിയും പ്രാധാന്യവും തേടിയുള്ള പ്രയാണത്തിൽ നിർണ്ണായകമായൊരു ഘട്ടമാണ് യേശുവും ദൈവാലയവും തമ്മിലുള്ള ബന്ധം. ഇസ്രായേൽ ജനം അതിവിശുദ്ധവും ദൈവഭവനവുമായി കരുതിയിരുന്ന ജറുസലെം ദേവാലയത്തോടുള്ള യേശുവിന്റെ നിലപാട് എന്തായിരുന്നു, എന്തർത്ഥമാണ് യേശു ദൈവാലയത്തിനു നൽകിയത് എന്ന ചോദ്യമാണ് ആദ്യമേ ഉയരുന്നത്. യേശുവിന്റെ പ്രവൃത്തികളിലും പ്രബോധനങ്ങളിലും ദൈവാലയത്തെക്കുറിച്ചു പ്രകടമാകുന്ന പുതിയ മാനങ്ങൾ വഴിയേ പഠനവിഷയമാക്കണം.

ലൂക്കാ എഴുതിയ സുവിശേഷത്തിലാണ് ദേവാലയം ഏറ്റം അധികം പരാമർശവിഷയമാകുന്നത്. സുവിശേഷം തുടങ്ങുന്നതുതന്നെ ദേവാലയത്തിൽ ധൂപമർപ്പിക്കുന്ന സഖറിയായെയും പുറത്തു പ്രാർത്ഥനാനിരതരായിരിക്കുന്ന ഭക്തജനത്തെയും അവതരിപ്പിച്ചുകൊണ്ടാണ് (ലൂക്കാ 1,8-22). സുവിശേഷം സമാപിക്കുന്നതും ദേവാലയത്തിലാണ്. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ബഥാനിയായിൽ നിന്നു മടങ്ങിയ ശിഷ്യസമൂഹം "ദൈവത്തെ സ്തുതിച്ചുകൊണ്ട് സദാസമയവും ദേവാലയത്തിൽ കഴിഞ്ഞുകൂടി" (ലൂക്കാ 24,53). അങ്ങനെ ദേവാലയത്തെക്കുറിച്ചുള്ള രണ്ടു പരാമർശങ്ങൾക്കുള്ളിൽ സുവിശേഷം മുഴുവൻ ഒതുക്കുമ്പോൾ സുവിശേഷകൻ ദേവാലയത്തിനു കൊടുക്കുന്ന പ്രാധാന്യം എത്രയെന്നു ഊഹിക്കാനാവും.

ഇതു സുവിശേഷകന്റെ പ്രത്യേക താൽപര്യം മാത്രമല്ല, ദേവാലയത്തോടുള്ള യേശുവിന്റെ സമീപനവും എടുത്തു കാട്ടുന്നതാണ്. ദൈവഭക്തരും, ദൈവകല്പനകളും തങ്ങളുടെ മതത്തിന്റെ ആചാരാനുഷ്ഠാനങ്ങളും കണിശമായി അനുസരിക്കുന്നവരുമായിരുന്നു യേശുവിന്റെ മാതാപിതാക്കൾ. ജനനത്തിന്റെ നാല്പതാം ദിവസം, യഹൂദ നിയമമനുസരിച്ച്, അവർ ശിശുവിനെ ദേവാലയത്തിൽ സമർപ്പിച്ചു (ലൂക്കാ 2,22-24). നിയമപ്രകാരം ശിശുവിന്റെ വീണ്ടെടുപ്പു വിലയായ ആട്ടിൻകുട്ടിയെ കൊടുക്കാൻ കഴിവില്ലാത്തവരായിരുന്നതിനാൽ മാതാപിതാക്കൾ, പാവങ്ങൾക്കുള്ള ആനുകൂല്യം അനുസരിച്ച് (ലേവ്യ 12,6-8) രണ്ടു ചെങ്ങാലികളെ സമർപ്പിച്ചു. ഇതാണ് യേശുവിന്റെ ആദ്യത്തെ ദേവാലയ പ്രവേശനം. ജീവിതം മുഴുവൻ പിതാവിനു സമർപ്പിക്കുന്നതിന്റെ പ്രതീകമായിരുന്നു ഈ കാഴ്ച സമർപ്പണം.

പന്ത്രണ്ടാം വയസ്സിലാണ് അടുത്തതായി യേശുവിനെ ദേവാലയത്തിൽ കാണുന്നത് (ലൂക്കാ 2,41-52). ആണ്ടുതോറും പ്രധാന തിരുനാളുകൾക്കെല്ലാം ജറുസലെമിലേക്കു തീർത്ഥാടനം നടത്തുക എന്ന ആചാരം യേശുവിന്റെ മാതാപിതാക്കളും അനുഷ്ഠിച്ചിരുന്നു. എല്ലാ തിരുനാളുകൾക്കും പോയില്ലെങ്കിലും ഏറ്റം പ്രധാന തിരുനാളായ പെസഹാത്തിരുനാളിന് മാതാപിതാക്കളോടൊപ്പം യേശുവും ജറുസലെമിലേക്കു പോയതിന്റെ വിവരണമാണിത്. മാതാപിതാക്കൾ മടങ്ങിപ്പോയപ്പോൾ യേശു ദേവാലയത്തിൽ തങ്ങിയതിന്റെ സാഹചര്യങ്ങളോ കാരണമോ ഒന്നും സുവിശേഷകൻ വിശദീകരിക്കുന്നില്ല. എന്നാൽ ഒരു ദിവസത്തെ യാത്രയ്ക്കുശേഷം വിശ്രമത്താവളത്തിൽവച്ചാണ് യേശു കൂടെയില്ല എന്ന കാര്യം മാതാപിതാക്കൾ ശ്രദ്ധിക്കുന്നത് എന്ന് എടുത്തു പറയുന്നു.

കണ്ണീരോടെയുള്ള മൂന്നു ദിവസത്തെ അന്വേഷണത്തിന്റെ അന്ത്യത്തിൽ അവർ യേശുവിനെ കണ്ടെത്തി-ദേവാലയത്തിൽ, “അവൻ ഉപാധ്യായന്മാരുടെ ഇടയിലിരുന്ന്, അവർ പറയുന്നത് കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയുമായിരുന്നു” (ലൂക്കാ 2,46). ബാലന്റെ അറിവിലും ബുദ്ധിശക്തിയിലും കേൾവിക്കാർ വിസ്മയഭരിതരായി. അതിനേക്കാൾ ആശ്ചര്യകരമായിരുന്നു മാതാപിതാക്കളുടെ ചോദ്യത്തിന് യേശു നൽകിയ മറുപടി: “നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്? ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ആയിരിക്കേണ്ടതാണെന്നു

നിങ്ങൾ അറിയുന്നില്ലേ?" (ലൂക്കാ 2,49). "പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന്" എന്ന പി.ഒ.സി. വിവർത്തനം ഒരു വ്യാഖ്യാനമാണ്; ശരിയായ വ്യാഖ്യാനം. എന്നാൽ ഗ്രീക്കുമൂലത്തിന്റെ വാച്യാർത്ഥം "പിതാവിന്റെ ഭവനത്തിൽ" എന്നത്രെ. അങ്ങനെയാണ് R.S.V, NRSV, ഇംഗ്ലീഷ് വിവർത്തനം (in my Father's house).

നിന്റെ പിതാവും ഞാനും എന്ന അമ്മയുടെ വാക്കുകൾക്ക് ഒരു തിരുത്തലും ഓർമ്മപ്പെടുത്തലും പോലെയാണ് യേശു, "എന്റെ പിതാവിന്റെ ഭവനത്തിൽ" എന്നു പറയുന്നത്, യഥാർത്ഥ പിതാവ് ജോസഫല്ല, ദൈവമാണെന്ന് അനുവാചകരെയും അനുസ്മരിപ്പിക്കാൻ വേണ്ടിയാവും സുവിശേഷകൻ ഈ മറുപടി അവതരിപ്പിക്കുന്നത്. എന്നാൽ മുഖ്യവിഷയം അതല്ല. യേശു തന്റെ പിതാവിന്റെ ഭവനത്തിലായിരിക്കണം. അതായത്, പിതാവു തന്നെ ഏല്പിച്ച കാര്യങ്ങളിൽ സർവ്വശ്രദ്ധയും ചെലുത്തണം, വ്യാപൃതനായിരിക്കണം. അപ്പോൾ ദേവാലയത്തിൽ തങ്ങിയത് പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനാകാൻ വേണ്ടിയാണെന്നു സൂചന. അവിടെ ചെയ്തതാകട്ടെ, നിയമജ്ഞരുടെ പ്രബോധനം ശ്രദ്ധിക്കുകയും വിശദീകരണങ്ങൾ തേടുകയും നൽകുകയുമായിരുന്നു, അഥവാ ദേവാലയത്തിൽ അവൻ പഠിപ്പിക്കുകയായിരുന്നു.

സമാന്തര സുവിശേഷങ്ങൾ മൂന്നും പെസഹാത്തിരുനാളിനോടനുബന്ധിച്ച് യേശു ദേവാലയത്തിലേക്കു നടത്തിയ തീർത്ഥാടനം വിവരിക്കുന്നുണ്ട്. അത് പരസ്യ ജീവിതത്തിന്റെ അവസാനത്തെ ആഴ്ചയിലായിരുന്നു. എന്നാൽ യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ യേശു പരസ്യജീവിതകാലത്ത് പല തവണ ജറുസലെമിലേക്കും ദേവാലയത്തിലേക്കും വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതു പെസഹാക്കാലത്തു മാത്രമല്ല പരസ്യജീവിതത്തിന്റെ തുടക്കത്തിലും (യോഹ 2, 13-25) അവസാനത്തിലും (യോഹ 12,19) പെസഹാത്തിരുനാളിനു ജറുസലെമിലേക്കു വന്നു. അതിനു പുറമെ, ഏതെന്നു വ്യക്തമാക്കാതെ ഒരു തിരുനാളിനും (5,1) കൂടാരത്തിരുനാളിനും (7,2-10) പ്രതിഷ്ഠാ തിരുനാളിനും (10,22) യേശു ജറുസലെമിൽ ദേവാലയത്തിലേക്കു വന്നതായി യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട്.

യേശു ദേവാലയത്തിലേക്ക് വന്നത് ബലിയർപ്പിക്കാനോ പ്രാർത്ഥിക്കാനോ ആയിരുന്നില്ല, മറിച്ച് പഠിപ്പിക്കാനായിരുന്നു എന്ന ധാരണയാണ് സുവിശേഷങ്ങളിലെ വിവരണങ്ങൾ നൽകു

ന്നത്. പ്രാർത്ഥിക്കാനായി, ഏകാന്തത തേടി മരുഭൂമിയിലേക്കും വിജനപ്രദേശങ്ങളിലേക്കും മലമുകളിലേക്കും ഒക്കെയാണ് യേശു പോയത്. പ്രാർത്ഥനയെക്കുറിച്ചു പഠിപ്പിക്കുമ്പോഴാകട്ടെ, സ്വന്തം മുറിയിൽ കയറി, വാതിലടച്ച്, രഹസ്യത്തിൽ പിതാവിനോടു പ്രാർത്ഥിക്കണം (മത്താ 6,8) എന്നും നിർദ്ദേശിച്ചു. ദേവാലയത്തിലും സിനഗോഗിലും പോയി പ്രാർത്ഥിക്കരുതെന്നോ പ്രാർത്ഥിക്കേണ്ടതില്ലെന്നോ അല്ല ഇതിനർത്ഥം. മറിച്ച് പ്രാർത്ഥന മറ്റുള്ളവരെ കാണിക്കാനുള്ള ഒരു പ്രകടനമാക്കി മാറ്റരുത്, ഹൃദയത്തിൽ വസിക്കുന്ന പിതാവായ ദൈവത്തോടുള്ള സംഭാഷണമായിരിക്കണം എന്നതിന് ഊന്നൽ നൽകുന്നു.

**പിതാവിന്റെ ഭവനം-പ്രാർത്ഥനാലയം**

"എന്റെ ഭവനം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതപ്പെട്ടിട്ടില്ലേ? നിങ്ങൾ അതിനെ കവർച്ചക്കാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു" (മർക്കോ 11,17).

ദേവാലയവുമായി ബന്ധപ്പെട്ട യേശുവിന്റെ പ്രവർത്തനങ്ങളിലും പ്രബോധനങ്ങളിലും ഏറ്റം പ്രധാനപ്പെട്ടതാണ് ദേവാലയ ശുദ്ധീകരണം. ഈ സംഭവം നാലു സുവിശേഷങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എപ്പോഴാണിതു സംഭവിച്ചത് എന്ന കാര്യത്തിൽ വ്യത്യാസമുണ്ട്. സമാന്തര സുവിശേഷങ്ങൾ മൂന്നും യേശുവിന്റെ പരസ്യജീവിതത്തിന്റെ അവസാനത്തെ ആഴ്ചയിലാണിതു രേഖപ്പെടുത്തിയിരിക്കുന്നത്. ജറുസലെമിലേക്കു നടത്തിയ രാജകീയ പ്രവേശനത്തിനു തൊട്ടുപിന്നാലെ. യോഹന്നാനാകട്ടെ, പരസ്യജീവിതത്തിന്റെ ആരംഭത്തിൽത്തന്നെ ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ ഏതാണു ചരിത്രത്തോടു കൂടുതൽ ചേർന്നുനിൽക്കുന്നത് എന്ന കാര്യത്തിൽ തർക്കമുണ്ടെങ്കിലും സമാന്തര സുവിശേഷങ്ങളുടെ വിവരണത്തിനാണ് കൂടുതൽ ചരിത്ര പരത നൽകപ്പെടുന്നത്. എപ്പോൾ നടന്നു എന്നതിനേക്കാൾ എന്താണിതിനർത്ഥം എന്ന ചോദ്യമാണ് കൂടുതൽ പ്രസക്തം.

സംഭവത്തിന്റെ അർത്ഥവും ധ്വനികളും അന്വേഷിക്കുമ്പോൾ അവതരിപ്പിക്കുന്ന വിധം, സാഹചര്യം, ഉപയോഗിക്കുന്ന പദങ്ങൾ എന്നിവയെല്ലാം ശ്രദ്ധിക്കണം. ഇക്കാര്യങ്ങളിൽ, സമാന്തരസുവിശേഷങ്ങളിൽപോലും ശ്രദ്ധേയമായ ചില വ്യത്യാസങ്ങളും ഊന്നലുകളും കാണാം.

ഹോസാനാ വിളികൾക്കു മധ്യേ കഴുതപ്പുറത്ത് രാജകീയമായി ജറുസലെമിലേക്കു പ്രവേശിച്ചതിനു തൊട്ടുപിന്നാലെയാണ് സമാന്തര സുവിശേഷങ്ങൾ മൂന്നും ദേവാലയശുദ്ധീകരണം അവതരിപ്പിച്ചിരിക്കുന്നത്. ഈ പ്രവൃത്തി യഹൂദ നേതാക്കളുമായുള്ള വിവാദങ്ങൾക്കു തുടക്കം കുറിക്കുന്നു. അങ്ങനെ ജറുസലെമിലെ സുവിശേഷ പ്രഘോഷണം സംഘർഷഭരിതമായിത്തീരുന്നു. വലിയ സംഘട്ടനത്തിലേക്കും അവസാനം യേശുവിന്റെ മരണത്തിലേക്കും നയിച്ച ഏറ്റം അടുത്ത, അവസാനത്തെ, സംഭവമായി മാറുന്നു ദേവാലയ ശുദ്ധീകരണം.

ദേവാലയ ശുദ്ധീകരണം അത്തിവൃക്ഷത്തെ ശപിക്കുന്ന പ്രതീകാത്മക പ്രവൃത്തിയുമായി മത്തായിയും മർക്കോസും അഭേദ്യം ബന്ധപ്പെടുത്തിയിരിക്കുന്നു. മത്തായിയുടെ അവതരണത്തിൽ യേശു അത്തിവൃക്ഷത്തിൽ ഫലം കാണാത്തതിനാൽ ശപിക്കുന്നതും മരം ഉണങ്ങുന്നതും ഒറ്റ സംഭവമായി രേഖപ്പെടുത്തിയിരിക്കുന്നു (മത്താ 21,18–22). ഇതു ദേവാലയ ശുദ്ധീകരണത്തിന്റെ പിറ്റേന്നാളാണ് സംഭവിക്കുന്നത്. മർക്കോസാകട്ടെ ഈ സംഭവത്തെ രണ്ടായി പിളർന്നു. ദേവാലയത്തിലേക്കു പോകുന്ന യേശുവിനു വിശന്നു. തളിരിട്ടു നിൽക്കുന്ന അത്തിവൃക്ഷത്തിൽ എന്തെങ്കിലും കാണും എന്നു പ്രതീക്ഷിച്ച് അടുത്തു ചെന്നു നോക്കുമ്പോൾ ഇലകൾ മാത്രം. അതിനാൽ "ആരും ഒരിക്കലും നിന്നിൽ നിന്നു പഴം തിന്നാതിരിക്കട്ടെ" (മർക്കോ 11,13) എന്നു ശപിച്ചു. അതിനുശേഷം ദേവാലയ ശുദ്ധീകരണം. പിറ്റേന്നാണ് വൃക്ഷം ഉണങ്ങിപ്പോയതായി വിവരിക്കുന്നത്.

ഒരുമിച്ചു പോകേണ്ട രണ്ടു ഭാഗങ്ങൾ വേർതിരിച്ച് ദേവാലയ ശുദ്ധീകരണം നടുവിൽ തിരുകുന്നതിലൂടെ ശാപവും ശുദ്ധീകരണവും തമ്മിൽ ആഴത്തിൽ ബന്ധപ്പെടുത്തുന്നു; മാത്രമല്ല പരസ്പരം വിശദീകരിക്കുകയും ചെയ്യുന്നു. ഫലമില്ലാത്ത അത്തിവൃക്ഷം പോലെയാണ് യേശു കടന്നു വന്നു കണ്ട ദേവാലയം. അത്തിവൃക്ഷത്തിന്റെ ഗതിയാവും ദേവാലയത്തിനു സംഭവിക്കുക എന്ന് ഈ അവതരണത്തിലൂടെ സൂചിപ്പിക്കുന്നു. ലൂക്കായുടെ സുവിശേഷത്തിൽ അത്തിവൃക്ഷത്തെ ശപിക്കുന്ന സംഭവം രേഖപ്പെടുത്തിയിട്ടില്ല. പകരം ഫലം തരാത്ത അത്തിവൃക്ഷത്തിനു നൽകുന്ന ഒരു വർഷത്തെ അവധിയും അതിനുശേഷം സംഭവിക്കാവുന്ന നാശവും ഒരു ഉപമയിലൂടെ അവതരിപ്പിക്കുന്നു (ലൂക്കാ 13,6–9).

അവതരണരീതിയിൽ വ്യത്യാസമുണ്ടെങ്കിലും അർത്ഥം മൂന്നിനും ഒന്നുതന്നെ. ഫലം തരാത്ത അത്തിവൃക്ഷം ജറുസലെം ദേവാലയത്തിന്റെ പ്രതീകമാണ്. സമൃദ്ധമായി ഇല ചൂടി നിൽക്കുന്ന അത്തിമരത്തിൽ കായ്കൾ ഉണ്ടാകും എന്ന് ന്യായമായും പ്രതീക്ഷിക്കും. എന്നാൽ അടുത്തുവരുമ്പോൾ ഇലയല്ലാതെ തിന്നാൻ കൊള്ളാവുന്ന ഒരു കായുമില്ല. ഇത് വലിയ കാപട്യത്തിന്റെ പ്രതീകമായി മാറുന്നു. എല്ലാം പുറം കാഴ്ചയ്ക്കു മാത്രം. ഉള്ള് ശൂന്യം. ഭക്തിയുടെ മുഖം മൂടിയണിഞ്ഞ്, ഉള്ളിലാകെ കൊള്ളയും കവർച്ചയും നിറഞ്ഞുനിൽക്കുന്ന ദേവാലയത്തിന്റെ പ്രതീകമായിത്തീരുന്നു അത്തിവൃക്ഷം.

ഒരു പടികൂടി കടന്ന്, ദേവാലയം തന്നെ ഒരു പ്രതീകമാണെന്നതും ശ്രദ്ധിക്കണം. എല്ലാ ജനതകൾക്കും ദൈവികസാന്നിധ്യം അനുഭവിക്കാനും പ്രാർത്ഥിക്കാനും കഴിയുന്ന ഇടമാകണം ദേവാലയം. അത് ഇസ്രായേൽ ജനത്തിന്റെ ദൈവവുമായുള്ള ബന്ധത്തിന്റെ പ്രതീകമായി നിൽക്കുന്നു. ഇവിടെയാണ് മുഖം മൂടി അണിയുന്ന ഭക്തിയുടെ കപടമുഖം പ്രകടമാകുന്നത്. അതിനാൽ ദേവാലയത്തിനു സംഭവിക്കുന്നത് ജനത്തിനു സംഭവിക്കാൻ പോകുന്ന ദുരന്തത്തിന്റെ മുൻസൂചനയും അടയാളവുമായിരിക്കും. ഉണങ്ങിപ്പോയ അത്തിമരം, തകർന്നടിയുന്ന ദേവാലയം, ദൈവ ജനമെന്ന സ്ഥാനം തന്നെ നഷ്ടപ്പെട്ട് നാടു കടത്തപ്പെടാൻ പോകുന്ന ജനം. ഇവ മൂന്നും ഒരുമിച്ചു കാണണം. അടുത്തതായി ദേവാലയ ശുദ്ധീകരണം അല്പമൊന്ന് അടുത്തു പരിശോധിക്കാം.

### ദേവാലയ ശുദ്ധീകരണം

പെസഹാക്കാലത്താണിതു സംഭവിച്ചത് എന്നു നാലു സുവിശേഷകരും രേഖപ്പെടുത്തിയിരിക്കുന്നു. "യേശു ദേവാലയത്തിൽ പ്രവേശിച്ച്, അവിടെ കച്ചവടം ചെയ്തുകൊണ്ടിരുന്നവരെ പുറത്താക്കാൻ തുടങ്ങി" (ലൂക്കാ 19,45) എന്ന ലൂക്കായുടെ വിവരണമാണ് ഏറ്റം ഹ്രസ്വം. മത്തായിയും മർക്കോസും നാണയമാറ്റക്കാരെയും പ്രാവു വിൽപനക്കാരെയും കുറിച്ച് പരാമർശിക്കുന്നുണ്ട്. യോഹന്നാനാകട്ടെ "കാള, ആട്, പ്രാവ് എന്നിവ വിൽക്കുന്നവരെയും നാണയം മാറ്റാനിരിക്കുന്നവരെയും ദേവാലയത്തിൽ കണ്ടു. അവൻ കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി. അവരെയെല്ലാം... പുറത്താക്കി..." (യോഹ 2,14-16) എന്നു കൂടുതൽ വിശദമായി വിവരിക്കുന്നു.

ഈ സംഭവം മനസിലാക്കാൻ യേശുവിന്റെ കാലത്തെ ജറുസലെം ദേവാലയത്തിന്റെ ഘടനയെക്കുറിച്ച് ഒരു ഏകദേശരൂപമെങ്കിലും അറിഞ്ഞിരിക്കുക ആവശ്യമാണ്. ജറുസലെമിൽ ഇടിച്ചു നിരപ്പാക്കിയ സീയോൺ മലയുടെ മുകൾപ്പരപ്പിൽ, 42 ഏക്കർ വിസ്തൃതമായൊരു പ്രദേശം മുഴുവൻ നിറഞ്ഞു നിൽക്കുന്നതായിരുന്നു ഹേറോദേസ് പുതുക്കിപ്പണികഴിച്ച ദേവാലയം.

ദേവാലയത്തിന്റെ ഏറ്റം പ്രധാനപ്പെട്ട ഭാഗം അതിവിശുദ്ധ സ്ഥലം അഥവാ ശ്രീകോവിൽ എന്നറിയപ്പെടുന്നു. സോളമൻ നിർമ്മിച്ച ദേവാലയത്തിൽ അതിവിശുദ്ധ സ്ഥലത്ത് ഉടമ്പടിയുടെ പേടകം ഉണ്ടായിരുന്നു. എന്നാൽ ബാബിലോൺ സൈന്യം ജറുസലെം കീഴടക്കി ദേവാലയം അഗ്നിക്കിരയാക്കിയതോടെ പേടകം നഷ്ടപ്പെട്ടു. അതിനാൽ യേശുവിന്റെ കാലത്തെ ദേവാലയത്തിൽ അതിവിശുദ്ധ സ്ഥലം ശൂന്യമായിരുന്നു. എങ്കിലും അതു കനത്ത വിരിയിട്ടു മറച്ചിരുന്നു. ആണ്ടിൽ ഒരിക്കൽ മാത്രം, പാപപരിഹാര ദിനത്തിൽ, രക്തബലിയർപ്പിക്കാനായി പ്രധാന പുരോഹിതൻ ആ വിരിക്കകത്തു പ്രവേശിക്കും. ആ വിരിയാണ് യേശുവിന്റെ മരണസമയത്ത് മുകൾ മുതൽ അടിവരെ രണ്ടായി കീറിയത് (മത്താ 27,51).

അതിവിശുദ്ധ സ്ഥലത്തിനു മുന്നിൽ വിശുദ്ധ സ്ഥലം. അവിടെ പുരോഹിതന്മാർക്കു മാത്രമേ പ്രവേശിക്കാൻ അനുവാദമുള്ളൂ. ഇവിടെയാണ് ഇസ്രായേൽ ഗോത്രങ്ങളെ ദൈവ തിരുമുമ്പിൽ നിരന്തരം അനുസ്മരിപ്പിക്കുന്ന 12 അപ്പം കാഴ്ചവയ്ക്കുന്നതിനുള്ള മേശ, ജനത്തിന്റെ സൂചനയായ ഏഴു തണ്ടുള്ള വിളക്കുകാൽ, ധൂപം സമർപ്പിക്കുന്ന സുഗന്ധ ബലിപീഠം എന്നിവ സ്ഥാപിച്ചിരുന്നത്. ഈ വിശുദ്ധ സ്ഥലത്തിനു മുമ്പിലും ഉണ്ടായിരുന്നു കനത്ത തിരശ്ശീല.

അതിനു മുമ്പിലാണ് രാവിലെയും വൈകിട്ടും ബലിയർപ്പിക്കുന്ന ദഹന ബലിപീഠം. ഇത്രയും സ്ഥലങ്ങളിൽ പുരോഹിതർക്കു മാത്രമേ പ്രവേശനാനുമതിയുള്ളൂ. ഇതിനു മുമ്പിലായുള്ള വിശാലമായൊരു സ്ഥലം ഇസ്രായേൽക്കാരുടെ അങ്കണം (Court of Israel) എന്ന പേരിൽ അറിയപ്പെടുന്നു. പന്ത്രണ്ടു വയസായ യഹൂദ പുരുഷന്മാർക്കു കടന്നു വരാവുന്ന ഈ സ്ഥലത്തുനിന്ന് 15 പടവുകൾ താഴെയാണ് സ്ത്രീകളുടെ പ്രാർത്ഥനാങ്കണം (Court of Women). വിശാലമായ ഈ അങ്കണത്തിന്റെ പല ഭാഗങ്ങളിലായി 13 വലിയ നേർച്ചപ്പെട്ടികൾ വച്ചിരുന്നു. അടിഭാഗം വീർത്തും

മുകൾഭാഗം കൂമ്പിയും, വൃത്താകൃതിയിൽ കാഹളത്തിന്റെ രൂപത്തിലായിരുന്നു ഈ നേർച്ചപ്പെട്ടികൾ. 12 വയസ്സിൽ താഴെയുള്ള ആൺകുട്ടികളും സ്ത്രീകളും ഈ അങ്കണം വിട്ട് മുകളിലേക്കു കയറരുത്. എന്നാൽ ശുദ്ധരായ എല്ലാ ഇസ്രായേൽക്കാർക്കും, സ്ത്രീപുരുഷഭേദമെന്യേ ഇവിടെ പ്രവേശിക്കാം. ഈ സ്ഥലത്തിരുന്ന് യേശു പഠിപ്പിച്ചതായി സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് (മർക്കോ 12,41-44; ലൂക്കാ 21,1-4).

സ്ത്രീകളുടെ അങ്കണത്തിൽ നിന്നും 15 പടവുകൾ താഴെ, ചുറ്റിലുമുള്ള വിശാലമായ പ്രദേശം മുഴുവൻ വിജാതീയരുടെ അങ്കണം (Court of gentiles) എന്നറിയപ്പെട്ടിരുന്നു. ഇവിടെനിന്ന് സ്ത്രീകളുടെ അങ്കണത്തിലേക്കു കയറാൻ മൂന്നുവശത്തും നടകളുണ്ടായിരുന്നു. വിജാതീയരുടെ അങ്കണത്തിൽത്തന്നെ കല്ലുമേഞ്ഞ കരിങ്കൽ തൂണുകളുടെ നിരകളും വെൺകൽ സ്തൂപനിരകളും ഉണ്ടായിരുന്നു. ഈ പ്രദേശത്താണ് റബ്ബിമാർ ശിഷ്യരെ പഠിപ്പിക്കുകയും വിവാദങ്ങളിൽ ഏർപ്പെടുകയും ചെയ്തിരുന്നത്. യേശു ദേവാലയത്തിൽ പഠിപ്പിച്ചു എന്നു പറയുമ്പോൾ ഈ വിജാതീയരുടെ അങ്കണത്തെയാണ് സൂചിപ്പിക്കുന്നത്.

**ചന്തയോ കവർച്ചക്കാരുടെ ഗുഹയോ?**

ദേവാലയ ശുദ്ധീകരണത്തിന് യേശുവിനെ പ്രേരിപ്പിച്ചത് അവിടെ നടന്ന കച്ചവടമാണ്. വിജാതീയരുടെ അങ്കണത്തിൽ എല്ലാവർക്കും പ്രവേശനാനുമതി ഉണ്ടായിരുന്നു. നിയമപ്രകാരം അശുദ്ധരായി പരിഗണിക്കപ്പെട്ടിരുന്ന വിജാതീയർക്കും അവിടെ വന്നു പ്രാർത്ഥിക്കാം. പ്രധാന തിരുനാളുകളിൽ ലക്ഷക്കണക്കിന് ആളുകൾ തീർത്ഥാടകരായി ജറുസലെമിലേക്കു വരും. വരുന്നവരെല്ലാം തന്നെ ബലിയർപ്പണങ്ങളും മറ്റു നേർച്ചക്കാഴ്ചകളും നടത്തും. ബലിയർപ്പിക്കാൻ നിയമപ്രകാരം ശുദ്ധമായ മൃഗങ്ങൾ വേണം. നേർച്ചപ്പെട്ടിയിൽ ആരുടെയും രൂപവും ലിഖിതവുമില്ലാത്ത നാണയങ്ങളേ നിക്ഷേപിക്കാവൂ എന്നും നിയമമുണ്ടായിരുന്നു. ഇതാണ് വിജാതീയരുടെ അങ്കണത്തിൽ കച്ചവടം നടത്താനുണ്ടായ പശ്ചാത്തലം.

ദേവാലയ വളപ്പിനുപുറത്ത് മൃഗങ്ങളെ വാങ്ങാൻ സൗകര്യമുണ്ടായിരുന്നു. എന്നാൽ അവിടെ നിന്നുകൊണ്ടു വരുന്ന മൃഗങ്ങൾ പലപ്പോഴും ബലിയർപ്പണത്തിനു സ്വീകാര്യമല്ലാത്ത, അശുദ്ധമൃഗങ്ങളായി പരിഗണിക്കപ്പെട്ടിരുന്നു. അതിനാൽ ശുദ്ധമൃഗ

ങ്ങളെ ദേവാലയ വളപ്പിൽത്തന്നെ ലഭ്യമാക്കാൻ തീരുമാനമുണ്ടായി. അതിനായി വിജാതീയരുടെ അങ്കണത്തിൽ നിന്ന് ഒരു ഭാഗം മാറ്റിവച്ചു. അന്നാസിന്റെ ചന്ത (Anna's Market) എന്നാണ് ഇതറിയപ്പെട്ടിരുന്നത്. ഇവിടെ നിന്നു വാങ്ങിയാൽ പിന്നീടൊരു പരിശോധന ആവശ്യമില്ല. പക്ഷേ ഒരു പ്രശ്നം മാത്രം. മൃഗങ്ങൾക്ക് പുറത്തുണ്ടായിരുന്നതിനേക്കാൾ വളരെ കൂടുതൽ വില നൽകണം.

ഇതുപോലൊന്നു നാണയമാറ്റത്തിന്റെ കാര്യത്തിലും സംഭവിച്ചു. തീർത്ഥാടകരായി വിദേശങ്ങളിൽ നിന്നു വരുന്നവരുടെ കൈവശമുള്ള നാണയങ്ങളിൽ അതതു രാജ്യങ്ങളിലെ രാജാക്കന്മാരുടെ രൂപവും മുദ്രയും ഉണ്ടായിരിക്കും. അത് ദേവാലയത്തിൽ സ്വീകാര്യമായ ഷെക്കൽ ആക്കിമാറ്റണം, ഒരു വിദേശ നാണ്യവിനിമയം. ഇതിനും ദേവാലയ വളപ്പിനു പുറത്ത് സൗകര്യമുണ്ടായിരുന്നു. എന്നാൽ തീർത്ഥാടക ഭക്തർക്ക് കാര്യങ്ങൾ എളുപ്പമാക്കാൻ വേണ്ടി, വിജാതീയരുടെ അങ്കണത്തിൽത്തന്നെ നാണയമാറ്റത്തിനുള്ള സംവിധാനവും ഒരുക്കി. ഇവിടെയും പ്രശ്നം ഒന്നുതന്നെ, പുറത്തുള്ളതിനേക്കാൾ വളരെ കൂടുതലായിരുന്നു ഇവിടുത്തെ നാണയമാറ്റനിരക്ക്.

ഈ രണ്ടു കാര്യങ്ങളാണ് യേശുവിന്റെ പ്രതിഷേധത്തിനു മുഖ്യകാരണം എന്നു തോന്നാം. ദേവാലയാങ്കണം കാളച്ചന്തയാക്കിയിരിക്കുന്നു. മൃഗങ്ങളുടെ കരച്ചിലും കച്ചവടക്കാരുടെ വില പേശലും എല്ലാം ദേവാലയത്തിന് ഒരു ചന്തയുടെ പ്രതീതി നൽകി. പ്രാർത്ഥിക്കാൻ വന്ന ജനത്തിനു സ്വസ്ഥത നഷ്ടപ്പെടുത്തി. ഇതാണ് യോഹന്നാൻ നൽകുന്ന വിശദീകരണം: “എന്റെ പിതാവിന്റെ ആലയം നിങ്ങൾ ചന്തയാക്കരുത്” (യോഹ 2,16). ജറുസലെം ദേവാലയം തന്റെ പിതാവായ ദൈവത്തിന്റെ ആലയമാണ്. അതിന്റെ വിശുദ്ധിക്കു നിരക്കാത്തതാണ് ഈ വിലപേശലും കച്ചവടവും. അതിനാൽ അവരെയെല്ലാം അവിടെ നിന്നു ബഹിഷ്കരിക്കാൻ ശ്രമിച്ചു.

സമാന്തര സുവിശേഷങ്ങൾ അൽപം വ്യത്യസ്തമായിട്ടാണ് കാര്യങ്ങൾ അവതരിപ്പിക്കുന്നത്. സാഹചര്യത്തിൽ മാറ്റമില്ല. എന്നാൽ യേശു നൽകുന്ന വിശദീകരണത്തിൽ അൽപം വ്യത്യാസം കാണാം. പഴയ നിയമത്തിൽ നിന്ന് രണ്ട് വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പ്രവൃത്തിയെ വിശദീകരിക്കുന്നതും ന്യായീകരിക്കുന്നതും.

"എന്റെ ആലയം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയമെന്ന് അറിയപ്പെടും" (ഏശ 56,7) എന്ന ഏശയ്യായുടെ പ്രവചനമാണ് ആദ്യഭാഗം. സാർവ്വത്രിക രക്ഷയെയും ജനതകളുടെ മാനസാന്തരത്തെയും സംബന്ധിക്കുന്ന ഒരു പ്രവചനമാണിത്. വിജാതീയർക്കു കടന്നുവരാവുന്ന അങ്കണം ഈ പ്രവചനത്തിലേക്കു വിരൽ ചൂണ്ടുന്നു. തങ്ങൾ സുവിശേഷം എഴുതുമ്പോഴേക്കും ജറുസലെം ദേവാലയം തകർക്കപ്പെട്ടു കഴിഞ്ഞിരുന്നതിനാലാവാം, മത്തായിയും ലൂക്കായും "എല്ലാ ജനതകൾക്കും വേണ്ടിയുള്ള" എന്ന വിശേഷണം ഒഴിവാക്കിയിരിക്കുന്നു. ദൈവാലയം പ്രാർത്ഥനാലയമായിരിക്കണം. അതാണ് ഒന്നാം ഭാഗത്തിന്റെ മുഖ്യസന്ദേശം.

"നിങ്ങൾ അതിനെ കവർച്ചക്കാരുടെ ഗുഹയാക്കി മാറ്റിയിരിക്കുന്നു" എന്ന ആരോപണം ജറെമിയാ പ്രവാചകനിൽനിന്നു കടം കൊണ്ടതാണ്. ജനത്തിനിടയിൽ നടക്കുന്ന നിരവധിയായ അക്രമങ്ങളുടെയും അനീതിയുടെയും ചിത്രം വരച്ചുകാട്ടിയ ശേഷമാണ് പ്രവാചകൻ ചോദിക്കുന്നത്: "ഈ മ്ലേഛതകളെല്ലാം സുരക്ഷിതമായി തുടരാമെന്നോ? എന്റെ നാമം വഹിക്കുന്ന ഈ ആലയം നിങ്ങൾക്കു മോഷ്ടാക്കളുടെ ഗുഹയോ?" (ജറെ 7,10 -11). ദേവാലയത്തിന്റെ പ്രാർത്ഥനാന്തരീക്ഷത്തിനും വിശുദ്ധിക്കും വിഘാതമാകുന്ന വിധത്തിൽ കച്ചവടം നടത്തുക മാത്രമല്ല, ആ കച്ചവടം തന്നെ വലിയ കൊള്ളയും കവർച്ചയുമായി യേശു കാണുന്നു. കച്ചവടത്തിലെ അനീതിവഴി ജനത്തെ കൊള്ളയടിക്കുന്ന കൊള്ളക്കാരുടെ താവളമായി മാറിയിരിക്കുന്നു ദേവാലയം; പ്രധാന പുരോഹിതൻ തന്നെ കൊള്ളത്തലവൻ. മതനേതാക്കന്മാരുടെ ദൃഷ്ടിയിൽ തികച്ചും അക്ഷന്തവ്യവും പ്രകോപന പരവുമാണ് യേശുവിന്റെ പ്രവൃത്തിയും അതിനു നൽകുന്ന വ്യാഖ്യാനവും. എന്നാൽ ഇതു മാത്രമല്ല.

മർക്കോസ് എഴുതിയ സുവിശേഷത്തിൽ മറ്റൊരു ചെറിയ കാര്യം കൂടിയുണ്ട്: "ദേവാലയത്തിലൂടെ പാത്രങ്ങൾ ചുമന്നുകൊണ്ടുപോകാൻ ആരെയും അനുവദിച്ചില്ല" (മർക്കോ 11,16). ഈ ഒരു വിശദാംശം മറ്റു സുവിശേഷങ്ങളിലില്ല. എന്താണീ പാത്രങ്ങൾ? വ്യാഖ്യാതാക്കൾ പല സാധ്യതകൾ കാണുന്നുണ്ട്. ബലിയർപ്പിക്കാൻ ആവശ്യമായ പാത്രങ്ങളെന്നു ചിലർ; അല്ല ദേവാലയാങ്കണത്തെ ഒരു പൊതുവഴിപോലെ കരുതി, ആവശ്യമുള്ള സാധനങ്ങളെല്ലാം ചുമന്നുകൊണ്ടു പോകുന്നതിനെ എന്നു മറ്റു

ചിലർ. ദേവാലയത്തിന്റെ പ്രാർത്ഥനാരൂപിക്കു നിരക്കാത്ത, ചന്ത യാക്കി മാറ്റുന്ന പ്രവൃത്തിയാണിത്.

എന്നാൽ ''പാത്രങ്ങൾ'' എന്നു വിവർത്തനം ചെയ്യുന്ന "സ്കെവുവോസ്" എന്ന ഗ്രീക്കു പദത്തിന് ഉപകരണം എന്നാണ് വാച്യാർത്ഥം. അത് ഏതു തരത്തിലുള്ള ഉപകരണവുമാകാം. യുദ്ധോപകരണമായ വാളും കുന്തവും കഠാരയും ആകാം എന്നു കരുതുന്നവരുണ്ട്. "കവർച്ചക്കാർ" എന്നു വിവർത്തനം ചെയ്യുന്ന "ലേസ്തേസ്" എന്ന പദത്തിനുമുണ്ട് ഇതുപോലൊരു ധ്വനി. യേശു വിന്റെ ഇരുവശത്തുമായി കുരിശിൽ തറച്ചവരെ ഈ വാക്കുകൊ ണ്ടാണ് വിശേഷിപ്പിക്കുന്നത്. കള്ളന്മാർ എന്നു പൊതുവേ വിവർത്തനം ചെയ്യുന്നു. എന്നാൽ അവർ വെറും കള്ളന്മാർ ആയി രുന്നില്ല എന്നു മനസിലാക്കാൻ വലിയ വിശകലനമൊന്നും ആവ ശ്യമില്ല. യേശുവിനെ കുരിശിൽ തറച്ചത് കലാപകാരി എന്ന പേരി ലാണ്. "യഹൂദരുടെ രാജാവ്" എന്നതാണ് കുരിശിൽ തലയ്ക്കു മുകളിൽ സ്ഥാപിച്ച കുറ്റപത്രം. ജനകീയ വിചാരണയ്ക്കു വിധേ യനാക്കിയപ്പോൾ കൂടെ നിർത്തിയത് "പട്ടണത്തിൽ നടന്ന കലാ പത്തിനും കൊലപാതകത്തിനും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട ബാറബാസിനെ" (ലൂക്കാ 23,19) ആയിരുന്നു എന്നതും ശ്രദ്ധേയം. അതിനാൽ കള്ളന്മാർ എന്നു വിശേഷിപ്പിക്കുന്നത് യഥാർത്ഥ ത്തിൽ റോമിനെതിരേ ഒളിപ്പോരു സംഘടിപ്പിക്കുന്ന കലാപകാ രികളായിരുന്നു എന്നു കരുതാൻ ന്യായമുണ്ട്.

ഈ വിശദാംശത്തിന്റെ വെളിച്ചത്തിൽ കവർച്ചക്കാരുടെ ഗുഹ എന്നതിന് കച്ചവടക്കാരുടെ കൊള്ളലാഭത്തിനും അപ്പുറം വലിയ കലാപകാരികളുടെ താവളമാക്കി മാറ്റിയിരിക്കുന്നു ദേവാലയം എന്ന സൂചനയും കാണുന്നവരുണ്ട്. ഏ.ഡി. 70-ൽ ടൈറ്റസിന്റെ നേതൃത്വ ത്തിൽ ജറുസലെമിനെതിരേ നടന്ന യുദ്ധത്തിന്റെ അവസാനത്തെ പോരാട്ടം നടന്നത് ജറുസലെം ദേവാലയത്തിൽ വച്ചായിരുന്നു എന്നതും ശ്രദ്ധേയം. അതിനാൽ ദേവാലയത്തെ കച്ചവടസ്ഥലവും ചന്തയും മാത്രമല്ല, കലാപകാരികളുടെ താവളമാക്കി മാറ്റിയിരിക്കുന്നു എന്ന ധ്വനിയും ഈ ആരോപണത്തിനു പിന്നിൽ കാണാം.

ദേവാലയത്തിന്റെ നാശത്തിനുണ്ടായ മുഖ്യകാരണവും അതാ യിരുന്നു എന്നു ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ദേവാലയം നശിപ്പിക്കരുതെന്ന് റോമൻ സൈന്യാധിപൻ കല്പന നൽകിയി രുന്നെങ്കിലും അവസാനത്തെ ചെറുത്തു നിൽപ്പ് ദേവാലയത്തി ലായതിനാലാണ് അത് അഗ്നിക്കിരയാക്കേണ്ടി വന്നത്.

### അധികാരത്തിനു തെളിവ്

ദേവാലയ ശുദ്ധീകരണത്തിനുശേഷം യേശു ദേവാലയത്തിൽ ഇരുന്ന് പഠിപ്പിക്കുകയും സുവിശേഷം പ്രഘോഷിക്കുകയും ചെയ്തതായി സമാന്തര സുവിശേഷങ്ങൾ മൂന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സുവിശേഷ പ്രഘോഷണം, പക്ഷേ വിവാദങ്ങളും രൂക്ഷമായ സംഘട്ടനങ്ങളുമായി പരിണമിച്ചു. ഇപ്രകാരമുള്ള അഞ്ചു വിവാദങ്ങൾ സമാന്തര സുവിശേഷങ്ങൾ മൂന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ ആദ്യത്തേത് അധികാരികൾ യേശുവിനെ ചോദ്യം ചെയ്യുന്നതാണ്.

"അവൻ ദേവാലയത്തിലെത്തി പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ പുരോഹിത പ്രമുഖന്മാരും ജനപ്രമാണികളും അവനെ സമീപിച്ചു ചോദിച്ചു, എന്തധികാരത്താലാണ് നീ ഇതൊക്കെ ചെയ്യുന്നത്? ആരാണ് നിനക്ക് ഈ അധികാരം നൽകിയത്?" (മത്താ 21,23). ഇതൊക്കെ എന്നു പറയുമ്പോൾ മുഖ്യമായും തൊട്ടുമുമ്പേ വിവരിച്ച ദേവാലയശുദ്ധീകരണമാണ് വിവക്ഷിക്കുന്നത് എന്നതിൽ സംശയമില്ല. അതോടൊപ്പം ദേവാലയത്തിൽ വച്ചു പഠിപ്പിക്കുന്നതിനുള്ള അധികാരവും ചോദ്യവിഷയമാകുന്നു. യേശു നേരിട്ട് ഉത്തരം പറയാതെ ഒരു മറുചോദ്യത്തിലൂടെ അവരെ നേരിടുന്നു. സ്നാപകയോഹന്നാന്റെ അധികാരമാണ് യേശു ഉന്നയിക്കുന്ന ചോദ്യവിഷയം. സ്നാപകനെ അയച്ചതു ദൈവമാണെന്നു ജനം മുഴുവൻ വിശ്വസിച്ചിരുന്നു. ആ സ്നാപകനാണ് യേശുവിന്റെ ദൈവികതയ്ക്കു സാക്ഷ്യം നൽകിയത്. അതിനാൽ സ്നാപകനെ സ്വീകരിക്കുന്നെങ്കിൽ യേശുവിനെയും അംഗീകരിക്കണം. അതിന് അധികാരികൾ തയ്യാറല്ല. അതിനാൽ ഉത്തരം പറയാതെ ഒഴിഞ്ഞുമാറി. ചർച്ച വേറൊരു വഴിക്കു നീങ്ങി.

യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ ചോദ്യത്തിന്റെ സാഹചര്യവും യേശു നൽകുന്ന ഉത്തരവും തികച്ചും വ്യത്യസ്തമാണ്; ദേവാലയത്തെക്കുറിച്ചു പുതിയ ഉൾക്കാഴ്ചകൾ നൽകുന്നതുമാണ്. ചാട്ടവാർ ചുഴറ്റി കച്ചവടക്കാരെ ദേവാലയത്തിൽ നിന്നു പുറത്താക്കിയപ്പോൾത്തന്നെയാണ് നേതാക്കൾ യേശുവിനെ ചോദ്യം ചെയ്തത്: "ഇതു ചെയ്യാൻ നിനക്ക് അധികാരം ഉണ്ട് എന്നതിന് എന്തടയാളമാണ് നീ ഞങ്ങളെ കാണിക്കുക?" (യോഹ 2,18). ദൈവമാണ് തന്നെ അധികാരപ്പെടുത്തിയിരിക്കുന്നത് എന്നതിനു സാക്ഷ്യപത്രമായി അടയാളം ആവശ്യപ്പെട്ടവർക്ക് യേശു അടയാളം വാഗ്ദാനം ചെയ്തു: "നിങ്ങൾ

ഈ ദേവാലയം നശിപ്പിക്കുവിൻ. മൂന്നു ദിവസത്തിനകം ഞാനതു പുനരുദ്ധരിക്കും. യഹൂദർ ചോദിച്ചു. ഈ ദേവാലയം പണിയാൻ നാല്പത്താറു സംവത്സരമെടുത്തു. വെറും മൂന്നു ദിവസത്തിനകം നീ അതു പുനരുദ്ധരിക്കുമോ?" (യോഹ 2,19-20).

ഈ വിവരണത്തിൽ ദേവാലയം എന്നു വിവർത്തനം ചെയ്യുന്നത് രണ്ട് വ്യത്യസ്ത ഗ്രീക്കു വാക്കുകളാണ്, ഹിയെരോൺ (hieron) എന്നതാണ് ആദ്യത്തേത്. വിജാതീയരുടെ അങ്കണം ഉൾപ്പെടെ, ചുറ്റുമതിലിനകത്തുള്ള കെട്ടിടസമുച്ചയം മുഴുവനെയുമാണ് ഈ പദം സൂചിപ്പിക്കുന്നത്. ഈ വാക്കാണ് കച്ചവടക്കാരെ പുറത്താക്കിയ സംഭവത്തിൽ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ നേതാക്കന്മാരുടെ ചോദ്യത്തിന് ഈ ദേവാലയം നശിപ്പിക്കുക... പുനരുദ്ധരിക്കും എന്നു പറയുമ്പോൾ നാവോസ് (naos) എന്ന പദമാണ് ഉപയോഗിക്കുന്നത്. പുരോഹിതന്മാർക്കു മാത്രം പ്രവേശനാനുമതിയുണ്ടായിരുന്ന അതിവിശുദ്ധസ്ഥലവും ദഹനബലിപീഠവും അടക്കമുള്ള സ്ഥലത്തെയാണ് ഈ പദം സൂചിപ്പിക്കുന്നത്.

യേശു പറഞ്ഞതിന്റെ അർത്ഥം അവർക്കു ഗ്രഹിക്കാനായില്ല. ഹേറോദോസ് ബി.സി. 19-ൽ പുതുക്കിപണിയാൻ ആരംഭിച്ച ബൃഹത്തായ കെട്ടിട സമുച്ചയത്തെയാണ് യേശു ഉദ്ദേശിച്ചത് എന്നവർ കരുതി. 46 വർഷം എന്നത് കെട്ടിട നിർമ്മാണത്തിന്റെ കാലദൈർഘ്യത്തിന് ഊന്നൽ നൽകുന്നു. എന്നാൽ അപ്പോഴും നിർമ്മാണം പൂർത്തിയായിരുന്നില്ല. വീണ്ടും ഏകദേശം മുപ്പത്തഞ്ചു വർഷം കൂടി വേണ്ടി വന്നു ദേവാലയ നിർമ്മാണം പൂർത്തിയാക്കാൻ. ഏ.ഡി. 64-ൽ പണിതീർത്ത ദേവാലയം ഏ.ഡി. 70-ൽ അഗ്നിക്കിരയായി എന്നതു ചരിത്രം.

യേശു തന്റെ ശരീരമാകുന്ന ആലയത്തെയാണ് സൂചിപ്പിച്ചത് എന്നു ശിഷ്യന്മാർക്കുപോലും മനസിലായത് യേശുവിന്റെ പുനരുദ്ധാനത്തിനുശേഷമാണ് (യോഹ 2,21-22). യേശുവിന്റെ ഈ വാക്കുകൾ നേതാക്കൾ അക്ഷരാർത്ഥത്തിലെടുത്തു; അതു തന്നെ അവനെതിരേ കുറ്റാരോപണമായും പരിഹാസമായും അവർ പിന്നീട് ആവർത്തിക്കുകയും ചെയ്തു (മത്താ 26,61;27-40). യേശുവിന് അധികാരം നൽകിയതു ദൈവം തന്നെയാണെന്ന് പുനരുത്ഥാനത്തിലൂടെ തെളിഞ്ഞു. എന്നാൽ, അതും അംഗീകരിക്കാൻ യഹൂദനേതാക്കൾ തയ്യാറായില്ല. കാവൽക്കാർക്കു കൈക്കൂലി കൊടുത്ത് നുണ പറയാൻ പ്രേരിപ്പിക്കുന്ന

തിലൂടെ (മത്ത 28,11-15). സത്യത്തിനെതിരേ ഹൃദയം അടച്ചു കളയുകയാണ് ചെയ്തത്.

**ദേവാലയ നാശം-പ്രവചനം**

ജറുസലെം ദേവാലയത്തെക്കുറിച്ചുള്ള അവസാനത്തെ പ്രബോധനം യേശുവിന്റെ ഒരു പ്രവചനമാണ്. ജറുസലെമിലേക്കുള്ള രാജകീയ പ്രവേശന വേളയിൽ ശിഷ്യസമൂഹം മുഴുവൻ ആഹ്ലാദഭരിതരായി ആർത്തുവിളിച്ചപ്പോൾ യേശു ജറുസലെമിനെ നോക്കി വിലപിക്കുകയായിരുന്നു എന്ന് ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്. "അവൻ അടുത്തു വന്നു പട്ടണം കണ്ടപ്പോൾ അതിനെക്കുറിച്ചു വിലപിച്ചുകൊണ്ടു പറഞ്ഞു... നിന്നിൽ കല്ലിന്മേൽ കല്ലു ശേഷിക്കാതിരിക്കുകയും ചെയ്യും. എന്തെന്നാൽ നിന്റെ സന്ദർശനദിനം നീ അറിഞ്ഞില്ല" (ലൂക്കാ 19,41-44). ജറുസലെമിന്റെ സമ്പൂർണ്ണനാശം ദേവാലയത്തിന്റെയും നാശമാണ്. കാരണം മാനസാന്തരത്തിനു കിട്ടിയ അവസരമെല്ലാം പാഴാക്കി. ദൈവം കടന്നു വന്നതു തിരിച്ചറിഞ്ഞില്ല. അതിന്റെ ഏറ്റം വലിയ തെളിവാണ് ദേവാലയത്തിൽ സംഭവിച്ചത്.

ദേവാലയ ശുദ്ധീകരണത്തിനുശേഷം പല ദിവസങ്ങൾ യേശു ദേവാലയത്തിൽ വച്ചു പഠിപ്പിച്ചു; മാനസാന്തരത്തിനു ക്ഷണിച്ചു; ആസന്നമായിരിക്കുന്ന ശിക്ഷയും സമൂലനാശവും എടുത്തു കാട്ടി. എന്നിട്ടും യഥാർത്ഥ മാനസാന്തരമുണ്ടായില്ല. എന്നു മാത്രമല്ല, ഏതു വിധേനയും യേശുവിനെ വധിക്കാനാണവർ തീരുമാനിച്ചത്. നേതാക്കന്മാർക്കെതിരേ ശക്തമായ വിമർശനവും കഠിനമായ ശിക്ഷയുടെ മുന്നറിയിപ്പുകളും നൽകിയതിനുശേഷം യേശു ദേവാലയത്തിൽ നിന്നു പുറത്തു വന്നു. ഇനി അവൻ ആ ദേവാലയത്തിൽ പ്രവേശിക്കുകയില്ല. പുറത്തേക്കു വരുമ്പോൾ ദേവാലയത്തിന്റെ മനോഹാരിതയിൽ ആശ്ചര്യപ്പെട്ട ശിഷ്യന്മാർ യേശുവിനോടു പറഞ്ഞു: "ഗുരോ, നോക്കൂ! എത്ര വലിയ കല്ലുകൾ! എത്ര വിസ്മയകരമായ സൗധങ്ങൾ! അവൻ പറഞ്ഞു: ഈ മഹാസൗധങ്ങൾ നിങ്ങൾ കാണുന്നില്ലേ? എന്നാൽ ഇവയെല്ലാം കല്ലിന്മേൽ കല്ലുശേഷിക്കാതെ തകർക്കപ്പെടും" (മർക്കോ 13,1-2).

ഇതൊരു പ്രവചനമായിരുന്നു, 40 വർഷങ്ങൾക്കുശേഷം അക്ഷരാർത്ഥത്തിൽ പൂർത്തിയായ പ്രവചനം. വിലപേശൽ നടക്കുന്ന ചന്തയും കള്ളക്കച്ചവടം നടത്തുന്ന കവർച്ചക്കാരുടെയും

കൊള്ളത്തലവന്മാരുടെയും ഗുഹയും ആയി മാറിയ ആലയം ഇനി ദേവാലയമല്ല. അതിനു ദൈവത്തിന്റെ സംരക്ഷണവുമില്ല. മനുഷ്യന്റെ അവിശുദ്ധമായ പ്രവൃത്തികൾ, അനീതിയും അക്രമവും ചൂഷണവും കാരണം ദേവാലയത്തിന്റെ തന്നെ പ്രസക്തി നഷ്ടപ്പെട്ടു.

ജനത്തെ മിഥ്യാധാരണകളിലേക്കും വ്യർത്ഥമായ സുരക്ഷിതബോധത്തിലേക്കും നയിക്കുന്ന ഒരു വിഗ്രഹം പോലെ ആയി ദേവാലയം. ജറെമിയായും എസെക്കിയേലും അവർക്കു മുമ്പ് മിക്കായും കണ്ടത് പോലുള്ള ദുരന്തമാണ് യേശു ഇവിടെ മുൻകൂട്ടി അറിയിക്കുന്നത്. മാനസാന്തരത്തിനുള്ള അവസാന ക്ഷണവും തിരസ്കരിക്കപ്പെട്ടു. അത്തിവൃക്ഷത്തിനു ഫലം പുറപ്പെടുവിക്കാൻ അനുവദിച്ചിരുന്ന ഒരു വർഷത്തെ കാലാവധി അവസാനിച്ചു. ഇനി വെട്ടി തീയിലിടുക മാത്രമാണവശേഷിച്ചിരിക്കുന്നത്. അത്തിവൃക്ഷത്തിന്റെ പ്രതീകം ജറുസലെം ദേവാലയത്തിലും ഇസ്രായേൽ ജനത്തിലും യാഥാർത്ഥ്യമാകാൻ പോകുന്നു. അതാണ് ഒലിവുമലയുടെ മുകളിൽ നിന്ന് യേശു കണ്ണീരൊഴുക്കി വിലപിച്ചതിനു കാരണം (ലൂക്കാ 19,41). ഇതു വലിയൊരു പാഠമാണ്, ഏവർക്കും എന്നും ശ്രദ്ധേയമായൊരു ഓർമ്മപ്പെടുത്തൽ.

### യേശു തന്നെ ദൈവാലയം

ദൈവം വസിക്കുന്ന ഇടം, മനുഷ്യന് ദൈവത്തെ കണ്ടുമുട്ടാൻ കഴിയുന്ന സ്ഥലം എന്നതാണ് ദേവാലയം കൊണ്ട് അർത്ഥമാക്കുന്നത്. അദൃശ്യനും അപരിമേയനും സർവ്വാതിശായിയുമായ ദൈവം സ്വർഗ്ഗത്തിൽ വസിക്കുന്നു എന്ന വിശ്വാസം തന്നെ ആ ആശയത്തിനു പശ്ചാത്തലമായി നിൽക്കുന്നു. ദൈവത്തിന്റെ പര്യായമാണ് സ്വർഗ്ഗം; ദൈവം തന്നെയാണ് സ്വർഗ്ഗം എന്നു നാം കണ്ടു കഴിഞ്ഞു. അദൃശ്യനായ ദൈവം തന്റെ ഹിതം വെളിപ്പെടുത്തുന്ന കല്പനകളിലൂടെ മനുഷ്യമധ്യത്തിൽ സന്നിഹിതനാകുന്നു. ആ പ്രമാണങ്ങൾ അനുസരിക്കുന്നവർക്ക് ദൈവിക സാന്നിധ്യം അനുഭവവേദ്യമാകുന്നു. തിരുഹിതം ആലേഖനം ചെയ്യപ്പെട്ട പ്രമാണപ്പലകയും അതു സൂക്ഷിച്ചിരുന്ന കൂടാരവും ദേവാലയവും ദൈവിക സാന്നിധ്യം പ്രത്യേകമാംവിധം അനുഭവവേദ്യമാകുന്ന ഇടമായി.

എന്നാൽ യേശുവിന്റെ വരവോടെ ദൈവിക സാന്നിധ്യത്തിന്റെ മറ്റൊരു രൂപം, മൂർത്തരൂപം ഈ ഭൂമിയിൽ സംജാതമായി, ദൈവവചനം മനുഷ്യനായി അവതരിച്ച യേശു എന്ന

വ്യക്തിയിൽ. മനുഷ്യനിർമ്മിതമായ ദേവാലയത്തെ മറികടക്കുന്ന യഥാർത്ഥ ദൈവികസാന്നിധ്യം. യോഹന്നാൻ എഴുതിയ സുവി ശേഷത്തിലാണ് യേശു തന്നെ ദൈവാലയം എന്ന സത്യം ഏറ്റം അധികവും, വ്യക്തമായും പ്രതിപാദിക്കപ്പെടുന്നത്. സുവിശേഷ ത്തിന്റെ ആമുഖത്തിൽത്തന്നെ യോഹന്നാൻ ഈ സത്യം അടി വരയിട്ടുറപ്പിക്കുന്നു.

“ആദിയിൽ വചനമുണ്ടായിരുന്നു... വചനം ദൈവമായിരുന്നു... വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു. കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം” (യോഹ 1,1-14). പത്തു പ്രമാണ ങ്ങളെ “വചനം” എന്നാണ് ബൈബിൾ വിശേഷിപ്പിക്കുന്നത്. കല്പലകകളിൽ എഴുതപ്പെട്ട വചനത്തിന്റെ സ്ഥാനത്ത് ഇന്നു ഒരു മനുഷ്യവ്യക്തിയിൽ ദൈവവചനം ദൃശ്യമായിരിക്കുന്നു. പ്രമാ ണപ്പലക ഉള്ളടക്കം ചെയ്ത പേടകത്തിന്റെയും സമാഗമകൂടാര ത്തിന്റെയും പിന്നീട് ദേവാലയത്തിന്റെയും സ്ഥാനത്താണ് ഇന്ന് യേശുവിന്റെ മനുഷ്യത്വം. വചനം മാംസമായി, നമ്മുടെ മധ്യേ കൂടാരമടിച്ചു എന്നാണ് മൂലഭാഷയായ ഗ്രീക്കിലെ പ്രയോഗ ത്തിന്റെ അക്ഷരാർത്ഥം. കൂടാരം അടിക്കുക, കൂടാരത്തിൽ വസി ക്കുക എന്നർത്ഥമുള്ള “എസ്കെനോസെൻ” (eskenosen) എന്ന ക്രിയയാണ് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്. ഇതിന്റെ നാമരൂ പമായ “സ്കെനേ” (Skene) എന്ന വാക്കിന് കൂടാരം എന്നർത്ഥം. യേശുവിന്റെ മനുഷ്യശരീരം ദൈവ വചനത്തിന്റെ കൂടാരമാണ്, അഥവാ ഭവനമാണ്.

ദൈവമഹത്വം യേശുവിന്റെ ശരീരമാകുന്ന ആലയത്തിൽ പ്രത്യക്ഷമാകുന്നു. അവനിൽ വിശ്വസിക്കുന്നവർ ആ മഹത്വം ദർശിക്കും. വിശ്വാസമാണാവശ്യം. ഇനി അങ്ങോട്ട് ജറുസലെം ദേവാലയമോ മറ്റേതെങ്കിലും മനുഷ്യനിർമ്മിതമായ ആലയമോ അല്ല, മനുഷ്യനായി അവതരിച്ച്, നമ്മുടെ മധ്യേ വസിക്കുന്ന യേശു വിലാണ് ദൈവികസാന്നിധ്യം തേടേണ്ടത്. അവൻ തന്നെയാണ് യഥാർത്ഥ ദൈവാലയം, അഥവാ നാവോസ്.

ഈ അർത്ഥത്തിലാണ് യേശു തന്റെ ആധികാരികതയുടെ അടയാളമായി യഹൂദനേതാക്കന്മാരോട് ദേവാലയത്തെക്കുറിച്ചു പറഞ്ഞത്. നിങ്ങൾ ഈ ദൈവാലയം നശിപ്പിക്കുവിൻ മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും. ഇതൊരു പ്രവ ചനമായിരുന്നു, തന്റെ മരണത്തെയും ഉയിർത്തെഴുന്നേല്പി

നെയും കുറിച്ചുള്ള പ്രവചനം. എന്നാൽ നേതാക്കൾ അതു ഗ്രഹിച്ചില്ല, എന്നു മാത്രമല്ല, പിന്നീട് യേശുവിന്റെ വചനം വളച്ചൊടിച്ച് യേശു തന്നെ ദേവാലയം നശിപ്പിക്കുമെന്നും പുതുക്കിപ്പണിയും എന്നും പറഞ്ഞതായി കുറ്റം ആരോപിക്കുകയും ചെയ്തു.

ദൈവാരാധനയ്ക്കു നിശ്ചിതമായ സ്ഥലത്തെക്കുറിച്ച് യഹൂദരും സമറിയാക്കാരും തമ്മിൽ നിലനിന്ന തർക്കം ഉന്നയിച്ച സമറിയാക്കാരിക്കു നൽകുന്ന മറുപടിയിൽ യഥാർത്ഥ ദേവാലയം എന്ത്, എവിടെ എന്നു യേശു വിശദമാക്കി. യഹൂദർ ആരാധിക്കുന്നത് ജറുസലെമിൽ; സമറിയാക്കാർ ആരാധിക്കുന്നത് ഗരിസിം മലമുകളിൽ. കാരണം അവിടെയാണ് പൂർവ്വപിതാവായ അബ്രഹാം ഇസഹാക്കിനെ അർപ്പിക്കാൻ ബലിപീഠം നിർമ്മിച്ചത് എന്ന് ഇരുകൂട്ടരും കരുതി, തർക്കിച്ചു. ഇതിൽ ഏതു നിലപാടാണ് യേശു അംഗീകരിക്കുന്നത്? ഇതാണ് സമറിയാക്കാരിക്ക് അറിയേണ്ടത് (യോഹ 4,20).

ഈ ചോദ്യത്തിനു കൊടുക്കുന്ന മറുപടിയിൽ ദൈവികസാന്നിധ്യത്തെയും ആരാധനയെയും സംബന്ധിച്ച വലിയൊരു വെളിപ്പെടുത്തൽ നടക്കുന്നു. "... യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല, ഇപ്പോൾത്തന്നെയാണ്" (യോഹ 4,21-23). എന്താണ് ആത്മാവിലും സത്യത്തിലുമുള്ള ഈ പുതിയ ആരാധന? യേശുവിന്റെ കുരിശു മരണത്തിലൂടെ നടക്കുന്ന മഹത്വീകരണം വഴി നൽകപ്പെടുന്ന പരിശുദ്ധാത്മാവിനാൽ നിറഞ്ഞ്, യേശുവിലൂടെ പിതാവിനെ ആരാധിക്കുന്നതിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണ് സത്യം. അതുകൊണ്ടാണല്ലോ "വഴിയും സത്യവും ജീവനും ഞാനാണ്" (യോഹ 14,6) എന്ന മഹാവാക്യത്തിലൂടെ അപ്പസ്തോലൻ തോമസിന്റെ ചോദ്യത്തിന് യേശു മറുപടി നൽകിയത്. ഇനി ദൈവികസാന്നിധ്യം തേടേണ്ടത് ഏതെങ്കിലും സ്ഥലത്തോ ആലയത്തിലോ അല്ല; മറിച്ച് യേശുവിലാണ്. കാരണം യേശു തന്നെയാണ് യഥാർത്ഥ ദൈവാലയം. പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരണം, അതു മാത്രം മതി എന്ന ഫിലിപ്പിന്റെ അപേക്ഷയ്ക്ക് യേശു കൊടുക്കുന്ന മറുപടി ഈ സത്യം കൂടുതൽ വ്യക്തമാക്കുന്നു. "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു... ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്നു നീ വിശ്വസിക്കുന്നില്ലേ?" (യോഹ 14,9-10).

ദൈവം വസിക്കുന്ന, മനുഷ്യന് അനുഭവവേദ്യമാകുന്ന ഇടം -അതാണ് മാംസം ധരിച്ച വചനമായ യേശു. അവനിലാണ് ദൈവത്തിന്റെ പൂർണ്ണത പ്രകടമാകുന്നത്. "അവനിൽ സർവ്വ സമ്പൂർണ്ണതയും വസിക്കണമെന്നു ദൈവം തിരുമനസ്സായി" (കൊളോ 1,19) എന്ന വി. പൗലോസിന്റെ പ്രസ്താവനയും ഈ സത്യത്തിന് അടിവരയിടുന്നു. യേശു തന്നെ ദൈവാലയം. മരണവും ഉത്ഥാനവും വഴി യേശു തികച്ചും വ്യത്യസ്തമായ ഒരവസ്ഥയിലേക്കു പ്രവേശിച്ചു. അതുവരെ കാണാനും കേൾക്കാനും തൊട്ടറിയാനും കഴിയുമായിരുന്ന ഭൗതികശാരീരികതയുടെ തലത്തിൽ നിന്ന് പഞ്ചേന്ദ്രിയങ്ങൾക്ക് അഗോചരമായ ഒരവസ്ഥയിലേക്കു മാറി. എന്നാൽ അവൻ അകലെയെങ്ങുമല്ല, സർവ്വ വ്യാപിയായ ദൈവത്തെപ്പോലെ എല്ലായിടത്തും എപ്പോഴും സന്നിഹിതനാണ്.

ഈ സത്യമാണ് യേശുവിന്റെ വാക്കുകളിൽ മത്തായി സുവിശേഷകൻ നമ്മെ അനുസ്മരിപ്പിക്കുന്നത്. "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത്, അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും" (മത്താ 18,20). സ്ഥലകാലങ്ങൾക്ക് അതീതമാണ് ഈ വാഗ്ദാനം. യേശുവിന്റെ അവസാനത്തെ വാക്കുകളായി മത്തായി രേഖപ്പെടുത്തിയിരിക്കുന്നതും ഈ വാഗ്ദാനം തന്നെ എന്നതും ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്: "യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും" (മത്താ 28,20).

സ്വർഗ്ഗാരോഹണത്തെക്കുറിച്ചു പരാമർശിക്കാത്ത യോഹന്നാനും യേശുവിന്റെ നിരന്തരമായ ഈ അദൃശ്യസാന്നിധ്യത്തെ അനുസ്മരിക്കുന്നുണ്ട്. പിതാവിന്റെ ഭവനത്തിൽ സ്ഥലമൊരുക്കിയതിനുശേഷം തിരിച്ചുവന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും എന്നത് ഈ വാഗ്ദാനത്തിന്റെ ഒരു ഭാഗം മാത്രമാണ്. മരണവും മഹത്വീകരണവും വഴി യേശുവിന്റെ ശാരീരികസാന്നിധ്യം ശിഷ്യർക്ക് അപ്രാപ്യമാകുന്നു. അതാണല്ലോ എന്നെ തടഞ്ഞുനിർത്തരുത് എന്ന് മറിയം മഗ്ദലേനായോടു പറഞ്ഞതിന്റെ അർത്ഥം (യോഹ 20,17). "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കു വീണ്ടും വരും" (യോഹ 14,18) എന്ന വാഗ്ദാനവും നമ്മോടൊന്നിച്ചുള്ള യേശുവിന്റെ, അദൃശ്യമെങ്കിലും യഥാർത്ഥമായ സാന്നിധ്യത്തെ സൂചിപ്പിക്കുന്നു. എന്നാൽ എവിടെയാണ് നാം ഇന്ന് യേശുവിനെ കണ്ടെത്തുക? യേശുവാണ് യഥാർത്ഥ ദൈവാലയമെങ്കിൽ അത് എവിടെയാണ്? തന്നെയുമല്ല, ഇന്നു നാം പണിയുന്ന ദേവാലയങ്ങൾക്ക് എന്തു പ്രസക്തിയുണ്ട്? അതിലേക്കാണ് അടുത്തതായി ശ്രദ്ധ തിരിക്കുന്നത്.

08

# ദൈവാലയം ഇന്ന്

"അവർ ഏകമനസ്സോടെ താല്പര്യപൂർവ്വം അനുദിനം ദേവാലയത്തിൽ ഒന്നിച്ചുകൂടുകയും ഭവനം തോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു" (അപ്പ 2,46).

ആദിമക്രൈസ്തവ സമൂഹത്തിൽ രൂപം പ്രാപിച്ച മതാത്മക ജീവിതത്തിന്റെ ഒരു ചെറിയ ദൃശ്യമാണ് മേലുദ്ധരിച്ച വാക്കുകളിൽ ലൂക്കാ അവതരിപ്പിക്കുന്നത്. യേശുവിനെ രക്ഷകനും നാഥനുമായി ഏറ്റുപറഞ്ഞ ആദിമക്രൈസ്തവർ എല്ലാവരും തന്നെ യഹൂദരായിരുന്നു. അവരുടെ പുതിയ മതാത്മക ജീവിതത്തിൽ രണ്ടു കാര്യങ്ങൾ ശ്രദ്ധേയമാകുന്നു. ദിവസംതോറും ദേവാലയത്തിലുള്ള ഒന്നിച്ചുകൂടലും ഭവനം തോറുമുള്ള അപ്പം മുറിക്കൽ പ്രാർത്ഥനാ സമ്മേളനവും. ആദ്യത്തേത് യഹൂദമതത്തിന്റെ തുടർച്ചയാണ്; രണ്ടാമത്തേതാകട്ടെ ക്രൈസ്തവന്റെ മുഖമുദ്രയായി യേശു സ്ഥാപിച്ച അപ്പം മുറിക്കൽ കൂട്ടായ്മയുടെയും. സാവകാശം ആദ്യത്തേതിനു പ്രാധാന്യം കുറയുകയും രണ്ടാമത്തേതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നതു കാണാം. യേശുവിന്റെ മഹത്വീകരണത്തിനുശേഷമുള്ള ദേവാലയത്തിന്റെ നാൾ വഴികളിൽ ഇതൊരു വഴിത്തിരിവാണ്.

ജറുസലെം ദേവാലയം നിലനിന്നിടത്തോളം കാലം ക്രൈസ്തവരും പ്രാർത്ഥിക്കാനായി ആ ദേവാലയത്തിൽ പോകുമായിരുന്നു; തീർത്ഥാടനം നടത്തിയിരുന്നു. വി. പൗലോസിന്റെ തീർത്ഥാടനം (അപ്പ 19,21; 20,18; 21,4-11-17) തന്നെ ഉദാഹരണം. എന്നാൽ ഇതിനേക്കാൾ പ്രാധാന്യം വീടുകളിൽ ഒരുമിച്ചു കൂടി

പ്രാർത്ഥിക്കുന്നതിനായിരുന്നു നൽകപ്പെട്ടത്. ഉത്ഥിതനായ യേശുവിന്റെ സാന്നിധ്യം തങ്ങളുടെ മധ്യേ സജീവമായി അനുഭവിച്ചറിയുന്ന അവസരങ്ങളായിരുന്നു ഈ പ്രാർത്ഥനാ സമ്മേളനങ്ങൾ. അതിന്റെ കേന്ദ്രമാകട്ടെ, യേശുവിന്റെ കല്പന അനുസരിച്ചും അവിടുത്തെ അന്ത്യ അത്താഴത്തിന്റെ ഓർമ്മ ആചരിച്ചും നടത്തിയിരുന്ന അപ്പം മുറിക്കൽ ശുശ്രൂഷയും. സാവകാശം ദേവാലയത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽത്തന്നെ മാറ്റം വന്നു.

### ദേവാലയം പുതിയ കാഴ്ചപ്പാടിൽ

പഴയനിയമത്തിൽ പൊതുവേ ദൈവികസാന്നിധ്യം വസ്തു-സ്ഥല കേന്ദ്രീകൃതമായാണ് കരുതപ്പെട്ടിരുന്നത്. പ്രമാണപ്പലകകൾ സൂക്ഷിക്കുന്ന പേടകം, അതിന് ഇടം ഒരുക്കിയ കൂടാരം, ദേവാലയം ഇങ്ങനെയുള്ള വസ്തുക്കൾ ദൈവികസാന്നിധ്യത്തിന്റെ ദൃശ്യാടയാളങ്ങളായി. ദൈവികസാന്നിധ്യം പ്രത്യേകമാംവിധം അനുഭവപ്പെട്ട ബെഥേൽ, ഷെക്കെം, ഹോറെബ്, ഗിൽഗാൽ മുതലായ സ്ഥലങ്ങളും അവസാനമായി ജറുസലെമും ദൈവിക സാന്നിധ്യത്തിന്റെ ഓർമ്മ പുതുക്കുന്ന, ആ സാന്നിധ്യം അനുഭവിക്കാൻ സഹായിക്കുന്ന ഇടങ്ങളായിരുന്നു.

എന്നാൽ ദൈവം തന്നെയായ വചനം മാംസം ധരിച്ച് നമ്മുടെ ഇടയിൽ കൂടാരമടിച്ചതോടെ ദൈവികസാന്നിധ്യം വസ്തുവിൽ നിന്നും ഇടങ്ങളിൽനിന്നും മാറി വ്യക്തികേന്ദ്രീകൃതമായി. യേശു തന്നെ യഥാർത്ഥ ദൈവാലയം. യേശു എവിടെയുണ്ടോ അവിടെയാണ് ദൈവാലയം. ദൈവത്തെ കാണാൻ, ദൈവിക സാന്നിധ്യം അനുഭവിക്കാൻ ഏതെങ്കിലും ഒരു ഇടത്തിലേക്കല്ല, യേശു എന്ന വ്യക്തിയിലേക്കാണ് ചെല്ലേണ്ടത്; തീർത്ഥാടനം നടത്തേണ്ടത്. അതിനാൽ എവിടെയാണ് യേശുവിനെ കണ്ടെത്തുക എന്ന ചോദ്യം ഉയരുന്നു.

### സ്വർഗ്ഗീയ ദേവാലയം

"ക്രിസ്തുവിനോടൊപ്പം നിങ്ങൾ ഉയിർപ്പിക്കപ്പെട്ടെങ്കിൽ ദൈവത്തിന്റെ വലത്തു ഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തു വസിക്കുന്ന ഉന്നതത്തിലുള്ളവയെ അന്വേഷിക്കുവിൻ" (കൊളോ 3,1).

മരിച്ച് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു നാല്പതാം ദിവസം സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു (അപ്പ 1,9-11), പിതാവിന്റെ വലത്തു ഭാഗത്ത് ഉപവിഷ്ടനായി. അഥവാ,

മനുഷ്യാവതാരവേളയിൽ മാറ്റിവച്ച ദൈവികമഹത്വം വീണ്ടും സ്വീകരിച്ചു (ഫിലി 2, 6-9; അപ്പ 2, 33-36). മർക്കോസും ലൂക്കായും യേശുവിന്റെ സ്വർഗ്ഗാരോഹണം വിവരിക്കുന്നുണ്ട്. പൗലോസിന്റെ ലേഖനങ്ങളിലും സ്വർഗ്ഗാരോഹണത്തെക്കുറിച്ചു പരാമർശങ്ങളുണ്ട്. എന്നാൽ ഏറ്റം വ്യക്തമായി യേശുവിന്റെ സ്വർഗ്ഗാരോഹണത്തെയും സ്വർഗ്ഗീയ ദേവാലയത്തെയും കുറിച്ചു പ്രതിപാദിക്കുന്നത് ഹെബ്രായ ലേഖനവും വെളിപാടു പുസ്തകവുമാണ്.

ഹെബ്രായ ലേഖനത്തിന്റെ മുഖ്യപ്രമേയം തന്നെ യേശുവിന്റെ മഹത്വീകരണവും സ്വർഗ്ഗീയ ദേവാലയത്തിലെ അവന്റെ മാധ്യസ്ഥ്യവുമാണ്. ലേവീ പൗരോഹിത്യത്തിൽനിന്നു വ്യത്യസ്തമായ ഒരു പുരോഹിതനാണ് യേശു. "പാപങ്ങളിൽ നിന്നു നമ്മെ ശുദ്ധീകരിച്ചതിനുശേഷം അത്യുന്നതങ്ങളിലുള്ള മഹത്വത്തിന്റെ വലത്തുഭാഗത്ത് അവൻ ഉപവിഷ്ടനായി" (ഹെബ്രാ 1,3) എന്ന ആമുഖത്തോടെ തുടങ്ങുന്ന പ്രബോധനം യേശുവിന്റെ പൗരോഹിത്യത്തിനും സ്വർഗ്ഗീയ സിംഹാസനത്തിനുമാണ് ഊന്നൽ നൽകുന്നത്. "ഇതുവരെ പ്രതിപാദിച്ചതിന്റെ ചുരുക്കം ഇതാണ്: സ്വർഗ്ഗത്തിൽ, മഹിമയുടെ സിംഹാസനത്തിന്റെ വലത്തു ഭാഗത്തിരിക്കുന്ന ഒരു പ്രധാന പുരോഹിതൻ നമുക്കുണ്ട്" (ഹെബ്രാ 8,1) എന്ന പ്രസ്താവന സംശയത്തിനു പഴുതിടുന്നില്ല.

മനുഷ്യനെ പാപത്തിൽനിന്നു ശുദ്ധീകരിക്കാനും രക്ഷ നൽകാനും അപര്യാപ്തമായിരുന്ന പഴയനിയമ ബലികൾക്കു പകരം യേശു സ്വന്തം രക്തം ബലിയർപ്പിച്ചുകൊണ്ട് യഥാർത്ഥ ദൈവഭവനമായ സ്വർഗ്ഗത്തിലേക്കു പ്രവേശിച്ചു. പഴയ നിയമത്തിലെ ബലികളും കൂടാരവും ദേവാലയവും എല്ലാം അടയാളങ്ങളും പ്രതീകങ്ങളുമായിരുന്നു. യേശുവാകട്ടെ സാക്ഷാൽ ദൈവഭവനത്തിലേക്ക്, ദൈവസാന്നിധ്യമാകുന്ന സ്വർഗ്ഗത്തിലേക്കു പ്രവേശിച്ചു. "മനുഷ്യനിർമ്മിതവും സാക്ഷാൽ ഉള്ളവയുടെ പ്രതിരൂപവുമായ വിശുദ്ധ സ്ഥലത്തേക്കല്ല, നമുക്കുവേണ്ടി ദൈവസന്നിധിയിൽ നിൽക്കാൻ സ്വർഗ്ഗത്തിലേക്കു തന്നെയാണ് യേശു പ്രവേശിച്ചത്" (ഹെബ്രാ 9,24).

സ്വർഗ്ഗമാണ് യഥാർത്ഥ ദൈവാലയം. അത് ഉന്നതങ്ങളിലാണ്. അവിടെയാണ് മഹത്വീകൃതനായ യേശു പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നത്. അവിടെയാണ് അവൻ നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നത്. അപ്പോൾ ദൈവാലയം ഇവിടെയല്ല, അത്യുന്നതങ്ങളിലാണ്. അഥവാ മുകളിലാണ്. വിചാരണവേള

യുടെ അവസാനം സ്റ്റീഫൻ വിവരിക്കുന്ന ദർശനം ഈ കാഴ്ച പ്പാട് അവതരിപ്പിക്കുന്നു: "ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തു നിൽക്കുന്നതും ഞാൻ കാണുന്നു" (അപ്പ 7,58). തനിക്കുവേണ്ടി വാദിക്കാനാണ് യേശു വിധിയാളനായ ദൈവത്തിന്റെ വലത്തുഭാഗത്തു നിൽക്കു ന്നത് എന്നാണ് സൂചന. ഈ ഒരു പ്രതീതിയാണ് വെളിപാടു പുസ്തകത്തിലെ വിവരണങ്ങളും നൽകുന്നത്. വെളി 4-20 അധ്യാ യങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ശ്രദ്ധാകേന്ദ്രം ഉന്നതങ്ങളിൽ അഥവാ സ്വർഗ്ഗത്തിൽ ഉള്ള ദൈവികസിംഹാസനമാണ്. ഈ ഭൂമി യിൽ അരങ്ങേറുന്ന സംഭവ പരമ്പരകളെ മുഴുവൻ നിയന്ത്രിക്കു ന്നത് അവിടെ നിന്നാണ്.

"ഇതിനുശേഷം സ്വർഗ്ഗത്തിൽ ഒരു തുറന്ന വാതിൽ ഞാൻ കണ്ടു. കാഹളധ്വനിപോലെ ഞാൻ ആദ്യം കേട്ട സ്വരം എന്നോടു പറഞ്ഞു: ഇങ്ങോട്ടു കയറി വരൂ! ഇനിയും സംഭവിക്കേണ്ടവ നിനക്കു ഞാൻ കാണിച്ചുതരാം" (വെളി 4,1). ആദ്യത്തെ മൂന്ന ധ്യായങ്ങളിൽ വിവരിച്ചത് ഭൂമിയിൽ നിന്നു കണ്ടതും ഇവിടെ നിറവേറിക്കൊണ്ടിരിക്കുന്നതുമായ കാര്യങ്ങളായിരുന്നു. എന്നാൽ 4-20 അധ്യായങ്ങൾ സ്വർഗ്ഗത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു. അവിടെ നിന്നാണ് എല്ലാ കാര്യങ്ങളും നയിക്കുന്നതും നിയന്ത്രി ക്കുന്നതും. സ്വർഗ്ഗീയസിംഹാസനത്തിന്റെയും സ്വർഗ്ഗവാസികളായ മാലാഖമാരുടെയും ക്രിസ്തുവിനു സാക്ഷ്യം വഹിച്ചു മരണം വരിച്ച വിശ്വാസികളുടെയും ഭവനമാണ് സ്വർഗ്ഗം എന്നു തുടർന്നുള്ള വിവരണങ്ങൾ വ്യക്തമാക്കുന്നു. സ്വർഗ്ഗീയ സിംഹാ സനത്തിൽ ഉപവിഷ്ടനായിരിക്കുന്ന പിതാവായ ദൈവം, സിംഹാ സനത്തിനു മുമ്പിൽ നിൽക്കുന്ന ഏഴു തീപ്പന്തങ്ങൾ സൂചിപ്പി ക്കുന്ന പരിശുദ്ധാത്മാവ്, ഉത്ഥിതനായ ക്രിസ്തുവിനെ സൂചിപ്പി ക്കുന്ന, കൊല്ലപ്പെട്ടതായി തോന്നിക്കുന്നെങ്കിലും നിൽക്കുന്ന കുഞ്ഞാട്, ദൈവജനത്തെ മുഴുവൻ സൂചിപ്പിക്കുന്ന ഇരുപത്തി നാലു ശ്രേഷ്ഠന്മാർ, അവർക്കു ചുറ്റും നിൽക്കുന്ന അസംഖ്യം ദൂതന്മാർ, യേശുവിനു വേണ്ടി രക്തസാക്ഷികളായവരെ സൂചി പ്പിക്കുന്ന എണ്ണമറ്റ വെള്ളവസ്ത്രധാരികൾ, അവിടെ മുഴങ്ങുന്ന ആരാധനാ സ്തുതി ഗീതങ്ങൾ (വെളി 4-5; 7,8-17; 14,1-5) തുട ങ്ങിയ അനേകം വിവരണങ്ങൾ യഥാർത്ഥ ദൈവാലയമായ സ്വർഗ്ഗത്തെ, പ്രതീകങ്ങളുടെ സഹായത്തോടെ ദൃശ്യമായ വിധ ത്തിൽ ചിത്രീകരിക്കുന്നു.

പൗലോസിന്റെ ലേഖനങ്ങളിലും സ്വർഗ്ഗീയ ദേവാലയത്തെക്കുറിച്ചുള്ള സൂചനകൾ കാണാം (റോമാ 7,34; 1 കൊറി 15; 2 കൊറി 12,3; എഫേ 1,20–22; ഫിലി 25–11; കൊളോ 3,1). ഉത്ഥിതനായ യേശു സ്വർഗ്ഗത്തിൽ, പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. ഇതാണ് പൊതുവേ കാണുന്ന ചിത്രം. ഇതുതന്നെയാണല്ലോ കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണത്തിൽ നാം ഏറ്റു ചൊല്ലുന്നതും: “സ്വർഗ്ഗത്തിലേക്കെഴുന്നള്ളി പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു. അവിടെ നിന്ന്... വീണ്ടും വരും” അപ്പോൾ, യഥാർത്ഥ ദൈവാലയം സ്വർഗ്ഗമാണ് എന്നതിൽ സംശയമില്ല. എന്നാൽ ഇതു മാത്രമല്ല ദൈവാലയത്തെയും ദൈവിക സാന്നിധ്യത്തെയും കുറിച്ച് പുതിയ നിയമം അവതരിപ്പിക്കുന്ന ചിത്രം. തന്നെയുമല്ല എന്താണ്, എവിടെയാണ് സ്വർഗ്ഗം എന്ന ചോദ്യവും പ്രസക്തമാകുന്നു.

**സ്വർഗ്ഗം എവിടെ? എന്ത്?**

ബൈബിൾ, പഴയനിയമവും പുതിയ നിയമവും ഒരുപോലെ വച്ചു പുലർത്തുന്ന പ്രപഞ്ചഘടനയെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ സ്വർഗ്ഗവും സ്വർഗ്ഗീയ ദൈവാലയവും വിഭാവനം ചെയ്യാൻ പ്രയാസമില്ല. പലകപോലെ പരന്ന പ്രതലമായ ഭൂമി. ഭൂമിക്കു മുകളിൽ വലിയ കുടപോലെ വിരിച്ചു നിർത്തിയിരിക്കുന്ന ആകാശം. ഭൂമിക്കടിയിലും ആകാശത്തിനു മുകളിലും ജലം. ജലത്തിൽ ഉറപ്പിച്ചിരിക്കുന്ന തൂണുകളിൽ നിലയുറപ്പിച്ചിരിക്കുന്ന ഭൂമി. ആകാശത്തിനു മുകളിലെ ജലത്തിനും മുകളിലാണ് സ്വർഗ്ഗം. ഈ കാഴ്ചപ്പാടിൽ സ്വർഗ്ഗം മുകളിലാണ്. കണ്ണെത്താത്തത്ര ദൂരത്തിൽ. ഇതിനെ സൂചിപ്പിക്കുന്നതാണ് മേഘം. യേശുവിന്റെ സ്വർഗ്ഗാരോഹണ വേളയിൽ മേഘം പ്രത്യക്ഷപ്പെടുന്നത് ഈ പശ്ചാത്തലത്തിൽ മനസിലാക്കാം. ഭൂമിക്കടിയിലെ ജലത്തിനും അടിയിൽ പാതാളം. അതിനു രണ്ടു തട്ടുകൾ. മുകളിലത്തെ തട്ടിൽ അബ്രാഹത്തിന്റെ മടി. അവിടെ വിശ്രമിക്കുന്ന നീതിമാന്മാർ. താഴെത്തെ ത്തട്ടിൽ നരകം. പിശാചുക്കളും നിത്യപീഡനത്തിനിരയാകുന്ന പാപികളും വസിക്കുന്ന ഇടം.

ഈ കാഴ്ചപ്പാടിൽ യേശുവിന്റെ പാതാള സന്ദർശനവും സ്വർഗ്ഗാരോഹണവും എല്ലാം എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയും. എന്നാൽ പ്രപഞ്ചത്തെക്കുറിച്ച് ഇന്നു ലഭ്യമായ അറിവിന്റെ വെളിച്ചത്തിൽ ഈ ചിത്രങ്ങളെല്ലാം വെറും കെട്ടുകഥപോലെ അപ്ര

സക്തമാകുന്നു. എന്താണ് വിരിച്ചു നിർത്തിയിരിക്കുന്ന ആകാശം? ലക്ഷോപലക്ഷം ക്ഷീരപഥങ്ങളും കോടാനുകോടി നക്ഷത്രജാലങ്ങളും ഉള്ള അനന്തവിസ്തൃതമായ ഈ പ്രപഞ്ചത്തിൽ എവിടെയാണ് മുകൾ? എവിടെയാണ് താഴെ? അജ്ഞാതവും അദൃശ്യവുമായ ഏതെങ്കിലും ഒരു ആകാശഗോളത്തിലാണ് സ്വർഗ്ഗം എന്ന കാഴ്ചപ്പാട് സ്വീകാര്യമല്ല. അപ്പോൾ സ്വർഗ്ഗവും നരകവും വെറും മിഥ്യയും കെട്ടുകഥകളുമാണോ? ആണെന്നു പറയുന്നവർ ധാരാളം. ഇവിടെയാണ് ഭാഷയുടെ പരിമിതികളും സാഹിത്യരൂപങ്ങളുടെ പ്രത്യേകതകളും ശ്രദ്ധേയമാകുന്നത്.

ആദ്യമേ ഓർത്തിരിക്കേണ്ട കാര്യം ദൈവം, സ്വർഗ്ഗം, നരകം, പിശാച് എന്നീ യാഥാർത്ഥ്യങ്ങളെ നമ്മുടെ സ്ഥല-കാല മാനങ്ങൾകൊണ്ട് തിട്ടപ്പെടുത്താനോ ഗ്രഹിക്കാനോ കഴിയില്ല എന്നതാണ്. സ്ഥലകാലങ്ങൾക്കതീതവും പഞ്ചേന്ദ്രിയങ്ങൾക്ക് അഗോചരവുമായ യാഥാർത്ഥ്യങ്ങളെ മനുഷ്യനു മനസിലാക്കാൻ കഴിയുന്ന ചിത്രങ്ങളിലൂടെ, അഥവാ പ്രതീകങ്ങളിലൂടെ അവതരിപ്പിക്കുന്നു. അവയൊന്നും അക്ഷരാർത്ഥത്തിൽ മനസിലാക്കേണ്ടവയല്ല. സ്വർഗ്ഗം മുകളിലാണ് എന്നു പറയുമ്പോൾ നമ്മുടെ ഗ്രഹണശക്തിക്ക് അതീതമാണ്, എല്ലാറ്റിനും ഉപരിയാണ് എന്നല്ലേ അർത്ഥമാക്കുക? മഴ മുകളിൽ നിന്നു പെയ്യുന്നതിനാൽ ആകാശത്തിന് മുകളിൽ വലിയ ജലസംഭരണികളുണ്ട് എന്നു പുരാതന മനുഷ്യൻ കരുതി. ഭൂമിയിലെ ജലം നീരാവിയായി മുകളിലേക്കു പോകുന്നെന്നും തണുത്ത് മേഘമായി, മഴയായി പെയ്യുന്നു എന്നും ഇന്ന് ശാസ്ത്രം പഠിപ്പിക്കുന്നു. എന്നാലും മഴ മുകളിൽ നിന്നു പെയ്യുന്നു എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു.

ഏതാണ്ട് ഇതുപോലെയാണ് സ്വർഗ്ഗത്തെയും സ്വർഗ്ഗീയ സിംഹാസനത്തെയും കുറിച്ചുള്ള വിവരണങ്ങൾ. നമുക്കു പരിചിതമായ ത്രിമാന ദർശനത്തിൽ ദൈവത്തെയും സ്വർഗ്ഗത്തെയും ഒതുക്കാനാവില്ല. അതിനാൽ എവിടെയാണ് സ്വർഗ്ഗം എന്ന ചോദ്യം പോലും അപ്രസക്തമാകുന്നു. ദൈവം തന്നെയാണ് സ്വർഗ്ഗം; ദൈവത്തോടൊന്നിച്ചായിരിക്കുന്നതാണ് സ്വർഗ്ഗത്തിലായിരിക്കുക. അതിനാൽ യഥാർത്ഥ ദൈവാലയം സ്വർഗ്ഗത്തിലാണെന്ന പ്രസ്തവാന തന്നെ പ്രതീകാത്മകഭാഷയിൽ മനസ്സിലാക്കാൻ ശ്രമിക്കണം. മേൽ പറഞ്ഞതിന്റെ വെളിച്ചത്തിൽ വേണം യേശുവിന്റെ സ്വർഗ്ഗാരോഹണം, വലത്തു വശത്തിരിക്കൽ, മടങ്ങി

വരവ് എന്നതൊക്കെ മനസിലാക്കാൻ. സുവിശേഷങ്ങൾ തന്നെ ഈ ദിശയിലേക്കു വിരൽ ചൂണ്ടുന്നുണ്ട്.

### സ്വർഗ്ഗാരോഹണം-സാന്നിധ്യം

നാലു സുവിശേഷങ്ങളിൽ മത്തായിയും യോഹന്നാനും യേശുവിന്റെ സ്വർഗ്ഗാരോഹണം വിവരിക്കുന്നില്ല. ശിഷ്യരോടൊന്നിച്ച് നിരന്തരം വസിക്കുന്നതിനാണ് മത്തായി ഊന്നൽ നൽകുന്നത്: "യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും" (മത്താ 28,20). പിതാവിൽ നിന്നു സകല അധികാരവും സ്വീകരിച്ചതാണ് മഹത്വീകരണം; അതു തന്നെ വലതു ഭാഗത്തിരിക്കൽ (മത്താ 28,18). പിതാവിന്റെയടുക്കലേക്കു പോകുന്നു എന്നു പറയുമ്പോഴും യേശു ശിഷ്യരെ അനാഥരായി വിടുകയില്ല, അവരുടെ കൂടെ എന്നും ഉണ്ടായിരിക്കും എന്ന വാഗ്ദാനം യോഹന്നാനും അവതരിപ്പിക്കുന്നുണ്ട് (യോഹ 14,18 –28).

സ്വർഗ്ഗാരോഹണം വിവരിക്കുന്ന മർക്കോസാകട്ടെ, യേശു ശിഷ്യരോടുകൂടെ ഉണ്ടായിരിക്കും എന്നു വ്യക്തമായി പറയുന്നു: "കർത്താവായ യേശു അവരോടു സംസാരിച്ചതിനുശേഷം, സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു. അവൻ ദൈവത്തിന്റെ വലത്തു ഭാഗത്ത് ഉപവിഷ്ടനായി. അവർ എല്ലായിടത്തും പോയി പ്രസംഗിച്ചു. കർത്താവ് അവരോടു കൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു" (മർക്കോ 16,19-20). സ്വർഗ്ഗാരോഹണം വിശദമായി വിവരിക്കുന്ന ലൂക്കായും ശിഷ്യസമൂഹത്തിന്റെ മധ്യത്തിലുള്ള യേശുവിന്റെ സാന്നിധ്യത്തെക്കുറിച്ച് അപ്പസ്തോല പ്രവർത്തനങ്ങളിൽ അനേകം തവണ പ്രതിപാദിക്കുന്നുണ്ട്. ഒരേസമയം പിതാവിന്റെ വലതുഭാഗത്തും (അപ്പ 2,33; 7,55) വഴിയിലും (അപ്പ 9,6) പ്രേഷിത വേലയ്ക്കു മധ്യേയും (അപ്പ 18,9) യേശു സന്നിഹിതനാണ്. അതിനാൽ സ്വർഗ്ഗാരോഹണം എന്നതുകൊണ്ട് യേശു പിതാവിന്റെ മഹത്വത്തിലേക്കു വീണ്ടും പ്രവേശിച്ചു എന്നും അതോടൊപ്പം അവൻ എല്ലായിടത്തും സന്നിഹിതനാണെന്നും സൂചിപ്പിക്കുന്നു. അകന്നുപോകലല്ല, അദൃശ്യമായ വിധത്തിൽ അരികെയുള്ള സാന്നിധ്യമാണത് സൂചിപ്പിക്കുന്നത്.

സ്വർഗ്ഗാരോഹണത്തെക്കുറിച്ചുള്ള ഈ കാഴ്ചപ്പാട് ദൈവാലയത്തെക്കുറിച്ചും പുതിയ ഉൾക്കാഴ്ചകൾ നൽകുന്നു. മുഖ്യ

മായും രണ്ടു പ്രതീകങ്ങളാണ് ഈ കാഴ്ചപ്പാടിൽ ശ്രദ്ധേയമാകുന്നത്. സഭ-യേശുവിന്റെ ശരീരം. സഭ-ഒരു ഭവനം.

### 1. സഭ യേശുവിന്റെ ശരീരം

ദൈവപുത്രന്റെ മനുഷ്യാവതാരത്തോടെ യേശുവിന്റെ ശരീരം യഥാർത്ഥ ദൈവാലയമായി. മഹത്വീകരണത്തോടെ ആ ശരീരത്തിനു തന്നെ പുതിയ അർത്ഥവും മാനവുമുണ്ടായി. ഉത്ഥിതനായ യേശുവിന്റെ ശരീരമാണ് വിശ്വാസികളുടെ സമൂഹമാകുന്ന സഭ എന്ന പുതിയൊരു തിരിച്ചറിവ് വി. പൗലോസിന്റെ ലേഖനങ്ങളിൽ പ്രകടമാകുന്നുണ്ട്. "നാം പലരാണെങ്കിലും ക്രിസ്തുവിൽ ഏക ശരീരമാണ്; എല്ലാവരും പരസ്പരം ബന്ധപ്പെട്ട അവയവങ്ങളുമാണ്" (റോമ 12,5).

ക്രിസ്തുവിന്റെ ശരീരമാണ് സഭ. മൗതികശരീരം (Mystical Body) എന്നു വിശേഷിപ്പിക്കുന്നു. വിശ്വാസികൾക്ക് ക്രിസ്തുവിനോടും പരസ്പരവുമുള്ള ഗാഢമായ ബന്ധത്തെയാണ് ശരീരത്തിന്റെ പ്രതീകത്തിലൂടെ അപ്പസ്തോലൻ അവതരിപ്പിക്കുന്നത്. യേശുവിലുള്ള വിശ്വാസവും ജ്ഞാനസ്നാനവും വഴിയാണ് വിശ്വാസികൾ യേശുവിന്റെ മൗതികശരീരത്തിന്റെ ഭാഗമാകുന്നത് (1 കൊറി 12,12-13). "നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്" (1 കൊറി 12,27). അവയവങ്ങൾ പലതെങ്കിലും എല്ലാം ചേർന്ന് ഒരു ശരീരമാകുന്നതുപോലെയാണ് ക്രിസ്തുവിന്റെ സഭ. വരങ്ങളിലും ദാനങ്ങളിലും വൈവിധ്യമുണ്ടെങ്കിലും എല്ലാവരെയും നയിക്കുന്ന ശക്തിയും ലക്ഷ്യവും ഒന്നുതന്നെ.

ഉത്ഥാനവും സ്വർഗ്ഗാരോഹണവും വഴി യേശുവിനെ മഹത്വപ്പെടുത്തിയ പിതാവുതന്നെയാണ് അവനെ "സഭയ്ക്കു തലവനായി നിയമിച്ചത്. സഭ അവന്റെ ശരീരമാണ്; എല്ലാ വസ്തുക്കളിലും സകലവും പൂർത്തിയാക്കുന്ന അവന്റെ പൂർണ്ണതയുമാണ്" (എഫേ 1,20-23). യഹൂദരും വിജാതീയരുമടങ്ങുന്ന സകല വിശ്വാസികളെയും കുരിശുവഴി ഒരേ ശരീരത്തിൽ ദൈവത്തോട് അനുരഞ്ജിപ്പിക്കാൻ വേണ്ടിയാണ് യേശു വന്നതും സ്വജീവൻ ബലിയായി അർപ്പിച്ചതും (എഫേ 2,14-16).

ഈ ഐക്യം, അഥവാ പുതിയ സൃഷ്ടിയെക്കുറിച്ച് തനിക്ക് അറിവ് ലഭിച്ചത് ഒരു വെളിപാടിലൂടെയാണ് എന്ന് അപ്പസ്തോലൻ അനുസ്മരിപ്പിക്കുന്നു (എഫേ 3,6). ഈ ശരീരത്തിന്റെ ശിര

സ്സാണ് ക്രിസ്തു. "സ്നേഹത്തിൽ സത്യം പറഞ്ഞുകൊണ്ട് ശിരസ്സായ ക്രിസ്തുവിലേക്ക് എല്ലാവിധത്തിലും നാം വളരേണ്ടിയിരിക്കുന്നു" (എഫേ 4,15). ശരീരത്തെ ഒരുമിച്ചു നിർത്തുന്നതും ശക്തി പകർന്നു നയിക്കുന്നതും ശിരസ്സാണ്. അതുപോലെയാണ് സഭയും ക്രിസ്തുവുമായുള്ള ബന്ധം. ശിരസറ്റ ശരീരം ജഡമാണ്. തലയുണ്ടെങ്കിലേ ഉടലിനു ജീവനുള്ളൂ. അതുപോലെ ക്രിസ്തുവിന്റെ നിരന്തര സാന്നിധ്യം സഭയെ ജീവസ്സുറ്റതായി നിർത്തുന്നു. ഈ കാഴ്ചപ്പാടിൽ ക്രിസ്തു നിരന്തരം വസിക്കുന്ന വിശുദ്ധ ആലയം തന്നെയാണ് അവന്റെ ശരീരമായ സഭ.

### 2. സഭ-ഭവനം, ക്രിസ്തു-മൂലക്കല്ല്

തന്റെ ശിഷ്യസമൂഹമാകുന്ന സഭയെ ഒരു ഭവനത്തോട് യേശു തന്നെ ഉപമിച്ചിട്ടുണ്ട്. പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിനു തൊട്ടുപിന്നാലെയാണ് വലിയൊരു വാഗ്ദാനത്തോടുകൂടിയ ഈ ചിത്രീകരണം നടന്നത്. "നീ പത്രോസ് (കേപ്പാ-പാറ)യാണ്. ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരക കവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല" (മത്താ 16,18). "ഒയിക്കോദൊമേസോ" എന്ന ഗ്രീക്കു വാക്കാണ് സ്ഥാപിക്കും എന്നു വിവർത്തനം ചെയ്യുന്നത്. പണിയും എന്നതായിരിക്കും മൂലത്തോടു കൂടുതൽ വിശ്വസ്തത പാലിക്കുന്ന വിവർത്തനം. "എന്റെ സഭ'' എന്ന വിവർത്തനം ചെയ്യുന്ന ''എക്ലേസിയാ'' എന്ന വാക്കിന്റെ അർത്ഥം വിളിച്ചു കൂട്ടപ്പെട്ടവരുടെ സമൂഹം എന്നത്രെ, യേശുവിന്റെ ശിഷ്യരുടെ സമൂഹം. ഈ സമൂഹം ഒരു ഭവനം പോലെയാണ്.

പത്രോസാകുന്ന പാറമേൽ പണിയും എന്നു പറയുമ്പോഴും യഥാർത്ഥ അടിസ്ഥാനം അഥവാ മൂലക്കല്ല്, യേശു തന്നെയാണെന്നു മറ്റു ബൈബിൾ ഭാഗങ്ങൾ അനുസ്മരിപ്പിക്കുന്നു. "പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ കല്ലുതന്നെ മൂലക്കല്ലായിത്തീർന്നു" (സങ്കീ 118,22) എന്ന സങ്കീർത്തനഭാഗം ഉദ്ധരിച്ചുകൊണ്ട് താൻ തന്നെയാണ് ആ മൂലക്കല്ല് എന്ന് യേശു പ്രഖ്യാപിക്കുന്നുണ്ട്, മുന്തിരിത്തോട്ടത്തിന്റെ പാട്ടക്കാരുടെ ഉപമയിൽ (മത്താ 21,42).

എഫേസിയർക്കെഴുതിയ ലേഖനത്തിൽ വി. പൗലോസ് ഈ ആശയം വളരെ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. "അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിയപ്പെട്ടവരാണ് നിങ്ങൾ. ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്....

പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു" (എഫേ 2,20-22). ദൈവത്തിന്റെ വാസസ്ഥലം-അതാണല്ലോ ദൈവാലയം. അത് വിശ്വാസികളുടെ സമൂഹമാണെന്ന് ഇവിടെ വ്യക്തമാകുന്നു. എഫേസോസിലെ സഭ മാത്രമല്ല, ആഗോളസഭ, അഥവാ ക്രിസ്തുവിന്റെ സഭയെ മുഴുവനായുമാണ് ഇവിടെ അപ്പസ്തോലൻ വിവക്ഷിക്കുന്നത് എന്നതിൽ സംശയത്തിനിടയില്ല. യേശുവിനെ ഭവനത്തിന്റെ മൂലക്കല്ലായി വി. പത്രോസും (1 പത്രോ 2,6-9) ചിത്രീകരിക്കുന്നുണ്ട്.

ഇതിൽ നിന്നെല്ലാം വ്യക്തമാകുന്ന കാര്യം ഇതാണ്. യേശുവിനെ കർത്താവും രക്ഷകനുമായി ഏറ്റുപറയുന്ന വിശ്വാസികളുടെ സമൂഹത്തിൽ യേശു വസിക്കുന്നു; ആ സമൂഹം തന്നെ ദൈവാലയമായി മാറുന്നു. ഇത് ആഗോളസഭയെ സംബന്ധിച്ചും പ്രാദേശികസഭകളെ സംബന്ധിച്ചും മാത്രമല്ല, യേശുവിന്റെ നാമത്തിൽ ഒരുമിച്ചുകൂടുന്ന സകല കൂട്ടായ്മകളെക്കുറിച്ചും സത്യമാണെന്ന് യേശുവിന്റെ തന്നെ വാഗ്ദാനത്തിൽ നിന്നു കാണാൻ കഴിയും: "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത്, അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും" (മത്താ 18,20).

### ക്രിസ്തു വിശ്വാസികൾ - ദൈവാലയങ്ങൾ

വിശ്വാസികളുടെ സമൂഹത്തിൽ മാത്രമല്ല, ഓരോ വിശ്വാസിയുടെ ഹൃദയത്തിലും ദൈവം വസിക്കുന്നു, മനുഷ്യവ്യക്തികൾ തന്നെ ജീവിക്കുന്ന ദൈവാലയങ്ങളായി മാറുന്നു എന്ന് യേശു തന്നെ പഠിപ്പിച്ചിട്ടുണ്ട്. അപ്പസ്തോല പ്രബോധനങ്ങൾ ഈ സത്യം കൂടുതൽ വിശദീകരിച്ചിട്ടുമുണ്ട്.

തന്റെ മരണത്തിന്റെ തലേ രാത്രിയിൽ, വിടവാങ്ങൽ പ്രസംഗത്തിന്റെ മധ്യേ, യേശു ശിഷ്യന്മാർക്കു നൽകിയ വാഗ്ദാനങ്ങളിൽ ഒന്നായിരുന്നു അവരെ അനാഥരായി വിടുകയില്ല എന്നത്. എന്നും അവരോടു കൂടെ ആയിരിക്കാൻ ആശ്വാസകനായ പരിശുദ്ധാത്മാവിനെ അയയ്ക്കും. ആത്മാവ് അവരെ പഠിപ്പിക്കും; സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും; ശക്തിപ്പെടുത്തി വഴി നടത്തും. പരിശുദ്ധാത്മാവു മാത്രമല്ല, പരിശുദ്ധ ത്രിത്വം തന്നെ ശിഷ്യന്മാരിൽ വസിക്കും എന്ന് യേശു വ്യക്തമായി അവർക്ക് ഉറപ്പു നൽകി. ഒരേ ഒരു നിബന്ധന മാത്രം, യേശു പറഞ്ഞതു

പോലെ ജീവിക്കുക, അവൻ പഠിപ്പിച്ചതനുസരിച്ചു പ്രവർത്തി ക്കുക.

"എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെയടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും" (യോഹ 14,23). യേശു നൽകി ഒരു പുതിയ കൽപന, സകല കൽപനകളുടെയും സാരസംഗ്രഹവും പൂർത്തീകരണവുമായ ഏക കൽപന: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,34). ഇതു മാത്രമാണ് ഒരു വ്യക്തി ദൈവാലയമായി മാറുന്നതിനുള്ള നിബന്ധന. ഇതുവരെ അജ്ഞാതവും തികച്ചും അചിന്ത്യവുമായ ഒരു വാഗ്ദാ നം. മനുഷ്യൻ തന്നെ ദൈവാലയമായി മാറുക. ആഴമേറിയതും ദൂരവ്യാപകവുമായ ധ്വനികൾ ഉൾക്കൊള്ളുന്നതാണ് ഈ വാഗ്ദാ നം, ഈ വെളിപ്പെടുത്തൽ.

മനുഷ്യവ്യക്തികൾ ദൈവാലയങ്ങളായി മാറുന്നതിനെക്കു റിച്ച് വി. പൗലോസ് അനേകം തവണ, വ്യത്യസ്ത സാഹചര്യ ങ്ങളിൽ, വിശ്വാസികളെ ഓർമ്മിപ്പിക്കുന്നുണ്ട്. "നിങ്ങളുടെ ശരീ രങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങളാണെന്നു നിങ്ങൾക്കറിഞ്ഞു കൂടേ?" (1 കൊറി 6,15). കോറിന്തോസിലെ സഭയിൽ ഉയർന്നു വന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്കു മറുപടി നൽകുന്നതിനിട യിലാണ് പൗലോസ് ഈ വിഷയം അവതരിപ്പിക്കുന്നത്. വിവാ ഹബന്ധത്തിൽ അവശ്യം പാലിക്കേണ്ട നിയമങ്ങളെയും ലൈംഗിക വിശുദ്ധിയെയും സംബന്ധിച്ചുള്ള പ്രബോധനത്തിന് അടിസ്ഥാനമായി എടുത്തു കാട്ടുന്നതാണ് ശരീരത്തിന്റെ പ്രാധാ ന്യം. ഓരോ വ്യക്തിയുടെയും ഉള്ളിൽ ദൈവം വസിക്കുന്നതി നാൽ വ്യക്തികളുടെ ശരീരങ്ങൾ ദൈവാലയവും അവരുടെ അവ യവങ്ങൾ ദൈവത്തിന്റെ തന്നെ ശരീരഭാഗവുമായി മാറുന്നു.

"നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാ വിന്റെ ആലയമാണു നിങ്ങളുടെ ശരീരമെന്നു നിങ്ങൾക്കറിഞ്ഞു കൂടേ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല, നിങ്ങൾ വിലയ്ക്കു വാങ്ങ പ്പെട്ടവരാണ്. ആകയാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ" (1 കൊറി 6,19-20). മനുഷ്യശരീരം-ദൈ വാലയം. ശരീരത്തിന്റെ ദൈവശാസ്ത്രത്തിന്റെ മൂലക്കല്ലായി നിൽക്കുന്ന പ്രസ്താവനയാണിത്, ദൈവാലയത്തെക്കുറിച്ചുള്ള അന്വേഷണവഴിയിൽ ഏറ്റം നിർണ്ണായകമായൊരു ഇടത്താവളം.

മനുഷ്യനിർമ്മിതമായ ഏതെങ്കിലും ഭവനത്തിലോ കൊട്ടാരത്തിലോ അല്ല, മനുഷ്യഹൃദയത്തിൽത്തന്നെയാണ് ദൈവം വസിക്കുന്നത്. യേശുക്രിസ്തുവിലൂടെ ഞാൻ തന്നെ ദൈവാലയമായി മാറുന്നു എന്ന സത്യം പലവിധത്തിൽ പൗലോസ് വിശ്വാസികളുടെ ഹൃദയത്തിൽ ആഴത്തിൽ ഉറപ്പിക്കാൻ അനേകം തവണ ശ്രമിക്കുന്നുണ്ട്.

"ദൈവത്തിന്റെ ആത്മാവ് യഥാർത്ഥമായി നിങ്ങളിൽ വസിക്കുന്നെങ്കിൽ നിങ്ങൾ ജഡികരല്ല, ആത്മീയരാണ്... ക്രിസ്തു നിങ്ങളിലുണ്ടെങ്കിൽ നിങ്ങളുടെ ആത്മാവ് നീതി നിമിത്തം ജീവനുള്ളതായിരിക്കും. യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നുണ്ടെങ്കിൽ യേശുക്രിസ്തുവിനെ ഉയിർപ്പിച്ചവൻ നിങ്ങളുടെ മർത്യശരീരങ്ങൾക്കും നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനാൽ ജീവൻ പ്രദാനം ചെയ്യും" (റോമാ 8,9-11). ദൈവത്തിന്റെ ഭവനം, ദൈവാത്മാവു വസിക്കുന്ന ആലയം, ക്രിസ്തുവിന്റെ വാസസ്ഥലം. സംശയമില്ല. വിശ്വാസിയുടെ ശരീരം തന്നെ ദൈവാലയമായി മാറുന്നു. അത് നിത്യമായി ജീവിക്കാൻ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. മരിച്ചു മണ്ണടിഞ്ഞാലും വീണ്ടും ഉയിർപ്പിക്കപ്പെടും, എന്നേക്കും ദൈവത്തോടൊന്നിച്ചായിരിക്കാൻ.

ഇതുവരെ അജ്ഞാതമായിരുന്ന ഒരു രക്ഷാകര രഹസ്യമാണിതെന്ന് അപ്പസ്തോലൻ കൊളോസോസിലെ വിശ്വാസികളെ അനുസ്മരിപ്പിക്കുന്നു: "യുഗങ്ങളുടെയും തലമുറകളുടെയും ആരംഭം മുതൽ മറച്ചു വയ്ക്കപ്പെട്ടിരുന്ന ഈ രഹസ്യം ഇപ്പോൾ അവിടുന്നു തന്റെ വിശുദ്ധർക്കു വെളിപ്പെടുത്തിയിരിക്കുന്നു... ഈ രഹസ്യമാകട്ടെ, മഹത്വത്തെക്കുറിച്ചുള്ള പ്രത്യാശയായ ക്രിസ്തു നിങ്ങളിലുണ്ട് എന്നതുതന്നെ" (കൊളോ 1,26-28). മനുഷ്യനിർമ്മിതമായ സകല വേർതിരിവുകൾക്കും ഉപരിയായി, യേശുവിൽ വിശ്വസിക്കുന്ന എല്ലാവരെയും ഒറ്റശരീരമായി യോജിപ്പിക്കുന്നതാണ് വ്യക്തികളിലുള്ള ദൈവികസാന്നിധ്യം. അതൊരു പുതിയ സൃഷ്ടിപോലെയാണ്, പുതിയ മനുഷ്യനായി മാറലാണ്. "സമ്പൂർണ്ണ ജ്ഞാനം കൊണ്ട് സ്രഷ്ടാവിന്റെ പ്രതിഛായയ്ക്കനുസൃതമായി നവീകരിക്കപ്പെടുന്ന പുതിയ മനുഷ്യനെ ധരിക്കുവിൻ. ഇവിടെ... അടിമയെന്നോ സ്വതന്ത്രനെന്നോ വ്യത്യാസം ഇല്ല. പിന്നെയോ, ക്രിസ്തു എല്ലാമാണ്, എല്ലാവരിലുമാണ്" (കൊളോ 3,10-11).

വിശ്വാസത്തിന്റെ മാറ്ററുരച്ചു നോക്കാൻ ഓരോ ക്രൈസ്തവനും നൽകപ്പെട്ടിരിക്കുന്ന അടയാളമാണ് ഈ ബോധ്യം എന്ന് അപ്പസ്തോലൻ കോറിന്തോസിലെ വിശ്വാസികളെ അനുസ്മരിപ്പിക്കുന്നു: "നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിൽ നിലനിൽക്കുന്നുണ്ടോ എന്നു പരിശോധിക്കുവിൻ; നിങ്ങളെത്തന്നെ പരീക്ഷിച്ചറിയുവിൻ. യേശുക്രിസ്തു നിങ്ങളിലുണ്ട് എന്ന് നിങ്ങൾക്ക് ബോധ്യമായിട്ടില്ലേ? ഇല്ലെങ്കിൽ നിങ്ങൾ തീർച്ചയായും പരീക്ഷയിൽ പരാജയപ്പെട്ടിരിക്കുന്നു" (2 കൊറി 13,5). ആരും പരാജയപ്പെടരുതേ എന്ന അപ്പസ്തോലന്റെ ആഗ്രഹവും പ്രാർത്ഥനയും നമുക്കും പ്രസക്തമാണ്, ബാധകമാണ്.

### അതു ഞാനായിരുന്നു

ഇതുവരെ കണ്ടതിൽനിന്നു തികച്ചും വ്യത്യസ്തവും അതിനാൽത്തന്നെ മനസിലാക്കാനും സ്വീകരിക്കാനും പ്രയാസമുള്ളതും, പൊതുവേ അവഗണിക്കപ്പെടുന്നതുമായൊരു ദൈവിക സാന്നിധ്യത്തിലേക്കാണ് അടുത്തതായി ശ്രദ്ധ തിരിക്കുന്നത്. മത തീവ്രവാദിയായ സാവൂൾ യേശുവിന്റെ ശ്രേഷ്ഠ അപ്പസ്തോലനായി മാറിയ സംഭവത്തിൽ ഈ സാന്നിധ്യത്തെക്കുറിച്ചുള്ള വ്യക്തമായ ചിത്രം ലഭ്യമാണ്.

സ്വയം ദൈവമായി പ്രഖ്യാപിച്ചതിന്റെ പേരിൽ ദൈവദൂഷണക്കുറ്റം ചുമത്തി, യഹൂദമതത്തിന്റെ പരമാധികാരം കയ്യാളുന്ന പ്രധാന പുരോഹിതനും സാൻഹദ്രിൻ സംഘവും വധശിക്ഷ വിധിച്ച വ്യാജപ്രവാചകനാണ് നസ്രായനായ യേശു എന്ന് ടാർസൂസിൽ നിന്നുള്ള ആ യുവ മതപണ്ഡിതൻ ദൃഢമായി വിശ്വസിച്ചിരുന്നു. തന്റെ മതത്തിൽത്തന്നെ പിളർപ്പു സൃഷ്ടിക്കുകയും ജനത്തെ രണ്ടു ചേരികളിലാക്കി, അവസാനം യഹൂദമതം തന്നെ ഇല്ലാതാക്കുകയും ചെയ്യാൻ മാത്രം ശക്തമായൊരു പാഷണ്ഡതയും അന്തഃഛിദ്രവുമായി ക്രിസ്തു വിശ്വാസത്തെ കണ്ടതിനാൽ ഏതു വിധേനയും അതിനെ മുളയിൽത്തന്നെ നുള്ളിക്കളയാൻ കച്ചകെട്ടി പുറപ്പെട്ടതാണ് സാവൂൾ.

എന്നാൽ, എത്ര പെട്ടെന്നാണ് എല്ലാം തകിടം മറിഞ്ഞത്! ഡമാസ്കസ് നഗരത്തിന്റെ പടിവാതിൽക്കൽ വച്ച് കൊള്ളിയാൻ പോലെ തന്റെ മേൽ പതിച്ച പ്രകാശം ഏൽപ്പിച്ച ആഘാതം അസഹ്യമായിരുന്നു. കണ്ണു തുറന്നിരുന്നിട്ടും ഒന്നും കാണാൻ കഴിയാതെ, നിലത്തു വീണു കിടന്ന സാവൂൾ കേട്ട ശബ്ദം:

"സാവൂൾ, സാവൂൾ, നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു?" ആരാണതെന്ന ചോദ്യത്തിനു കിട്ടിയ ഉത്തരം: "നീ പീഡിപ്പിക്കുന്ന യേശുവാണു ഞാൻ" (അപ്പ 9,4-6). വിശ്വാസങ്ങളെയും ജീവിത വീക്ഷണങ്ങളെയും മാത്രമല്ല ജീവിതത്തെത്തന്നെയും സമൂലം മാറ്റിമറിച്ച രണ്ടു കൊച്ചു വാക്യങ്ങൾ. ഒരായുസു മുഴുവൻ ധ്യാനിച്ചാലും അർത്ഥം പൂർണ്ണമായി ഗ്രഹിക്കാൻ കഴിയാത്ത ഒരു വെളിപ്പെടുത്തൽ. പിന്നീട് വിശദീകരിച്ചു കിട്ടിയ സകല വിശ്വാസ സത്യങ്ങളും ഉൾക്കൊള്ളുന്നതായിരുന്നു ഈ വെളിപ്പെടുത്തൽ. ഈ മഹാ രഹസ്യത്തിന്റെ ചുരുളഴിയുന്നതാണ് പൗലോസിന്റെ ലേഖനങ്ങളിൽ മുഴുവൻ കാണുന്നത്.

നമ്മുടെ വിഷയവുമായി ബന്ധപ്പെട്ട, നിർണ്ണായകമായൊരു സത്യം ഈ ചോദ്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. പൗലോസ് രംഗത്തു വരുന്നതിനു മുമ്പുതന്നെ യേശു വധിക്കപ്പെട്ടു കഴിഞ്ഞിരുന്നു. യേശുവിനെ നേരിൽ കണ്ടിട്ടുണ്ടോ എന്നുപോലും സംശയിക്കണം. എന്നാൽ താൻ യേശുവിനെ പീഡിപ്പിക്കുന്നു എന്നതാണ് കണ്ണുകളെ മാത്രമല്ല, ബോധമണ്ഡലത്തെത്തന്നെ ഇരുട്ടിലാഴ്ത്തിയ പ്രസ്താവന. "നീ പീഡിപ്പിക്കുന്ന യേശുവാണ് ഞാൻ". ഒരു കാര്യം സംശയരഹിതമാംവിധം വ്യക്തമായി. യഹൂദനേതൃത്വം വധശിക്ഷ വിധിക്കുകയും റോമാക്കാർ കുരിശിൽ തറച്ചു കൊല്ലുകയും ചെയ്ത നസ്രായനായ യേശു മരിച്ചു മണ്ണടിഞ്ഞിട്ടില്ല. അവൻ ജീവിക്കുന്നു. ഇവിടെ, ഈ ഡമാസ്കസിന്റെ വാതിൽക്കൽ നിൽക്കുന്നു. ഇതാണ് ആദ്യത്തെ വെളിപ്പെടുത്തൽ. മരണം വഴി യേശു സ്ഥലകാലങ്ങൾക്കതീതനായിരിക്കുന്നു. ദൈവതുല്യനായ ദൈവപുത്രനാണ് താൻ എന്ന യേശുവിന്റെ അവകാശവാദം സത്യമായിരുന്നു. ദൈവത്തെപ്പോലെ അവനും എവിടെയും എപ്പോഴും സന്നിഹിതനായിരിക്കുന്നു.

ഒരു പടികൂടി കടക്കുന്നതാണ് അടുത്ത വെളിപ്പെടുത്തൽ. മരണത്തെ അതിജീവിച്ച യേശു ഇന്നും ജീവിക്കുന്നു, ഓരോ ക്രിസ്തുവിശ്വാസിയിലും. ജീവിക്കുകമാത്രമല്ല, ഓരോ വിശ്വാസിയുടെയും അനുഭവം സ്വന്തം ശരീരത്തിലെന്നതുപോലെ അനുഭവിക്കുന്നു. ദൈവദൂഷകരും മതവിരോധികളും എന്നു കരുതി താൻ പീഡിപ്പിച്ചതും കല്ലെറിഞ്ഞുകൊന്നതും തടവറയിൽ അടച്ചതും എല്ലാം യേശുവിനെത്തന്നെ ആയിരുന്നു. മനുഷ്യബുദ്ധിക്ക് ഗ്രഹിക്കാനോ ഹൃദയത്തിനു താങ്ങാനോ ആവാത്തതാണ് ഈ വെളിപ്പെടുത്തലും അത് ഏൽപ്പിക്കുന്ന ആഘാതവും. വിശ്വാസ

ത്തിന്റെ പേരിൽ പീഡനത്തിന് ഇരയാകുന്ന ഓരോ ക്രിസ്തു വിശ്വാസിയിലും യേശു തന്നെയാണ് പീഡിപ്പിക്കപ്പെടുന്നത്.

മനുഷ്യശരീരത്തെ ദൈവാലയമായും ക്രിസ്തു സഭയെ യേശുവിന്റെ മൗതികശരീരമായും വ്യാഖ്യാനിക്കുന്നത് ഈ ആദ്യാനുഭവത്തിന്റെ വെളിച്ചത്തിലാണ്. അതിനാൽത്തന്നെ ഓരോ വ്യക്തിയും അർഹിക്കുന്ന ആദരവും കരുതലും എത്രയെന്ന് ഊഹിക്കാനാവും. ക്രിസ്തു വിശ്വാസികൾ, പ്രത്യേകിച്ചും പീഡനത്തിനു വിധേയരാകുന്നവർ യേശുവിന്റെ തന്നെ ആലയമാണ്, ശരീരമാണ്. അവർക്കുണ്ടാകുന്ന അനുഭവങ്ങൾ യേശുവിന്റെ അനുഭവങ്ങളായി മാറുന്നു.

ഇത് പൗലോസിന്റെ ഒരു കണ്ടുപിടുത്തമല്ല, യേശു തന്നെ സ്വന്തം ഐഹികജീവിതകാലത്ത് ശിഷ്യന്മാരെ പഠിപ്പിച്ചതാണിത്. അന്തിമവിധിയെക്കുറിച്ചു നൽകിയ പ്രബോധനത്തിലാണ് മതാത്മക ജീവിതത്തെയും അതു സാമൂഹിക ജീവിതത്തിൽ ചെലുത്തേണ്ട സ്വാധീനത്തെയും കുറിച്ച് ഏറ്റം വലിയ ഉൾക്കാഴ്ച നൽകുന്ന ഈ സത്യം ശിഷ്യർക്കു വെളിപ്പെടുത്തിയത്.

മരണവും ഉത്ഥാനവും വഴി പിതാവിന്റെ മഹത്വത്തിൽ പ്രവേശിച്ച യേശു, ലോകാവസാനത്തിൽ വീണ്ടും വരും; രക്ഷകനായല്ല, വിധിയാളനായി. സകല ജനതകളും അവന്റെ മുമ്പിൽ ഒരുമിച്ചുകൂട്ടപ്പെടും. ന്യായാധിപനായി മഹത്വത്തിന്റെ സിംഹാസനത്തിലിരിക്കുന്ന മനുഷ്യപുത്രനായ യേശു അവരെ രണ്ടു ഗണമായി വേർതിരിക്കും. ഒരുകൂട്ടർക്ക് ദൈവത്തോടൊന്നിച്ചുള്ള നിത്യജീവനായ സ്വർഗ്ഗവും മറ്റേ കൂട്ടർക്കു നിത്യശിക്ഷയായ നരകവും വിധിക്കും. ഈ വിധിയുടെ മാനദണ്ഡം ഒന്നുമാത്രം.

"എന്റെ പിതാവിനാൽ അനുഗൃഹീതരേ, വരുവിൻ. ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. എന്തെന്നാൽ എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു... അനന്തരം തന്റെ ഇടതുഭാഗത്തുള്ളവരോടു പറയും ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽ നിന്നകന്ന്, പിശാചിനും അവന്റെ ദൂതന്മാർക്കുമായി സജ്ജമാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ. എനിക്കു വിശന്നു. നിങ്ങൾ എനിക്ക് ആഹാരം തന്നില്ല..." (മത്താ 25,31-46).

മനുഷ്യനുമായി, പ്രത്യേകിച്ചും വിശപ്പും ദാഹവും, രോഗവും പീഡനങ്ങളും ഏൽക്കുന്ന ദരിദ്രരുമായി താദാത്മ്യപ്പെടുന്ന യേശു

വിന്റെ ചിത്രം ഇതിൽ കൂടുതൽ വ്യക്തമായി അവതരിപ്പിക്കാനാവില്ല. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം എന്ന കൽപനയുടെ പ്രായോഗികമായ നിർദ്ദേശമാണിത്. യേശുവിന്റെ മനുഷ്യാവതാരവും മഹത്വീകരണവും വഴി ദൈവം മനുഷ്യനുമായി തികച്ചും നൂതനമായ ഒരു ബന്ധത്തിൽ പ്രവേശിച്ചിരിക്കുന്നു. മനുഷ്യനിൽ വസിക്കുന്ന ദൈവത്തെ കാണണം. അതാണ് യേശു പഠിപ്പിച്ച മതാത്മകതയുടെ കേന്ദ്രം, അതാണ് അന്തിമ വിധിയുടെ മാനദണ്ഡം.

ദൈവാലയത്തെക്കുറിച്ച് തികച്ചും അപ്രതീക്ഷിതവും നൂതനവുമായ ഈ പ്രബോധനം ഇന്നും എത്രമാത്രം അറിയപ്പെടുന്നു, പ്രായോഗികമാക്കുന്നു എന്ന കാര്യത്തിൽ വലിയ സംശയം ഉണർത്തുന്നതല്ലേ, ദേവാലയത്തോടും പാവപ്പെട്ടവരോടുമുള്ള, ക്രൈസ്തവന്റെ പോലും മനോഭാവം? ദേവാലയ നിർമ്മാണത്തിനായി ജനങ്ങളിൽ നിന്നു സന്മനസ്സോടെയും പലപ്പോഴും നിർബ്ബന്ധിച്ചും ഭീഷണിപ്പെടുത്തിയും, കോടികൾ ശേഖരിച്ച് വലിയ ദേവാലയങ്ങൾ പണിയാൻ ശ്രമിക്കുമ്പോൾ യഥാർത്ഥ ദേവാലയങ്ങളായ പാവപ്പെട്ടവർ വഴിവക്കിലും കടത്തിണ്ണകളിലും ചേരികളിലും അന്തിയുറങ്ങാൻ വിധിക്കപ്പെടുന്നത് കണ്ണിൽപെടാതെ പോകുന്നു.

ദേവാലയ നിർമ്മാണത്തിനും നവീകരണത്തിനും സംരക്ഷണത്തിനും വേണ്ടി കാട്ടുന്ന വ്യഗ്രതയുടെ ഒരു ചെറിയ അംശം പോലും പാവപ്പെട്ടവർക്ക് പ്രാഥമികാവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം മുതലായവയ്ക്കുവേണ്ടി ഉണ്ടാകുന്നില്ല എന്നതു നിഷേധിക്കാനാകുമോ? യഥാർത്ഥ ദൈവാലയങ്ങളെ മറന്ന്, വലിയ ദേവാലയങ്ങൾ പണിയുമ്പോൾ യേശുവിന്റെ വാക്കുകൾ മറക്കാതിരിക്കാം! നീ ശുശ്രൂഷിച്ചത്, അല്ലെങ്കിൽ അവഗണിച്ചത് എന്നെ ആയിരുന്നു. ദശാംശം അടക്കം പല തരത്തിൽ നടത്തുന്ന പിരിവുകളെ സംബന്ധിച്ചും ഈ ഉൾക്കാഴ്ച ഉണ്ടായിരിക്കണം, പ്രാവർത്തികമാക്കാൻ ശ്രമിക്കണം. അല്ലെങ്കിൽ അകന്നുപോകുവിൻ എന്ന ഭീകരമായ ശിക്ഷാവിധി കേൾക്കേണ്ടിവരും എന്ന് യേശു നാഥൻ തന്നെയാണ് താക്കീതു നൽകുന്നത്.

### ദൈവം തന്നെ ദൈവാലയം

ദൈവത്തോടൊന്നിച്ചു വസിക്കുകയും ദൈവത്തിന്റെ കൂടെ നടക്കുകയും ചെയ്യുന്ന പറുദീസായിലാണ് ബൈബിൾ പ്രതീക

ങ്ങളിലൂടെ അവതരിപ്പിക്കുന്ന മാനവചരിത്രത്തിന്റെ തുടക്കം. ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിക്കുക വഴി മനുഷ്യൻ പറുദീസായിൽ നിന്നു നിഷ്കാസിതനായി; പറുദീസായുടെ വാതിൽ അടച്ചുപൂട്ടി മുദ്രവച്ചു. തുടർന്നുള്ള ചരിത്രത്തിൽ ദൈവ ത്തിന്റെ വാസസ്ഥലമായ പറുദീസാ മുകളിൽ സ്വർഗ്ഗത്തിലും മനു ഷ്യൻ അലയുന്നത് താഴെ ഭൂമിയിലുമായി. ദൈവികസാന്നി ധ്യത്തെ സൂചിപ്പിക്കുന്ന ജറുസലെം ദേവാലയം ദൈവം സ്ഥിരം വസിക്കുന്ന ഇടമല്ല, ഒരു പ്രതീകം മാത്രം. മനുഷ്യനും ദൈവവും തമ്മിൽ നിലനിൽക്കുന്ന അകലത്തിന് അടിവരയിടുന്നതാണ് മുക ളിൽ സ്വർഗ്ഗവും താഴെ മനുഷ്യന്റെ വാസസ്ഥലവുമായ ഭൂമിയും തമ്മിലുള്ള അകലം.

ദൈവപുത്രന്റെ മനുഷ്യാവതാരം ഈ അകലം കുറച്ചെങ്കിലും വ്യത്യാസം നിലനിന്നു. ഹെബ്രായ ലേഖനത്തിലും വെളിപാടു പുസ്തകത്തിലും ഈ സ്വർഗ്ഗീയ ദേവാലയത്തെക്കുറിച്ച് വിശദ മായ പരാമർശങ്ങളുണ്ട്. മരണവും ഉത്ഥാനവും വഴി മഹത്വീകൃ തനായ നിത്യപുരോഹിതൻ സ്വർഗ്ഗീയ സിംഹാസനത്തിലാണ് ഉപവിഷ്ടനാകുന്നത് (ഹെബ്രാ 10,12). മനുഷ്യരക്ഷയ്ക്കുവേണ്ടി സ്വയം ബലിയായിത്തീർന്ന ദൈവപുത്രനാണ് കുഞ്ഞാടിന്റെ പ്രതീകത്തിലൂടെ വെളിപാടു പുസ്തകത്തിൽ പ്രത്യക്ഷപ്പെടു ന്നത്. കുഞ്ഞാടും ഇരിക്കുന്നത് സ്വർഗ്ഗീയസിംഹാസനത്തിലാണ് (വെളി 3,21). ഭൂമിയിൽ നിന്നും അനന്തവിദൂരത്ത്, മുകളിലാണ് സ്വർഗ്ഗം എന്ന പ്രതീതിയാണ് വെളിപാടു പുസ്തകം പൊതുവേ നൽകുന്നത്. സ്വർഗ്ഗത്തിൽ തുറന്ന വാതിലിൽ നിന്നു കേൾക്കുന്ന ശബ്ദം: “ഇങ്ങോട്ടു കയറി വരൂ, ഇനിയും സംഭവിക്കേണ്ടവ നിനക്കു ഞാൻ കാണിച്ചു തരാം” എന്ന നിർദ്ദേശം സ്വർഗ്ഗം മുക ളിലാണെന്നു വ്യക്തമാക്കുന്നു. തുടർന്നു വെളിപാടു പുസ്തകം നൽകുന്ന വിവരണങ്ങളിൽ സ്വർഗ്ഗവും ഭൂമിയും തമ്മിൽ, ദൈവ ത്തിന്റെ ആലയവും മനുഷ്യന്റെ വാസസ്ഥലവും തമ്മിൽ ഈ അകലം നിലനിൽക്കുന്നതായി ചിത്രീകരിക്കുന്നു.

വെളിപാടു പുസ്തകം 4-20 അധ്യായങ്ങൾ രക്ഷാചരിത്രം അനേകം പ്രതീകങ്ങളിലൂടെ അവതരിപ്പിക്കുന്നു. ഈ അധ്യായ ങ്ങളിൽ ഉടനീളം സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള അകലം നില നിൽക്കുകയും ചെയ്യുന്നു. എന്നാൽ രക്ഷാചരിത്രം അതിന്റെ പരി സമാപ്തിയിലെത്തുമ്പോൾ ഈ അകലം ഇല്ലാതാകുന്നു. മനു ഷ്യനും ഭൂമിയും സ്വർഗ്ഗത്തിലേക്കു പോവുകയല്ല, സ്വർഗ്ഗം തന്നെ

താഴേക്ക് ഇറങ്ങിവരുകയാണ്: ദൈവാലയത്തിന്റെ നാൾവഴികളിലൂടെയുള്ള പ്രയാണത്തിന്റെ അവസാനഘട്ടമാണിത്.

"ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു. ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നുപോയി. കടലും അപ്രത്യക്ഷമായി. വിശുദ്ധ നഗരമായ പുതിയ ജറുസലെം ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ, സ്വർഗ്ഗത്തിൽ നിന്ന്, ദൈവസന്നിധിയിൽ നിന്ന്, ഇറങ്ങിവരുന്നതു ഞാൻ കണ്ടു. സിംഹാസനത്തിൽ നിന്നു വലിയൊരു സ്വരം ഞാൻ കേട്ടു: ഇതാ ദൈവത്തിന്റെ കൂടാരം മനുഷ്യരോടു കൂടെ. അവിടുന്ന് അവരോടൊത്തു വസിക്കും" (വെളി 21,1-3). വചനം മാംസമായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു എന്ന് യോഹ 1,14-ൽ പറഞ്ഞത് ഇപ്പോൾ ദൈവത്തെ സംബന്ധിച്ച് പൂർണ്ണമാകുന്നു. ദൈവം തന്നെ മനുഷ്യമധ്യത്തിൽ വസിക്കുന്നു. അപ്പോൾ എന്താണ് ദൈവാലയം? സ്വർഗ്ഗമോ, ഭൂമിയോ, അതോ മറ്റെന്തെങ്കിലുമോ?

സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന പുതിയ ജറുസലെമിനെക്കുറിച്ചുള്ള വിവരണത്തിൽ ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കഴിയും. ദൈവത്തിന്റെ വാസസ്ഥലമായ നഗരം എന്നതുപോലെയാണ് സ്വർഗ്ഗീയ ജറുസലെമിനെ അവതരിപ്പിക്കുന്നത്. മനുഷ്യഭാവനയെ ഉല്ലംഘിക്കുന്ന അതിന്റെ മനോഹാരിത വർണ്ണിക്കാൻ ഗ്രന്ഥകാരൻ ക്ലേശിക്കുന്നുണ്ട്. ഈ വർണ്ണനയിലെ ചില കാര്യങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. നഗരത്തിന്റെ പന്ത്രണ്ടു കവാടങ്ങളിൽ ഇസ്രായേൽ ഗോത്രങ്ങളുടെ പേരുകൾ. അതോടൊപ്പം അതിമനോഹരമായ അതിന്റെ അടിസ്ഥാനം ഉറപ്പിച്ചിരിക്കുന്ന പന്ത്രണ്ട് രത്നങ്ങളിൽ പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പേരുകൾ.

ഇതിൽ നിന്ന് ഒരു കാര്യം വ്യക്തം. പുതിയ ജറുസലെം, സ്വർഗ്ഗീയനഗരം, ദൈവത്തിന്റെ ഭവനം എന്നെല്ലാം വിശേഷിപ്പിക്കുന്നത് ദൈവജനം എന്ന യാഥാർത്ഥ്യത്തെയാണ്. വെളിപാട് 12-ാം അധ്യായത്തിൽ ഗർഭിണിയായ സ്ത്രീയുടെ പ്രതീകത്തിലൂടെ ഇസ്രായേൽ ജനത്തെയും മരുഭൂമിയിൽ പീഡനങ്ങൾക്കു മധ്യേ സംരക്ഷിക്കപ്പെടുന്ന സ്ത്രീയിൽ ക്രിസ്തുവിന്റെ സഭയെയും ചിത്രീകരിച്ചതുപോലൊരു പ്രതീകമാണിതും. പഴയതും പുതിയതും ഉൾക്കൊള്ളുന്ന ദൈവജനം, അതാണ് ഈ സ്വർഗ്ഗീയ ജറുസലെം. അപ്പോൾ എവിടെയാണ് ദൈവാലയം?

ഈ ചോദ്യത്തിനു ഗ്രന്ഥകാരൻ തന്നെ വ്യക്തമായ ഉത്തരം നൽകുന്നുണ്ട്. "നഗരത്തിൽ ഞാൻ ദേവാലയം കണ്ടില്ല. എന്തു കൊണ്ടെന്നാൽ സർവ്വശക്തനും ദൈവവുമായ കർത്താവും കുഞ്ഞാടുമാണ് അതിലെ ദേവാലയം" (വെളി 21,22). ആഴമേറിയ അർത്ഥത്തിൽ ദൈവാലയം എന്നാൽ ഒരു ഇടമല്ല. മറിച്ച് ദൈവം തന്നെയാണ്. സർവ്വാതിശായിയും അതേസമയം സർവ്വവ്യാപിയുമായ ദൈവമാണ് യഥാർത്ഥ ദൈവാലയം. അതിനാൽ ദൈവാലയത്തിലേക്ക്, ദൈവഭവനത്തിലേക്കു പോകുക എന്നു പറയുന്നത് ഭൗതികമായ സ്ഥലപരിമിതികൾക്കുപരിയായ ഒരു യാഥാർത്ഥ്യമാണ്. ദൈവത്തോടൊന്നിച്ചായിരിക്കുക, ദൈവത്തിലായിരിക്കുക-ഇതാണ് മനുഷ്യനു ദൈവം നിശ്ചയിച്ചിരിക്കുന്ന ആത്യന്തികലക്ഷ്യം.

സർവ്വശക്തനായ കർത്താവും കുഞ്ഞാടും തന്നെയാണ് ദൈവാലയം. അതു മുകളിലല്ല, എല്ലായിടത്തുമാണ്. ചരിത്രം അതിന്റെ പരിസമാപ്തിയിൽ എത്തുമ്പോൾ ഈ ദൈവാലയം മാത്രം നിലനിൽക്കും, അഥവാ പ്രപഞ്ചം തന്നെ ദൈവാലയമായി രൂപാന്തരപ്പെടും. തിന്മയുടെ കലർപ്പില്ലാത്ത, പാപത്തിന്റെ വിഷം തീണ്ടാത്ത, കണ്ണീരും നിലവിളിയുമില്ലാത്ത, മരണവും വേർപാടുമില്ലാത്ത, ഒരിക്കലും അസ്തമിക്കാത്ത നിത്യസന്തോഷത്തിന്റെ അവസ്ഥ. അതാണ് യഥാർത്ഥ ദൈവാലയത്തിലായിരിക്കുക എന്നതുകൊണ്ട് വെളിപാടു ഗ്രന്ഥകാരൻ അർത്ഥമാക്കുന്നത്.

ഇതു വെളിപാടു പുസ്തകത്തിൽ മാത്രം പ്രത്യക്ഷപ്പെടുന്ന ഒരു ചിത്രമല്ല. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ അനേകം തവണ, പ്രത്യേകിച്ചും വിടവാങ്ങൽ പ്രസംഗമധ്യേ, വിവിധ പ്രതീകങ്ങളിലൂടെ ഈ ചിത്രം യേശുവിന്റെ തന്നെ പ്രബോധനമായി അവതരിപ്പിച്ചിട്ടുണ്ട്. യേശു ക്രൂരമായ മരണം വഴി തങ്ങളിൽനിന്ന് എടുക്കപ്പെടും എന്നു മനസിലാക്കിയ ശിഷ്യന്മാർ അഗാധ ദുഃഖത്തിലാണ്ടുപോയി. അപ്പോഴാണ് യേശു പറയുന്നത്: "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ, ദൈവത്തിൽ വിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്... ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വന്നു നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും" (യോഹ 14,1-3). പിതാവിന്റെ

ഭവനം, വാസസ്ഥലം എന്നെല്ലാം പറയുന്നത് ഏതെങ്കിലും ഒരു പ്രത്യേക ഇടമല്ല, പിതാവു തന്നെയാണ് എന്നു വളരെ കഴിഞ്ഞാണ് യോഹന്നാനു പോലും ഗ്രഹിക്കാൻ കഴിഞ്ഞത്.

പിതാവിന്റെ ഭവനത്തിലായിരിക്കുക എന്നാൽ പിതാവിലായിരിക്കുക എന്നു തന്നെയാണർത്ഥം എന്നു യേശു വീണ്ടും അവരെ പഠിപ്പിച്ചു. "ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്നു വിശ്വസിക്കുവിൻ'' (യോഹ 14,11). യേശുവും പിതാവും തമ്മിലുള്ള ഈ ഗാഢബന്ധമാണ് യേശു ശിഷ്യർക്കും വാഗ്ദാനം ചെയ്യുന്നത്. യേശുവിനെ സ്നേഹിക്കുന്നവൻ വചനം പാലിക്കും. അപ്പോൾ യേശുവും പിതാവും വന്ന് അവനിൽ വാസമുറപ്പിക്കും (യോഹ 14-23). പിതാവിൽ വസിക്കുക, പിതാവു നമ്മിൽ വസിക്കുക-ഇതു രണ്ടും ഒന്നുതന്നെ എന്ന് യേശുവിന്റെ പ്രാർത്ഥനയിൽ വ്യക്തമാകുന്നു. "പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും..... വേണ്ടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്" (യോഹ 17,21).

അനുഗ്രഹദായക ദർശനം (Beatific Vision) എന്നു സ്വർഗ്ഗീയ ജീവിതത്തെ വിശേഷിപ്പിക്കാറുണ്ട്. യോഹന്നാൻ എഴുതിയ ലേഖനത്തിൽ ഇതിന് അടിസ്ഥാനവുമുണ്ട്. "അവിടുന്ന് ആയിരിക്കുന്നതുപോലെ നാം അവിടുത്തെ കാണുകയും ചെയ്യും" (1 യോഹ 3,2). എന്നാൽ അതിനേക്കാൾ വലിയൊരു ഭാഗ്യം, അനുഗ്രഹമാണ് ദൈവാലയത്തെക്കുറിച്ചുള്ള പ്രബോധനത്തിൽ നിന്നു നമുക്കു ലഭിക്കുന്നത്. ദൈവത്തിൽ ആയിരിക്കുക, ദൈവം നമ്മിലായിരിക്കുക. ഈ ആയിരിക്കലിന്റെ വ്യക്തമായ അവബോധം ഉണ്ടായിരിക്കുക. ഇതാണ് മനുഷ്യസൃഷ്ടിയുടെ തന്നെ ലക്ഷ്യമായി ബൈബിൾ പഠിപ്പിക്കുന്നത്.

ഈ സത്യം യോഹന്നാനു മാത്രമല്ല വെളിപ്പെട്ടു കിട്ടിയിരുന്നത്. മരിച്ചവരെ ഓർത്തു ദുഃഖിക്കുന്ന തെസലോണിക്കായിലെ സഭയ്ക്കെഴുതുമ്പോൾ ആശ്വാസത്തിന് അടിസ്ഥാനമായ വി. പൗലോസ് ഇക്കാര്യം അനുസ്മരിപ്പിക്കുന്നുണ്ട്. "കർത്താവ് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരുകയും... അങ്ങനെ നാം എപ്പോഴും അവനോടൊപ്പം ആയിരിക്കുകയും ചെയ്യും" (1 തെസ 4,16-17). സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന കർത്താവിനോടൊപ്പം ആയിരിക്കുക-അതാണ് നിത്യജീവനായി പൗലോസ് കാണുന്നത്. ഏതാണ്ട് ഇതേ കാര്യം തന്നെയാണ് മരിച്ചവരുടെ പുനരുത്ഥാ

നത്തെയും നിത്യജീവനെയും കുറിച്ചു പഠിപ്പിക്കുമ്പോൾ 1 കൊറി 15-ലും പറയുന്നത്. ഇത്രതന്നെ വ്യക്തമല്ലെങ്കിലും ആഥൻസിലെ അരെയോപ്പഗസിൽ വച്ചു നടത്തിയ പ്രസംഗത്തിൽ പൗലോസ് ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്: "അവിടുന്ന് നമ്മിലാരിലും നിന്ന് അകലെയല്ല. എന്തെന്നാൽ അവിടുന്നിൽ നാം ജീവിക്കുന്നു; ചരിക്കുന്നു; നിലനിൽക്കുന്നു" (അപ്പ 17,27). വിശ്വാസത്തിന്റെ ഉൾക്കണ്ണു തുറക്കുമ്പോൾ ഈ പ്രപഞ്ചം തന്നെ ദൈവാലയം ആണെന്നു കാണാൻ കഴിയും. ഇതിന്റെ വ്യക്തവും പൂർണ്ണവുമായ ചിത്രീകരണമാണ് താഴേക്കിറങ്ങിവന്ന്, മനുഷ്യന് വാസസ്ഥലമാകുന്ന പുതിയ ജറുസലെമിലെ ദൈവാലയമായ ദൈവം.

തന്നോടൊപ്പം കുരിശിൽ തറയ്ക്കപ്പെട്ട കുറ്റവാളികളിൽ ഒരുവന്റെ യാചനയ്ക്ക് യേശു കൊടുക്കുന്ന മറുപടിയിലും ഈ സത്യം പ്രതിധ്വനിക്കുന്നുണ്ട്. "സത്യമായി ഞാൻ നിന്നോടു പറയുന്നു. നീ ഇന്ന് എന്നോടുകൂടെ പറുദീസായിലായിരിക്കും" (ലൂക്കാ 23,43). യേശുവിനോടുകൂടെ, ദൈവത്തോടു കൂടെ ആയിരിക്കുക-അതുതന്നെയാണ് പറുദീസായിൽ ആയിരിക്കുക എന്നതിന്റെ അർത്ഥം. അങ്ങനെ ഒരു വൃത്തം, രക്ഷാചരിത്രം, പൂർത്തിയാകുന്നു. പറുദീസായിൽ തുടങ്ങിയത് പറുദീസായിൽ അവസാനിക്കും. ഇതാണ് യഥാർത്ഥ ദൈവാലയത്തിന്റെ ചിത്രം. മനുഷ്യനിർമ്മിതമായ ഏതെങ്കിലും ഭവനം, അതെത്ര വലുതോ ചെറുതോ ആകട്ടെ, അതല്ല, ദൈവത്തിന്റെ വാസസ്ഥലം; മറിച്ച് ദൈവം തന്നെയാണ് ദൈവാലയം.

# ഉപസംഹാരം

"സൈന്യങ്ങളുടെ കർത്താവേ, അങ്ങയുടെ വാസസ്ഥലം എത്ര മനോഹരം! എന്റെ ആത്മാവു കർത്താവിന്റെ അങ്കണത്തിലെത്താൻ വാഞ്ഛിച്ചു തളരുന്നു.... എന്നേക്കും അങ്ങയെ സ്തുതിച്ചുകൊണ്ട് അങ്ങയുടെ ഭവനത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ" (സങ്കീ 84,1-2-4).

എന്തിനോ വേണ്ടിയുള്ള അദമ്യമായ ദാഹം എല്ലാ മനുഷ്യവ്യക്തികളുടെയും ഉള്ളിലുണ്ട്. ദൈവം തന്നെ നിക്ഷേപിച്ചിരിക്കുന്ന ഈ അന്തർദാഹം ശമിപ്പിക്കാൻ പല വഴികളിലൂടെയും മനുഷ്യർ ശ്രമിക്കുന്നു. ഭൗതികമായ സുഖാനുഭൂതികൾ, സമ്പത്ത് നൽകുന്ന സുരക്ഷിതത്വം, സ്ഥാനമാനങ്ങൾ, തുടങ്ങി എത്രയെത്ര ശ്രമങ്ങൾ! പക്ഷേ ഉപ്പുവെള്ളം പോലെ ഈ അനുഭവങ്ങളും അനുഭൂതികളും എല്ലാം അന്തർദാഹം വർദ്ധിപ്പിക്കുകയല്ലാതെ ശമിപ്പിക്കുന്നില്ല. ദൈവത്തിനുവേണ്ടിയാണ് മനുഷ്യന്റെ അന്തരാത്മാവ് ദാഹിക്കുന്നത് എന്ന് തിരിച്ചറിയുന്നതുവരെ വ്യർത്ഥമായ ഈ അന്വേഷണം തുടരും. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ എന്നും തന്നോടൊപ്പം ആയിരിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ആ ദൈവികപദ്ധതിയുടെ ഭാഗമാണ് മനുഷ്യൻ അനുഭവിക്കുന്ന, ഭൗതികവസ്തുക്കൾക്ക് ഒരിക്കലും ശമിപ്പിക്കാനാവാത്ത, ദാഹം.

കൂടെ ആയിരിക്കുക. അതാണ് മനുഷ്യനെ സംബന്ധിച്ച ദൈവിക പദ്ധതി എന്ന് അനേകം പ്രതീകങ്ങളിലൂടെയും സംഭവങ്ങളിലൂടെയും ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. ദൈവത്തോടുകൂടെ ആയിരുന്ന അവസ്ഥയാണു പറുദീസാ. നഷ്ടപ്പെട്ട പറു

ദീസായിലേക്കു മടങ്ങി വരാനുള്ള ദൈവത്തിന്റെ ആഹ്വാനവും മടങ്ങിപ്പോകാനുള്ള മനുഷ്യാത്മാവിന്റെ ആഗ്രഹവുമാണ് ഈ അന്തർദാഹം. ഇന്ന് നീ എന്നോടുകൂടെ പറുദീസായിലായിരിക്കും എന്ന ക്രൂശിതന്റെ വാഗ്ദാനം ഈ ദാഹത്തിനുള്ള ദൈവത്തിന്റെ മറുപടിയാണ്.

ദൈവത്തോടുകൂടെ ആയിരിക്കുക. അതിന്റെ വിവിധ വശങ്ങൾ, മാനങ്ങൾ ദേവാലയത്തെക്കുറിച്ചുള്ള അന്വേഷണ വഴികളിൽ നാം കാണുകയുണ്ടായി. ഭവനമില്ലാതെ, എപ്പോഴും കൂടെ നടക്കുന്ന ദൈവം പൂർവ്വപിതാക്കന്മാർക്ക് അനുഭവവേദ്യനായിരുന്നു. കാനാനിലും ഈജിപ്തിലും, അടിമപ്പാളയത്തിലും തടവറയിലും, അലകടലിലും മരുഭൂമിയിലും എല്ലാം ഒരു പ്രത്യേക ഇടമില്ലാതെ ദൈവം കൂടെ നടന്നു; കൂട്ടായി നടന്നു. കൂടില്ലാതെ, കൂടെ നടക്കുന്ന ദൈവം.

സീനായ് ഉടമ്പടിയോടെ ദൈവികസാന്നിധ്യത്തിന് ദൃശ്യമായൊരു അടയാളമുണ്ടായി, തെറ്റിധരിക്കപ്പെട്ട അടയാളം. തിരുഹിതം എഴുതിയ പ്രമാണപ്പലകകളും അവയെ ഉള്ളടക്കം ചെയ്ത പേടകവും പേടകം സൂക്ഷിക്കുന്ന കൂടാരവും, പിന്നീട് ജറുസലെം ദേവാലയവുമെല്ലാം ദൈവത്തിന്റെ വാസസ്ഥലമായി പരിഗണിക്കപ്പെട്ടു. അതേസമയം പലകയും പെട്ടിയും കൂടാരവും കെട്ടിടവുമല്ല, പലകയിൽ ആലേഖനം ചെയ്യപ്പെട്ടിരുന്ന ദൈവവചനങ്ങളാണ് പ്രധാനം എന്ന കാര്യം മറന്നു. ദൈവഹിതം അനുസരിച്ചു ജീവിക്കാൻ പ്രേരിപ്പിച്ചുകൊണ്ട് ജനമധ്യത്തിൽ വസിക്കുന്ന ദൈവികസാന്നിധ്യത്തിന്റെ അടയാളമായിരുന്നു ബാക്കിയെല്ലാം.

ദൈവാലയത്തിലായിരിക്കുക-അതാണ് അന്തരാത്മാവിന്റെ ദാഹം പൂർണ്ണമായി ശമിപ്പിക്കാൻ ആവശ്യം എന്ന് ഏറ്റുപറയുന്ന തീർത്ഥാടകന്റെ പ്രാർത്ഥനയാണ് ആരംഭത്തിൽ ഉദ്ധരിച്ചത്. കർത്താവിന്റെ അങ്കണത്തിലെത്താനുള്ള തീവ്രമായ ആഗ്രഹം ശമിക്കണമെങ്കിൽ തിരുവചനം ജീവിതത്തിനു മാനദണ്ഡവും മാർഗ്ഗദർശകവുമാകണം. ദൈവഹിതം പൂർണ്ണമായി അനുസരിച്ചു ജീവിക്കണം. തീർത്ഥാടനങ്ങളും നേർച്ചക്കാഴ്ചകളും ബലിയർപ്പണങ്ങളും ഒന്നും ഇതിനു പകരമാവില്ല എന്ന് പ്രവാചകന്മാരിലൂടെ ദൈവം അനേകം തവണ ആവർത്തിച്ച് ഉദ്ബോധിപ്പിച്ചു. പക്ഷേ ജനം അതു സ്വീകരിച്ചില്ല; മനസിലാക്കിയതുമില്ല. അതിനാൽ ജറുസലെം ദേവാലയം ദൈവം തന്നെ നശിപ്പിച്ചു-കൂടു തല്ലിത്തകർക്കുന്ന കഴുകനെപ്പോലെ.

കൂട്ടില്ലാതെ കൂടുകൂട്ടാൻ കഴിയില്ല എന്ന് എന്നിട്ടും അവർ പഠിച്ചില്ല. പ്രവാസകാലത്ത് ദൈവം തന്നെ ആലയമായിരുന്നു എന്ന കാര്യവും മടങ്ങിവന്നവർ മറന്നു. ഭൗതികമായ ആലയവും അതിൽ അനുഷ്ഠിക്കുന്ന മതകർമ്മങ്ങളും വീണ്ടും ശ്രദ്ധാകേന്ദ്ര മായി. സാവകാശം ദേവാലയം തന്നെ കച്ചവടച്ചന്തയും കൊള്ള ക്കാരുടെ താവളവുമായി മാറി. അപ്പോഴാണ്, മാംസമായി മാറിയ ദൈവവചനം, സാക്ഷാൽ ദൈവാലയം, ചാട്ടവാറുമായി കടന്നു വന്നു ശുദ്ധീകരണകർമ്മം നിർവ്വഹിച്ചത്. മനുഷ്യനിർമ്മിതമായ ഏതെങ്കിലും ഭവനമല്ല, തന്റെ തന്നെ ശരീരമാണ് സാക്ഷാൽ ദൈവാലയം എന്ന് യേശു പഠിപ്പിച്ചത് ശ്രോതാക്കൾക്കു മനസി ലായില്ല. അവർ പാവനമായി കരുതിയ ദേവാലയത്തിനെതിരേ അതിക്രമം കാട്ടിയവനെ മരണത്തിനു വിധിച്ച് അവർ പരിഹാര മനുഷ്ഠിച്ചു-ദൈവപ്രീതി നേടാമെന്നു വ്യാമോഹിച്ചു. ദൈവപു ത്രനെ വധിച്ച് ദൈവാലയം സംരക്ഷിക്കാൻ ശ്രമിക്കുന്ന വിശ്വാ സവൈരുദ്ധ്യം!

യേശുവിന്റെ വരവോടെ ദൈവാലയത്തിന്റെ തന്നെ അർത്ഥവും ലക്ഷ്യവും മാറി. ഇനി അങ്ങോട്ട് ഏതെങ്കിലും ഒരു ഇടമല്ല, മനുഷ്യനായി അവതരിച്ച ദൈവപുത്രനായ യേശു തന്നെ യാണ് ദൈവാലയം. അവന്റെ മൗതികശരീരമായ സഭയിലാണ് ദൈവം വസിക്കുന്നത്. ആഗോളസഭയും യേശുവിന്റെ നാമത്തിൽ ഒരുമിച്ചു കൂട്ടുന്ന പ്രാർത്ഥനാ സമ്മേളനങ്ങളും ദൈവികസാന്നി ധ്യത്തിന്റെ ഇടങ്ങളായി, ദൈവാലയങ്ങളായി. ഒരുപടികൂടി കട ന്ന്, ഓരോ ക്രിസ്തുവിശ്വാസിയും ജീവിക്കുന്ന ദൈവാലയമായി; പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവം വസി ക്കുന്ന ഇടം; കൂടാരമടിക്കുന്ന, കൂടുകൂട്ടുന്ന ഭവനം.

ഇവിടെ തുടങ്ങണം ഇനിയങ്ങോട്ട് ദൈവാലയത്തെക്കുറി ച്ചുള്ള അന്വേഷണം; ഇവിടെ ആരംഭിക്കണം ദൈവത്തെ കണ്ടെ ത്താനുള്ള തീർത്ഥാടനം. മനുഷ്യഹൃദയം ദൈവാലയം. ഓരോ മനുഷ്യവ്യക്തിയിലും വസിക്കുന്ന ദൈവത്തെ കണ്ടെത്താൻ ശ്രമി ക്കണം. അതിന് ആദ്യമായി എന്നിൽത്തന്നെ തുടങ്ങണം. ദൈവത്തെ തേടിയുള്ള തീർത്ഥാടനം പുറത്ത് ഏതെങ്കിലും ഇട ത്തിലേക്കല്ല, എന്റെ ഉള്ളിലേക്കാണ് നടത്തേണ്ടത്. എന്റെ ഹൃദ യത്തിൽ വസിക്കുന്ന ദൈവത്തിന്റെ സാന്നിധ്യത്തെക്കുറിച്ചുള്ള അവബോധം എന്നിലുണരണം. അപ്പോൾ ഞാൻ തന്നെയാണ് ദൈവാലയം, എന്റെ ഉള്ളിൽ ദൈവം വസിക്കുന്നു. അവിടുത്തെ

ഹിതം അനുസരിച്ചു ജീവിക്കാൻ പ്രേരിപ്പിച്ചുകൊണ്ട്, എന്ന അവബോധം ഉണരും.

"ഈശ്വരനെത്തേടി ഞാൻ നടന്നു" എന്ന ആബേലച്ചൻ രചിച്ച മനോഹരമായ ഗാനത്തിന്റെ അവസാനത്തെ ഈരടി സൂചിപ്പിക്കുന്നതുപോലെ: "അവസാനം എന്നിലേക്കു ഞാൻ തിരിഞ്ഞു, ഹൃദയത്തിലേക്കു ഞാൻ കടന്നു, അവിടെയാണീശ്വരന്റെ വാസം, സ്നേഹമാണീശ്വരന്റെ രൂപം". ഉള്ളിൽ വസിക്കുന്ന ദൈവം എന്റെ ശരീരത്തെ ദൈവാലയമാക്കി മാറ്റുന്നു; സ്നേഹത്തിലൂടെ സ്വയം വെളിപ്പെടുത്തുന്നു. സ്നേഹം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽത്തന്നെ മനസിലാക്കണം, കോറിന്തോസിലെ സഭയെ പൗലോസ് അനുസ്മരിപ്പിക്കുന്നതുപോലെ (1 കൊറി 13); യേശു പ്രവൃത്തിയിലൂടെ കാട്ടിത്തന്ന് പഠിപ്പിച്ചതുപോലെ: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (2 യോഹ 13,34). ദൈവം തന്നെയാണ് ഈ സ്നേഹത്തിന്റെ ഏറ്റം വലിയ മാതൃക: "അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രയേറെ സ്നേഹിച്ചു" (യോഹ 3,16).

സ്വന്തം ഉള്ളിൽ ദൈവത്തെ കണ്ടെത്തുന്നവൻ സ്വാർത്ഥസ്നേഹത്തിൽ ഒതുങ്ങിക്കഴിയുകയില്ല. എന്റെ ഉള്ളിൽ വസിക്കുന്ന ദൈവം തന്നെയാണ് എന്റെ അയൽക്കാരന്റെ ഉള്ളിലും വസിക്കുന്നത്. എന്റെ ശരീരം പോലെ തന്നെ അപരന്റെ ശരീരവും ദൈവാലയമാണ് എന്ന അവബോധം തികച്ചും പരസ്നേഹത്താൽ പ്രേരിതമായ ഒരു ജീവിതത്തിലേക്കു നയിക്കും-നയിക്കണം. വിശുദ്ധമാണ് ശരീരം. ദൈവത്തിന്റെ ആലയമായ, യേശുവിന്റെ മൗതികശരീരത്തിലെ അവയവമായ, മനുഷ്യശരീരത്തെ ആദരിക്കണം, സ്നേഹിക്കണം, പരിപോഷിപ്പിക്കണം-എല്ലാം ദൈവഹിതമനുസരിച്ച്.

ഇതിനു വിരുദ്ധമായ പ്രവൃത്തി കഠിനമായ അപരാധമാകും, ദൈവകോപവും ശിക്ഷയും വിളിച്ചുവരുത്തുന്ന മാരകപാപം. ദൈവാലയത്തിന്റെ അർത്ഥവും ലക്ഷ്യവും തേടിയുള്ള പ്രയാണത്തിൽ കണ്ടെത്തുന്ന വലിയൊരു സത്യമാണിത്. മനുഷ്യശരീരത്തെ അവഗണിച്ച് ദൈവത്തിനുവേണ്ടി ആലയം പണിയാൻ ശ്രമിക്കുന്നത് ദൈവത്തിനു സ്വീകാര്യമാവില്ല. ദൈവം വസിക്കുന്നത് മനുഷ്യരിലാണ്, മനുഷ്യനിർമ്മിതമായ കെട്ടിടങ്ങളിലല്ല

എന്ന പാഠം ബൈബിൾ തന്നെ നൽകുന്നതാണ്, യേശു തന്നെ പഠിപ്പിച്ചതുമാണ്.

ആത്യന്തികമായി ദൈവം തന്നെയാണ് ദൈവാലയം. ഇപ്പോൾത്തന്നെ ഈ ദൃശ്യപ്രപഞ്ചം ദൈവാലയമാണ് എന്ന കാര്യം മറക്കാതിരിക്കാം. ദൈവികസാന്നിധ്യം ഇല്ലാത്ത ഒരിടവുമില്ല. ആ സാന്നിധ്യത്തിലേക്ക് ഉൾക്കണ്ണുകൾ തുറക്കാൻ കഴിയണം. വിശ്വാസത്തിന്റെ കണ്ണിലൂടെ നോക്കുന്നവർക്ക് ദൈവികസാന്നിധ്യം എല്ലായിടത്തും കാണാൻ കഴിയും. ഈ ഉൾക്കാഴ്ചയിലേക്കാണ് തീർത്ഥാടനം ആവശ്യമായിരിക്കുന്നത്. മനുഷ്യനിൽ, പ്രത്യേകിച്ചും അവഗണിക്കപ്പെടുന്നവരും ചൂഷിതരും, ദരിദ്രരും, രോഗികളുമായ മനുഷ്യരിൽ ദൈവത്തെ കാണാൻ കഴിയണം. മദർ തെരേസായെപ്പോലെ, അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ അനേകം നല്ല മനുഷ്യർ ചെയ്യുന്നതുപോലെ.

ഭൗതികഭവനങ്ങളായ ദേവാലയങ്ങൾക്കു പ്രസക്തി ഇല്ല എന്നല്ല ഇതിനർത്ഥം. വിശ്വാസികൾക്ക് ഒരു സമൂഹം എന്ന നിലയിൽ ഒരുമിച്ചു കൂടാനും പ്രാർത്ഥിക്കാനും, ആ കൂട്ടായ്മയിൽ ദൈവികസാന്നിധ്യം അനുഭവിക്കാനും തീർച്ചയായും കഴിയും. ഇങ്ങനെയുള്ള പ്രാർത്ഥനാലയങ്ങൾ ആവശ്യമാണ് എന്നതിൽ സംശയമില്ല. യേശുവിന്റെ കൗദാശികസാന്നിധ്യമായ വി. കുർബാന സൂക്ഷിക്കുന്ന ഇടം എന്നതിനാൽ ദേവാലയങ്ങൾ ദൈവഭവനങ്ങളായും കരുതണം. എന്നാൽ എപ്രകാരമുള്ളതായിരിക്കണം ഈ ദൈവാലയങ്ങൾ? അതിനുവേണ്ടി എത്രമാത്രം സമ്പത്തും അധ്വാനവും ചെലവിടണം? എന്താണ് ഈ പ്രാർത്ഥനാലയത്തിന്റെ ലക്ഷ്യം എന്നതിനെ ആശ്രയിച്ചിരിക്കും ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം.

"ഉടമയുടെ പ്രൗഢി, അയൽക്കാരന് അസൂയ". കുറച്ചുകാലം മുമ്പ് പ്രചാരത്തിലിരുന്ന ഒരു പരസ്യമാണിത്. ഇന്നു പല ദേവാലയങ്ങളും ഇതുപോലെയാകുന്നില്ലേ എന്ന ചോദ്യം നിശിതമായൊരു ആത്മശോധനയ്ക്കു പ്രേരകമാകണം. ദേവാലയം അടച്ചുപൂട്ടാൻ ആവശ്യപ്പെട്ടു മലാക്കി പ്രവാചകനിലൂടെ ദൈവം ആവശ്യപ്പെടുന്ന ഒരു കാര്യം ഇവിടെ പ്രസക്തമാകുന്നു: "ദശാംശം മുഴുവൻ കലവറയിലേക്കു കൊണ്ടു വരുവിൻ. എന്റെ ആലയത്തിൽ ഭക്ഷണം ഉണ്ടാകട്ടെ" (മലാ 3,10). ഇന്നും ഏറെ ശ്രദ്ധേയവും നിർബന്ധമായും നടപ്പിലാക്കേണ്ടതുമായ ഒരു നിർദ്ദേശമല്ലേ ഇത്? ദശാംശപ്പിരിവ് ഇന്നു പലേടത്തും വളരെ സജീവ

മാണ്. പക്ഷേ പിരിച്ചെടുക്കുന്ന പണം എങ്ങനെ ചിലവഴിക്കുന്നു എന്നതും ശ്രദ്ധേയമാണ്. അതിൽ എന്തുമാത്രം പാവങ്ങൾക്കു ലഭിക്കുന്നു എന്നതല്ലേ ലക്ഷ്യം കാണുന്നുണ്ടോ എന്നു നിശ്ച യിക്കേണ്ടത്? ദൈവത്തിന്റെ ബഹുമാനാർത്ഥം എന്ന ധാരണ യിൽ പണിയുന്ന ഭവനങ്ങൾ യഥാർത്ഥ ദൈവാലയങ്ങളാകണ മെങ്കിൽ അത് പാവപ്പെട്ടവർക്ക് അഭയവും സംരക്ഷണവും നൽകുന്ന കേന്ദ്രങ്ങൾ കൂടി ആയിരിക്കണം എന്നല്ലേ ഈ പ്രവാ ചക വചനത്തിന്റെ അർത്ഥം?

ചില ആദിവാസി സമൂഹങ്ങളിൽ ഇന്നും നിലനിൽക്കുന്ന തായി അറിയപ്പെടുന്ന ഒരാചാരം ഇവിടെ ശ്രദ്ധേയമാകുന്നു. ആദി വാസി ഊരിൽ കുടുംബങ്ങളുടെ കുടിലുകൾക്കു മധ്യത്തിലാണ് ദേവപ്പുര. കുടിലുകൾക്കെന്നതുപോലെ ദേവപ്പുരയ്ക്കും വാതി ലിനു താഴും താക്കോലുമില്ല. എപ്പോഴും തുറന്നു കിടക്കും. ഭൂമി യിൽനിന്നു ശേഖരിക്കുന്ന വിഭവങ്ങളെല്ലാം ദേവപ്പുരയിൽ സൂക്ഷിക്കും. ഓരോ കുടുംബത്തിനും ആവശ്യാനുസൃതം എടുക്കാം. ദേവപ്പുരയിൽ ഭക്ഷണമുള്ളിടത്തോളം കാലം ഊരിൽ ആരും പട്ടിണി കിടക്കരുത്!

എത്ര മനോഹരമായൊരു മനോഭാവം, എത്ര മാനുഷികമാ യൊരു ആചാരം, എത്ര ദൈവികമായൊരു പാരമ്പര്യം! സമ്പാ ദിക്കാനും സ്വരുക്കൂട്ടാനും പ്രൗഢി പ്രകടിപ്പിക്കാനും, ഉള്ള വ്യഗ്രത വെടിഞ്ഞ് യഥാർത്ഥ ദൈവാലയങ്ങളായ, ജീവിക്കുന്ന മനുഷ്യരിലേക്കു ശ്രദ്ധതിരിക്കാം. ആർക്കും ഉപകാരമില്ലാത്തതും അന്തരീക്ഷമലിനീകരണത്തിനു കാരണമാകുന്നതുമായ വെടിക്കെ ട്ടുകളും കരിമരുന്നു കലാപ്രകടനങ്ങളും അലങ്കാര സംവിധാന ങ്ങളും ഉപേക്ഷിച്ച്, ആവശ്യമനുഭവിക്കുന്ന മനുഷ്യരിലേക്ക്, അതു സ്വന്തം അയൽപക്കത്തോ, അകലെയോ ആകട്ടെ, തിരിയാനാണ് ദേവാലയത്തെക്കുറിച്ചുള്ള അന്വേഷണം നമ്മെ എത്തിക്കുന്നത്. മറക്കാതിരിക്കാം നാഥന്റെ വാക്കുകൾ: **അതു ഞാനായിരുന്നു!**